*02-06-2026*
*Discussion on motion of thanks to the Governor's address*

**ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെക്കുറിച്ചുള്ള ചർച്ച**

ശ്രീ. എം. വിൻസെന്റ്: സർ, "2026 മെയ് 29-ന് ബഹുമാനപ്പെട്ട ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഭേദഗതി നോട്ടീസ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്. 103-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാൽ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

   "എന്നാൽ പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്ത കൈവരിക്കുകയും, സുരക്ഷിത ഭക്ഷണം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യത്തിന്റെ ഭാഗമായി, എല്ലാ വ്യക്തികളിലും കാർഷിക സംസ്കാരം ഉണർത്തുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പാക്കിയ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ തുടർപ്രവർത്തനം സംബന്ധിച്ച കർമ്മപരിപാടി ഗവർണ്ണറുടെ നയപ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

2. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംഘടിത സംവിധാനമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ജൈവ കാർഷിക മിഷന്റെ തുടർപ്രവർത്തനം സംബന്ധിച്ച കർമ്മപരിപാടി ഗവർണറുടെ നയപ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

3. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പാരസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരുത്താത്ത സുസ്ഥിരമായ പ്രകൃതിസൗഹൃദ കൃഷിരീതികളോട് തുറന്ന സമീപനമാണ് കേരളത്തിനുള്ളത്. അതുകൊണ്ടുതന്നെയാണ് അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന ഹരിതഗൃഹവാതകങ്ങളുടെ അളവും അന്തരീക്ഷത്തിൽ നിന്നും ആഗിരണം ചെയ്യപ്പെടുന്ന ഹരിതഗൃഹ വാതകങ്ങളുടെ അളവും തുല്യമാക്കുന്ന കാർബൺ ന്യൂട്രൽ കൃഷി രീതി അവലംബിക്കുന്ന ഭാരതത്തിലെ ആദ്യ സംസ്ഥാനമായി മാറാൻ കേരളം തയ്യാറെടുക്കുന്നതും, കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തിനായുള്ള തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച കർമ്മപരിപാടി ഗവർണറുടെ നയപ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ  ഖേദിക്കുന്നു."

4. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിളനാശത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന സംസ്ഥാനവിള ഇൻഷുറൻസ് പദ്ധതിയുടെ തുടർ പ്രവർത്തനം സംബന്ധിച്ച കർമ്മപരിപാടി ഗവർണറുടെ നയപ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

5. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേന്ദ്രസർക്കാർ പൊതുമേഖല വിറ്റുതുലയ്ക്കുമ്പോൾ അവയെ സംരക്ഷിക്കുന്ന നിലപാടും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽനിന്ന് കേന്ദ്രം പിൻമാറുമ്പോൾ, അവയെ സംരക്ഷിക്കുന്ന നിലപാടുമാണ് കഴിഞ്ഞ പത്തുവർഷങ്ങളിൽ കേരള സർക്കാർ സ്വീകരിച്ചത് എന്ന കാര്യം ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

6. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ക്ഷേമപദ്ധതികളെ തകർക്കുന്നതായി പറയപ്പെടുന്ന കേന്ദ്രസർക്കാർ നയത്തിനു ബദലായി അവയെ ശക്തിപ്പെടുത്തുന്ന നയത്തിലൂടെ കഴിഞ്ഞ പത്തുവർഷങ്ങളിൽ അതിദാരിദ്ര്യം പരിഹരിക്കുന്ന

സംസ്ഥാനമായി കേരളം മാറി എന്ന കാര്യം ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

7. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, യു.ഡി.എഫ് സർക്കാർ ഭരണമേൽക്കുമ്പോൾ എൽ.ഡി.എഫ് കൊണ്ടുവന്ന ജനപക്ഷ നിയമങ്ങളെ തകർക്കാൻ ശ്രമിക്കാറുണ്ട് എന്ന ആശങ്ക പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

8. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കുടിയൊഴിപ്പിക്കൽ അവസാനിപ്പിക്കുന്ന നിയമം, സംസ്ഥാനത്തൊട്ടാകെ സംവരണം കൊണ്ടുവന്ന നിയമം, വിദ്യാഭ്യാസം, സൗജന്യമാക്കൽ, തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടരുതെന്ന നിയമം, ഭരണപരിഷ്കാര കമ്മീഷൻ, അധ്യാപകർക്ക് ശമ്പള സ്കെയിൽ തുടങ്ങി 1957-ലെ സർക്കാർ കൊണ്ടുവന്ന ശ്രദ്ധേയമായ പദ്ധതികൾ സംബന്ധിച്ച വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ തുടർപ്രവർത്തനം സംബന്ധിച്ച കർമ്മ പരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

9. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കഴിഞ്ഞ പത്തു വർഷങ്ങളിൽ ദളിത് ആദിവാസി വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതത്തേക്കാൾ തുക ബജറ്റിൽ നീക്കിവച്ചതും ജെൻഡർ ബജറ്റിനുപുറമേ സ്ത്രീസുരക്ഷാ പെൻഷനും നൽകി ക്ഷേമപദ്ധതിയുടെ കാര്യത്തിൽ പുതിയ കാൽവയ്പ്പ് നടത്തിയതും ഗവർണറുടെ പ്രസംഗത്തിൽ പരമാർശിക്കാത്തതിനാൽ ഖേദിക്കുന്നു. "

10. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, രാജ്യത്തെ അണ്ടർ ഗ്രാജ്വേറ്റ് മെഡിക്കൽ വിദ്യാഭ്യാസ പ്രവേശന യോഗ്യത നിശ്ചയിക്കുന്ന ദേശീയ പരീക്ഷ (നീറ്റ്) എഴുതിയ 22 ലക്ഷം വിദ്യാർത്ഥികളെയും അവരുടെ കുടുംബങ്ങളേയും അനിശ്ചിതത്വത്തിലും നിരാശയിലുമാഴ്ത്തിക്കൊണ്ട് പരീക്ഷാ ചുമതലയുള്ള ദേശീയ പരീക്ഷാ അതോറിറ്റി (എൻടിഎ) പരീക്ഷ റദ്ദാക്കിയത് രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കേണ്ട യുവതലമുറയോടുള്ള ഭരണകൂടത്തിന്റെ കുറ്റകരമായ സമീപനത്തെയാണ് തുറന്നുകാട്ടുന്നത് എന്നത് ഗവർണറുടെ പ്രസംഗത്തിൽ  പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു"

11. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭൂപരിഷ്കരണവും അധികാരവികേന്ദ്രീകരണവും ഫലപ്രദമായി നടപ്പാക്കിയ ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന സമത്വം, സാമൂഹ്യനീതി എന്നീ കാഴ്ചപ്പാടുകൾ നടപ്പാക്കാൻ കോൺഗ്രസ് സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ല എന്നത് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

12. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആഗോളവൽക്കരണത്തിലൂടെ പൊതുമേഖലയെ തകർക്കാനും കാർഷിക സബ്സിഡികൾ ഇല്ലാതാക്കുന്നത് ഉൾപ്പെടെയുള്ള സാമ്പത്തികനയങ്ങൾക്ക് പരവതാനി വിരിച്ചതു കോൺഗ്രസ് സർക്കാരുകളായിരുന്നുവെന്നത് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

13. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ലോകജനതയെ സമാധാനത്തിന്റെയും സമത്വത്തിന്റെയും വഴികളിലേക്ക് നയിക്കുന്ന വിദേശനയം ഉപേക്ഷിച്ചതും ഇസ്രയേലുമായുള്ള നയതന്ത്രബന്ധം ആരംഭിച്ചതും കോൺഗ്രസ് സർക്കാരുകളായിരുന്നുവെന്നത് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു."

14. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോൺഗ്രസ് സ്വീകരിച്ചതായി പറയപ്പെടുന്ന വലതുപക്ഷ സാമ്പത്തികനയങ്ങളെ കൂടുതൽ തീവ്രമായി നടപ്പാക്കുകയാണ് ബി.ജെ.പി. ചെയ്യുന്നത് എന്നത് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു."

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

15. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേന്ദ്രസഹായമില്ലാതെയാണ് കേരളം പ്രവാസി ക്ഷേമനിധിയും പെൻഷൻ പദ്ധതികളും നടപ്പാക്കുന്നത് എന്നതും പ്രവാസിവരുമാനത്തിന്റെ സിംഹഭാഗവും കേരളത്തിന്റെ വിഹിതമായിട്ടും ഇത്തരം പദ്ധതികൾക്ക് സാമ്പത്തികസഹായം നൽകാൻ കേന്ദ്രം വിമുഖത കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു."

16. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രവാസി കുടിയേറ്റം സുരക്ഷിതമാക്കാനും വിദേശമണ്ണിലെ തൊഴിൽപീഡനങ്ങളിൽനിന്ന് സംരക്ഷണം നൽകാനും മടങ്ങിവരുന്നവരുടെ പുനരധിവാസം ഉറപ്പിക്കാനും ഒരു ദേശീയനയം അനിവാര്യമാണ് എന്നത് പരിഗണിച്ച് പ്രവാസികൾക്കായി ഒരു പ്രത്യേക പദ്ധതി സംബന്ധിച്ച രൂപരേഖ ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിനാൽ ഖേദിക്കുന്നു."

17. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 2025-ൽ പുറത്തുവന്ന ഐക്യരാഷ്ട്രസഭയുടെ 'ലോക ദാരിദ്ര്യവിവര പട്ടിക' പ്രകാരം 24.32 കോടി ജനങ്ങൾ ഇന്ത്യയിലാണ് എന്ന സാഹചര്യത്തിലും ചെറിയൊരു സംസ്ഥാനമായ കേരളം അതിദരിദ്രർ ഇല്ലാതായ ചരിത്രനേട്ടം കൈവരിച്ചത് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു."

18. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപന്നങ്ങളെ ഏകീകൃത ബ്രാന്റിന് കീഴിൽ കൊണ്ടുവന്നു വിപണി ഇടപെടൽ സജീവമാക്കുന്നതിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്"

പദ്ധതിയുടെ തുടർ പ്രവർത്തനം സംബന്ധിച്ച കർമ്മപരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

19. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 2016- 2026 കാലയളവിൽ കാര്യക്ഷമമായ പൊതുവിതരണ സംവിധാനത്തിലൂടെ ഒരു ഭക്ഷ്യക്കമ്മി സംസ്ഥാനമായിട്ടുകൂടി ഭക്ഷ്യമിച്ചോൽപാദക സംസ്ഥാനങ്ങൾക്ക് പോലും കഴിയാത്ത നേട്ടം കേരളം കൈവരിച്ച സാഹചര്യത്തിൽ കാര്യക്ഷമമായ പൊതുവിതരണ സംവിധാനം തുടർന്നുകൊണ്ടുപോകുന്നതിനു ആവശ്യമായ നയസമീപനം ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

20. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നെല്ലുസംഭരണത്തിന് നൽകുന്ന പ്രോത്സാഹന ബോണസ് നിർത്തലാക്കണമെന്ന കേന്ദ്രനിർദ്ദേശം തള്ളിക്കളഞ്ഞ് കേന്ദ്ര നിർദ്ദേശം അംഗീകരിക്കില്ലെന്ന് കഴിഞ്ഞ സർക്കാർ മറുപടി നൽകിയ സാഹചര്യത്തിൽ നെല്ലുസംഭരണ പദ്ധതിയുടെ തുടർ പ്രവർത്തനം സംബന്ധിച്ച കർമ്മ പരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു. "

21. നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വാർദ്ധക്യവും രോഗങ്ങളും കാരണം റേഷൻ സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പാക്കിയ ഒപ്പം പദ്ധതിയുടെ തുടർപ്രവർത്തനം സംബന്ധിച്ച കർമ്മപരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

22. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഒറ്റപ്പെട്ട മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ ചൂഷണത്തിന് വിധേയമാകാതെ അവരുടെ താമസസ്ഥലങ്ങളിൽ നേരിട്ട് എത്തിക്കുന്നതിനായി കഴിഞ്ഞ സർക്കാർ ആരംഭിച്ച 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതിയുടെ തുടർപ്രവർത്തനം സംബന്ധിച്ച കർമ്മപരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

23. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം പ്രവർത്തനക്ഷമമായതോടുകൂടി കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റിനായി വിദേശ തുറമുഖങ്ങളെ ആശ്രയിക്കുന്നത് ഒരു പരിധി വരെ കുറയ്ക്കാൻ കഴിഞ്ഞ സാഹചര്യത്തിൽ തുടർഘട്ടങ്ങൾ 2028 ഡിസംബറോട് കൂടി പൂർത്തീകരിച്ച് വിഴിഞ്ഞം തുറമുഖത്തിനെ ദക്ഷിണേഷ്യയിലെ ലോകോത്തര നിലവാരമുള്ള ട്രാൻസ്ഷിപ്മെന്റ് ഹബ്ബായി മാറ്റുവാനായുള്ള കർമ്മ പരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

24. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യത്തിൽ എണ്ണവില ഉയർന്നുവെന്നത് അനിഷേധ്യമായ വസ്തുതയാണെങ്കിലും അന്താരാഷ്ട്ര വിപണിയിൽ എണ്ണവില താഴ്ന്ന നിന്നപ്പോൾ ആഭ്യന്തര വിപണിയിൽ ഉപഭോക്താക്കൾക്ക് അതിന്റെ ആനുകൂല്യം ലഭിക്കുംവിധം ചില്ലറവിലയിൽ ആനുപാതികമായ കുറവുവരുത്താൻ വർഷങ്ങളായി കേന്ദ്രസർക്കാർ വിസമ്മതിച്ചതായി പറയപ്പെടുന്ന വിഷയം ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

25. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ രാജ്യത്തെ അണ്ടർ ഗ്രാജ്വേറ്റ് മെഡിക്കൽ വിദ്യാഭ്യാസ പ്രവേശന യോഗ്യത നിശ്ചയിക്കുന്ന ദേശീയ പരീക്ഷ (നീറ്റ്) എഴുതിയ 22 ലക്ഷം വിദ്യാർത്ഥികളെയും അവരുടെ കുടുംബങ്ങളെയും അനിശ്ചിതത്വത്തിലും നിരാശയിലുമാഴ്ത്തിക്കൊണ്ട് പരീക്ഷാ ചുമതലയുള്ള ദേശീയ പരീക്ഷ അതോറിറ്റി (എൻടിഎ)യുടെ മേയ് മൂന്നിന് നടന്ന പരീക്ഷ റദ്ദാക്കികൊണ്ടുള്ള പ്രഖ്യാപനം പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെയും അവരുടെ കുടുംബങ്ങളുടെയും മാത്രം പ്രശ്നമല്ല മറിച്ച് രാജ്യത്തിന്റെ ഭാവി നിർണയിക്കേണ്ട യുവതലമുറയോടുള്ള ഭരണകൂടത്തിന്റെ കുറ്റകരമായ സമീപനത്തെയാണ് തുറന്നുകാട്ടുന്നത് എന്നത് ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. സി. അജയപ്രസാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

26. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ നാല് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിലെയും നിയമസഭാ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായതോടെ, പ്രധാനമന്ത്രി ജനങ്ങളോട് നടത്തിയതായി പറയപ്പെടുന്ന കോവിഡ് മഹാമാരിക്കാലത്തേതിന് സമാനമായ ചെലവുചുരുക്കൽ നിർദേശം രാജ്യം എത്തിപ്പെട്ടിരിക്കുന്ന സാമ്പത്തിക

അടിയന്തരാവസ്ഥയിലേക്കാണ് വിരൽചൂണ്ടുന്നത് എന്നത് ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

27. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംഘപരിവാറിന്റെ വികലമായ രാഷ്ട്രീയ വീക്ഷണത്തിന് അനുസരിച്ച് വിഭാഗീയമായ ചരിത്രരചന നടത്തുന്നതിനും വിദ്യാഭ്യാസ സമ്പ്രദായത്തെ ആകെ വർഗീയവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ടുള്ള നാഷണൽ എജ്യൂക്കേഷൻ പോളിസിയുടെ ഷോക്കേസ് പദ്ധതിയായി പറയപ്പെടുന്ന പിഎം ശ്രീ പദ്ധതി സംസ്ഥാനത്തും നടപ്പാക്കണമെന്ന യൂണിയൻ ഗവൺമെന്റിന്റെ നിർദേശം സംബന്ധിച്ച് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

28. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"കടുത്ത സാമ്പത്തിക ഞെരുക്കത്തിനിടയിലും ആർ.എസ്.എസ്-ബി.ജെ.പി. കേന്ദ്രസർക്കാർ വെച്ച് നീട്ടിയ സാമ്പത്തികക്കെണിയെ തള്ളിക്കളഞ്ഞ് ഫണ്ടിനേക്കാൾ പ്രധാനമാണ് നിലപാട് എന്ന സമീപനം സ്വീകരിച്ചുകൊണ്ട് കേരള സർക്കാർ പിഎം ശ്രീ നടപ്പിലാക്കാൻ സന്നദ്ധമല്ലെന്ന് യൂണിയൻ സർക്കാരിനെ രേഖാമൂലം അറിയിച്ച കാര്യം ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. കെ. വൽസരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

29. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഡിജിറ്റൽ വിദ്യാഭ്യാസത്തോടൊപ്പം, സാമ്പത്തിക സാക്ഷരത, ഓൺലൈൻ അവകാശങ്ങൾ, സൈബർ സുരക്ഷ എന്നിവ ഉൾപ്പെടുത്തി സമഗ്രമായ പഠനരീതി സ്വീകരിച്ച് ഇന്ത്യക്ക് മാതൃകയാകുന്ന ബാലികാ കേന്ദ്രീകൃത ഡിജിറ്റൽ വിദ്യാഭ്യാസമാതൃക (ഗേൾ സെൻട്രിക് ഡിജിറ്റൽ എഡ്യൂക്കേഷൻ മോഡൽ) രൂപപ്പെടുത്താനുള്ള കർമ്മപരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

30. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സുരക്ഷയുടെ പേരിൽ ബാലികമാരുടെ സ്വാതന്ത്ര്യം നിയന്ത്രിക്കുന്ന സമീപനം നിലനിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ സുരക്ഷ എന്നത് വിലക്കല്ലെന്നും അത് സ്വയം നിലകൊള്ളാൻ സഹായിക്കുന്ന ശക്തിയാണെന്നും തിരിച്ചറിഞ്ഞ് ബാലികയെ സംരക്ഷിക്കേണ്ട വസ്തുവായി കാണുന്ന സമൂഹത്തിൽനിന്ന്, രാജ്യത്തിന്റെ ഭാവി നിർമിക്കുന്ന ശക്തിയായി അവളെ കാണുന്ന

അവസ്ഥയിലേയ്ക്ക് മാറ്റിയെടുക്കുന്നതിനുള്ള കർമ്മ പരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

31. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സിയാൽ എയ്റോപാർക്ക് പദ്ധതിയുടെ ഭാഗമായി സിയാലിനെ സാങ്കേതികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സജ്ജമാക്കിയ ടെക്നിക്കൽ സർവീസസ് ഫെസിലിറ്റി, രാജ്യത്തെ ഏറ്റവും വലിയ ഏവിയേഷൻ ബ്രീത്തിങ് അപ്പാരറ്റസ് ട്രെയിനിങ് ഗാലറി, 800 ചതുരശ്ര അടിയിൽ മെയ്സ് മാതൃകയിൽ നിർമിച്ച പരിശീലനസംവിധാനം എന്നീ പദ്ധതികൾ സംബന്ധിച്ച വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ തുടർ പ്രവർത്തനം സംബന്ധിച്ച കർമ്മ പരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

32. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ഡിജിറ്റൽ ഇടങ്ങളിൽ ബാലികമാർ നേരിടുന്ന വെല്ലുവിളികളും ഗൗരവമായി കണ്ട് സൈബർ ബുള്ളിയിങ്, ഓൺലൈൻ അതിക്രമങ്ങൾ, തെറ്റായ സൗന്ദര്യമാനദണ്ഡങ്ങൾ തുടങ്ങി ബാലികമാരുടെ മാനസികാരോഗ്യത്തെ ബാധിക്കുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് യാതൊരു നയവും വ്യക്തമാക്കാത്ത ഗവർണറുടെ പ്രസംഗത്തിൽ ഖേദിക്കുന്നു."

33. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സോഷ്യൽ മീഡിയയിലെ നിരന്തരമായ താരതമ്യസംസ്കാരം ബാലികമാരെ ആത്മസംശയത്തിലേക്കും ആത്മവിശ്വാസനഷ്ടത്തിലേക്കും നയിക്കുന്ന സാഹചര്യത്തിൽ ഇതിന് പരിഹാരമായി, ഡിജിറ്റൽ സാക്ഷരതയും സൈബർ സുരക്ഷാ ബോധവൽക്കരണവും വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമാക്കുന്നതിനുള്ള കർമ്മ പരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

34. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള സ്റ്റാർട്ടപ് മിഷൻ, കുടുംബശ്രീ, ഐടി മേഖലയിൽ പ്രവർത്തിക്കുന്ന വനിതാ പ്രൊഫഷണലുകൾ എന്നിവരെ പങ്കെടുപ്പിച്ച് പുതുമാതൃകകൾ കേരളത്തിൽ നടപ്പാക്കാനും ഡിജിറ്റൽ രംഗത്തെ വനിതാ വിദഗ്ധർ ഓൺലൈൻ മെന്റർമാരായി സ്കൂൾ-കോളേജ് വിദ്യാർത്ഥിനികൾക്ക് മാർഗനിർദേശം നൽകുന്ന സംവിധാനം സൃഷ്ടിക്കാനുമുള്ള കർമ്മപരിപാടി ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

35. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഏറ്റവും പാവപ്പെട്ടവരുടെ നിത്യജീവിതവൃത്തിയെ സഹായിക്കുന്നതിനായി നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെ കുറിച്ച് പരാമർശിക്കാത്തതിലും പ്രസ്തുത പദ്ധതികൾ തുടരുമെന്ന് സൂചിപ്പിക്കാത്തതിലും ഖേദിക്കുന്നു."

36. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് സ്കൂൾ പരിസരങ്ങളിൽ ലഹരി സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നതിനായി നടന്നുവരുന്ന പദ്ധതികൾ തുടരുമെന്ന് സൂചിപ്പിക്കാത്തതിൽ ഉത്ക്കണ്ഠപ്പെടുന്നു."

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

37. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര പ്രഖ്യാപിക്കുമ്പോഴും, കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാനോ, ഈ പദ്ധതി വഴി

കോർപ്പറേഷനുണ്ടാകുന്ന അധിക ബാധ്യത സർക്കാർ എങ്ങനെ നികത്തുമെന്നോ നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

38. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ബിരുദധാരികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുമെന്നും യുവാക്കൾക്ക് സ്വദേശത്ത് അവസരം നൽകുമെന്നും പറയുമ്പോഴും, നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട് ജോലി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ നിയമനം വേഗത്തിലാക്കാനുള്ള യാതൊരു നിർദ്ദേശവും നയപ്രഖ്യാപനത്തിൽ ഇല്ലാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

39. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭൂമി പരിവർത്തന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ന പേരിൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് സമഗ്രമായി പരിഷ്കരിക്കുമെന്ന പ്രഖ്യാപനം സംസ്ഥാനത്തെ ഗുരുതരമായ പരിസ്ഥിതി നാശത്തിലേക്കും വൻതോതിലുള്ള വയൽ നികത്തലിലേക്കും നയിക്കുമെന്ന ആശങ്ക അകറ്റാൻ നയപ്രഖ്യാപനത്തിൽ കഴിയാത്തതിൽ ഖേദിക്കുന്നു."

40. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തിന്റെ യഥാർത്ഥ ധനസ്ഥിതി വ്യക്തമാക്കാൻ ധവളപത്രം ഇറക്കുമെന്ന് പറയുന്ന സർക്കാർ, ക്ഷേമപെൻഷൻ 3000 രൂപയായി ഉയർത്താനും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ നൽകാനും ആവശ്യമായ ഭീമമായ തുക എങ്ങനെ കണ്ടെത്തുമെന്നോ, ഇതിനുള്ള സാമ്പത്തിക സ്രോതസ്സ് എന്താണെന്നോ നയപ്രഖ്യാപനത്തിൽ വ്യക്തമാക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

41. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ 'വി കെയർ' പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്ന കാൻസർ, ഹൃദയ, അവയവമാറ്റ ചികിത്സകൾക്കായി നൽകിവരുന്ന ചികിത്സാസഹായം തുടർന്നും നൽകുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

42. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പരമ്പരാഗത രീതിയിൽ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്ന രീതി മാറ്റി

ആധുനിക, സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭൂമിയുടെ അതിർത്തി, വിസ്തീർണ്ണം, ഉടമസ്ഥാവകാശം എന്നിവ ഡിജിറ്റലായി രേഖപ്പെടുത്തുന്നതിനായി ആരംഭിച്ച ഡിജിറ്റൽ സർവ്വേ "എന്റെ ഭൂമി" പൂർണ്ണമാക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. യു. ജെനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

43. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് സമീപകാലത്ത് കെ.എസ്.ആർ.ടി.സി. നൽകിവരുന്ന മെച്ചപ്പെട്ട സേവന സൗകര്യങ്ങളും വരുമാന വർദ്ധനവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിലവിൽ തുടർന്നുവരുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്ന് സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

44. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നിലവിൽ സംസ്ഥാനത്ത് തുടർന്നുവരുന്ന പ്രദേശത്തിനും പ്രദേശവാസികൾക്കും പ്രകൃതിക്കും ഗുണം ലഭിക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതിയെ കുറിച്ച് പരാമർശിക്കാത്തതിൽ വിയോജിക്കുന്നു."

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

45. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന വിവിധങ്ങളായ പദ്ധതികളെ കുറിച്ചോ, ട്രാൻസ്ജെന്റർ എന്ന വാക്കോ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

46. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭിന്നശേഷി വിഭാഗത്തിന് RPWD Act 2016 അനുസരിച്ച് തൊഴിൽ മേഖലയിൽ സംവരണം, ലഭിക്കുന്നതിനായി നിലവിൽ നടന്നുവരുന്ന പ്രവർത്തനം തുടരുമെന്ന് സൂചിപ്പിക്കാത്തതിൽ ഉത്കണ്ഠപ്പെടുന്നു."

<u>ശ്രീ. എം. എസ്. അരുൺകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

47. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് നിലവിലുള്ള ശ്രദ്ധേയമായ മാറ്റം തുടരുമോയെന്ന് സൂചന നൽകാത്തതിൽ ഖേദിക്കുന്നു."

48. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി. സൃഷ്ടിച്ചിട്ടുള്ള സേവന സൗകര്യങ്ങളും വരുമാന വർദ്ധനവും തുടരുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി പരാമർശിക്കാത്തതിൽ വിയോജിക്കുന്നു."

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

49. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് പ്രശംസനീയമായ നിലയിൽ നടത്തി വരുന്ന മാതൃകാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി നടപ്പാക്കാൻ ബാദ്ധ്യസ്ഥമായ തദ്ദേശവകുപ്പിന്റെ നയപരിപാടികളിൽ ഇത് ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

50. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായി വരുന്ന സാഹചര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന ഫലപ്രദമായ നടപടികൾ പരാമർശിക്കാത്തതിൽ വിയോജിക്കുന്നു."

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

51. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേന്ദ്ര സർക്കാർ നയം കാരണം സംസ്ഥാനത്തിന് അർഹതപ്പെട്ട ഒരു ലക്ഷം കോടിയിലേറെ രൂപയുടെ നഷ്ടം വീണ്ടെടുക്കുന്നിന് നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ വിയോജിക്കുന്നു."

52. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തൊഴിലുറപ്പ് പദ്ധതി അട്ടിമറിച്ചുകൊണ്ടുള്ള കേന്ദ്ര നിയമ ഭേദഗതിക്കെതിരെ ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരുമെന്നത് ഉൾപ്പെടുത്താത്തതിൽ ഉത്കണ്ഠപ്പെടുന്നു."

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

53. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന നിഷേധാത്മക

നയങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

54. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പശ്ചിമേഷ്യൻ യുദ്ധ സാഹചര്യം സംസ്ഥാനത്തുളവാക്കിയ പ്രയാസങ്ങൾ മറികടക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഉത്കണ്ഠപ്പെടുന്നു."

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

55. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 25 ലക്ഷം രൂപയുടെ ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിക്കുമ്പോൾ, ഇൻഷ്വറൻസ് കമ്പനികളെയും സ്വകാര്യ ആശുപത്രികളെയും ആശ്രയിക്കുന്ന ഈ നയം സംസ്ഥാനത്ത് മികച്ച രീതിയിൽ വികസിച്ചുവരുന്ന പൊതുജനാരോഗ്യ (Public Health) മേഖലയെയും സർക്കാർ ആശുപത്രികളെയും തകർക്കാനിടയുണ്ടെന്ന കാര്യം നയപ്രഖ്യാപനത്തിൽ കാണാതെ പോയതിൽ ഖേദിക്കുന്നു."

56. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കർഷകർക്ക് ഉപാധികളില്ലാത്ത 'ഉടമസ്ഥാവകാശം (പട്ടയങ്ങൾ)' ലഭ്യമാക്കുമെന്ന് പറയുമ്പോൾ, ഇത് പരിസ്ഥിതിലോല പ്രദേശങ്ങളിലെ വൻകിട കയ്യേറ്റങ്ങളെ സാധൂകരിക്കാൻ ദുരുപയോഗം ചെയ്യപ്പെടില്ലെന്ന് ഉറപ്പുവരുത്തുന്ന വ്യവസ്ഥകളെക്കുറിച്ച് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. പ്രേമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

57. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഘട്ടം ഘട്ടമായി മദ്യ ഉപഭോഗം കുറയ്ക്കുകയാണ് ലക്ഷ്യമെന്ന് പറയുമ്പോഴും, ഇതിനായി പുതിയ മദ്യശാലകൾ അനുവദിക്കാതിരിക്കുകയോ നിലവിലുള്ളവയുടെ എണ്ണം കുറയ്ക്കുകയോ ചെയ്യുന്നതുൾപ്പെടെയുള്ള പ്രായോഗിക നടപടികളൊന്നും നയപ്രഖ്യാപനത്തിൽ ഇല്ലാത്തതിൽ ഖേദിക്കുന്നു."

58. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മുൻ സർക്കാർ നടപ്പാക്കിയിട്ടുള്ള വികസന-ക്ഷേമ പദ്ധതികൾക്ക് തുടർച്ചയില്ലാതെയും ദീർഘവീക്ഷണമില്ലാതെയുമാണ് നയരൂപീകരണം

നടത്തിയിട്ടുള്ളത് എന്ന ആരോപണത്തെ പ്രതിരോധിക്കുന്നതിൽ ഇത് പരാജയപ്പെട്ടിരിക്കുന്നു എന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

59. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മുൻ സർക്കാർ നടപ്പാക്കിയ വികസന-ക്ഷേമ പദ്ധതികളിലൂടെ സംസ്ഥാനം നേടിയിട്ടുള്ള പുരോഗതിയെ ഈ സർക്കാർ പരോക്ഷമായി അംഗീകരിക്കുമ്പോൾത്തന്നെ പദ്ധതികളുടെ പേര് മാത്രം മാറ്റി അവതരിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാത്തതിൽ ഉത്കണ്ഠപ്പെടുന്നു."

60. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പുതുമയില്ലാത്തതും ഭാവനാപൂർണ്ണമല്ലാത്തതുമായ വികസന കാഴ്ചപ്പാടുകൾ ഈ സർക്കാർ തുടർന്നുവരുമെന്ന സൂചന നൽകുന്നതിൽ ഖേദിക്കുന്നു."

ശ്രീ. കാരായി രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

61. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പശ്ചാത്തലസൗകര്യ വികസനത്തിനായി പുതിയ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുപകരം നിലവിലെ പദ്ധതികളെത്തന്നെ പരിഷ്കരിക്കുമെന്ന സൂചനകൾ ഒഴിവാക്കാത്തതിൽ വിയോജിക്കുന്നു."

62. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭാവിതലസ്പർശിയായ നയപരിപാടികൾ ഒന്നുംതന്നെയില്ലാതെ ഒരു പുതുയുഗ കേരളം കെട്ടിപ്പടുക്കുമെന്ന പ്രഖ്യാപനം തന്നെ വഞ്ചനാപരമാണെന്നതിനാൽ ഖേദിക്കുന്നു."

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

63. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വികസന-ക്ഷേമപ്രവർത്തനങ്ങൾക്കായി എല്ലാ മുൻ സർക്കാരുകളും നടത്തിയിട്ടുള്ള കടമെടുപ്പിനെ കുറ്റപ്പെടുത്തുന്നതോടൊപ്പം തന്നെ ഈ സർക്കാർ വികസനപ്രവർത്തനങ്ങൾക്കായി കടമെടുക്കുമെന്നു പറയുന്നതിലെ വൈരുദ്ധ്യത്തിൽ ഖേദിക്കുന്നു."

64. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാർ ഓഫീസുകളിൽ സേവനങ്ങൾ നൽകുന്നതിനായി ഇടനിലക്കാരുടെ സേവനം പ്രോത്സാഹിപ്പിക്കുന്ന സംസ്കാരം രൂപപ്പെട്ടുവരികയെന്ന ഗൗരവമായ പ്രശ്നത്തെ അഭിമുഖീകരിക്കുന്നത് സംബന്ധിച്ച് പരാമർശം ഇല്ലാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

65. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാർ വകുപ്പുകളിലെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ അട്ടിമറിച്ചുകൊണ്ട് സംസ്ഥാനത്തുടനീളം വിവിധ തസ്തികകളിലേക്ക് ലേലംവിളി നടത്തി നിയമനം നടത്തുകയെന്ന രീതി പത്തുവർഷത്തിനിപ്പുറം സംസ്ഥാനത്ത് വീണ്ടും ഉയർന്നുവന്നുവെന്ന ആരോപണത്തെ അഭിമുഖീകരിക്കുന്നതിന് ഒരു നടപടിയും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

66. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വയോജനങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ്

രൂപീകരിച്ചു എന്ന് പറയുമ്പോൾ തന്നെ, സംസ്ഥാനത്ത് നിയമപരമായി രൂപീകരിക്കപ്പെട്ട വയോജന കമ്മീഷനെ കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. വി. കെ. സനോജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

67. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 6000 കോടിയോളം രൂപ ട്രഷറിയിൽ അവശേഷിക്കുന്നുണ്ട് എന്ന് റിസർവ്വ് ബാങ്ക് പറയുമ്പോൾ തന്നെ, സംസ്ഥാനം ഗുരുതരമായ സാമ്പത്തിക വെല്ലുവിളികൾ നേരിടുന്നു എന്ന് പരാമർശിക്കുന്നതിൽ ഖേദിക്കുന്നു."

68. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ബിരുദധാരികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുമെന്നും യുവാക്കൾക്ക് സ്വദേശത്ത് അവസരം നൽകുമെന്നും പറയുമ്പോഴും, നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട് ജോലി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ നിയമനം വേഗത്തിലാക്കാനുള്ള യാതൊരു നിർദ്ദേശവും നയപ്രഖ്യാപനത്തിൽ ഇല്ലാത്തതിൽ വിയോജിക്കുന്നു."

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

69. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭൂരഹിതരും ഭവനരഹിതരും ഇല്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരണത്തോടടുക്കുകയാണെന്നും ഇത് ഒരു കേരള മാതൃകയായി ലോകത്തിന് മുന്നിൽ അവതരിപ്പിക്കപ്പെട്ടു കഴിഞ്ഞു എന്നുമുള്ള കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

70. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാന നിയമസഭ പാസാക്കിയ ബില്ലുകൾ ദീർഘകാലമായി കെട്ടിക്കിടക്കുകയായത് കൊണ്ട് സുപ്രീം കോടതിയെ സമീപിച്ചതിനെ തുടർന്ന് ആയത് ഒരു ഭരണഘടനാ ബെഞ്ചിന് റഫർ ചെയ്തിട്ടുണ്ട് എന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

71. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് നിലവിൽ പൊതുജനാരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യ രംഗത്ത് സൃഷ്ടിച്ച അഭിമാനകരമായ പുരോഗതിയെ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

72. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് 66000 കുടുംബത്തെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയെപ്പറ്റി പരാമർശിക്കാത്തതിലും, പദ്ധതി തുടരുമെന്ന് സൂചിപ്പിക്കാത്തതിലും വിയോജിക്കുന്നു."

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

73. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് രോഗ ചികിത്സാ രംഗത്ത് വളരെയധികം സഹായകരമായി മാറിയ കുടുംബാരോഗ്യ കേന്ദ്രങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അവശേഷിക്കുന്നവയെ എഫ്.എച്ച്.സികളാക്കി മാറ്റുമെന്ന് സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

74. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക വെല്ലുവിളികളുടെ യഥാർത്ഥ കാരണം യൂണിയൻ സർക്കാർ അർഹതപ്പെട്ട ധനവിഹിതം നൽകാത്തതാണെന്ന വസ്തുത സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

75. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ മെച്ചപ്പെട്ട സൗകര്യങ്ങളോടെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് രോഗചികിത്സാകാര്യം ദിവസം മുഴുവൻ ലഭ്യമാകുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

76. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിൽ മഴക്കാലപൂർവ്വ ശുചീകരണം യഥാസമയം നടത്താൻ കഴിയാത്തതിൽ ഉളവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

77. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ദേശീയ പാതാ വികസനത്തിൽ നയപ്രഖ്യാപനം മൗനം പാലിക്കുന്നതിൽ ഖേദിക്കുന്നു."

78. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ദേശീയ ജലപാതയെക്കുറിച്ച് മൗനം പാലിക്കുന്നതിൽ വിയോജിക്കുന്നു."

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

79. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേന്ദ്രം പ്രഖ്യാപിച്ച ബ്ലൂ എക്കണോമി സംബന്ധിച്ച ആശങ്ക നിലനിൽക്കുമ്പോൾ ബ്ലൂ എക്കണോമി സെൽ രൂപീകരിക്കുമെന്ന പ്രഖ്യാപനം ആശങ്കാകരമാണ്."

80. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സഹകരണ മേഖലയെക്കുറിച്ചും കേരള ബാങ്കിനെക്കുറിച്ചും നയപ്രഖ്യാപനം മൗനം പാലിക്കുന്നതിൽ ഖേദിക്കുന്നു."

ശ്രീ. ടി. എം. ശശി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

81. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സംയോജിത തുറമുഖ കേന്ദ്രമാക്കുമെന്ന് പറയുമ്പോൾ വിഴിഞ്ഞത്തിന്റെ സാധ്യതകളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

82. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ശബരിമല മാസ്റ്റർ പ്ലാനിന്റെ തുടർച്ചയെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

83. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിന് ഏറെ സഹായകമാകുന്ന പൂർത്തീകരണഘട്ടത്തിലെത്തി നിൽക്കുന്ന നാഷണൽ ഹൈവേ 66 എത്രയും വേഗം പൂർത്തീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

84. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന പ്രവാസി മലയാളികളെ കേരളത്തിന്റെ വികസനത്തിൽ പങ്കാളികളാക്കാൻ സംസ്ഥാനത്ത് ആരംഭിച്ച നിലവിലുള്ള ലോകകേരളസഭയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുമെന്ന് പരാമർശിക്കാത്തതിൽ വിയോജിക്കുന്നു."

<u>ശ്രീ. വി. മുരളീധരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

85. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക തട്ടിപ്പുകൾ ഇല്ലായ്മ ചെയ്യാൻ സഹായിക്കുന്നതിനും അതിലൂടെ സംഘങ്ങളിൽ അംഗങ്ങളായ ലക്ഷക്കണക്കിന് കർഷകർക്കും തൊഴിലാളികൾക്കും പ്രയോജനപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രാഥമിക കാർഷിക

സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

86. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിൽ വളർന്നുവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഭീകരവാദ ഗ്രൂപ്പുകളെക്കുറിച്ചോ അവർക്ക് അന്താരാഷ്ട്ര ഭീകര സംഘടനകളുമായുള്ള ബന്ധം അന്വേഷിച്ച് പ്രവർത്തനം പൂർണ്ണമായി തടയുന്നതിനെക്കുറിച്ചോ ഭീകര സംഘടനകളെ ഉന്മൂലനം ചെയ്യുന്നതിനെക്കുറിച്ചോ പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

87. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാർഷിക മേഖലയുടേയും കർഷകരുടേയും ഉത്പാദന വിപണന പ്രശ്നങ്ങൾക്ക് പരിഹാരമായി നരേന്ദ്രമോദി സർക്കാർ നിർദ്ദേശിച്ചതും കൂടുതൽ ചെറുപ്പക്കാരെ കൃഷിയിലേക്ക് ആകർഷിക്കാൻ പര്യാപ്തവുമായ 'ഫുഡ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ' പദ്ധതി കേരളത്തിൽ സമഗ്രമായി നടപ്പിലാക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

88. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ശബരിമല സ്വർണ്ണക്കൊള്ള വിശദമായി അന്വേഷിക്കുന്നതിനെക്കുറിച്ചോ ആചാര സംരക്ഷണത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗങ്ങളെക്കുറിച്ചോ, ആചാര സംരക്ഷണത്തിനായി സമരം ചെയ്ത ഭക്തർക്കെതിരെ സ്വീകരിച്ച നിയമനടപടികൾ പിൻവലിക്കുന്നതിനെക്കുറിച്ചോ പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

89. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ശക്തമായ ദുരന്തനിവാരണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ചും, കേരളം അടിക്കടി നേരിടുന്ന പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട പദ്ധതികളെക്കുറിച്ചും പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

90. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആയുർവേദം, യോഗ തുടങ്ങിയ ഭാരതത്തിന്റെ തനതായ ആരോഗ്യ ചികിത്സാ മാർഗ്ഗങ്ങളെക്കുറിച്ചോ കേരളത്തിന്റെ പാരമ്പര്യ

ചികിത്സാ സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നത് സംബന്ധമായോ ഇവയ്ക്കായി ഒരു പ്രത്യേക മന്ത്രാലയം സ്ഥാപിക്കുന്നതിനെക്കുറിച്ചോ പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

91. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന അക്രമവാസന ലഘൂകരിക്കുന്നതിനെക്കുറിച്ചും വയനാട് വെറ്ററിനറി സയൻസ് സർവ്വകലാശാലയിലെ വിദ്യാർത്ഥിയായിരുന്ന സിദ്ധാർത്ഥന്റെ മരണത്തിലേക്ക് നയിച്ചത് പോലുള്ള അക്രമ സംഭവങ്ങളും കണ്ണൂർ ഡെന്റൽ കോളേജിലെ നിതിൻ രാജിന്റെ മരണത്തിലേക്ക് നയിച്ചത് പോലുള്ള സംഭവങ്ങളും ആവർത്തിക്കാതിരിക്കാനും വിദ്യാലയങ്ങളിൽ പിന്നാക്ക ദളിത് വിദ്യാർത്ഥികൾ നേരിടുന്ന പീഡനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനെക്കുറിച്ചുമുള്ള നടപടികൾ പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

92. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിലെ എല്ലാ ഭവനങ്ങളിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് സാധിക്കുമായിരുന്ന കേന്ദ്ര പദ്ധതിയായ 'ജൽ ജീവൻ മിഷൻ' സമയബന്ധിതമായി നടപ്പിലാക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

93. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സാധാരണക്കാർ ഏറ്റവും കൂടുതൽ യാത്രയ്ക്കായി ആശ്രയിക്കുന്ന റെയിൽവേയുടെ വികസനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും, ദശലക്ഷക്കണക്കിന് ഭക്തർ ദർശനം നടത്തുന്ന ശബരിമലയിലേക്കുള്ള യാത്ര സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ ജനങ്ങൾ പതിറ്റാണ്ടുകളായി ആവശ്യപ്പെടുന്നതും നരേന്ദ്രമോദി സർക്കാർ സജീവമായി നിർമ്മാണ പങ്കാളിത്തം വഹിക്കാമെന്ന് ഉറപ്പുനൽകിയിട്ടുള്ളതുമായ ശബരി റെയിൽ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

94. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വയോജനക്ഷേമം ലക്ഷ്യമാക്കി നരേന്ദ്രമോദി സർക്കാർ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി 70 വയസ്സ് കഴിഞ്ഞ എല്ലാ വിഭാഗം ജനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകിയ പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഈ നയരേഖയിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

95. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, എല്ലാവർഷവും ദശലക്ഷക്കണക്കിന് ഭക്തർ ദർശനം നടത്തുന്ന ശബരിമല വികസനം സാധ്യമാക്കുന്ന ശബരിമല മാസ്റ്റർ പ്ലാനിനെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

96. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിലെ സാധാരണക്കാരായ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമാകുമായിരുന്ന ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നതു സംബന്ധിച്ചും, പിഎം ശ്രീ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ചും പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

97. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിന്റെ തനതായ കൈത്തറി, കയർ തുടങ്ങിയ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനെക്കുറിച്ചോ, പ്രസ്തുത മേഖലയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചോ, തൊഴിലാളികൾക്ക് സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനുള്ള നടപടികളെക്കുറിച്ചോ ഈ വ്യവസായങ്ങളെ

കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതിനെക്കുറിച്ചോ പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

98. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളം ഇന്ന് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ പരാമർശിക്കാത്തതിലും, കേരള സംസ്ഥാന GSDP യുടെ 38.7 ശതമാനം വരുന്ന കടബാധ്യത കുറച്ചു കൊണ്ടുവരുന്നതിനുള്ള മാർഗരേഖ അവതരിപ്പിക്കാത്തതിലും ഖേദിക്കുന്നു."

ശ്രീ. ബി. ബി. ഗോപകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

99. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഒ.ബി.സി, എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച നിരവധി പദ്ധതികൾ അർഹരായവരിലേക്ക് എത്തിക്കുന്നതിന് വ്യക്തമായ മാർഗ്ഗരേഖയോടുകൂടിയ പ്രവർത്തനങ്ങളും കൃത്യമായ ഓഡിറ്റിംഗും നടപ്പിലാക്കുകയും, നിലവിലെ സംവരണ നയങ്ങളിലെ അപാകതകൾ പരിഹരിക്കേണ്ടതിനെക്കുറിച്ചും, മതാടിസ്ഥാനത്തിൽ ഉള്ള സംവരണം ഒഴിവാക്കുന്നതിനെക്കുറിച്ചും നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

100. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രധാനമന്ത്രി ആവാസ് യോജന, ജൽ ജീവൻ മിഷൻ, ആയുഷ്മാൻ ഭാരത് തുടങ്ങിയ കേന്ദ്ര ക്ഷേമപദ്ധതികൾ രാഷ്ട്രീയ വിവേചനമില്ലാതെ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും, സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ പരിഹരിക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാനുമുള്ള നടപടികളെക്കുറിച്ചും നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

101. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പി.എം. ശ്രീ അടക്കമുള്ള വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി കേരളത്തിലെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

102. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സഹകരണ മേഖലയിലും, സഹകരണ ബാങ്കുകളിലും ഉണ്ടാകുന്ന

ക്രമക്കേടുകളും, അഴിമതികളും ഇല്ലാതെയാക്കുന്നതിനെക്കുറിച്ചും; സംസ്ഥാനത്ത് നടന്നിട്ടുള്ള സഹകരണ ക്രമക്കേടുകളിലെ അന്വേഷണത്തെക്കുറിച്ചും, സഹകരണ ബാങ്കുകളുടെ കാര്യത്തിൽ ധവളപത്രം പുറത്തിറക്കാൻ തയ്യാറാവുന്നതിനെക്കുറിച്ചും, സഹകരണ രജിസ്റ്റർ നിയമങ്ങൾ നിക്ഷേപകരെ സഹായിക്കുന്ന തരത്തിൽ രൂപീകരിക്കുന്നതിനെക്കുറിച്ചും നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. രാജീവ് ചന്ദ്രശേഖർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

104. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേന്ദ്രവും സംസ്ഥാനവും ചേർന്ന് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ ഫണ്ടുകൾക്ക് കൃത്യമായി ഓഡിറ്റ് നടത്തുകയും യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിക്കുകയും ചെയ്യാതെ കേന്ദ്ര സഹായം നഷ്ടപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കി, അഴിമതിരഹിതമായ സുതാര്യ ഭരണം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

105. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോടിക്കണക്കിന് രൂപ വരുമാനമുള്ള ശബരിമല അടക്കമുള്ള ദേവസ്വം ബോർഡുകളിൽ നടക്കുന്ന സാമ്പത്തിക തിരിമറികൾ അന്വേഷിക്കാൻ അടിയന്തരമായി സി.ബി.ഐ അന്വേഷണം പ്രഖ്യാപിക്കേണ്ടതിനെക്കുറിച്ചും, ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങളിൽ പങ്കെടുത്ത ഭക്തർക്കെതിരെയുള്ള കേസുകൾ പിൻവലിക്കേണ്ടതിനെക്കുറിച്ചും നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

106. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ക്യാമ്പസുകളിലും ഗ്രാമങ്ങളിലും പിടിമുറുക്കിയിരിക്കുന്ന മയക്കുമരുന്ന് മാഫിയകൾക്കും തീവ്രവാദ സംഘടനകൾക്കുമെതിരെ കേന്ദ്ര മാതൃകയിൽ വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സ്വീകരിച്ച് യുവതലമുറയെ സംരക്ഷിക്കാനുള്ള കർമ്മപദ്ധതികൾ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

107. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലിനുവേണ്ടി ഉദ്യോഗാർത്ഥികൾ മുട്ടിലിഴയുകയും, വലിയ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും ചെയ്ത സംഭവങ്ങളും, നിരവധി

ഉദ്യോഗാർത്ഥികൾ തൊഴിലില്ലായ്മ എന്ന വലിയ പ്രശ്നം നേരിടുന്നതിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായുള്ള പദ്ധതികളും ആശയങ്ങളും ഒന്നും നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. വിൻസെന്റ്: സർ, ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണിക്ക് ചരിത്രവിജയം സമ്മാനിച്ച കേരളത്തിലെ ജനങ്ങളെ നിറഞ്ഞ ഹൃദയത്തോടെ അഭിവാദ്യം ചെയ്യാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. 'മറ്റാരുണ്ട് എൽ.ഡി.എഫ്. അല്ലാതെ' എന്ന അഹങ്കാരം നിറഞ്ഞ ചോദ്യത്തിനോട് കേരളത്തിലെ ജനങ്ങൾ ഒന്നടങ്കം ഞങ്ങൾക്ക് യു.ഡി.എഫ്. ഉണ്ടെന്ന് പ്രഖ്യാപിച്ച തിരഞ്ഞെടുപ്പാണ് ഇവിടെ നടന്നത്. എന്തെല്ലാം അവകാശവാദങ്ങളാണ് ഇവിടെയുണ്ടായിരുന്നത്; 'ഈ കപ്പൽ ആടി ഉലയുകയില്ല', കപ്പൽ ആടി ഉലഞ്ഞുവെന്ന് മാത്രമല്ല കപ്പൽ ഒന്നാകെ മുങ്ങിപ്പോകുകയും കപ്പിത്താൻ മാത്രം രക്ഷപ്പെട്ടുവെന്നതുമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അന്ന് പ്രതിപക്ഷ നേതാവായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ, 'ഞങ്ങൾ ഈ തിരഞ്ഞെടുപ്പിൽ നൂറിലധികം സീറ്റുകളുമായി അധികാരത്തിൽ വരുമെന്ന്" പ്രതിപക്ഷത്തുനിന്ന് പറഞ്ഞപ്പോൾ ഈ ട്രഷറി ബഞ്ചിൽ അന്നുയർന്നത് പരിഹാസത്തിന്റെ ശീൽക്കാരങ്ങളായിരുന്നു. അന്ന് പരിഹസിച്ച പലരും ഇന്ന് ഈ സഭയിലില്ല. എന്തെല്ലാം വാദഗതികളാണ് അന്ന് നിങ്ങൾ നിരത്തിയത്; ഞങ്ങൾക്ക് 52 ഫിക്സഡ് സീറ്റുകളുണ്ടെന്നും ബാക്കിയുള്ള 88 സീറ്റുകളിൽ 20 സീറ്റുകളിൽ വിജയിച്ചാൽ ഞങ്ങൾ അധികാരത്തിൽ വരുമെന്നുമാണ്. നിങ്ങളുടെ ഫിക്സഡ് സീറ്റുകളായിരുന്ന കോട്ടകളെല്ലാം ഒന്നൊന്നായി തകർന്നുവീഴുന്ന കാഴ്ചയാണ് ഈ തിരഞ്ഞെടുപ്പിൽ നമ്മൾ കണ്ടത്, സാക്ഷാൽ ഇ. കെ. നായനാർ മത്സരിച്ച തൃക്കരിപ്പൂർ, 1970-നുശേഷം ഇന്നുവരെ യു.ഡി.എഫ്. ജയിക്കാത്ത തളിപ്പറമ്പ്, പയ്യന്നൂർ, നാദാപുരം, ചരിത്രത്തിലാദ്യമായി കോങ്ങാട്,

ഇത്തരത്തിൽ നിങ്ങളുടെ കോട്ടകളായിരുന്ന നിരവധി മണ്ഡലങ്ങളെല്ലാം തകർത്ത് തരിപ്പണമാക്കിക്കൊണ്ടാണ് ഐക്യജനാധിപത്യമുന്നണി ഉജ്ജ്വല വിജയത്തോടെ അധികാരത്തിൽ വന്നത്. തിരഞ്ഞെടുപ്പിലേക്ക് പോകുമ്പോൾ 11 ഘടകകക്ഷികളാണ് നിങ്ങളുടെ കൂടെയുണ്ടായിരുന്നത്. എന്നാലിന്ന് കേവലം 3 ഘടകകക്ഷികൾ മാത്രമാണ് ഇടതുമുന്നണിക്ക് ഈ സഭയിലുള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും. നിങ്ങളോടൊപ്പമുണ്ടായിരുന്ന കേരള കോൺഗ്രസിനെ ഇന്നിവിടെ കാണുന്നില്ല. അതിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് കെ. എം. മാണി സാറിന്റെ ആത്മാവായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 'കോഴ മാണി' എന്ന് ആക്ഷേപിച്ചവരോടൊപ്പം ആ പാർട്ടി കൂടിച്ചേർന്നതിൽ കെ. എം. മാണി സാറിന്റെ ആത്മാവ് എന്തുമാത്രം വേദനപ്പെട്ടിരിക്കും. അവരുടെ പരാജയത്തിൽ ഇന്നദ്ദേഹം ഏറ്റവും കൂടുതൽ സന്തോഷിക്കുന്നുണ്ട്. തിരഞ്ഞെടുപ്പ് പരാജയത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഞങ്ങൾ തെറ്റുകൾ തിരുത്തുമെന്ന് നിങ്ങൾ പറഞ്ഞു. നിങ്ങളുടെ പ്രതികരണങ്ങൾ തെറ്റുകൾ തിരുത്തുന്നതിലേക്കാണോ ചൂണ്ടിക്കാണിക്കുന്നത്? വർഗശത്രുക്കളെല്ലാം കൂടിച്ചേർന്ന് ഞങ്ങളെ പരാജയപ്പെടുത്തിയെന്നാണ് ബഹുമാനപ്പെട്ട പാർട്ടി സെക്രട്ടറി പറഞ്ഞത്. യു.ഡി.എഫ്.-ന് വോട്ടുചെയ്ത ദശലക്ഷക്കണക്കിന് ജനങ്ങളാണോ നിങ്ങളുടെ വർഗശത്രുക്കൾ? അങ്ങനെയാണെങ്കിൽ നിങ്ങൾ ഒരു തെറ്റും തിരുത്താൻ പോകുന്നില്ല. "ജോർജ് സർ ഇപ്പോഴും പഴയ ജോർജ് സർ തന്നെയാണ്" എന്ന അവസ്ഥയാണ് ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഒരു പുതുയുഗം കേരളത്തിന് നൽകുമെന്നാണ് യു.ഡി.എഫ്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനം. അതാണ് ഈ നയപ്രഖ്യാപനത്തിലൂടെ പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. സർക്കാരിന്റെ ഈ സമീപനത്തിലൂടെ ഒരു പുതുയുഗത്തിന്റെ കാഴ്ചപ്പാടും നയപരമായ മാറ്റവും ജനങ്ങൾക്ക് അനുഭവപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ പത്ത് വർഷമായി അടഞ്ഞുകിടന്ന സെക്രട്ടേറിയറ്റിന്റെ കവാടങ്ങൾ ഇന്ന് ജനങ്ങൾക്കായി മലർക്കെ തുറന്നുകൊടുത്തിരിക്കുകയാണ്. ചോദ്യങ്ങൾ ചോദിക്കുന്നവരോട് വീട്ടിൽപ്പോയി ചോദിക്കാൻ

പറഞ്ഞ ഭരണാധികാരികളുടെ സ്ഥാനത്ത് നിങ്ങൾ കൂടുതൽ ചോദിക്കു എന്ന് പറയുന്ന ഭരണാധികാരി അധികാരത്തിൽ വന്നു. രണ്ട് കഷണം കറുത്ത തുണിയും മുദ്രാവാക്യങ്ങളുമായി കുറച്ച് യുവാക്കൾ നിങ്ങളുടെ മുന്നിലേക്ക് കടന്ന് വന്നപ്പോൾ, നിങ്ങളുടെ കൺമുന്നിൽവെച്ച് നിങ്ങളുടെ പോലീസ് അംഗരക്ഷകർ അവരെ മൃഗീയമായി ചവിട്ടിക്കൂട്ടിയപ്പോൾ സ്വാഭാവികമായും നിങ്ങളുടെ പേരക്കുട്ടികളുടെ പ്രായമുള്ള യുവാക്കളെ ഈ രീതിയിൽ ക്രൂരമായി മർദ്ദിച്ചതിൽ നിങ്ങൾക്ക് വേദനയുണ്ടാകുമെന്നായിരുന്നു ഞങ്ങൾ പ്രതീക്ഷിച്ചത്. പക്ഷേ, ആ പൈശാചികമായ ആക്രമണം നിങ്ങൾ ആസ്വദിച്ചുവെന്നുള്ളതാണ് പിന്നീടുള്ള പ്രതികരണത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. 'കുലംകുത്തി കുലംകുത്തി' തന്നെയെന്ന് പറഞ്ഞ അന്നത്തെ പാർട്ടി സെക്രട്ടറിയുടെ വാക്കിൽ നിന്ന്, രണ്ട് തവണ മുഖ്യമന്ത്രിയായിട്ടും ആ മാനസികാവസ്ഥയിൽ നിന്നും അങ്ങ് മാറിയിട്ടില്ലെന്ന് തെളിയിക്കുന്ന സംഭവ വികാസങ്ങളാണിത്. അന്ന് അങ്ങയുടെ കൺമുന്നിൽ ചവിട്ടിക്കൂട്ടിയ ശ്രീ. എ. ഡി. തോമസിനെ ഇന്ന് ഞങ്ങൾ ഈ സഭയിൽ കൊണ്ടുവന്ന് നിങ്ങളുടെ മുന്നിൽ ഇരുത്തിയിരിക്കുകയാണ്. ആ കുറ്റകൃത്യത്തിന് ഉത്തരവാദികളായ പൊലീസുകാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിയുന്ന ഒരു വലിയ മാറ്റമാണ് ഈ സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. സാമൂഹ്യനീതിയോടുകൂടിയ സാമ്പത്തിക വളർച്ച, പാരിസ്ഥിതിക ഉത്തരവാദിത്വത്തോടുകൂടിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസനം, അവസരസമത്വവും മാനുഷിക സഹാനുഭൂതിയോട് കൂടിയിട്ടുള്ള സാങ്കേതിക വികസനവും സമന്വയിപ്പിച്ചുകൊണ്ടുള്ളൊരു വികസനവും സമീപനവുമാണ് ഐക്യജനാധിപത്യ മുന്നണിയുടേതെന്ന് അടിവരയിടുന്ന നയപ്രഖ്യാപനമാണ് ശ്രീ. വി. ഡി. സതീശൻ ഗവൺമെന്റിന്റെ നയപ്രഖ്യാപനമായി ഗവർണർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നയപ്രഖ്യാപനം കഴിഞ്ഞപ്പോൾ റൂട്ട് മാപ്പ് എവിടെയെന്നാണ് ചോദിച്ചത്? ഇതാണ് ഞങ്ങളുടെ റൂട്ട് മാപ്പ്. വികസമെന്നാൽ അത് മനുഷ്യന്റെ ജീവിതത്തെ സ്പർശിക്കുന്നതാകണമെന്ന് അടിവരിയിടുന്ന സർക്കാരിന്റെ നയമാണ് ഈ നയപ്രഖ്യാപനത്തിലൂടെ നടത്തിയിരിക്കുന്നത്. അല്ലാതെ പാവപ്പെട്ടവന്റെ വീട്ടിലെ അടുക്കളയിലും കിടപ്പ് മുറിയിലും കയറി മഞ്ഞക്കുറ്റിയടിക്കുന്ന വികസനമല്ല ഐക്യജനാധിപത്യ മുന്നണിയുടെ വികസന സമീപനം. നിങ്ങൾ

ജനങ്ങൾക്ക് ആവശ്യമില്ലാത്തത് വികസനമെന്ന പേരിൽ നടപ്പിലാക്കും. എന്നാൽ ജനങ്ങൾക്ക് ആവശ്യമുള്ളത് ചെയ്യുകയുമില്ല എന്നതാണ് നിങ്ങളുടെ സമീപനം. കരമന - കളിയിക്കാവിള റോഡിന്റെ 1.90 കിലോമീറ്റർ ദൂരത്ത് അഞ്ച് വർഷമായിട്ടും ടാറിംഗ് തുടങ്ങാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അഞ്ച് വർഷം കൊണ്ട് മലയോര ഹൈവെ പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ചിട്ട് 1179 കിലോ മീറ്റർ മലയോര ഹൈവെയിൽ നിങ്ങൾക്ക് പത്ത് വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞത് 476.16 കിലോ മീറ്റർ മാത്രം. തീരദേശ ഹൈവെ അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കുമെന്ന് പറഞ്ഞു. 605 കിലോമീറ്റർ വരുന്ന തീരദേശ ഹൈവെയിൽ നിങ്ങൾക്ക് വെറും 8 കിലോമീറ്റർ മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞത്. വിഴിഞ്ഞം-നാവായിക്കുളം റിങ് റോഡ് പ്രഖ്യാപനങ്ങൾ കഴിഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞു. കഴിഞ്ഞ മൂന്നര വർഷക്കാലമായി പാവപ്പെട്ട ജനങ്ങളുടെ ആധാരം വാങ്ങിവച്ച് അവരെ വഴിയാധാരമാക്കി എന്നുള്ളതല്ലാതെ മറ്റൊന്നുമില്ല. വികസനത്തിന് പുതിയ സമീപനങ്ങൾ വരുകയാണ്. സംസ്ഥാനത്തെ ഒരു സംയോജിത തുറമുഖ കേന്ദ്രമാക്കി (ഇന്റഗ്രേറ്റഡ് പോർട്ട് സെന്റർ) മാറ്റുകയാണ്. കേരളത്തിന്റെ യഥാർഥ പൊട്ടൻഷ്യൽ എക്സ്പ്ലോർ ചെയ്യുന്നൊരു സമീപനമാണ് ഐക്യജനാധിപത്യ മുന്നണി സ്വീകരിച്ചിരിക്കുന്നത്, അതാണ് ഈ ഗവൺമെന്റിന്റെ സമീപനത്തിലുണ്ടായിട്ടുള്ള മാറ്റം. തുറമുഖങ്ങളുടെ വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ നിങ്ങൾ സമ്പൂർണമായും പരാജയപ്പെട്ടു. വിഴിഞ്ഞം തുറമുഖത്ത് ഈ കാലയളവുകൊണ്ട് 18 ലക്ഷം കണ്ടെയ്നറുകൾ വന്നുപോയി. ഒരു കണ്ടെയ്നറെങ്കിലും ആ ഗേറ്റ് കടന്ന് പുറത്തേക്ക് വന്നിട്ടുണ്ടോ? എന്തുകൊണ്ടാണെന്ന് അങ്ങേക്കറിയാം. ഏതൊരു പി.പി.പി. (Public-Private Partnership) പ്രോജക്ടുകളിലും അടിസ്ഥാന സൗകര്യ വികസനം ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഇവിടെ റെയിലും റോഡും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഒപ്പിട്ട കരാറിൽ രണ്ട് വർഷം കൊണ്ട് ആ തുറമുഖത്തെ നാഷണൽ ഹൈവെയുമായി ബന്ധിപ്പിക്കണമെന്ന് പറഞ്ഞിരുന്നത് 2017-ൽ ബന്ധിപ്പിക്കണമായിരുന്നു. അടുത്തിടെ മുൻ മുഖ്യമന്ത്രി രണ്ടാംഘട്ട ഉൽഘാടനത്തിനവിടെ വന്നപ്പോൾ ഹൈവേയുമായി ബന്ധിപ്പിക്കുന്ന റോഡ് സമർപ്പിക്കുന്നതായി പ്രഖ്യാപിച്ചു. പക്ഷെ, ഇപ്പോഴും ആ റോഡിൽ

നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. രണ്ട് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട റോഡ് 10 വർഷംകൊണ്ടുപോലും പൂർത്തീകരിച്ച് കഴിഞ്ഞിട്ടില്ല. ഉമ്മൻചാണ്ടിയുടെ കാലത്തുണ്ടായ കരാർ പ്രകാരം ആറ് വർഷം കൊണ്ട് റെയിൽ കണക്റ്റിവിറ്റി പൂർത്തീകരിക്കണം. 2021-ൽ പൂർത്തീകരിക്കേണ്ട റെയിൽ കണക്റ്റിവിറ്റി ഈ നിമിഷവും തുടങ്ങിയിട്ടില്ലെന്ന് നമുക്ക് കാണാൻ കഴിയും. റെയിലും റോഡും യാഥാർത്ഥ്യമായിരുന്നെങ്കിൽ കേരളത്തിലുണ്ടാകുമായിരുന്ന വികസനത്തിന്റെ അനന്ത സാധ്യതകൾ നമുക്ക് കണക്ക് കൂട്ടാൻപോലും കഴിയുന്നതിനപ്പുറമായിരിക്കും. അങ്ങനെ ഈ സർക്കാർ പരാജയപ്പെട്ടിടത്ത് കേരളത്തെ ഒരു സംയോജിത തുറമുഖ കേന്ദ്രമാക്കി മാറ്റാൻ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു കാലത്ത് നമ്മൾ ടൂറിസത്തെ പ്രയോജനപ്പെടുത്തിയതുപോലെ പുതിയൊരു മേഖല ഈ കേരളത്തിനായി ഐക്യജനാധിപത്യ മുന്നണി തുറന്ന് കൊടുക്കുകയാണ്. അതുപോലെതന്നെ ദക്ഷിണേഷ്യയിലെ സിവിൽ വ്യോമയാനത്തിന്റെ ഒരു പ്രധാന കേന്ദ്രമാക്കി കേരളത്തെ മാറ്റുന്ന വ്യോമയാന അടിസ്ഥാന സൗകര്യങ്ങളുടെ ഒരു നിര ഈ സർക്കാർ വികസിപ്പിക്കുകയാണ്. പുതിയ മാർഗങ്ങളും മേഖലകളും കണ്ടെത്തിക്കൊണ്ട് ഈ നാടിന്റെ സമഗ്ര വികസനം യാഥാർത്ഥ്യമാക്കുന്ന നടപടികളിലൂടെയാണ് സർക്കാർ കടന്നുപോകുന്നത്. തിരഞ്ഞെടുപ്പ് കാലത്ത് ഞങ്ങൾ പ്രഖ്യാപിച്ചതാണ് ഇന്ദിരാ ഗ്യാരന്റി. 2026 ജൂൺ 15 മുതൽ കേരളത്തിലെ വനിതകൾ കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യമായി യാത്ര ചെയ്യാൻ പോകുകയാണ്. സാമൂഹ്യ ക്ഷേമ പെൻഷൻ ഈ സർക്കാർ 3000/- രൂപയായി വർധിപ്പിക്കും. 2021-ൽ ക്ഷേമ പെൻഷൻ 2500/- രൂപയാക്കുമെന്ന് നിങ്ങൾ പറഞ്ഞു. നിങ്ങൾ 2500/- രൂപയാക്കിയിരുന്നെങ്കിൽ ഓരോ മാസവും 900/- രൂപയുടെ വർധനവ് പാവങ്ങൾക്ക് ലഭിക്കുമായിരുന്നു. അങ്ങനെ വന്നാൽ അഞ്ച് വർഷം കൊണ്ട് 54,000/- രൂപ അവർക്ക് ലഭിക്കുമായിരുന്നു. പക്ഷേ, തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് തൊട്ടുമുമ്പ് കേവലം 400/- രൂപ വീതം വർധിപ്പിച്ച് 54,000/- രൂപ അധികമായി ലഭിക്കേണ്ടിടത്ത് 800/- രൂപ മാത്രം നൽകിയവരാണ് നിങ്ങളെങ്കിൽ, ഞങ്ങൾ 3000/- രൂപ വീതം വർധിപ്പിച്ചുകൊണ്ട് ഈ പാവങ്ങളുടെ സങ്കടം പരിഹരിക്കാൻ പോകുകയാണ്. കോളേജ്

വിദ്യാർഥികൾക്ക് 1000/- രൂപ പ്രതിമാസം നൽകും. വയോജനങ്ങൾക്കുള്ള വകുപ്പിന്റെ കാര്യത്തിൽ തീരുമാനമായിക്കഴിഞ്ഞു. യുവ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കാൻ അഞ്ച് ലക്ഷം രൂപ പലിശ രഹിത വായ്പയായി നൽകുന്നു. വിദേശത്തേക്ക് വാഹനം കയറാൻ നിൽക്കുന്ന ചെറുപ്പക്കാരെ ഈ നാട്ടിൽത്തന്നെ നിലനിർത്താനുള്ള ഐക്യജനാധിപത്യ മുന്നണിയുടെ ശക്തമായ ചുവടുവയ്പ്പാണ് ഈ പ്രഖ്യാപനത്തിലൂടെ കാണുന്നത്. കേരളം കണ്ട ഏറ്റവും വലിയ കാരുണ്യ പ്രവർത്തകനായ ഉമ്മൻ ചാണ്ടിയുടെ പേരിൽ 25 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഐക്യജനാധിപത്യ മുന്നണി ഇവിടെ നടപ്പിലാക്കാൻ പോകുകയാണ്. കേരളത്തിലെ ആരോഗ്യ സംരക്ഷണമെന്നത് ജനങ്ങളോടുള്ള സർക്കാരിന്റെ അടിസ്ഥാനപരമായ ഉത്തരവാദിത്തമാണെന്നുള്ള പ്രഖ്യാപനമാണ് ഈ നയപ്രഖ്യാപനത്തിലൂടെ നടത്തിയിരിക്കുന്നത്. കഴിഞ്ഞ കാലത്തെ ആരോഗ്യമേഖല എങ്ങനെയായിരുന്നു? ധനകാര്യ വകുപ്പുമന്ത്രി ആരോഗ്യവകുപ്പിലെ പദ്ധതികൾ വെട്ടിക്കുറച്ചുവെന്ന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന് നൽകിയ മറുപടിയിൽ പറയുന്നുണ്ട്. 295 കോടി രൂപയുടെ പദ്ധതികളാണ് വെട്ടിക്കുറച്ചത്. മെഡിക്കൽ സർവീസ് കോർപ്പറേഷന് മരുന്ന് സംഭരണത്തിൽ 700 കോടി രൂപ നൽകാനുണ്ട്. 2025-26-ൽ മരുന്ന് സംഭരണത്തിനുവേണ്ടത് 1014 കോടി രൂപയാണെങ്കിൽ ബജറ്റിൽ വകയിരുത്തിയത് വെറും 356 കോടി രൂപ മാത്രമാണ്. ഒരു ഗുളിക കഴിക്കേണ്ടയിടത്ത് കാൽഭാഗം ഗുളിക കഴിച്ചാൽ മതിയാകുമോ; കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) നിങ്ങൾ കൊട്ടിഘോഷിച്ചു. അതിൽ മെഡിക്കൽ കോളേജുകൾക്കുമാത്രം കുടിശ്ശിക 1550 കോടി രൂപയും മറ്റ് സർക്കാർ ആശുപത്രികൾക്ക് 1200 കോടി രൂപയുമാണ്. നിങ്ങളുടെ ഭരണകാലത്തെ സർക്കാർ ആശുപത്രിയുടെ അവസ്ഥ പരമ ദയനീയമാണ്. ഇന്ന് മെഡിക്കൽ കോളേജിൽ പോയാൽ രണ്ട് രോഗത്തിനായി ചികിത്സയ്ക്ക് വരുന്നവർ ഒരു ബെഡ്ഡിൽ കിടക്കുകയാണ്. ബെഡ്ഡിനടിയിൽ 4 പേർ കിടക്കുകയാണ്. ചികിത്സാ പിഴവ് കാരണം രോഗി മരിച്ച് വീഴുന്ന സാഹചര്യം നിങ്ങളുടെ ഭരണകാലത്തുണ്ടായി. ശസ്ത്രക്രിയയ്ക്കുശേഷം രോഗനിർണ്ണയത്തിനായി

രോഗികളുടെ ശരീരാവയവങ്ങൾ പാത്തോളജി ലാബിലേക്കാണ് കൊടുത്തുവിടുന്നത്. പാത്തോളജി ലാബിലേക്ക് കൊടുത്തുവിട്ട രോഗികളുടെ ശരീരഭാഗങ്ങൾ ആക്രികച്ചവടക്കാരുടെ അടുത്ത് എത്തിച്ചവരാണ് കഴിഞ്ഞ ആരോഗ്യവകുപ്പെന്ന് നിങ്ങൾ ഓർക്കണം. സർജിക്കൽ മോപ്പ് ഗർഭപാത്രത്തിൽവച്ച് തുന്നിയ കാലഘട്ടം നിങ്ങളുടെ ഭരണകാലത്തല്ലാതെ വേറൊരു കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ; എസ്.സി.-എസ്.ടി. വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണത്തിന് ശക്തമായ ഊന്നൽ നൽകും. പ്രാതിനിധ്യം കുറവുള്ള സർക്കാർ സർവീസുകളിൽ എസ്.സി.-എസ്.ടി. വിഭാഗങ്ങൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റും ദേവസ്വം ബോർഡ് നിയമനങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പാക്കുമെന്നും ഈ നയപ്രഖ്യാപനത്തിൽ അടിവരയിട്ട് പറയുകയാണ്. എസ്.സി.-എസ്.ടി. വിഭാഗങ്ങളെ അവഗണിച്ച ഒരു സർക്കാരല്ലേ നിങ്ങളുടേത്; കഴിഞ്ഞ തവണ എസ്.സി. വിഭാഗത്തിൽപ്പെട്ട ഒരാളെ മന്ത്രിപോലുമാക്കാത്ത ഒരു ഭരണകൂടമായിരുന്നു നിങ്ങളുടേത്. 2024-25-സാമ്പത്തിക വർഷം എസ്.സി. ഫണ്ടിൽ 500 കോടി രൂപയും എസ്.ടി. ഫണ്ടിൽ 120 കോടി രൂപയും വെട്ടിക്കുറച്ചവരാണ് നിങ്ങൾ. ഞങ്ങൾ അവരെ ചേർത്ത് പിടിക്കും. മാല മോഷണക്കുറ്റം ആരോപിച്ചുകൊണ്ട് 20 മണിക്കൂർ പൊലീസ് സ്റ്റേഷനിൽ മാനസികമായി പീഡിപ്പിച്ച ഒരു ദളിത് യുവതി, മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തിയപ്പോൾ കോടതിയിൽ പോകാനാണ് പറഞ്ഞത്. ഇതാണ് നിങ്ങളുടെ സമീപനം. എന്റെ മകൻ രാത്രി വരുമ്പോൾ എനിക്ക് വാതിൽ തുറന്നുകൊടുക്കാൻ ഭയമാണ്. അവന് ഭക്ഷണം വിളമ്പിക്കൊടുക്കാൻ എനിക്ക് പേടിയാണ്. അവൻ മയക്കമരുന്നിന് അടിമയായി വരുമ്പോൾ എന്നെ അമ്മയെപ്പോലെയല്ല കാണുന്നത്. വിദേശത്തുള്ള അവന്റെ അച്ഛൻ അറിഞ്ഞാൽ അദ്ദേഹം ഹൃദയം പൊട്ടി മരിക്കും. മയക്കമരുന്നിന് അടിമയായ മക്കളുടെ മാതാപിതാക്കളുടെ ഭയവിഹ്വലയായ മനസ്സിന്റെ പ്രതികരണമാണ് ഒരമ്മയിൽനിന്ന് നമുക്ക് കേൾക്കാൻ കഴിഞ്ഞത്. ഇത് അവസാനിപ്പിക്കണം. കേരളം ഒരു മയക്കമരുന്നിന്റെ ഹബ്ബായി മാറിയത് കഴിഞ്ഞ ഭരണകാലത്തല്ലേ; അത് അവസാനിപ്പിക്കാൻ ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ

'ഓപ്പറേഷൻ തൂഫാൻ' പദ്ധതി ആരംഭിക്കുകയാണ്. ഇതിലൂടെ മയക്കുമരുന്നിന്റെ ശൃഖല നമ്മൾ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്.

കെ.എസ്.ആർ.ടി.സി.-യെ ഞങ്ങൾ നിങ്ങളുടെ കൈയിലേൽപ്പിക്കുമ്പോൾ 44000 ജീവനക്കാരും 5650 ബസ്സുകളുമുണ്ടായിരുന്നു. 2723 ബസ്സുകളാണ് ഉമ്മൻ ചാണ്ടി സർക്കാർ പുതുതായി വാങ്ങിയത്. ഇപ്പോൾ 21900 ജീവനക്കാരായി കുറഞ്ഞു. ഇന്ന് നിരത്തിൽ ഓടാൻ യോഗ്യതയുള്ള ബസ്സുകൾ ഉമ്മൻ ചാണ്ടി സർക്കാർ വാങ്ങിയ ബസ്സുകൾ മാത്രമാണ്. ബാക്കി മുഴുവൻ ബസ്സുകളും 15 വർഷത്തെ കാലാവധി കഴിഞ്ഞതാണ്. അതാണ് നിങ്ങൾ ഇന്ന് ഐക്യജനാധിപത്യ മുന്നണിയെ ഏൽപ്പിച്ചിരിക്കുന്നത്. പൊതുവിതരണ സമ്പ്രദായത്തിൽ അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള അവശ്യവസ്തുക്കളുടെ കൃത്യസമയത്തുള്ള മതിയായ വിതരണം ഉറപ്പുവരുത്തുമെന്ന പ്രഖ്യാപനമാണ് ഈ നയപ്രഖ്യാപനത്തിലൂടെ ഐക്യജനാധിപത്യ മുന്നണി നടത്തിയിരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ സബ്സിഡി സാധനങ്ങൾ പോലും കിട്ടാക്കനിയായിരുന്നു. മന്ത്രിയുടെ നിയോജകമണ്ഡലത്തിൽപോലും സബ്സിഡി സാധനങ്ങൾ കിട്ടിയില്ലായെന്ന് വാർത്ത വന്നു. അത് മാധ്യമങ്ങൾതന്നെ പോയി റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഒരു കാര്യം അന്ന് നടന്നു. സാധനങ്ങൾ വന്നില്ലെങ്കിലും ഇല്ലായെന്ന് പറയുന്നത് ജീവനക്കാർ നിർത്തുകയും ഇല്ലാത്ത സാധനങ്ങൾ ഉണ്ടെന്ന് പറയുകയുമാണ് ചെയ്യുന്നത്. കാരണം, സാധനമില്ലായെന്ന് പറഞ്ഞാൽ അവർക്കെതിരെ നടപടിയാണ് വരുന്നത്. ഇന്ന് അങ്ങനെയല്ല, ചരിത്രത്തിൽ ആദ്യമായി നിങ്ങളുടെ ഭരണകാലത്ത് സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന 13 ഇനം സാധനങ്ങൾക്ക് വില വർധിപ്പിക്കുകയാണ് ചെയ്തത്. വിലക്കയറ്റം വർധിച്ച സമയത്ത് സപ്ലൈകോ വിതരണം ചെയ്യുന്ന സാധനങ്ങൾക്കുകൂടി വില വർധിപ്പിച്ചാലുള്ള സാഹചര്യമെന്താണ്? വൈദ്യുതി ഉൽപാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ഉറച്ച ചുവടുവയ്പ്പാണ് ഐക്യജനാധിപത്യ മുന്നണി ഈ

നയപ്രഖ്യാപനത്തിലൂടെ നടത്തിയിരിക്കുന്നത്. പവർകട്ടില്ലാത്ത കേരളമെന്നാണ് നിങ്ങൾ അവകാശപ്പെട്ടത്. പത്ത് വയസ്സുള്ള കുട്ടിക്ക് പവർകട്ട് എന്ന വാക്കുപോലും അറിയില്ലെന്ന് നിങ്ങൾ പറഞ്ഞത്. പവർ കട്ട് എന്ന വാക്ക് അറിയില്ലെങ്കിലും വേറെ രണ്ട് വാക്കുകൾ കുട്ടികൾക്ക് അറിയാം. അപ്രഖ്യാപിത പവർകട്ടും ലോഡ് റെസ്ട്രിക്ഷനെന്നും പറഞ്ഞ് യഥാർഥ പവർകട്ട് നടപ്പിലാക്കിയത് നിങ്ങളാണ്. 2011-16 കാലഘട്ടത്തിൽ ഏതെങ്കിലും ദിവസം പവർകട്ട് ഉണ്ടായതായി നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ; ആ നിലവിൽ മേനി പറയേണ്ട. നിങ്ങൾ ഇപ്പോൾ ചെയ്യുന്നതെന്താണ്; കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ നാല് തവണ ഇലക്ട്രിസിറ്റി ചാർജ് വർധിപ്പിച്ചു. ഈ നാല് തവണകൊണ്ട് 14 ശതമാനമാണ് നിങ്ങൾ വർധിപ്പിച്ചത്. ഇവിടെ അഴിമതിയുടെ കൂത്തരങ്ങായി മാറിയില്ലേ; സ്വർണ്ണക്കൊള്ളയെന്ന് കേൾക്കുമ്പോൾ ഒരു സർക്കാരിനെക്കുറിച്ച് ജനങ്ങൾ ചിന്തിക്കുന്ന കാലഘട്ടം നിങ്ങളുടെ കാലഘട്ടമല്ലാതെ വേറെയേതെങ്കിലും കാലഘട്ടമുണ്ടായിട്ടുണ്ടോ?

ഡെപ്യൂട്ടി സ്പീക്കർ (ശ്രീമതി ഷാനിമോൾ ഉസ്മാൻ): ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ശബരിമല ശാസ്താവിന്റെ സ്വർണ്ണം വരെ അടിച്ചുമാറ്റി. പ്രതികൾക്ക് ജാമ്യം ലഭിക്കാൻവേണ്ടി നിങ്ങൾ കുറ്റപത്രം സമർപ്പിക്കാൻ വൈകിപ്പിച്ചു. അഴിമതി നിറഞ്ഞ ആ ഭരണകൂടത്തെയാണ് ജനങ്ങൾ തൂത്തെറിഞ്ഞത്. ഇടതുപക്ഷ മുന്നണിയുടെ ഭരണകാലം ഇരുണ്ട ഒരു യുഗമായിരുന്നു. 'കണ്ണീരിൽനിന്നും കതിരുകൾ വിരിയും കൺമഷമകന്നൊരു നാളെ വരും' എന്ന് പി. ഭാസ്കരൻ മാസ്റ്റർ പാടിയതുപോലെ ആ നാളെക്ക് നേതൃത്വം നൽകാനാണ് ഐക്യജനാധിപത്യ മുന്നണിയുടെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിൽ ഏറ്റവും മികച്ച ഒരു ടീം കേരളത്തിൽ ഈ 18-ാം തീയതി അധികാരത്തിൽ വന്നത്. നന്ദി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുകയാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ടീം യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ ടീം വി.ഡി.എസ്. സർക്കാരിനെ അധികാരത്തിലേക്ക് കൊണ്ടുവന്ന കേരളത്തിലെ പ്രബുദ്ധരായ വോട്ടർമാരോട് ഒരായിരം നന്ദി അറിയിച്ചുകൊണ്ട് എന്റെ പ്രിയ സുഹൃത്ത് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ അനുകൂലിക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പ് വേളയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി, ഐക്യജനാധിപത്യമുന്നണി പ്രഖ്യാപിച്ച ഇന്ദിരാ ഗാരന്റിയെക്കുറിച്ച് എല്ലാ ക്യാമ്പസുകളിലും വലിയ ആക്ഷേപങ്ങളാണ് ഉന്നയിച്ചത്. എന്നാൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരികയും അതിനുശേഷം വളരെ വ്യക്തമായ നിലപാടോടുകൂടി ഇന്ദിരാ ഗാരന്റി പ്രഖ്യാപനത്തിന്റെ ഫലം കണ്ടുതുടങ്ങുകയും ചെയ്തു. അത് കേവലം പ്രഖ്യാപനങ്ങൾ മാത്രമല്ല, അവ കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി നേതൃത്വം നൽകിക്കൊണ്ട്, പ്രത്യേകിച്ച് ക്ഷേമ പെൻഷൻ 3000 രൂപയായി വർധിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനെ അഭിനന്ദിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ പ്രബുദ്ധരായ വോട്ടർമാരുടെയും സാഹിത്യകാരന്മാരുടെയും കേരളത്തെ സ്നേഹിക്കുന്ന സാധാരണക്കാരായ ജനങ്ങളുടെയും മനസ്സിൽ ഇന്ന് വലിയ ആശയങ്ങളും കാഴ്ചപ്പാടുകളുമുണ്ട്. ആ കാഴ്ചപ്പാടുകൾക്കൊപ്പം പാവങ്ങളുടെ പ്രശ്നങ്ങളിൽ കൃത്യമായി ഇടപെടലുകൾ നടത്തി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമെന്നുള്ള അഭിപ്രായം തന്നെയാണ് ഇന്ന് കേരളത്തിലൊട്ടാകെയുള്ളത്. ദൈവത്തിന്റെ സ്വന്തം നാടാണെന്ന് നാം വിശേഷിപ്പിക്കുന്ന ഈ കൊച്ചു കേരളം ഈയിരിക്കുന്ന 140 ജനപ്രതിനിധികൾക്ക് മാത്രമല്ല കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുംവേണ്ടി നമ്മുടെ പൂർവികർ സമ്പാദിച്ചുവച്ച സ്വത്താണിത്. ഈ സ്വത്ത് രാഷ്ട്രീയത്തിന്റെ അപ്പുറത്തുള്ള കാഴ്ചപ്പാടോടുകൂടി സംരക്ഷിക്കപ്പെടേണ്ടത് നമ്മൾ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ജാതിയുടെയോ രാഷ്ട്രീയത്തിന്റെയോ പേരിൽ പരസ്പരം യുദ്ധങ്ങൾ കുറിക്കുന്നതല്ല ഒരു ഭരണസംവിധാനമെന്നുള്ള കാര്യത്തെക്കുറിച്ച് വളരെ വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ്

വി.ഡി.എസ്. സർക്കാർ മുന്നോട്ടുപോകുന്നത്. ശ്രീ. എം. വിൻസെന്റ് എം.എൽ.എ. സൂചിപ്പിച്ചതുപോലെ, കേരളത്തിലെ കർഷകരുടെ സ്ഥിതി വലിയ പ്രതിസന്ധിയിലാണ്. ജപ്തി നടപടികൾ നേരിടുകയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്തതുമായ കർഷകർക്കുവേണ്ടി, ഗവൺമെന്റിന്റെ നേതൃത്വത്തിൽ ജില്ലാടിസ്ഥാനത്തിൽ വിവിധ കേന്ദ്രങ്ങളിൽ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് പലവട്ടം ഞങ്ങൾ നിയമസഭയിൽ ആവശ്യപ്പെട്ടെങ്കിലും കർഷകർക്കുവേണ്ടി ഒരു നിലപാടും സ്വീകരിക്കാത്ത ഗവൺമെന്റായിരുന്നു കഴിഞ്ഞ 10 വർഷവും കേരളത്തിലുണ്ടായിരുന്നത്.

വി.ഡി.എസ്. സർക്കാരിൽ ജനങ്ങൾക്കും കർഷകർക്കും പ്രതീക്ഷയുണ്ട്. കർഷകരെ ആത്മഹത്യയിൽനിന്നും സംരക്ഷിക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിയുമെന്നുള്ള പ്രതീക്ഷയാണുള്ളത്. നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത നിരവധി കർഷക തൊഴിലാളികളുടെ പെൻഷനുൾപ്പെടെയുള്ള സംവിധാനങ്ങൾ വർധിപ്പിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് കഴിഞ്ഞ 5 വർഷമുള്ളതെങ്കിൽ, ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രഖ്യാപനത്തിന്റെ ആദ്യഫലമായാണ് 3000/- രൂപ പെൻഷൻ നൽകുന്നതിനുള്ള നടപടികൾ ഇന്ന് സ്വീകരിച്ചതെന്ന് ഞാൻ ഓർക്കുന്നു. വീടുവീടാന്തരം കയറി നമ്മെ പരിചരിക്കുകയും ശുശ്രൂഷിക്കുകയും നമ്മുടെ അഭിപ്രായങ്ങൾ തേടുകയും ചെയ്യുന്ന ആശാവർക്കർമാർ എത്ര ദിവസം സെക്രട്ടേറിയറ്റിനുമുന്നിൽ സമരം നടത്തി. ഒരു ദിവസമെങ്കിലും അന്നത്തെ മുഖ്യമന്ത്രിയോ മന്ത്രിമാരോ ആശാവർക്കർമാരെ വിളിച്ചിരുത്തി കാര്യങ്ങൾ സംസാരിച്ച് അവർക്കുള്ള ആനുകൂല്യങ്ങൾ വർധിപ്പിക്കാനോ അവരുടെ പ്രശ്നങ്ങൾ തീർക്കാനോ തയ്യാറായിട്ടില്ല. ഇന്ന് യു.ഡി.എഫ്. സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, അവരുടെ ഓണറേറിയം 3000/- രൂപ വർധിപ്പിച്ചുകൊണ്ട് തീരുമാനമെടുത്തിരിക്കുകയാണ്.

കേരളത്തിലെ ഭൂമിയും ഭവനവുമില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഇന്ന് വലിയ പ്രയാസത്തിൽ മുന്നോട്ടുപോകുകയാണ്. ഒരു വീട്ടിൽ മൂന്നും നാലും അഞ്ചും കുടുംബങ്ങൾ

അതായത് അച്ഛനും അമ്മയും മക്കളും ഒരുമിച്ച് താമസിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വനാവകാശ നിയമം പോലും കൃത്യമായി നടപ്പാക്കാൻ കഴിയാതെ കഴിഞ്ഞ 10 വർഷം പട്ടികജാതി-പട്ടികവർഗ്ഗക്കാരെ അവഗണിച്ചു. കേരളത്തിൽ ഒരു ട്രൈബൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ കഴിഞ്ഞോ? യു.ഡി.എഫ്. സർക്കാർ ട്രൈബൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നുവെന്നത് വലിയ സന്തോഷത്തോടെ ഞാൻ കാണുന്നു. ഇന്ന് പല വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലകളിൽ ഉപരിപഠനത്തിന് പോയ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ അവരുടെ ഹോസ്റ്റൽ ഫീസ്, മെസ് ഫീസ്, ഗ്രാന്റ് എന്നിവ സമയബന്ധിതമായി നൽകാൻ കഴിയാത്ത പശ്ചാത്തലത്തിൽ പഠനം നിർത്തി കോളേജുകളിൽനിന്നും മടങ്ങിവന്നുകൊണ്ടിരിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാരോട് കാണിക്കുന്ന ഏറ്റവും വലിയ അനാസ്ഥയാണ് കഴിഞ്ഞ പത്ത് വർഷക്കാലം ഉണ്ടായിട്ടുള്ളത്.

നമ്മുടെ സംസ്ഥാനത്ത് നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരോഗ്യപരിപാലന കേന്ദ്രങ്ങളുമുണ്ടാകണം. ആരോഗ്യവകുപ്പുമന്ത്രി ശ്രീ. കെ. മുരളീധരൻ സഭയിലുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ ആരോഗ്യവകുപ്പുമന്ത്രി ഈ സഭയിൽ വാചാലമായി പ്രസംഗിക്കുകയും രാഷ്ട്രീയം പറയുകയും ചെയ്യുമായിരുന്നുവെങ്കിലും ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ? 2011-ൽ ഞാൻ ഈ സഭയിൽ കന്നി അംഗമായി വന്നപ്പോൾ, 2012-ലെ ബജറ്റിൽ യശ്ശശരീരനായ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി പ്രഖ്യാപിച്ച വയനാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി യശ്ശശരീരനായ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പതിനെട്ടോളം യോഗങ്ങൾ വിളിച്ചുചേർക്കുകയും ആ യോഗത്തിൽ വച്ച് 50 ഏക്കർ ഭൂമി കണ്ടെത്തുകയും ചെയ്തു. എൽ.ഡി.എഫ്. ഗവൺമെന്റ് 2016-ൽ അധികാരത്തിൽ വന്നപ്പോൾ ആ ഭൂമിയിലേക്ക് 3 കോടി രൂപ മുടക്കി റോഡ് വെട്ടി. പക്ഷേ പിന്നീട് ആ ഭൂമി ഒഴിവാക്കുകയാണ് ചെയ്തത്. 50 ഏക്കർ ഭൂമി ഇപ്പോഴും കിടക്കുകയാണ്. അതിനുശേഷം മാനന്തവാടി ജില്ലാ ആശുപത്രിയുടെ ബോർഡ് മാറ്റി മെഡിക്കൽ

കോളേജിന്റെ ബോർഡ് വച്ചു. വയനാട്ടുകാരായ ജനങ്ങളുടെയും രോഗികളുടെയും സാധാരണക്കാരുടെയും പ്രശ്നങ്ങളിലിടപെട്ട് ആ മെഡിക്കൽ കോളേജിന് ഒരു പുതിയ രൂപവും ഭാവവും നൽകാൻ 10 വർഷമായിട്ടും എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞില്ല. അവിടെ ഇപ്പോൾ കാണാൻ കഴിയുന്നത് ഒരു ദിവസത്തെ ഒ.പി.-യിൽ ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരും പിറ്റേ ദിവസം അതേ ചെയറിൽ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുമാണ്. ഒരു നിലപാടും സ്വീകരിക്കാൻ കഴിയാതെ അവർ പരസ്പരം യുദ്ധമാണ്.

റെയിൽവേ കണക്ടിവിറ്റിയുടെ കാര്യം ഇവിടെ പ്രമേയാവതാരകൻ സൂചിപ്പിച്ചു. നിലമ്പൂരിൽനിന്നും നഞ്ചൻകോടേയ്ക്ക് വയനാടിനെ സ്പർശിച്ച് പോകുന്ന നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ ലൈൻ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ആശയവും കേരളത്തിലെ ജനങ്ങളുടെ ആവശ്യവുമായിരുന്നു. ആ റെയിൽവേ ശ്രീ. ഇ. ശ്രീധരൻ എന്ന പ്രഗത്ഭനായ എഞ്ചിനീയർ എപ്രിസർവേ (e-Presserve) നടത്തി, ഫീസിയബിളിറ്റി സർട്ടിഫിക്കറ്റ് നൽകി, ഗവൺമെന്റ് ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി 8 കോടി രൂപ ബജറ്റിൽ വച്ചുവെങ്കിലും ആ തുക നൽകിയില്ല. അന്നത്തെ കൽപ്പറ്റ എം.എൽ.എ. ശ്രീ. സി. കെ. ശശീന്ദ്രൻ ഇന്ന് ശ്രീ. ഇ. ശ്രീധരന് പണം കൈമാറുമെന്ന് എന്നോട് പറഞ്ഞു. അദ്ദേഹം പറഞ്ഞത് സത്യമാണ്. എന്നാൽ രണ്ടുകോടി രൂപ PMRC-യുടെ അക്കൗണ്ടിലേക്ക് നൽകാൻ രാവിലെ 10.00 മണിക്ക് ഓർഡർ ഇറങ്ങിയെങ്കിലും 2.00 മണിക്ക് അത് ക്യാൻസൽ ചെയ്തു. ഇതിന് എന്താണ് ചെയ്യേണ്ടത്? ഏഴ് തവണ ബ്രിട്ടീഷുകാർ സർവെ നടത്തിയ തലശ്ശേരി-മൈസൂർ റോഡിനെ റെയിൽവേ പ്രോത്സാഹിപ്പിച്ചു. തലശ്ശേരിയിൽനിന്നും മൈസൂരിലേക്കും നിലമ്പൂരിൽനിന്നും നഞ്ചൻകോടേക്കുമുള്ള പാത ഒഴിവാക്കിയിട്ട് മറ്റൊരു പാത നിർമ്മിക്കുന്നത് യാഥാർഥ്യമായോ? 8 കോടി രൂപയാണ് അക്കാലത്ത് ഡി.പി.ആർ. തയ്യാറാക്കാൻ അനുവദിച്ചത്.

ഒരു ഹെലികോപ്റ്റർ സർവെ നടത്താൻ 16 കോടി രൂപയാണ് വേണ്ടിവന്നത്. നഞ്ചൻകോട്-നിലമ്പൂർ റെയിൽവേക്കും തലശ്ശേരി-മൈസൂർ റെയിൽവേക്കും ഹെലികോപ്റ്റർ

സർവെ അനുവദിച്ചുവെങ്കിലും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞോ? യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആ പദ്ധതിയടക്കം നടപ്പാക്കുമെന്നുള്ള പ്രതീക്ഷയോടെയാണ് മുന്നോട്ടുപോകുന്നത്. കേരളത്തിലെ വിദ്യാർഥികൾക്ക് യാത്ര ചെയ്യുന്നതിനും ഇവിടെയുള്ള കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നതിനും കയറ്റുമതി ചെയ്യുന്നതിനും കണക്ടിവിറ്റി പോലുള്ള സാഹചര്യങ്ങൾ ഉണ്ടെങ്കിലേ ഇവിടെയുള്ള സാധാരണക്കാരായ ജനങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയൂ.

കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ച പദ്ധതികൾ ഇന്ന് പാതിവഴിയിലാണ്. കരാറുകാർ മുഴുവനും വർക്ക് നിർത്തിവച്ചു; റോഡുകൾ തകർന്നുകൊണ്ടിരിക്കുകയാണ്; കെട്ടിടങ്ങൾ പണിയാൻ കഴിയുന്നില്ല; കരാറുകാർ വർക്ക് പാതിവഴിയിൽ ഒഴിവാക്കി പോകുകയാണ്. ഇത്തരം പ്രവൃത്തികൾ കൃത്യമായി പരിശോധിച്ച് എന്തുകൊണ്ടാണ് അവർ നിർത്തിപ്പോയതെന്നും വീണ്ടും അത് പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർഥിക്കാനുള്ളത്. രാഷ്ട്രീയമായി കാണാതെ എല്ലാവരും യോജിച്ച നിലപാടുകൾ സ്വീകരിച്ച് കേരളത്തിന്റെ പൈതൃകമായ അന്തഃസ്സ് ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി ഒരുമിച്ച് മുന്നോട്ടുപോകണമെന്ന് സൂചിപ്പിച്ചുകൊണ്ടും ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. കേരളത്തിന്റെ ഭാവിയെ ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രായോഗികമായ നിർദേശങ്ങൾ ഉൾപ്പെടുത്താത്തതുകൊണ്ടാണ് ഞാൻ ഈ ഉപക്ഷേപത്തെ അടിസ്ഥാനപരമായി എതിർക്കുന്നത്. കേരളത്തിൽ പുതിയൊരു ഗവൺമെന്റ് അധികാരത്തിൽ വന്ന് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. യു.ഡി.എഫ്.-ന്റെ വിജയത്തിനും ആ ഗവൺമെന്റിനും ഞങ്ങളുടെ നേതാക്കന്മാരെല്ലാം ആശംസകൾ നേർന്നു. അവരുടെ വിജയത്തെ ഞങ്ങൾ അംഗീകരിക്കുന്നതോടൊപ്പം അവർക്ക് അഞ്ചുവർഷക്കാലം

കേരളത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട ഗവർണ്ണർ സംസ്ഥാന സർക്കാരിനുവേണ്ടി അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ ഭാവികുവേണ്ട കാര്യങ്ങൾ വളരെ വസ്തുതാപരമായും വസ്തുനിഷ്ഠപരമായും കാണേണ്ടതായിരുന്നു. പക്ഷെ ഇത്തരത്തിലുള്ള ഒരു കാഴ്ചപ്പാട് നയപ്രഖ്യാപനത്തിൽ കാണുന്നില്ല. ഗവൺമെന്റിനെ കണ്ണടച്ച് എതിർക്കുന്ന സമീപനം ഞങ്ങൾക്കില്ല. കഴിഞ്ഞ പത്തുവർഷക്കാലത്തിനിടയിൽ പ്രത്യേകിച്ചും കഴിഞ്ഞ അഞ്ചുവർഷക്കാലം അന്നത്തെ പ്രതിപക്ഷനേതാവും പ്രതിപക്ഷ നേതൃത്വവും എങ്ങനെയാണ് കാര്യങ്ങളെ കണ്ടതെന്ന് നമുക്കറിയാവുന്ന കാര്യമാണ്. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ മന്ത്രിമാരുടെ സത്യപ്രതിജ്ഞ ചടങ്ങിൽപോലും പങ്കെടുക്കാത്ത സമീപനമാണ് കഴിഞ്ഞ തവണ പ്രതിപക്ഷം സ്വീകരിച്ചതെങ്കിൽ ഞങ്ങളുടെ പ്രതിപക്ഷനേതാവും ഞങ്ങളുടെ കക്ഷി നേതാക്കന്മാരും ഇപ്പോഴത്തെ സത്യപ്രതിജ്ഞ ചടങ്ങിൽ പങ്കെടുത്തിരുന്നു. അതെല്ലാം മാഗ്നാനിമിറ്റിയാണ്. സംസ്ഥാന സർക്കാരിനോട് ഞങ്ങൾ എടുക്കുന്ന സമീപനം വളരെ വ്യക്തമാണ്. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ ക്രിയാത്മകമായി പിന്തുണയ്ക്കുമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഏത് പ്രഖ്യാപനം വന്നാലും അതിനെയെല്ലാം എതിർക്കുന്ന സമീപനമായിരുന്നു ഇതിനുമുൻപുള്ള പ്രതിപക്ഷത്തിനുണ്ടായിരുന്നത്. വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അവിടെ നടന്ന സമരത്തിന്റെ ഭാഗമായി വിഴിഞ്ഞം പദ്ധതി നിർത്തിവയ്ക്കണമെന്ന് പ്രമേയവതാരകൻ അടക്കമുള്ള ആളുകൾ ഈ സഭയിൽ പറഞ്ഞത് ഞങ്ങളും അന്ന് ഈ സഭയിൽ ഉണ്ടായിരുന്നവരും ഓർക്കുന്നുണ്ട്. (....ബഹളം.......) വിഴിഞ്ഞത്തിന്റെ കാര്യത്തിൽ മാത്രമല്ല വയനാട് തുരങ്കപാത, കെ-റെയിൽ, നാലുവരി-ആറുവരി പാത, റോഡ് വികസനം എന്നീ കാര്യങ്ങളെയെല്ലാം എതിർക്കും എന്നല്ലാതെ എന്തെങ്കിലും കാര്യങ്ങൾ പ്രതിപക്ഷം അന്ന് പറഞ്ഞിട്ടുണ്ടോ; ആ പറഞ്ഞ കാര്യങ്ങളിൽ ജനങ്ങളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുതന്നെയാണ് ഞങ്ങൾ പ്രവർത്തിച്ചിട്ടുള്ളത്. അത്തരത്തിലുള്ള ഒരു സമീപനമല്ല ഞങ്ങൾ ഇപ്പോൾ പറയുന്നത്.

ഗവൺമെന്റ് കൊണ്ടുവരുന്ന എല്ലാ ന്യായമായ കാര്യങ്ങളെയും ഞങ്ങൾ അനുകൂലിക്കും. എല്ലാ കാര്യങ്ങളിലും എതിർപ്പ് പറയുകയെന്ന സമീപനമല്ല ഞങ്ങൾക്കുള്ളത്. എന്നാൽ ഈ സർക്കാരിന്റെ തുടക്കം മുതലുള്ള കാര്യങ്ങളിൽ ജനങ്ങൾക്ക് സംശയം തോന്നിയാൽ നമുക്കതിനെ ചോദ്യം ചെയ്യാൻ സാധിക്കില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് വലിയ ഭൂരിപക്ഷത്തിലാണ്. സാധാരണ ഏത് സംഖ്യാ ശാസ്ത്രപ്രകാരവും ജ്യോതിഷം അനുസരിച്ചും പറയാൻ സാധിക്കാത്ത പ്രവചനത്തോടുകൂടിയാണ് കേരളത്തിൽ ഒരു ഡസൻ മന്ത്രിമാരെങ്കിലും തോൽക്കുമെന്നും നൂറ് ശതമാനം സീറ്റിൽ കൂടുതൽ ഞങ്ങൾ വിജയിക്കുമെന്നും പ്രതിപക്ഷനേതാവ് പറഞ്ഞത്. സർവെ നടത്തിയാൽ പോലും സാധാരണ നിലയിൽ ആർക്കും പറയാൻ സാധിക്കാത്തൊരു കണക്കാണിത്. ബി.ജെ.പി.-യുടെ മുൻ സംസ്ഥാന അധ്യക്ഷനാണ് കഴിഞ്ഞ പത്തുവർഷം ഞങ്ങൾക്ക് നഷ്ടപ്പെട്ടതെല്ലാം യു.ഡി.എഫ്. സർക്കാരിലൂടെ വീണ്ടെടുക്കുമെന്ന് പറഞ്ഞത്. വോട്ടുകളുടെ കണക്കും പരിശോധിക്കാം. എല്ലാ കണക്കുകളും ഞാൻ പറയുന്നില്ല. ഞങ്ങൾ പരാജയം സമ്മതിക്കുന്നവരാണ്. പക്ഷെ പല സീറ്റുകളിലെയും വോട്ടുകൾ പ്രത്യേകിച്ച് മധ്യകേരളം, തൃശ്ശൂർ എന്നിവിടങ്ങളിലെ വോട്ടുകൾ എത്രയാണ് കുറഞ്ഞത്; എത്ര വോട്ടുകൾക്കാണ് അവിടത്തെ യു.ഡി.എഫ്. സ്ഥാനാർഥി വിജയിച്ചത്; കേരളത്തിലെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെയുള്ള നിയോജകമണ്ഡലങ്ങൾ പരിശോധിച്ചാൽ, ബി.ജെ.പി.-യുടെ വോട്ട് എവിടെയൊക്കെയാണോ കുറഞ്ഞിട്ടുള്ളത് ആ സീറ്റുകളിലൊക്കെ യു.ഡി.എഫ്.-ന് ഗുണവും ഉണ്ടായിട്ടുണ്ട്. നേമം, കഴക്കൂട്ടം എന്നീ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടെ കോൺഗ്രസിന് ആറായിരം മുതൽ ഏഴായിരം വോട്ട് വരെ കുറഞ്ഞു. അവിടങ്ങളിൽ എത്ര വോട്ടിനാണ് ബി.ജെ.പി. ജയിച്ചത്; അവർ തമ്മിൽ ഒരു ബന്ധമുണ്ടെന്നാണ് ഈ നിയോജകമണ്ഡലങ്ങൾ പരിശോധിച്ചാൽ കാണാൻ സാധിക്കുന്നത്. മാത്രമല്ല, ഡീലിനെ സംബന്ധിച്ച് നേരത്തെ ഇവർ പറഞ്ഞല്ലോ; സത്യപ്രതിജ്ഞാ വേദിയിൽ വന്ദേമാതരം പാടുന്ന കാര്യം അറിഞ്ഞിരുന്നില്ലെന്നാണ് പറയുന്നത്. നിയമസഭയിൽ വന്ദേമാതരം പാടിയപ്പോൾ വരികൾ

കുറച്ചത് ശരിയായില്ലെന്ന് ഗവർണ്ണർ പറഞ്ഞതായാണ് അറിയുന്നത്. പത്തുവർഷത്തെ നഷ്ടം വീണ്ടെടുക്കാനുള്ള സഹായം ഉണ്ടായിട്ടുണ്ടെന്നുള്ളതുൾപ്പെടെയുള്ള കാര്യങ്ങൾ ജനങ്ങളുടെ മനസ്സിലുണ്ട്. യഥാർത്ഥത്തിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വലിയ തോതിൽ പ്രതിസന്ധിയിലായതിന്റെ അടിസ്ഥാന കാരണം കേന്ദ്ര ഗവൺമെന്റിന്റെ സമീപനമാണ്. ഇപ്പോഴത്തെ സംസ്ഥാന സർക്കാരും നേരിടേണ്ട പ്രശ്നം ഇതുതന്നെയാണ്. ഇത്തരം കാര്യങ്ങളെ ഭരണപക്ഷമെന്നും പ്രതിപക്ഷമെന്നും വേർതിരിച്ച് ഞാൻ കാണുന്നില്ല. ഇത് കേരളത്തിന്റെ പൊതു താൽപര്യമെന്ന നിലയിലാണ് ഞങ്ങൾ കാണുന്നത്. ഇവിടെയൊരു വിസ്മയമുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ; ഏതായാലും വിസ്മയം വരട്ടെ. ധവളപത്രം ഇറക്കുന്നത് സംബന്ധിച്ച് ഒരു വിദഗ്ധ സമിതി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന് എടുക്കാവുന്ന ബോറോയിങ്ങിൽ മാത്രം ഒന്നേകാൽ ലക്ഷം കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് കാരണം കുറവുണ്ടായത്; ടാക്സിന്റെ കാര്യത്തിൽ എത്രവലിയ കുറവാണ് ഉണ്ടായിട്ടുള്ളത്? ഇത്തരം കാര്യങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും കഴിഞ്ഞ പത്തുവർഷക്കാലം സംസ്ഥാനം പിടിച്ചുനിന്നു. ക്ഷേമപെൻഷൻ നൽകുന്നതിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഉമ്മൻ ചാണ്ടി സർക്കാരിന്റെ അഞ്ചുവർഷക്കാലം കൊണ്ട് പതിനൊന്നായിരം കോടി രൂപയാണ് ക്ഷേമപെൻഷൻ നൽകിയതെങ്കിൽ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ഞങ്ങൾ നൽകിയത് അൻപത്തി നാലായിരം കോടി രൂപയാണ്. പത്തുവർഷം കൊണ്ട് തൊണ്ണൂറായിരം കോടി രൂപ ക്ഷേമപെൻഷൻ നൽകിയ സർക്കാരായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. അന്ന് കുറ്റം പറഞ്ഞുകൊണ്ടിരുന്നവർ ഇത് നന്നായി നടത്തിയാൽമതി. അടുക്കളയിൽ മഞ്ഞക്കുറ്റിയിട്ടുവെന്ന് ആക്ഷേപിച്ചവർ കഴിഞ്ഞ ദിവസം മറ്റൊരു അതിവേഗ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ. ഇ. ശ്രീധരനുമായി കൂടിക്കാഴ്ച നടത്തി. ഞങ്ങളെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ തെക്ക്-വടക്ക് വളരെ വേഗത്തിൽ ഓടുന്ന ട്രെയിൻ സംവിധാനം ഉണ്ടാകണമെന്നേയുള്ളൂ. ഞങ്ങളിട്ട കുറ്റിമാറ്റി അതിന് കാവിയോ നീലയോ

നിറം അടിച്ചോട്ടെ എന്നുള്ള നിലപാടിലാണ് ഇപ്പോഴുള്ളത്. ഇതെല്ലാം വെറും ചീപ്പ് പോപ്പുലാരിറ്റിക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളാണ്. ഇവിടെ ഒരു വികസനവും നടന്നിട്ടില്ലെന്ന് പറയാൻ സാധിക്കുമോ; ഇന്ത്യയിൽ ഏറ്റവും കൂടുതൽ കണ്ടെയ്നറുകൾ വരുന്ന, എല്ലാവരും അഭിമാനത്തോടെ പറയുന്ന വിഴിഞ്ഞം തുറമുഖം നമ്മുടെ സംസ്ഥാനത്തെ ഒരു port-led സ്റ്റേറ്റാക്കിയിരിക്കുന്നു.

കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന സമീപനത്തെ സംബന്ധിച്ച് വളരെ ശക്തമായി പറയേണ്ടതാണ്. വളരെ ചുരുങ്ങിയ സമയംകൊണ്ട് എല്ലാ കാര്യങ്ങളും പറയാൻ സാധിക്കില്ല. ഒരുകാര്യത്തെക്കുറിച്ച് പറയാം. ഹിമാചൽ പ്രദേശ്, തെലങ്കാന, കർണ്ണാടക എന്നീ മൂന്ന് സംസ്ഥാനങ്ങളിൽ ഇന്ദിരാ ഗ്യാരന്റി നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇതിൽ തെലങ്കാനയും കർണ്ണാടകയും വളരെ സമ്പന്നമായ സംസ്ഥാനങ്ങളാണ്. ധനകാര്യ കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം തങ്ങൾക്ക് വലിയ തോതിൽ കട്ടിങ് വന്നിരിക്കുന്നുവെന്നും ശമ്പളം നൽകാൻ സാധിക്കുന്നില്ലെന്നും ഹിമാചൽ പ്രദേശിലെ മുഖ്യമന്ത്രി രണ്ട് മാസങ്ങൾക്കുമുമ്പ് ഡൽഹിയിൽ പോയിപറഞ്ഞു. അവിടെ ഡി.ജി.പി., ചീഫ് സെക്രട്ടറി മുതലുള്ള ഉദ്യോഗസ്ഥരുടെ മുപ്പത് ശതമാനം ശമ്പളം കട്ട് ചെയ്യാൻ തീരുമാനിച്ചു. കാര്യങ്ങളെല്ലാം നന്നായി നടക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. കർണ്ണാടകത്തിൽ ഇരുപതാം തീയതി പോലും ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകാൻ സാധിച്ചില്ല. അവിടെ പുതിയ മുഖ്യമന്ത്രി അധികാരത്തിൽ വന്നതുകൊണ്ട് എന്താണ് സംഭവിക്കാൻ പോകുന്നതെന്നറിയില്ല. തെലങ്കാനയിൽ ഇന്ത്യൻ ഫോറസ്റ്റ് സർവീസിലും സിവിൽ സർവീസിലുമുള്ള ഐ.എ.എസ്., ഐ.പി.എസ്. ഓഫീസർമാർക്ക് എട്ടുവർഷം കഴിഞ്ഞിട്ടും റിട്ടയർമെന്റ് ബെനഫിറ്റ് നൽകാത്തതിനെത്തുടർന്ന് അവർ തെലങ്കാന ഹൈക്കോടതിയിൽ പോയി ഓർഡർ വാങ്ങി. ഏത് ഗവൺമെന്റ് ഭരണം നടത്തിയാലും കാര്യങ്ങളെല്ലാം നന്നായി നടക്കണമെന്നതാണ് എന്റെ ആഗ്രഹം. കാരണം കേരളം നമ്മുടെയെല്ലാം സംസ്ഥാനമാണ്. പ്രതിപക്ഷത്തിരിക്കുമ്പോൾ ആടിനെ പട്ടിയാക്കി പ്രചരിപ്പിക്കാൻ സാധിക്കും. ശ്രീ. എം.

വിൻസെന്റ് എം.എൽ.എ.-യ്ക്ക് അപ്പുറത്ത് പോയപ്പോൾ അധികം സംസാരിക്കാൻ സാധിക്കുന്നില്ലല്ലോ; പത്ത് വർഷക്കാലം ഒരു കാര്യവും ചെയ്തിട്ടില്ലെന്ന് പ്രതിപക്ഷത്തിരുന്ന് പറയാൻ സാധിക്കും. കഴിഞ്ഞ പത്തുവർഷക്കാലം സർക്കാർ ഒരു കാര്യവും ചെയ്തില്ലെന്ന് ആർക്കാണ് പറയാൻ സാധിക്കുന്നത്; ഈ നാട്ടിലെ സാധാരണക്കാർക്ക് പതിനെട്ട് മാസത്തെ ക്ഷേമപെൻഷൻ, ആശുപത്രികളിൽ മരുന്ന്, വിദ്യാഭ്യാസ മേഖലയിലെ വളർച്ച, തകർച്ചയിൽ കിടന്ന റോഡുകളിലൂടെ യാത്ര ചെയ്യാൻ കഴിയാതിരുന്ന കാലഘട്ടത്തിൽനിന്നും റോഡുകൾ നന്നാക്കി, തെക്ക് മുതൽ വടക്കേ അറ്റം വരെ നാഷണൽ ഹൈവേ - മലയോര മേഖലയിൽ നൂറ്റി ചില്വാനം കിലോമീറ്റർ റോഡുകൂടി മാത്രമേ നിർമ്മിക്കാനുള്ളൂ. വളരെ അധികം വേഗത്തിലാണ് എല്ലാ സ്ഥലത്തും ഇപ്പോൾ യാത്ര ചെയ്യാൻ സാധിക്കുന്നത്. കുറച്ച് ഭാഗത്തെ പണികൾകൂടി പൂർത്തിയാക്കിയാൽ നാഷണൽ ഹൈവേയുടെ പണികൾ പൂർത്തിയാകുന്നതാണ്. എഴുപതിനായിരത്തിലധികം കിലോമീറ്റർ റോഡുകളാണ് ബി.എം.&ബി.സി നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുള്ളത്. കേരളത്തിലെ അടിസ്ഥാനപരമായ കാര്യങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചു. സ്കൂൾ, കോളേജ് എന്നിവയുടെ കാര്യത്തിലും മാറ്റങ്ങളുണ്ടായി. ഇനിയും കുറച്ചുകൂടി കാര്യങ്ങൾ ചെയ്യാനുണ്ടായേക്കാം. ഏത് ഗവൺമെന്റ് വന്നാലും അക്കാര്യങ്ങളെല്ലാം അംഗീകരിക്കേണ്ടതാണ്. ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിക്ക് ഏറ്റവും കൂടുതൽ ജോലിയുള്ള ഒരു മേഖല തന്നെയാണ് ആരോഗ്യവകുപ്പ്. കഴിഞ്ഞ ദിവസം പീഡിയാട്രിക് വിഭാഗത്തിലെ ഡോക്ടറെ പാമ്പ് കടിച്ചതും കട്ടിലിൽനിന്നും ഒരു രോഗി തറയിൽ വീണ് മരിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ ഇവിടെ പറയുന്നില്ല. ഇത് കഴിഞ്ഞ ദിവസം ഉണ്ടായ കാര്യമാണ്. നിങ്ങൾ ഒരു കത്രികയുടെ കണക്കുമായി നടക്കുന്നതുപോലെ, ഇക്കാര്യങ്ങളെ സംബന്ധിച്ച് ഞങ്ങൾ പറയുന്നില്ല. നമ്മുടെ സംവിധാനത്തിൽ കുറച്ച് കാര്യങ്ങൾ ശരിയാക്കാൻ ഉണ്ടാകും. ഇത് സോഷ്യൽ മീഡിയയിലൂടെ കേരളത്തിലാകെ പ്രചരിപ്പിച്ച് ആ പ്രചാരണത്തിന്റെ പിന്നാലെ പോയിട്ട് കാര്യമില്ല. ഈ പ്രശ്നങ്ങളെയെല്ലാം

എങ്ങനെയാണ് ഈ സർക്കാർ അഭിമുഖീകരിക്കുന്നത് എന്നതാണ് ഇവിടത്തെ അടിസ്ഥാന പ്രശ്നം. കേരളത്തിലെ സീനിയർ നേതാക്കന്മാരിലൊരാളാണ് ശ്രീ. എ. കെ. ആന്റണി. രാഷ്ട്രീയമായി എതിർപ്പുണ്ടെങ്കിലും ഞങ്ങളെല്ലാവരും അദ്ദേഹത്തെ ബഹുമാനിക്കുന്നുണ്ട്. നിയുക്ത മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ കഴിഞ്ഞയുടനെ അദ്ദേഹമൊരു ഉപദേശം നൽകി, എന്തെന്നാൽ "ശ്രീ. വി. ഡി. സതീശൻ, ജനങ്ങൾ പലതും പറയും, എന്നാൽ നിങ്ങൾ അതെല്ലാം നടത്തരുത് കേട്ടോ; ജനങ്ങൾ അല്പം കയ്പുനീർ കുടിക്കേണ്ടിവരും." "നിങ്ങൾ സതീശനെ നിർബന്ധിക്കരുത്" എന്ന് പത്രക്കാരോടും പറഞ്ഞു. അദ്ദേഹം നേരത്തെ മുണ്ടുമുറുക്കി ഉടുപ്പിച്ചതിനെക്കുറിച്ച് നമുക്കറിയാവുന്നതാണല്ലോ; കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മോശമാണെന്ന് അദ്ദേഹം അഡ്വാൻസായി പറഞ്ഞു. ഇത് പത്രത്തിൽ വന്നതാണ്. സാമ്പത്തിക സ്ഥിതി മോശമാണെന്ന് അദ്ദേഹം പറഞ്ഞത് അടിസ്ഥാനരഹിതമാണ്. ശ്രീ. എ. കെ. ആന്റണി ഒരു അപ്പോയിന്റ്മെന്റ് നൽകിയാൽ അദ്ദേഹത്തിന്റെ വീട്ടിൽ പോയി കണക്കുകൾ കാണിക്കാമെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം അത് പറയാത്തതിനാൽ എനിക്ക് പോകാനും കാണാനും സാധിച്ചില്ല. കേരളത്തിൽ കഴിഞ്ഞ മാർച്ച് 31-ാം തീയതി, അതായത് പുതിയ സാമ്പത്തിക വർഷത്തിലേയ്ക്ക് കടന്നപ്പോൾ 6300 കോടി രൂപയുണ്ടായിരുന്നുവെന്നാണ് ട്രഷറി കണക്ക്, എന്റെ കണക്കല്ല. മേയ് മാസം 3-ാം തീയതിയിലെ റിസർവ് ബാങ്കിന്റെ ഡാറ്റപ്രകാരം 5429 കോടി രൂപയാണ് കേരളത്തിന്റെ സേവിങ്സായുണ്ടായിരുന്നത്. ധനകാര്യസ്ഥിതി അത്ര മോശമല്ല. അങ്ങനെയൊരു സാഹചര്യത്തിലാണ് ശ്രീ. എ. കെ. ആന്റണി ഉപദേശം നൽകിയത്. എന്നാൽ അത് അംഗീകരിക്കേണ്ട കാര്യമില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മനസ്സിലായി. അതുകൊണ്ടാണ് ആദ്യത്തെ മീറ്റിങ്ങിൽത്തന്നെ ആശാവർക്കേഴ്സിന്റെ ഓണറേറിയം വർധിപ്പിച്ചത്. ഞങ്ങൾ പറഞ്ഞ വാഗ്ദാനമൊന്നും പാലിച്ചില്ലെന്നും ആശാവർക്കേഴ്സിനെ ചർച്ചയ്ക്ക് വിളിച്ചില്ലെന്നും നിങ്ങൾ പറഞ്ഞല്ലോ; ഞങ്ങൾ ചർച്ചയ്ക്ക് വിളിച്ചിരുന്നു. അവരുമായുള്ള ചർച്ചയിൽ ഞാനും ആരോഗ്യ വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. രണ്ടോമൂന്നോ ചർച്ചകൾ

സെക്രട്ടറിതലത്തിലും നടന്നിരുന്നു. ചർച്ചകൾ നടത്തിയെങ്കിലും അവരത് അംഗീകരിച്ചില്ല. ഞങ്ങൾ ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിനുമുമ്പ് രണ്ടുഘട്ടമായി രണ്ടായിരം രൂപ വർധിപ്പിച്ച് നൽകുകയുണ്ടായി. നിങ്ങൾ ഇപ്പോൾ മൂവായിരം രൂപ വർധിപ്പിച്ചുനൽകുമെന്ന് അനൗൺസ് ചെയ്തു. അത് നൽകിയത് നല്ലതുതന്നെ. നിങ്ങൾ അധികാരത്തിൽ വന്നാൽ 21000 രൂപ കൊടുക്കുമെന്ന് പറഞ്ഞത് കൊടുത്തില്ലായെന്ന കാര്യമേ ഞാൻ പറഞ്ഞുള്ളൂ. അങ്കണവാടി ജീവനക്കാർക്കുൾപ്പെടെ ഞങ്ങൾ 2000 രൂപ വർധിപ്പിച്ചുനൽകിയിരുന്നു. നിങ്ങൾ പറഞ്ഞ വാഗ്ദാനം പാലിച്ചില്ലെങ്കിലും ഇത്രയെങ്കിലും നൽകിയത് ശ്രീ. എ. കെ. ആന്റണി പറഞ്ഞത് ശരിയല്ലെന്ന് മനസ്സിലായതുകൊണ്ടാണല്ലോ? ഒരു മാസത്തെ ക്ഷേമ പെൻഷൻ നൽകി, അടുത്ത മാസത്തേത് നൽകാനുമുണ്ട്. ക്ഷേമ പെൻഷൻ ലഭിക്കാൻ അല്പം താമസിച്ചത് യഥാസമയം അയയ്ക്കാത്തതുകൊണ്ടാണ്. അടുത്ത മാസത്തേത് നൽകാനുള്ള തുകയും ട്രഷറിയിലുണ്ട്. നമ്മുടെ നികുതി വരുമാനം ഇരട്ടിയായതുകൊണ്ടാണ് തെലങ്കാനയിലെയും ഹിമാചൽ പ്രദേശിലെയും പോലുള്ള പ്രതിസന്ധിയുണ്ടാകാതിരുന്നത്. അക്കാര്യമെങ്കിലും നിങ്ങൾ അംഗീകരിക്കേണ്ടതല്ലേ?

<u>മി. സ്പീക്കർ</u>: യെസ്... യെസ്...

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ആ കാര്യമെങ്കിലും അംഗീകരിക്കേണ്ടേ; ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വയനാട്ടിലെ ദുരന്തബാധിതർക്ക് ഇനി കെട്ടിടമൊന്നും നിർമ്മിക്കേണ്ട ആവശ്യമില്ലെന്ന് പറഞ്ഞത്. ഇതിനായി യു.ഡി.എഫ്. പത്തോന്നൂറോ കോടി രൂപ പിരിച്ചുവെന്നെല്ലാം കോൺഗ്രസിനകത്തുതന്നെ പറയുന്നുണ്ട്; എന്നാൽ അതെന്ത് ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞില്ല. എന്നാൽ സംസ്ഥാന സർക്കാർ അവിടെ ആവശ്യത്തിന് കെട്ടിടം നിർമ്മിച്ചുനൽകിയെന്ന കാര്യം അദ്ദേഹം സമ്മതിച്ചല്ലോ; അങ്ങനെയൊക്കെയുള്ള കാര്യങ്ങളുണ്ട്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. കൂട്ടായി എല്ലാ കാര്യങ്ങളും ചെയ്യണമെന്ന ജവഹർലാൽ നെഹ്റുവിന്റെ ഒരു പ്രയോഗം പറഞ്ഞുകൊണ്ടാണ് നയപ്രഖ്യാപനം തുടങ്ങുന്നത്. ഒറ്റയ്ക്ക് പ്രവർത്തിക്കുന്നതിനേക്കാൾ ഒരുമിച്ച് പ്രവർത്തിക്കുന്നതാണ് ഗവൺമെന്റിനെ സംബന്ധിച്ച് നല്ലതെന്നതുകൊണ്ട് രാഷ്ട്രീയ വിവാദമൊന്നും പറയുന്നില്ല. എങ്കിലും ഒരു കാര്യം മാത്രം സൂചിപ്പിക്കുകയാണ്. മുഖ്യമന്ത്രി തർക്കം, വഴിയിൽ തർക്കം, ആളുകളുടെ ഇടയിൽ തർക്കം - പബ്ലിക്കിന്റെ ഒപ്പീനിയനോട്ടുകൂടിയാണ് ഈ മുഖ്യമന്ത്രി വന്നതെന്ന് പറഞ്ഞു. ബഹുമാന്യനായ ഉമ്മൻചാണ്ടിയുടെ ചിത്രം കീറിക്കളയുകയും ആ പടത്തിൽ കാർക്കിച്ച് തുപ്പുകയും ചെയ്യുന്ന സംഭവങ്ങളടക്കം യു.ഡി.എഫ്.-പ്രവർത്തകർ നടത്തിയതാണ്. ശ്രീ. കെ. സി. വേണുഗോപാലിന്റെ പടം കൊടുത്തിട്ട് അതിൽ ഇങ്ങനെ ചെയ്യാനാണ് അവരെ പറഞ്ഞുവിട്ടത്. പ്രായമുള്ളൊരു ആളുണ്ടായിരുന്നത് ആരാണെന്ന് മനസ്സിലായില്ല. അത് കീറി നശിപ്പിച്ചിട്ട് വന്നതടക്കമുള്ള രാഷ്ട്രീയ കാര്യങ്ങളൊന്നും ഞങ്ങൾ പറയുന്നില്ല. ഗവൺമെന്റ് നല്ലതുപോലെ മുന്നോട്ടുപോകാൻ ശ്രമിക്കണം. എല്ലാകാര്യത്തിലും ക്രിയാത്മകമായ പിന്തുണ നൽകി പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങൾ കാണും. എന്നാൽ പറഞ്ഞ വാഗ്ദാനങ്ങൾ നിറവേറ്റിയില്ലെങ്കിൽ ജനങ്ങളത് ചോദ്യം ചെയ്യും. അവരോടൊപ്പം പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങൾക്ക് നിൽക്കേണ്ടിവരും. അതുകൊണ്ടുതന്നെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഈ ഉപക്ഷേപത്തെ പിന്തുണയ്ക്കാൻ സാധിക്കില്ലെന്നുപറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞം തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞുവെന്നാണ് ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞത്. ഈ നിയമസഭയിലോ നിയമസഭയ്ക്ക് പുറത്തോ വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം നിർത്തിവയ്ക്കണമെന്നൊരു വാക്ക് ഞാൻ പറഞ്ഞിട്ടില്ല. സഭാ രേഖകൾ പരിശോധിക്കാം. ഞാൻ അങ്ങനെ പറഞ്ഞിട്ടുണ്ടെന്ന് തെളിയിച്ചാൽ പൊതുപ്രവർത്തനം നിർത്താൻ

തയ്യാറാണ്. ഈ ആരോപണം ഉന്നയിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എൻ. ബാലഗോപാൽ അതിന് തയ്യാറാകുമോ? അതിനാൽ ഈ പരാമർശം സഭാ രേഖകളിൽനിന്നും നീക്കണം.

ശ്രീ. വി. ജോയി: സർ,... (മൈക്ക് ഓഫ്)

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാന്യനായ കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച.....

ശ്രീ. വി. ജോയി: സർ,... (മൈക്ക് ഓഫ്)

ശ്രീ. എം. വിൻസെന്റ്: സർ, രേഖയല്ലേ; റെക്കോർഡല്ലേ;......

ശ്രീ. വി. ജോയി: സർ,... (മൈക്ക് ഓഫ്)

മി. സ്പീക്കർ: ശ്രീ. വി. ജോയി, ശ്രീ. ടി. വി. ഇബ്രാഹിമിന്റെ പ്രസംഗം ആരംഭിച്ചു. നിങ്ങൾ തമ്മിൽ തർക്കിക്കേണ്ട.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. സർവ്വാത്മനാ ഞാനത് പിന്തുണയ്ക്കുകയും ചെയ്യുന്നു. 2026 ഏപ്രിൽ 9-ന് കേരളീയ പൊതുസമൂഹം പോളിങ് ബൂത്തിലെത്തി കഴിഞ്ഞ പത്തുവർഷത്തെ ഇടതു സർക്കാരിന്റെ ദുർഭരണത്തിനെതിരെ അതിശക്തമായ വിധിയെഴുത്ത് നടത്തി. മേയ് മാസം 4-ാം തീയതി റിസൾട്ട് വന്നപ്പോൾ 102 എം.എൽ.എ.-മാരുടെ ചരിത്ര ഭൂരിപക്ഷം നൽകി 'ടീം യു.ഡു.എഫ്.'-ന്റെ നായകൻ ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിൽ പുതിയ ജനകീയ സർക്കാർ അധികാരമേൽക്കുകയും ചെയ്തു. ഈ സർക്കാരിന്റെ കാഴ്ചപ്പാടും നയങ്ങളും സുവ്യക്തമായി വിവരിക്കുന്നതാണ് ഈ നയപ്രഖ്യാപനം. അതുകൊണ്ടാണ് ഞാൻ ഈ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നത്. സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും പ്രതീക്ഷയ്ക്കൊത്ത ഒരു ഭരണം

കാഴ്ചവയ്ക്കാനാണ് ടീം യു.ഡി.എഫ്. ശ്രമിക്കുന്നത്. അതിന്റെ പ്രതിഫലനം ഈ സർക്കാരിന്റെ ഒന്നാമത്തെ മന്ത്രി സഭായോഗത്തിൽത്തന്നെ കാണുകയും ചെയ്തു. കേരളീയ പൊതുസമൂഹം ആ തീരുമാനങ്ങളെ സഹർഷം സ്വാഗതം ചെയ്തു. അതുപോലും മനസ്സിലാക്കാതെയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ ഇപ്പോഴിവിടെ സംസാരിച്ചത്. തിരഞ്ഞെടുപ്പ് സമയത്തും കഴിഞ്ഞ സർക്കാരിനെതിരെയുള്ള സമരമുഖത്തും യു.ഡി.എഫ്. നേതൃത്വം നടത്തിയ പ്രഖ്യാപനങ്ങൾ വെറുംവാക്കുകൾ അല്ലെന്നും അത് ഓരോന്നായി നടപ്പാക്കാനുള്ളതാണെന്നും ഈ സർക്കാരിന്റെ ഓരോ ദിവസത്തെയും തീരുമാനങ്ങൾ തെളിയിക്കുകയാണ്. അതുതന്നെയാണ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലും ഇവിടെ കാണുന്നത്. ഈ സർക്കാരിന്റെ പ്രയോറിറ്റി എന്താണെന്നത് നയപ്രഖ്യാപനത്തിന്റെ ആദ്യ ഖണ്ഡികയിൽത്തന്നെ ദർശിക്കാനാകും. ന്യായവിലയ്ക്ക് കാത്തിരിക്കുന്ന കർഷകൻ, ഉന്നതവിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർഥി, അന്തസ്സുതേടുന്ന തൊഴിലാളി, വളരാനുള്ള അവസരം തേടുന്ന സംരംഭകൻ, അന്തസ്സാർന്ന ജീവിതം ആഗ്രഹിക്കുന്ന വയോജനം, സർക്കാരിൽനിന്നും അനുകൂല പിന്തുണ പ്രതീക്ഷിക്കുന്ന പാവപ്പെട്ടവനും കർഷകനും വയോധികനും മുതൽ പുതുസ്വപ്നം തേടുന്ന വിദ്യാർഥികളെയും യുവാക്കളെയും ചേർത്തുപിടിക്കുന്നതാണ് സർക്കാരിന്റെ നയമെന്നാണ് ഈ സർക്കാരിന്റെ വാക്കും പ്രവൃത്തിയും കൂടുതൽക്കൂടുതൽ തെളിയിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ മതനിരപേക്ഷത ഉയർത്തിപ്പിടിക്കുമെന്ന് ഈ നയത്തിൽ വ്യക്തമായി പറയുകയാണ്. കഴിഞ്ഞകാലത്ത് പുരോഗമന മതനിരപേക്ഷ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരെന്ന് പുറമേയ്ക്ക് നടിക്കുകയും ജനങ്ങളെ വർഗീയമായി ചേരിതിരിക്കുകയും ചെയ്യുന്ന സമീപനമായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി, വിശിഷ്യ സി.പി.ഐ.(എം) സ്വീകരിച്ചത്. പോളിറ്റ് ബ്യൂറോ മെമ്പർ മുതൽ ബ്രാഞ്ച് സെക്രട്ടറി വരെ വർഗീയത പറയുന്ന കാഴ്ചയായിരുന്നു കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നാം കണ്ടത്. പിണറായി സർക്കാരിന്റെ കാലത്ത് നടന്ന ഓരോ ഉപതിരഞ്ഞെടുപ്പിലും പാർലമെന്റ് തിരഞ്ഞെടുപ്പിലും ഇടതുമുന്നണിക്ക് കനത്ത തോൽവിയുണ്ടാകുമ്പോൾ അതിന്റെ കാരണം കണ്ടെത്തി

പരിഹരിക്കുന്നതിനുപകരം ന്യൂനപക്ഷ വർഗീയതയെയും ന്യൂനപക്ഷ വോട്ടിന്റെ ഏകീകരണവുമാണെന്ന ന്യായം നിരത്തി രക്ഷപ്പെടാനും ചാപ്പകുത്താനുമാണ് ഇടതുപക്ഷം ശ്രമിച്ചത്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ അതിശക്തമായ തിരിച്ചടി ജനങ്ങൾ നിങ്ങൾക്ക് നൽകിയിട്ടും നിങ്ങളത് പഠിച്ചില്ലെന്നുമാത്രമല്ല, മലപ്പുറത്തും കാസർഗോഡുംനിന്ന് ജയിച്ചവന്റെ മതം നോക്കുവെന്നാണ് അന്ന് ഒരു മന്ത്രി പറഞ്ഞത്. (...ബഹളം....) ശ്രീ. സജി ചെറിയാനണത് പറഞ്ഞത്. ഇടതു പുരോഗമന ആശയം പ്രചരിപ്പിക്കുന്നവർ എന്നുപറയുന്നവർ ജാതിയും മതവും നോക്കുവെന്ന് പറയാൻ, അങ്ങനെ ചിന്തിക്കാൻ കാരണമെന്താണ്? മുസ്ലീം സമുദായത്തിൽ നന്നേ ചെറിയ വിഭാഗമായ ജമാഅത്തെ ഇസ്ലാമിയെ ഉയർത്തിക്കാട്ടി ഇസ്ലാമാഫോബിയ വളർത്തി ഭൂരിപക്ഷ സമുദായ വോട്ട് നേടാനാണ് ഇവർ ശ്രമിച്ചത്. അങ്ങനെ ഭൂരിപക്ഷത്തെ ഏകീകരിക്കാൻ കഴിയുമെന്നാണ് സി.പി.എം. പ്രതീക്ഷിച്ചത്. എന്നാൽ ഈ നാട്ടിലെ ഭൂരിപക്ഷ സമുദായത്തിനും യഥാർഥ മതനിരപേക്ഷതയുണ്ടെന്നാണ് ഈ തിരഞ്ഞെടുപ്പ് തെളിയിച്ചത്. ധ്രുവീകരണത്തിന് ഊർജം പകരുന്ന പ്രസ്താവനകളാണ് പാർട്ടി നേതാക്കളും മന്ത്രിമാരും അന്ന് നടത്തിയത്. യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ജമാഅത്തെ ഇസ്ലാമി ആഭ്യന്തരം കൈകാര്യം ചെയ്യുമെന്നുവരെ സി.പി.എം.-ന്റെ ഒരു ഉന്നത നേതാവ് പ്രസംഗിച്ചു. (...ബഹളം....) .....പേര് പറയിപ്പിക്കണ്ട......(...ബഹളം....) ശ്രീ. എ. കെ. ബാലൻ, ശ്രീ. എ. കെ. ബാലൻ പൊതുസമൂഹത്തിൽ അങ്ങനെ പ്രചരിപ്പിച്ചു. അതിനെ തിരുത്താൻ പരിണതപ്രജ്ഞനായ മുൻമുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയൻ പോലും രംഗത്തുവന്നില്ലെന്നത് അത്യന്തം ഖേദകരമാണ്. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തുല്യതയില്ലാത്ത തോൽവി പാർട്ടിക്ക് ജനം സമ്മാനിച്ചത് അതുകൊണ്ടാണ്. ഇത് പരിശോധിക്കാൻ സി.പി.ഐ.(എം) തയ്യാറായിട്ടില്ല. പരാജയം വിലയിരുത്തിയ ഓരോ പാർട്ടി യോഗങ്ങളിലും നേതാക്കന്മാർക്കെതിരെ വിമർശനങ്ങൾ ഉയർന്നപ്പോൾ വിഷയം മാറ്റാനായി ഇ.ഡി. വേട്ടയും ന്യൂനപക്ഷ വോട്ട് ഏകീകരണവുമൊക്കെയാണ് സി.പി.ഐ.(എം) നേതാക്കന്മാർ ആയുധമാക്കിയിരിക്കുന്നത്.

പാറശ്ശാല മുതൽ മഞ്ചേശ്വരം വരെ എല്ലാ ജില്ലകളിലും ഇടതുപക്ഷം തകർന്നടിഞ്ഞിട്ടും സി.പി.ഐ.(എം) -ന്റെ കണ്ണൂർ ജില്ലാ സെക്രട്ടറി പറയുന്നത് ന്യൂനപക്ഷ വർഗീയതയുടെ അതിപ്രസരമാണ് ഈ തിരഞ്ഞെടുപ്പിൽ കണ്ടതെന്നാണ്. "അവനവനുവേണ്ടിയല്ലാതെ അപരന് ചുടുചോര നൽകി കുലം വിട്ടുപോയവൻ രക്ഷസാക്ഷി" എന്നാണ് പറയപ്പെടാറുള്ളത്. രാഷ്ട്രീയ വൈരം തീർക്കാൻ 52 വെട്ടുവെട്ടി നിഷ്ക്കരണം പാർട്ടി സഖാക്കളാൽ വധിക്കപ്പെട്ട ടി. പി. ചന്ദ്രശേഖരന്റെ ബലിദാന ദിനത്തിൽത്തന്നെ കേരളം ജനവിധി കേട്ട മേയ് 4-ന് 102 വോട്ട് വെട്ടിയാണ് ഇടതുമുന്നണിയെ ജനം തോൽപ്പിച്ചതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇനിയും പാഠം പഠിക്കാതെയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ ഉൾപ്പെടെയുള്ള ആളുകൾ ഇപ്പോഴും ഈ സഭയിൽ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷം അഭിമാനപൂർവം ഉയർത്തിപ്പിടിക്കുന്ന രക്തസാക്ഷികളുടെ മണ്ണ് ഈ തിരഞ്ഞെടുപ്പിൽ ആരുടെ കൂടെയാണ് നിന്നത്. കയ്യൂർ, കരിവെള്ളൂർ, പുന്നപ്ര-വയലാർ, മൊറാഴ, കാവുമ്പായി, മുനയൻകുന്ന്, ഒഞ്ചിയം എന്നീ രക്തസാക്ഷികളുടെ മണ്ണ് എന്തുകൊണ്ടാണ് ഇടതുപക്ഷത്തെ കൈവിട്ടതെന്ന് നിങ്ങൾ ആത്മപരിശോധന നടത്തണം.

'വയലാർ ഗർജ്ജിക്കുന്നു' എന്ന കവിത സമാഹാരത്തിന്റെ ആമുഖത്തിൽ പി. ഭാസ്കരൻ മാസ്റ്റർ -

'ജനതതി ഒന്നായി ഉയർന്ന് നാടിന്റെ
കലിയുഗം ചോരയാൽ മാച്ചിട്ടുമ്പോൾ,
കരിയും നഖവും പിടിപ്പോർ തൻ കരങ്ങളിൽ
പ്രതികാര കൈവാളും കൊണ്ടടിഞ്ഞിട്ടുമ്പോൾ,
കയറുപിരിക്കോർ മർദ്ദകർ തൻ
കൊലക്കയറും പിരിച്ചുകൊണ്ടെത്തിട്ടുമ്പോൾ
വയലാറിൻ വ്യങ്ങ്യാർഥം നന്നായ് ഗ്രഹിച്ചതും

പുതിയ കാലത്തിൻ തലമുറകൾ' -എന്നെഴുതിയത് ഈ തലമുറയെ ഉദ്ദേശിച്ചാണ്. പുതിയ തലമുറ വന്നപ്പോൾ നിങ്ങൾക്ക് എതിരായി ജനങ്ങൾ വോട്ട് ചെയ്തു. അമ്പലപ്പുഴയിൽ ജയിച്ചത് ശ്രീ. ജി. സുധാകരൻ എന്ന കേരളത്തിലെ ഏറ്റവും വിശുദ്ധനായ കമ്മ്യൂണിസ്റ്റാണെന്ന് പ്രതിപക്ഷം മനസ്സിലാക്കണം. നിങ്ങളുടെ സ്വന്തം പാർട്ടി പ്രവർത്തകർ ചിന്തിക്കുന്നതെന്താണെന്ന് സഖാക്കൾ മനസ്സിലാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പി. ഭാസ്കരൻ മാസ്റ്റർ എഴുതിയതുപോലെ പുതിയ കാലത്തിന്റെ പിൻമുറക്കാരായ സഖാക്കന്മാർ കൂട്ടമായിവന്ന് എൽ.ഡി.എഫ്.-ന് എതിരായി വോട്ടുചെയ്തു. വയലാർ രക്തസാക്ഷി മണ്ഡപത്തിന്റെ പ്രവേശന കവാടത്തിൽ 'കരുതി പ്രവേശിപ്പിൻ' എന്ന് എഴുതി വച്ചിട്ടുണ്ട്. അങ്ങനെ കരുതി പ്രവേശിച്ച പുതിയ തലമുറ മുഴുവൻ ശ്രീ. ജി. സുധാകരൻ എന്ന കമ്മ്യൂണിസ്റ്റുകാരനാണ് വോട്ട് ചെയ്തത്. എക്കാലത്തെയും നല്ല കമ്മ്യൂണിസ്റ്റാണ് ശ്രീ. ജി. സുധാകരൻ എന്ന് സി.പി.ഐ.(എം.)-ന്റെ ആളുകൾപോലും സാക്ഷ്യപ്പെടുത്തുകയുണ്ടായി. കയ്യൂരും ചീമേനിയും ഉൾക്കൊള്ളുന്ന, സഖാവ് നായനാർ പ്രതിനിധീകരിച്ച തൃക്കരിപ്പൂർ നിയോജകമണ്ഡലത്തെ ഈ സഭയിൽ പ്രതിനിധാനം ചെയ്യുന്നത് ശ്രീ. സന്ദീപ് വാര്യരാണ്. സഖാവ് കൊണ്ടാടി കണ്ണൻ നിങ്ങൾക്ക് ഒരിക്കലും മറക്കാനാകാത്ത രക്തസാക്ഷിയാണ്. അദ്ദേഹത്തിന്റെ കർമ്മമണ്ഡലമായ ഒഞ്ചിയം ഉൾക്കൊള്ളുന്ന വടകരയെ ഇപ്പോൾ പ്രതിനിധീകരിക്കുന്നത് ശ്രീമതി കെ. കെ. രമ ആണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ശ്രീമതി കെ. കെ. രമ 5000 വോട്ടുകൾക്കാണ് ജയിച്ചതെങ്കിൽ ഇപ്രാവശ്യം പതിനയ്യായിത്തോളം വോട്ടുകൾക്കാണ് ഒഞ്ചിയത്തെ ജനങ്ങൾ ജയിപ്പിച്ചതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇ.എം.എസ്.-ന്റെ ജന്മനാടായ ഏലംകുളം ഉൾക്കൊള്ളുന്ന പെരിന്തൽമണ്ണയിൽനിന്ന് ശ്രീ. നജീബ് കാന്തപുരം കഴിഞ്ഞ തിരഞ്ഞെടുപ്പിന് 38 വോട്ടുകൾക്കാണ് ജയിച്ചതെങ്കിൽ ഇപ്രാവശ്യം 30000 വോട്ടുകൾക്കാണ് അവിടെനിന്നും ജയിച്ചിട്ടുള്ളത്. തിരഞ്ഞെടുപ്പിൽനിന്ന് ലഭിച്ച അങ്ങനെയുള്ള പാഠങ്ങൾ ഇനിയെങ്കിലും സി.പി.ഐ.(എം.) ഉൾക്കൊള്ളണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഉൾക്കൊള്ളുന്ന ഏക

മന്ത്രിസഭ കേരളത്തിലെ യു.ഡി.എഫ്. മന്ത്രിസഭയാണ്. ഇന്ത്യയിലെ ഏക കമ്മ്യൂണിസ്റ്റ് പ്രതിനിധി ശ്രീ. സി. പി. ജോൺ ആണ്. വേണമെങ്കിൽ ശ്രീ. ഷിബു ബേബി ജോണിനെയും ആ കൂട്ടത്തിൽ ഉൾപ്പെടുത്താം. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് പ്രാതിനിധ്യമുള്ള മന്ത്രിസഭ ഞങ്ങളുടേതാണ്. ഈ തിരഞ്ഞെടുപ്പിൽ എന്റെ പാർട്ടിയുടെ പ്രകടനം യു.ഡി.എഫ്.-ലെതന്നെ ഏറ്റവും മികവാർന്ന പ്രകടമായിരുന്നു. ഞങ്ങളുടെ സ്ഥാനാർഥികളെല്ലാം വമ്പിച്ച ഭൂരിപക്ഷത്തിൽ വിജയിച്ചപ്പോൾ നേരിയ ഭൂരിപക്ഷത്തിനാണ് അഴീക്കോട്, കൂത്തുപറമ്പ്, ഗുരുവായൂർ എന്നീ നിയോജകമണ്ഡലങ്ങളിൽ ഞങ്ങൾ പരാജയപ്പെട്ടിട്ടുള്ളത്. 5000-ൽ താഴെ വോട്ടുകൾക്ക് മാത്രമാണ് ഈ മൂന്ന് നിയോജകമണ്ഡങ്ങളിലും ഞങ്ങൾ പരാജയപ്പെട്ടിട്ടുള്ളത്. മലപ്പുറത്തുനിന്ന് ജനവിധി തേടിയ ഞങ്ങളുടെ പാർട്ടി ലീഡർ 85000-ത്തിൽ അധികം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ അത്രയും ലീഡ് ഞങ്ങൾക്കുണ്ടായിട്ടില്ല. അത് ലഭിച്ചത് നിങ്ങളുടെ ചാപ്പയടികൊണ്ടാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഞങ്ങൾ മത്സരിച്ച എല്ലാ സ്ഥലങ്ങളിലും ഇതുതന്നെയാണ് സംഭവിച്ചത്. കോട്ടയ്ക്കലും തിരൂരങ്ങാടിയിലും 63000 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ഞങ്ങൾ വിജയിച്ചത്. കൊണ്ടോട്ടി, വള്ളിക്കുന്ന് എന്നീ നിയോജകമണ്ഡലങ്ങളിൽ ഞങ്ങൾ 50000-ത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് വിജയിച്ചതെന്ന് പ്രതിപക്ഷം മനസ്സിലാക്കണം. ഞങ്ങൾക്ക് അങ്ങനെ ചരിത്രത്തിലെ എക്കാലത്തെയും അതുല്യമായ ഭൂരിപക്ഷം ലഭിച്ച് യു.ഡി.എഫ്.-ന്റെ ഭാഗമായി മുസ്ലീംലീഗ് കടന്നുവരികയാണ്. ഇടതുപക്ഷത്തിന് ഏറെ സ്വാധീനമുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽനിന്നുപോലും 51000-ത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷം നൽകി എന്നെ വിജയിപ്പിച്ച ജനങ്ങളോടുള്ള കടപ്പാടും നന്ദിയും കൂടി ഇവിടെ സൂചിപ്പിക്കുകയാണ്. കമ്മ്യൂണിസ്റ്റുകാരുടെ വോട്ടുകൾ കൂടി ഞങ്ങൾക്ക് ലഭിച്ചതുകൊണ്ടാണ് ഇത്രയധികം ഭൂരിപക്ഷം ഞങ്ങൾക്ക് ലഭിച്ചത്. കമ്മ്യൂണിസ്റ്റുകാരുടെ വോട്ട് നിങ്ങൾക്ക് എങ്ങനെയാണ് നഷ്ടപ്പെട്ടതെന്ന് മനസ്സിലാക്കണം. ഇനിയെങ്കിലും അതിൽനിന്ന് നിങ്ങൾ പാഠം പഠിക്കണം. കണ്ടറിയാത്തവൻ

കൊണ്ടറിയണമെന്ന് ഒരിക്കൽക്കൂടി ഞാൻ സൂചിപ്പിക്കുകയാണ്. പറയുന്ന വാക്ക് പാലിക്കുകയും മന്ത്രിസഭയുടെ ആദ്യ കാബിനറ്റ് യോഗത്തിൽത്തന്നെ ഇന്ദിര ഗ്യാരന്റി അടക്കം നടപ്പിലാക്കിക്കൊണ്ട് ജനങ്ങൾക്ക് നൽകിയ വാക്ക് പാലിച്ചിട്ടുള്ള ഒരു സർക്കാരാണ് നിലവിലുള്ളത്. ആ സർക്കാരിന്റെ നയപ്രഖ്യാപനമാണ് ഇവിടെ നടന്നിട്ടുള്ളത്. ഈ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് സമൂഹ്യ നീതിയോടുകൂടിയ സാമ്പത്തിക വളർച്ചയെക്കുറിച്ചും പാരിസ്ഥിതിക ഉത്തവാദിത്വത്തോടുകൂടിയ ആധുനിക അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുമെല്ലാം പറയുകയുണ്ടായി. ആ നയപ്രഖ്യാപനം അക്കാര്യത്തിൽ ഗൗരവതരമായ ഒരു സമീപനവും സ്വീകരിക്കുന്നില്ലെന്നതാണ് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നതിന്റെ കാരണം.  സാമൂഹിക പുരോഗതിയുടെ പാതയിലൂടെ സഞ്ചരിച്ച വലിയ ചരിത്രമുള്ള ഒരു നാടാണ് കേരളം. വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും പൊതുവിതരണത്തിലുമെല്ലാം രാജ്യത്തിനുതന്നെ മാതൃകയാക്കാൻ സാധിക്കുന്ന വലിയ നേട്ടങ്ങൾ ആർജിച്ചെടുത്ത നാടിന്റെ പേരാണ് കേരളം എന്നത്. എന്നാൽ കഴിഞ്ഞ കുറച്ചുവർഷങ്ങളായി സംസ്ഥാനത്തിന്റെ അവകാശങ്ങൾ ഹനിക്കുന്ന യൂണിയൻ ഗവൺമെന്റിന്റെ സമീപനം ശക്തിപ്പെടുന്നതാണ് നമ്മളെല്ലാം കാണുന്നതും അനുഭവിക്കുന്നതും. നമ്മുടെ സാമ്പത്തിക അവകാശങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു, ഒരു സംസ്ഥാനത്തിന്റെ കടമെടുപ്പ് അവകാശങ്ങൾ നിയന്ത്രിക്കപ്പെടുന്നു, അർഹമായ ധനവിഹിതങ്ങൾ തടയുന്നു, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. അത്തരം സാഹചര്യത്തിൽ കേരളത്തിന്റെ ന്യായമായ ആവശ്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ടത് ഭരണഘടനാ പദവിയിലുള്ളവരുടെ ഉത്തരവാദിത്വമാണ്. ഭരണഘടനാ പദവിയിലുള്ളവർ മൗനം

പാലിക്കുന്നുവെന്നത് അങ്ങേയറ്റം ആശങ്കാജനകമായ കാര്യമാണ്. ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ ആവശ്യപ്പെടാത്ത നയപ്രഖ്യാപനം എങ്ങനെയാണ് കേരളത്തിന്റെ താൽപര്യങ്ങളെ സംരക്ഷിക്കുന്ന നയപ്രഖ്യാപനമായിത്തീരുന്നത്? ഈ സഭ രൂപീകരിച്ചത് കേരളത്തിലെ ജനങ്ങളാണ്. അതിനാൽ ജനങ്ങളുടെ പരമാധികാരത്തെ ബഹുമാനിക്കേണ്ട ഉത്തരവാദിത്വം എല്ലാ ഭരണഘടനാ സ്ഥാപനങ്ങൾക്കുമുണ്ട്. സംസ്ഥാനത്തിന്റെ ശബ്ദം ഉയർത്തേണ്ട ഭരണഘടനാ സംവിധാനങ്ങൾ മൗനം പാലിക്കുമ്പോൾ അതിന് പിന്തുണ കൊടുക്കാൻ ഞങ്ങൾക്കാവുകയില്ലെന്നുകൂടി അറിയിക്കുന്നു. മൗനം ചിലപ്പോൾ ഒരു മര്യാദയാണെന്ന് വേണമെങ്കിൽ പറയാം. എന്നാൽ അനീതിയുടെ മുമ്പിലെ മൗനം ഒരു കൂട്ടുനിൽക്കലാണ്. ആ കൂട്ടുനിൽക്കലിന് സാധിക്കില്ലെന്നതാണ് ഞങ്ങൾ ഈ ഉപക്ഷേപത്തെ എതിർക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം. ഇവിടെ നൂറിന്റെയും നൂറ്റിരണ്ടിന്റെയുമെല്ലാം കണക്കുകൾ പറയുന്നുണ്ടായിരുന്നു. നല്ല വിജയമാണ് യു.ഡി.എഫ്.-ന്. ഉണ്ടായത് അതിൽ ഞങ്ങൾ അഭിനന്ദിക്കുന്നു. എന്നാൽ ഇതൊരു കൗരവ സഭയായി തീരാതിരിക്കട്ടെയെന്ന് ആത്മാർഥമായി ഞങ്ങൾ ആഗ്രഹിക്കുകയാണ്. ശ്രീ. ടി. വി. ഇബ്രാഹിം പി. ഭാസ്കരന്റെ ഏറ്റവും പ്രമുഖമായ 'വയലാർ ഗർജ്ജിക്കുന്നു' എന്ന കവിതയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുതന്നെയാണ് ഞങ്ങൾക്കും പറയാനുള്ളത്, 'ഉയരും ഞാൻ നാടാകെ, പടരും ഞാനൊരു പുത്തനുയിർ, നാടിനേകിക്കൊണ്ടുയരും വീണ്ടും' എന്ന് ആ കവിതയിൽ പറയുന്നുണ്ടെന്ന കാര്യം ശ്രീ. ടി. വി. ഇബ്രാഹിം ഒന്ന് ഓർക്കുന്നത് നല്ലതായിരിക്കും. അതുതന്നെയാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഞങ്ങൾ വീണ്ടും ഉയരുകതന്നെ ചെയ്യും. വയലാറിന്റെ മണ്ണ് ഇടതുപക്ഷത്തിന് ഏറ്റവും കരുത്തുറ്റതാണ്. ഞാൻ ആ മണ്ണിൽനിന്നാണ് ഈ സഭയിൽ എത്തിയിരിക്കുന്നത്. ഐതിഹാസികമായ വയലാർ സമരത്തിന്റെ ഹൃദയ ഭൂമികയെ പ്രതിനിധീകരിച്ച് ഈ സഭയിൽ എത്താനുള്ള ഭാഗ്യം ലഭിച്ചയാളാണ് ഞാൻ. വയലാറിന്റെ മണ്ണ് ഒലിച്ചുപോയെന്നെല്ലാം അദ്ദേഹത്തിന് ആരോ പറഞ്ഞുകൊടുത്ത് സഭയിൽ അവതരിപ്പിച്ചത്

നന്നായില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളം എന്നത് ഒരു ചെറിയ ഭൂപ്രദേശത്തിന്റെ കേവലമായ പേരുമാത്രമല്ലെന്ന് നമുക്കറിയാം. നവോത്ഥാനത്തിന്റെ അഗ്നിയിൽ ഊതിക്കാച്ചിയെടുത്ത മണ്ണാണ് കേരളത്തിന്റെ മണ്ണ്. സ്വാതന്ത്ര്യ സമരത്തിന്റെ ജ്വാലയിൽ പ്രകാശിച്ച മണ്ണാണ് കേരളത്തിന്റെ മണ്ണ്. തൊഴിലാളികളുടെയും കർഷകരുടെയും ഉജ്ജ്വല സമരത്തിന്റെ വിയർപ്പുകൾ വീണ് കുതിർന്ന മണ്ണാണ് ഈ കേരളത്തിന്റെ മണ്ണ്. ഈ നാടിനെ നിർമ്മിച്ചത് ഏതെങ്കിലും അധികാരത്തിന്റെ അരമനകളല്ലെന്നും ആശയങ്ങളുടെ പോരാട്ടങ്ങളാണെന്നും എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് ഈ നാടിനെ ഉയർത്തുന്നത് അനുഗ്രഹങ്ങളല്ല, അവകാശങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളാണ്. അവകാശങ്ങൾ നേടിയെടുക്കാനുള്ളതാണ്, യാചിക്കാനുള്ളതല്ല. അതുകൊണ്ടാണ് ഞാൻ നേരത്തെ പറഞ്ഞത് അക്കാര്യങ്ങളൊന്നും നയപ്രഖ്യാപനത്തിലില്ല. നമ്മുടെ മതനിരപേക്ഷത ഈ രാജ്യത്തിനുതന്നെ മാതൃകയാകുന്ന ഒന്നല്ലേ? ആ മതനിരപേക്ഷതയെ തകർക്കാനുള്ള ബോധപൂർവമായ നീക്കമുണ്ടായി. വന്ദേമാതരം ആലപിക്കുന്നതിനെക്കുറിച്ച് ഇവിടെ ശ്രീ. കെ. എൻ. ബാലഗോപാൽ നേരത്തെ സൂചിപ്പിച്ചു. സത്യപ്രതിജ്ഞാ വേദിയിൽ വന്ദേമാതരം മുഴുവനായി മുഴങ്ങിയത് ചില അജണ്ടകളുടെയും സ്വാധീനങ്ങളുടെയും ഭാഗമായിട്ടാണ്. അത് ഈ നിയമസഭയിൽ ആവർത്തിക്കാത്തതിന്റെ കാരണം ഞങ്ങൾ കൂടിയാണെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഞങ്ങൾ എതിർത്തതുകൊണ്ടാണ് ആർ.എസ്.എസ്.-ന്റെ ഭാരതാംബയെ ഇവിടേയ്ക്ക് കെട്ടിയെഴുന്നള്ളിക്കാതിരിക്കുന്നത് എന്നതുകൂടി നാം ആലോചിക്കേണ്ടതുണ്ട്. വികലമാക്കപ്പെട്ട ഭരണഘടനയുടെ പശ്ചാത്തലത്തിൽ കാവി പതാകയുമായി നിൽക്കുന്ന ഭാരതാംബയെ അവതരിപ്പിക്കുമ്പോൾ അതിനുമുമ്പിൽ നിലവിളക്ക് കൊളുത്തുന്ന ശീലം ഞങ്ങൾക്കില്ലായെന്നതുകൊണ്ട് ഞങ്ങൾ ഉയർത്തിപ്പിടിച്ച രാഷ്ട്രീയ നിലപാടായി അതുമാറി. ലോക് ഭവൻ ജനാധിപത്യത്തെ ഹൈജാക്ക് ചെയ്യുന്ന ഒന്നായി മാറരുതെന്ന ആത്മാർഥമായ ആഗ്രഹമാണ് ഞങ്ങളെയെല്ലാം ഭരിക്കുന്നതെന്നുകൂടി പറയുകയാണ്. ഗവർണർ പദവി അനാവശ്യമായ ഒന്നാണെന്ന അഭിപ്രായമാണ് എന്റെ പാർട്ടിക്കുള്ളത്. ജനങ്ങളാൽ

തിരഞ്ഞെടുക്കപ്പെടാത്ത ഒരു പദവി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിക്ക് മുകളിൽ നിഴൽ വീഴ്ത്താൻ ശ്രമിക്കുന്നത് അംഗീകരിക്കാൻ സാധിക്കുകയില്ലെന്ന നിലപാടാണ് എന്റെ പാർട്ടിക്കുള്ളത്. അതുകൊണ്ട് പ്രത്യേകിച്ചും ഒരു കരുതലോടുകൂടിയുള്ള സമീപനം അത്യന്താപേക്ഷിതമാണ്. യൂണിയൻ ഗവൺമെന്റിന്റെ സമീപനം എങ്ങനെയാണ്? ബഹുമാന്യനായ മുഖ്യമന്ത്രി ബഹുമാന്യനായ പ്രധാനമന്ത്രിക്ക് കഥകളി രൂപം സമ്മാനമായി നൽകി. അത് അവിചാരിതമായിട്ടായിരിക്കാം. എന്നാൽ അതിലെ പച്ചയും മുദ്രയുമെല്ലാം കാണുമ്പോഴും നയപ്രഖ്യാപനത്തിൽ ചിലകാര്യങ്ങളിൽ ഗൗരവതരമായ ഇടപെടലില്ലാതിരിക്കുമ്പോഴും സംശയങ്ങൾ ഉയർന്നുവരാനുള്ള സാധ്യതയുണ്ട്. വരും നാളുകളിൽ അങ്ങനെയുണ്ടാകാതിരിക്കട്ടെ എന്നുമാത്രമേ പറയാനുള്ളൂ. എന്നാൽ കാതലായ ചില പ്രശ്നങ്ങൾ നമ്മുടെ നാട്ടിലുണ്ടാകുന്നു. അതിലൊന്ന് തീരമേഖലയുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. അതിലൊന്ന് തീരദേശമേഖലയുമായി ബന്ധപ്പെട്ട വിഷയമാണ്. നയപ്രഖ്യാപന പ്രസംഗത്തിൽ ബ്ലൂ ഇക്കോണമിയെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ബ്ലൂ ഇക്കോണമി നയം നടപ്പാക്കുകവഴി തീരദേശമേഖല വലിയ പരിവർത്തനങ്ങൾക്കാണ് വിധേയമാകാൻ പോകുന്നത്. തുറമുഖങ്ങളുടെ വർധനവും തീരമേഖലയിലുണ്ടാകുന്ന അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും കടലാക്രമണം രൂക്ഷമാകുന്നതിനും തീരംതന്നെ ഇല്ലാതെയാക്കുന്നതിനും തീരദേശ ജനതയെ ഒഴിപ്പിക്കുന്നതിനുംവേണ്ടി മാത്രമേ ഉപകരിക്കുകയുള്ളൂ എന്നുള്ളതുകൊണ്ടും തീരദേശജനത പാർശ്വവൽക്കരിക്കപ്പെടുമെന്നുള്ളതുകൊണ്ടും ബഹുരാഷ്ട്ര കമ്പനികൾക്കും കോർപ്പറേറ്റുകൾക്കുമായി തീരമേഖലയെ തീറെഴുതുന്ന സമീപനം ഈ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകാൻ പാടില്ലെന്നുകൂടി അഭ്യർഥിക്കുന്നു. കടലിലെ മത്സ്യകൃഷിയെക്കുറിച്ച് ബ്ലൂ ഇക്കോണമിയിൽ സൂചിപ്പിക്കുന്നുണ്ട്. 1995-ൽ ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റംമൂലം ചെമ്മീൻ കൃഷിക്കുണ്ടായ പ്രതിസന്ധി മറക്കാൻ കഴിയുന്നതല്ല. ഇത്തരത്തിൽ ലോകത്തിലെ എല്ലാകാര്യങ്ങളും നാം മനസ്സിലാക്കേണ്ടതുണ്ട്. യൂറോപ്പിൽ സാൽമൺ മത്സ്യങ്ങളുടെ കൂട്

കൃഷി കാരണം ദുരന്തം സംഭവിച്ചതിന്റെ വിശദാംശങ്ങൾ കൂടി നാം പഠിക്കേണ്ടതുണ്ട്. ഇതെല്ലാം സംബന്ധിച്ച് കൃത്യമായ ധാരണയും ബോധ്യവുമില്ലാതെ നമ്മുടെ തീരത്തെ തീറെഴുതരുതെന്നാണ് വിനയപൂർവം അഭ്യർഥിക്കാനുള്ളത്. ചില നിയമങ്ങൾ മാറ്റുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുന്നുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിഷ്കാരത്തെക്കുറിച്ചും ചർച്ചകൾ പുരോഗമിക്കുന്നുണ്ട്. വയലുകൾക്ക് വധശിക്ഷ വിധിക്കാനുള്ള ഒരു ഗൂഢനീക്കം അതിന് പിന്നിലുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നെഹ്റുവിനെ കുറിച്ചും ഇവിടെ ഉദ്ധരിക്കുന്നുണ്ട്. അദ്ദേഹം എപ്പോഴും പറയാറുണ്ടായിരുന്ന 'ഏത് കാര്യമുണ്ടെങ്കിലും നിങ്ങൾ സൂര്യനുനേരെ പിടിക്കു എന്നിട്ട് ചോദിക്കു' എന്ന്. ' Who are the real beneficiaries?' ആരാണ് ഇതിന്റെ യഥാർഥ ബെനിഫിഷ്യറീസ്? 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ മാറ്റമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ കുറച്ച് നാളുകളായി നടക്കുന്നുവെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. അതുകൊണ്ടുതന്നെ സ്വാഭാവികമായും സംശയങ്ങളുമുണ്ടാകും. ഈ പ്രഖ്യാപനത്തിന് പിന്നിലുള്ള റിയൽ ബെനിഫിഷ്യറീസ് ആരാണെന്നത് ഗൗരവതരമായി പരിശോധിക്കേണ്ടതല്ലേ; ഒരു വയൽ നികത്തുന്നത് മണ്ണ് മൂടുന്നത് മാത്രമല്ലെന്നും ഭാവിയുടെ അന്നപ്പാത്രം മൂടുന്നതാണെന്നും ഇവിടെ ആരോടും പറയേണ്ടതില്ല. ഒരു കാലത്ത് ഹരിത എം.എൽ.എ. ആയി കേരളത്തിലുണ്ടായിരുന്ന വ്യക്തിയാണ് ഇന്ന് കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി. അതുകൊണ്ടുതന്നെ ഇക്കാര്യം ഗൗരവമായി കണക്കാക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. എന്നാൽ അക്കാര്യങ്ങളെ സംബന്ധിച്ചൊന്നും നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കുന്നില്ലെന്ന കാര്യംകൂടി എടുത്തുപറയേണ്ടതുണ്ട്. വിവര സാങ്കേതികവിദ്യയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം വിസ്മരിക്കാൻ പാടില്ല. ആരാധ്യനായ ലിയോ പതിനാലാമൻ മാർപ്പാപ്പയുടെ ആദ്യത്തെ ചാക്രികലേഖനം കഴിഞ്ഞ ആഴ്ചയാണ് പുറത്തുവന്നത്. 'മാഗ്നിഫിക്ക ഹ്യൂമാനിറ്റാസ്' - 'മഹത്തായ മാനവികത' (Magnifica Humanitas) എന്ന അദ്ദേഹത്തിന്റെ ഈ

ചാക്രികലേഖനത്തിൽ മനുഷ്യന്റെ മാന്യതയെക്കുറിച്ചും തൊഴിലിന്റെ മഹത്വത്തെക്കുറിച്ചും പൊതുനന്മയെക്കുറിച്ചും അധികാരത്തിന്റെ കേന്ദ്രീകരണത്തെക്കുറിച്ചും മാർപ്പാപ്പ സവിസ്തരം പ്രതിപാതിക്കുന്നുണ്ട്. മനുഷ്യന്റെ ബുദ്ധിയെയും സ്വകാര്യതയെയും വികാരങ്ങളെയും ആൽഗോരിതങ്ങൾ നിയന്ത്രിക്കാൻ തുടങ്ങുന്നതിനെ സംബന്ധിച്ച് മാർപ്പാപ്പ ചൂണ്ടിക്കാണിക്കുന്നുണ്ട്. സാങ്കേതികവിദ്യ ഒരിക്കലും നിഷ്പക്ഷമല്ലെന്നും അത് രൂപപ്പെടുത്തുകയും ധനസഹായം നൽകുകയും നിയന്ത്രിക്കുകയും ചെയ്യുന്നവരുടെ സ്വഭാവ സവിശേഷതകൾ സ്വീകരിക്കുന്നു എന്നും മനുഷ്യനെ ഉപയോഗിക്കാനും ചൂഷണം ചെയ്യാനുമുള്ള ഒരു വിഭവം മാത്രമായി കണക്കാക്കരുതെന്നും പറയുന്നിടത്ത്, ആ മുന്നറിയിപ്പ് കൊടുക്കുന്നിടത്ത്, ഐ.ടി. വിഭാഗത്തിന്റെ പേരുകൾ മാറ്റുന്നതിനപ്പുറത്ത് ഒരു രാഷ്ട്രീയ ഗൗരവംകൂടി ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. ഒരു പേര് മാറ്റൽ മാത്രമായി ഇക്കാര്യങ്ങൾ മാറാൻ പാടില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്. വിദ്യാർഥികളിൽ സയന്റിഫിക് ടെമ്പർ വളർത്തുമെന്ന് പറയുന്നുണ്ട്. സയന്റിഫിക് ടെമ്പറിനെക്കുറിച്ച് സൂചിപ്പിക്കുമ്പോഴും 13-ാം നമ്പർ കാർ ഏറ്റെടുക്കാൻ മന്ത്രിസഭയിലെ ഒരാൾപോലും തയ്യാറായില്ലെന്നത് അങ്ങേയറ്റം മോശമായ കാര്യമാണ്. ഒരു കാലത്ത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ 'ചത്തകുതിര' എന്ന് ജവഹർലാൽ നെഹ്റു വിശേഷിപ്പിച്ചിട്ടുണ്ട്. അക്കാര്യത്തിന് ആദരണീയനായ സി. എച്ച്. മുഹമ്മദ്കോയ വ്യക്തമായ മറുപടിയും നൽകിയിട്ടുണ്ട്. സമയപരിമിതി കാരണം അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. മുസ്ലീം ലീഗിലെ ശ്രീ. കെ. എം. ഷാജി ഇല്ലായിരുന്നെങ്കിൽ ആ കാർ ഏറ്റെടുക്കാൻ ആരും ഉണ്ടാകുമായിരുന്നില്ല. യഥാർഥത്തിൽ എന്താണ് സയന്റിഫിക് ടെമ്പർ? പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകത്തിൽ " Scientific temper is a way of life, a process of thinking, a method of acting and associating with our fellow-men" എന്നാണ് സയന്റിഫിക് ടെമ്പറിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. സയന്റിഫിക് ടെമ്പർ എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടാകേണ്ട ഒരു കാര്യമാണ്. കാർഷിക മേഖലയെ സംബന്ധിക്കുന്ന ഒരു കാര്യം കൂടി

സൂചിപ്പിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കാം. കഴിഞ്ഞ 40 വർഷത്തിനിടയിൽ നടപ്പാക്കിയ ഏറ്റവും വലിയ പദ്ധതിയാണ് 2500 കോടിയോളം രൂപയുടെ 'കേര പദ്ധതി' . രണ്ടാം പിണറായി സർക്കാരിൽ മന്ത്രിയായിരുന്നപ്പോൾ, ഈ പദ്ധതി നടപ്പാക്കുന്നതിൽ പങ്കാളിയാകാൻ എനിക്കുകൂടി അവസരം ലഭിക്കുകയുണ്ടായി. അക്കാര്യം ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. പ്രസ്തുത പദ്ധതി മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. കാർഷിക മേഖലയിൽ മനുഷ്യ-വന്യജീവി സംഘർഷം എന്നീ വാക്കുകൾ പ്രയോഗിക്കുന്നത് ഉചിതമാണോ എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം എന്നാണോ ചേർക്കേണ്ടത്; വന്യജീവി ആക്രമണം എന്നല്ലേ ഉൾപ്പെടുത്തേണ്ടത്; ഇത്തരം കാര്യങ്ങളിൽ ഗൗരവതരമായ നിലപാട് സ്വീകരിക്കാത്ത ഒരു നയപ്രഖ്യാപനത്തെയും അതിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെയും എങ്ങനെയാണ് അനുകൂലിക്കാൻ കഴിയുന്നത്? അതുകൊണ്ടുതന്നെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ശക്തിയുക്തം എതിർക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്. ചരിത്രത്തിലെ ഏറ്റവും വലിയ വിജയമെന്ന് വിശേഷിപ്പിക്കാവുന്ന തരത്തിൽ 102 സീറ്റുകളുമായി ഐക്യജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ എത്തിയിരിക്കുന്ന അവസരത്തിൽ ലളിതമായ ഭാഷയിൽ അഭിനന്ദിക്കാനുള്ള ഒരു മനോഭാവം എന്റെ പ്രിയപ്പെട്ട ഇടതുപക്ഷ സഹോദരങ്ങൾ കാണിക്കുമെന്ന് ഞാൻ കരുതി. ഓരോ സന്ദർഭത്തിലും അവർ ജനങ്ങളെ പുച്ഛിക്കുന്ന തരത്തിലുള്ള പ്രശ്നങ്ങളാണ് സൃഷ്ടിച്ചിരുന്നത്. അതിനുള്ള ഏറ്റവും വലിയ മറുപടി തന്നെയാണ് അവർക്ക് ലഭിച്ചിട്ടുള്ളതും. കഴിഞ്ഞ നിയമസഭയിൽ ആദ്യം 100 അംഗങ്ങളും പിന്നീട് 99 അംഗങ്ങളുമുണ്ടായിരുന്ന ഭരണപക്ഷം ഇന്ന് 35 സീറ്റുകളിലായി കുറഞ്ഞു. എന്നാൽ ഐക്യജനാധിപത്യ മുന്നണി 41 സീറ്റുകളിൽ നിന്ന് 102 സീറ്റുകളിലേക്കാണ്

എത്തിയിരിക്കുന്നത്. കേരളത്തിലെ ജനങ്ങൾ എത്ര പ്രബുദ്ധരും ജനാധിപത്യബോധവുമുള്ള ആളുകളാണെന്ന് തെളിയിക്കുന്ന ഏറ്റവും നല്ല ഉദാഹരണമായി ഇതിനെ കാണേണ്ടതുണ്ട്. നിയമസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിലെ 2,14,36,840 ആളുകൾ വോട്ട് ചെയ്തപ്പോൾ 1,00,51,695 വോട്ടുകൾ നേടിയാണ് ടീം യു.ഡി.എഫ്. അധികാരത്തിലെത്തിയത്. 140 സീറ്റുകളിൽ 102 സീറ്റുകൾ നേടി 46.36 ശതമാനം വോട്ട് നേടി ടീം യു.ഡി.എഫ്. അധികാരത്തിൽ എത്തിയിരിക്കുകയാണ്. ശ്രീ വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള ടീം യു.ഡി.എഫ്. ഒറ്റക്കെട്ടായി നിന്നുപറഞ്ഞത് കേരളം ആഗ്രഹിച്ച കാര്യങ്ങളായിരുന്നു. അധികാരത്തിൽ വന്നാൽ കാര്യങ്ങൾ നടപ്പാക്കാൻ കഴിയുന്ന ഒരു ടീമാണ് ഇവരെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുകയുണ്ടായി. അതനുസരിച്ച് അവർ യു.ഡി.എഫ്. സർക്കാരിനെ അധികാരത്തിൽ കൊണ്ടുവന്നു. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഓരോന്നായി നടപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള കാര്യങ്ങളാണ് ഗവർണ്ണറുടെ പ്രസംഗത്തിലും കാണാൻ കഴിയുന്നത്. ഇത്തരത്തിൽ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ മണ്ണും ജലവും പ്രകൃതിയും ആകാശവും എല്ലാം സംരക്ഷിച്ചും സംയോജിപ്പിച്ചും കൊണ്ടുള്ള ഒരു സമഗ്രമായ വികസന പദ്ധതിയാണ് ഐക്യജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. 600 കി. മീറ്ററിലധികം ദൈർഘ്യമുള്ള തീരപ്രദേശവും 44 നദികളും 34 തടാകങ്ങളും 4 രാജ്യാന്തര വിമാനത്താവളങ്ങളും തുറമുഖങ്ങളും ഉൾപ്പെടെയുള്ള സംയോജന വികസന പദ്ധതിയാണ് ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്നത്. വ്യോമയാന മേഖലയെ സമഗ്രമായി വികസിപ്പിച്ച് ദക്ഷിണേന്ത്യയിലെ സിവിൽ വ്യോമയാന കേന്ദ്രമാക്കി മാറ്റുന്ന രീതിയിലുള്ള ഒരു നയപ്രഖ്യാപന പ്രസംഗമായിരുന്നു അവതരിപ്പിക്കപ്പെട്ടത്. വെല്ലുവിളി നേരിടുന്ന കാർഷിക മേഖലയ്ക്ക് അധിക പ്രാധാന്യം നൽകി നെല്ല്, തെങ്ങ്, റബ്ബർ ഉൾപ്പെടെയുള്ള കാർഷിക മേഖലകളെ പുരോഗതിയിലേക്ക് എത്തിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളാണ് ഇതുമായി ബന്ധപ്പെട്ടുള്ളത്. വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം സംബന്ധിച്ച് എല്ലാവർക്കും അറിവുള്ളതാണ്. അതുകാരണം വലിയ പ്രശ്നങ്ങളും വേദനകളുമാണ് നമ്മുടെ

സംസ്ഥാനത്തുണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ ഒരു ശാശ്വത പരിഹാരം ആഗ്രഹിക്കുകയാണ്. അതിനാവശ്യമായ പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഒരു സർക്കാരിനെയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചാണ് ഞാൻ സഭയിലെത്തിയത്. പ്രസ്തുത നിയോജകമണ്ഡലത്തിൽ ഇടതുപക്ഷത്തിന്റെ സ്ഥാനാർഥി പരാജയപ്പെട്ടത് സംബന്ധിച്ച് എല്ലാവർക്കും അറിവുള്ളതാണ്. ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വ്യക്തമായ കാഴ്ചപ്പാട് ഈ സർക്കാരിനുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയെ അതിശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. സഹകരണ മേഖല ഉൾപ്പെടെയുള്ള മറ്റ് വ്യത്യസ്ത മേഖലകളിൽ വലിയ രീതിയിലുള്ള മുന്നേറ്റമുണ്ടാക്കാൻ ആഗ്രഹിക്കുന്ന ഈ സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

<u>ശ്രീ. വി. മുരളീധരൻ</u>: സർ, ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്. ബഹുമാന്യനായ ഗവർണ്ണർ സർക്കാരിനുവേണ്ടി അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗം യാഥാർഥ്യബോധവുമായി പുലബന്ധമില്ലാത്തതാണെന്നാണ് എന്റെ അഭിപ്രായം. കാരണം, സർക്കാരിന്റെ ധനസ്ഥിതി വളരെ മോശമാണെന്ന് ഗവർണ്ണർതന്നെ ഈ പ്രസംഗത്തിന്റെ തുടക്കത്തിൽ പറഞ്ഞിരുന്നു. പക്ഷേ അതിനുശേഷം നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ എങ്ങനെ പ്രാവർത്തികമാക്കുമെന്നതിനെക്കുറിച്ച് യാതൊരു ധാരണയുമില്ല. സഹകരണ ഫെഡറലിസം നടപ്പാക്കിയിട്ടുള്ള ഒരു രാജ്യമാണ് നമ്മുടേത്. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഒരുമിച്ച് പ്രവർത്തിച്ചുകൊണ്ടുവേണം രാജ്യത്തിന്റെ വികസനത്തെ മുന്നോട്ടുകൊണ്ടുപോകേണ്ടതെന്ന് ശ്രീ. നരേന്ദ്ര മോദി എല്ലായ്പ്പോഴും ആവർത്തിച്ചുപറയുന്ന കാര്യമാണ്. പക്ഷേ, കഴിഞ്ഞ പത്തുവർഷമായി നമ്മുടെ നാട്ടിൽ കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിൽ കാണിക്കുന്ന അലംഭാവം അല്ലെങ്കിൽ അവയെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങളുണ്ട്. ഈ മഴക്കാലത്തുപോലും എന്റെ

നിയോജകമണ്ഡലമായ കഴക്കൂട്ടത്ത് രൂക്ഷമായ കുടിവെള്ളപ്രശ്നം നേരിടുകയാണ്. അതിന്റെ കാരണമെന്താണ്? ഗ്രാമപ്രദേശങ്ങളിലുൾപ്പെടെ എല്ലാ സ്ഥലങ്ങളിലും കുടിവെള്ളമെത്തിക്കാൻ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് 'ജൽ ജീവൻ മിഷൻ'. കഴിഞ്ഞ പത്തുവർഷക്കാലയളവിൽ ദേശീയതലത്തിൽ എൺപത്തിയൊന്ന് ശതമാനം ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽ കുടിവെള്ളം എത്തിച്ചപ്പോൾ, ദൗർഭാഗ്യവശാൽ കേരളത്തിൽ അത് അമ്പതുശതമാനത്തിന് താഴെയാണ്. സർക്കാർ 7458 ജല വിതരണ പദ്ധതികൾ പ്രഖ്യാപിച്ചതിൽ, 60 മുതൽ 390 ദിവസംവരെ അതിനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കാനെടുത്തുയെന്നാണ് പറയുന്നത്. അനുവദിക്കപ്പെട്ടിട്ടുള്ള 5318 പദ്ധതികളിൽ പതിനേഴ് ശതമാനം ആരംഭിക്കുകപോലും ചെയ്തിട്ടില്ല. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ജലനയം നടപ്പാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ എന്തുമാർഗം സ്വീകരിക്കുമെന്നതിനെക്കുറിച്ചുള്ള യാതൊരു പരാമർശവുമില്ല.

നമ്മൾ പുതിയൊരു അധ്യയന വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. നമ്മുടെ കുട്ടികളുടെ ഭാവിയെക്കുറിച്ച് നമുക്കെല്ലാവർക്കും വലിയ പ്രതീക്ഷയുണ്ട്. കഴിവുള്ള കുട്ടികളാണ് നമ്മുടെ നാട്ടിലുള്ളത്. PM SHRI (Pradhan Mantri Schools for Rising India) പദ്ധതി സ്കൂളുകളിൽ നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നില്ല. 14500 സർക്കാർ സ്കൂളുകളെ മാതൃകാ സ്ഥാപനങ്ങളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പിഎം ശ്രീ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനെ കുറ്റപ്പെടുത്തുന്ന സുഹൃത്തുക്കൾ പട്ടം കേന്ദ്രീയ വിദ്യാലയം സന്ദർശിക്കണം. മാത്രമല്ല, സ്മാർട്ട് ക്ലാസ് റൂമുകൾ, അത്യാധുനിക ഭൗതികശാസ്ത്ര ലാബുകൾ ഇതെല്ലാം കാണണമെങ്കിൽ മാഹിയിൽ പ്രവർത്തിക്കുന്ന പിഎം ശ്രീ ഉസ്മാൻ ഗവൺമെന്റ് ഹൈസ്കൂൾ സന്ദർശിക്കണം. അതിനാൽ അസത്യങ്ങൾ പറഞ്ഞ് കുട്ടികളുടെ ഭാവി നശിപ്പിക്കുന്ന നടപടികളുണ്ടാകരുത്.

തീർഥാടന ടൂറിസത്തെക്കുറിച്ച് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്. ശ്രീ. നരേന്ദ്ര മോദി സർക്കാർ രാജ്യത്ത് ആവിഷ്കരിച്ച തീർഥാടന ടൂറിസം നമ്മൾ നടപ്പാക്കുന്നത് നല്ലകാര്യമാണ്. പക്ഷേ രാജ്യത്തെ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അവരെ വ്രണപ്പെടുത്തിയിട്ടുള്ള നിലപാടുകൾ, നയങ്ങൾ, സംഭവങ്ങൾ കഴിഞ്ഞ കാലങ്ങളിലുണ്ടായി. അതിൽ ജനങ്ങൾ ഏറ്റവും കൂടുതൽ ആശങ്കയോടുകൂടി കണ്ടൊരു കാര്യമാണ് ശബരിമലയിലെ ശ്രീകോവിലിൽ നടന്ന കൊള്ള. ആ കൊള്ളയുടെ പിന്നിലുള്ള രാഷ്ട്രീയ ഗൂഢാലോചനയിൽ അന്വേഷണം ഉണ്ടാകുമോയെന്നുള്ളതിൽ സർക്കാരിന്റെ നിലപാടെന്താണെന്ന് അറിയാൻ ജനങ്ങൾ ആഗ്രഹിക്കുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി പ്രതിപക്ഷനേതാവായിരുന്ന സമയത്ത് ഈ പ്രശ്നം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട്. കാരണം ഈ വിഷയത്തിൽ ഉന്നതരായ ആളുകൾ ഉൾപ്പെട്ടിട്ടുണ്ട്. മുൻ ദേവസ്വം മന്ത്രി, പ്രസിഡന്റുമാർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. ഇതൊക്കെ പുറത്തുകൊണ്ടുവരാൻ എസ്.ഐ.ടി. (സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം) അന്വേഷണത്തിലൂടെ സാധ്യമല്ല. ഇക്കാര്യത്തിൽ എന്താണ് നിലപാടെന്നത് ഇതുവരെ വ്യക്തമല്ല. അതിനെക്കുറിച്ച് ഈ നയപ്രഖ്യാപനത്തിൽ ഒരക്ഷരം പരാമർശിച്ചിട്ടില്ല. കാതലായിട്ടുള്ള പ്രശ്നങ്ങളും വിഷയങ്ങളും പരാമർശിക്കുന്നതിനുപകരം, ഭാരതാംബയെ പൂജിക്കുന്നത് ഞങ്ങൾ എതിർക്കുന്നുവെന്ന് ബഹുമാന്യനായ ഒരംഗം ഇവിടെ പറഞ്ഞു. കമ്മ്യൂണിസ്റ്റുകാർ അതിനെ എന്നും എതിർത്തിട്ടുള്ളവരാണ്. 1942-ൽ ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തെ എതിർത്തവരാണിവർ. (...ബഹളം...) സുഭാഷ് ചന്ദ്ര ബോസിനെ 'ബ്രിട്ടീഷുകാരുടെ ചെരുപ്പുനക്കി' എന്ന് വിളിച്ചവരാണിവർ. അതുകൊണ്ട് ഭാരതാംബയും ഭാരത് മാതാവും ആർ.എസ്.എസ്.-കാരുടെ സൃഷ്ടിയല്ല, അബനീന്ദ്രനാഥ് ടാഗോറിന്റെ സൃഷ്ടിയാണ്. വന്ദേമാതരം ആർ.എസ്.എസ്. കൊണ്ടുവന്നതല്ല, ബ്രിട്ടീഷ് സർക്കാരിനെതിരെയുള്ള പോരാട്ടങ്ങളുടെ ഭാഗമായി ബങ്കിം ചന്ദ്ര ചാറ്റർജി അന്ന് കൊണ്ടുവന്നതാണ്. അതിനെ എതിർക്കുന്നവർ ഇപ്പോൾ കേരളത്തിന്റെയും രാജ്യത്തിന്റെയും

മൂലയിൽമാത്രം ഒതുങ്ങുമ്പോഴും ആ നിലപാട് മാറ്റുന്നില്ലെങ്കിൽ ഈ രാജ്യത്തെ ജനങ്ങൾ നാളെ ഇവരെ ഉത്തുകൂട്ടി വലിച്ചെറിയും എന്ന മുന്നറിയിപ്പുകൂടി നൽകാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പോയിന്റ് ഓഫ് ഓർഡർ (മൈക്ക് ഓഫ് ...)

മി. സ്പീക്കർ: ശ്രീ. കെ. എൻ. ബാലഗോപാൽ, ആ വിഷയം അവസാനിച്ചിരിക്കുകയാണ്, അദ്ദേഹം പ്രസംഗവും അവസാനിപ്പിച്ചു. ഇനി അതേത്തുടർന്ന് വേറെ ചർച്ചയിലേക്ക് പോകേണ്ടതില്ല.

ശ്രീ. ജി. സുധാകരൻ: സർ, ഒരംഗത്തെ പ്രസംഗിക്കാൻ വിളിച്ചുകഴിഞ്ഞാൽ ഉടൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ഏത് വകുപ്പ് പ്രകാരമാണെന്ന് അങ്ങ് പറയണം. ഞാൻ കൈകൊട്ടലിനുവേണ്ടി പറയുന്നതല്ല. ഞാൻ സ്വതന്ത്രനായ ഒരു ജനകീയ എം.എൽ.എ.യാണ്. എന്നെ ചെയർ സംസാരിക്കാൻ വിളിച്ചതിനുശേഷം എനിക്ക് വീണ്ടും മൂന്ന് തവണ സീറ്റിലിരിക്കേണ്ടിവന്നു. ഇതൊന്നും ശരിയായ കാര്യമല്ല. പറയേണ്ടവർക്ക് പറയാൻ സമയമുണ്ട്, അപ്പോൾ പറയണം. എല്ലാം ഒരുമിച്ച് പറഞ്ഞ് തീർക്കണമെന്ന് വാശിപിടിക്കരുത്. എന്റെ അവകാശങ്ങളിന്മേൽ, ഓരോ അംഗങ്ങൾക്കും സഭയുടെ സംരക്ഷണം ഉണ്ടാകേണ്ടതാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനവും അതിന്മേൽ ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപവും അതിന്റെ എല്ലാ നല്ല കാര്യങ്ങളോടും യോജിക്കുന്നു. അടവുപരമായുള്ള നയം സ്വീകരിക്കുന്നത് എങ്ങനെയാണെന്ന് ലോകത്തിലെ വിപ്ലവപ്രസ്ഥാനങ്ങളെ പഠിപ്പിച്ചത് മഹാനായ ലെനിനാണ്. “ One step forward two steps backward” എന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഒരടി മുന്നോട്ടുവയ്ക്കുമ്പോൾ രണ്ടടി പിന്നോട്ട് വയ്ക്കണം. ലെനിന്റെ ആ അടവുനയം സി.പി.ഐ.(എം.) മനസ്സിലാക്കിയിരുന്നെങ്കിൽ, ആ മഞ്ഞക്കുറ്റി (സിൽവർ ലൈൻ പദ്ധതി) അവർതന്നെ മാറ്റുമായിരുന്നു. ഇപ്പോഴത് നാട്ടുകാർ മാറ്റിയില്ലേ? അതിന് നമ്മൾ വഴക്കുണ്ടാക്കിയിട്ട് കാര്യമില്ല. ആലോചിക്കാതെ കാണിച്ച പ്രവൃത്തിയാണത്. അന്ന്

ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയോടൊപ്പമായിരുന്നു, പാർട്ടി മെമ്പർമാർക്കുപോലും അക്കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട മഞ്ഞക്കുറ്റികൾ അടുക്കളയിൽ കൊണ്ടിടുക, ശ്രീ. സജി ചെറിയാന്റെ വീടിനടുത്തുള്ള ഒരു ക്രിസ്ത്യൻ സ്ത്രീയെ അവരുടെ കാലിൽ പിടിച്ചുവലിച്ചുകൊണ്ടുപോകുന്ന കാഴ്ച കഴിഞ്ഞ ദിവസവും ടെലിവിഷനിൽ കാണിച്ചിരുന്നു. ഇങ്ങനെയുള്ള സർക്കാർ വീണ്ടും അധികാരത്തിൽ തിരിച്ചുവരില്ല, അത് ലോക ചരിത്രമാണ്. ഒരു സ്റ്റെപ്പ് മുന്നോട്ടുവച്ചു, ആ സ്റ്റെപ്പ് ശരിയല്ലെങ്കിൽ രണ്ട് സ്റ്റെപ്പ് പിറകോട്ടുവയ്ക്കണം. ഇക്കാര്യം എല്ലാ പ്രസ്ഥാനങ്ങളും മനസ്സിലാക്കേണ്ടതാണ്.

പൊതുജനാരോഗ്യ സംവിധാനം, ഊർജസ്വലമായ സാംസ്കാരിക ധാർമികത, പ്രബുദ്ധമായ സമൂഹം എന്നിവയെക്കുറിച്ച് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ട്. പക്ഷേ, അടുത്തകാലത്ത് താഴ്ചയുടെ ലക്ഷണങ്ങൾ കാണിക്കുന്നുയെന്നും പറയുന്നു. താഴ്ചയുടെ ലക്ഷണങ്ങളല്ല കേരളത്തിൽ അത് പാതാളത്തോളം താഴ്ന്നിരിക്കുകയാണ്. അക്കാര്യം ഇവിടത്തെ തത്ത്വചിന്തകരും ബുദ്ധിജീവികളും മനസ്സിലാക്കുന്നില്ല. കാരണം ബുദ്ധിജീവികളിൽ ഭൂരിപക്ഷവും രാഷ്ട്രീയ പാർട്ടികളുടെ കാൽനക്കി എന്തെങ്കിലും കാര്യം സാധിക്കാൻവേണ്ടി നിലനിൽക്കുന്നവരാണ്. അവർ ചിന്തിക്കുന്നില്ല. സുകുമാർ അഴീക്കോട്, എം. കെ. സാനു എന്നിവരെപ്പോലുള്ളവർ ഇപ്പോഴുണ്ടോ? ഇവരെയെല്ലാം ഇടതുപക്ഷക്കാർ ബഹുമാനിച്ചിരുന്നു. എന്തെങ്കിലും പറഞ്ഞിട്ട് കാര്യമില്ല. മഹാനായ കവി വയലാർ രാമവർമ്മയുടെ കവിതയിൽ

"മാനവധർമ്മം വിളംബരം ചെയ്യുന്ന
മാവേലിനാടിൻ മധുരശബ്ദങ്ങളേ
നീതിശാസ്ത്രങ്ങൾ തിരുത്തിക്കുറിക്കുവാൻ
നീളെത്തുടിക്കും പ്രതിജ്ഞാങ്കുരങ്ങളേ ...” - എന്നുപറയുന്നുണ്ട്.

വിദ്യാർഥികളെ/യുവതലമുറയെ കുറിച്ചാണ് പറയുന്നത്. അങ്ങനെയൊരു യുവതലമുറ ഇപ്പോൾ ഇവിടെയുണ്ടോ? കേരളത്തിലെ കലാലയങ്ങളിൽ ഇപ്പോൾ അങ്ങനെയൊരു

യുവതലമുറയുണ്ടോ? നമ്മളൊക്കെ പഠിക്കുമ്പോൾ അങ്ങനെയൊരു യുവതലമുറയുണ്ടായിരുന്നു. Law College-ലെ എന്റെ സഹപാഠിയായിരുന്നില്ലേ; ശ്രീ. കെ. എൻ. ബാലഗോപാൽ പഠിക്കുന്ന കാലത്തുമുണ്ടായിരുന്നു. ഇപ്പോഴുണ്ടോ? കഞ്ചാവും ചരസ്സും അടിച്ച് ഒരു വിഭാഗം യുവതലമുറ നശിക്കുകയാണ്. മാധ്യമങ്ങൾക്ക് അതൊന്നും പ്രശ്നമേ അല്ല. അവർക്ക് അവരുടെ സർക്കുലേഷൻ മാത്രമാണ് വിഷയം. "മാനവധർമ്മം വിളംബരം ചെയ്യുന്ന മാവേലിനാടിന്റെ മധുര സ്വപ്നങ്ങളാണ് ഈ കുട്ടികൾ" . നീതി ശാസ്ത്രങ്ങൾ അതായത് തെറ്റായ നിയമം, വ്യവസ്ഥകൾ എന്നിവ തിരുത്തിക്കുറിക്കുന്ന വിപ്ലവകാരികളാണ് അവർ. അങ്ങനെയാണ് വയലാറും പുന്നപ്രയുമൊക്കെ ഉണ്ടായത്. ഇപ്പോൾ വയലാറിലെയും പുന്നപ്രയിലെയും രക്തസാക്ഷി മണ്ഡപത്തിന് മുന്നിൽ മൂത്രമൊഴിക്കുന്ന ആളുകൾക്ക് ഇത് വല്ലതും അറിയുമോ; എന്ത് മാനവധർമ്മമാണ് തിരുത്തിക്കുറിക്കുന്നത്? അതെല്ലാം ചെയ്യുന്നില്ലെങ്കിൽ പ്രസ്ഥാനങ്ങൾക്ക് ഭാവിയില്ല; ലോകം അത് കാണിച്ച് തന്നിട്ടുണ്ട്. എന്തുകൊണ്ട് സോവിയറ്റ് യൂണിയൻ തകർന്നു? സഭയിൽ ഇരിക്കുന്ന യു.ഡി.എഫ്.-കാർക്കും അതിൽ വിഷമമുണ്ടാകും. സോവിയറ്റ് യൂണിയൻ ഉണ്ടായിരുന്നെങ്കിൽ ഇന്ത്യയ്ക്കും അതോടൊപ്പം കേരളത്തിനും എന്തെല്ലാം പ്രയോജനമുണ്ടാകുമായിരുന്നു; മാത്രമല്ല, അമേരിക്ക ഇറാനെ ആക്രമിക്കുകയുമില്ലായിരുന്നു. ബംഗ്ലാദേശിനെ ആക്രമിക്കാൻ അമേരിക്കൻ ഏഴാം കപ്പൽപട വന്നപ്പോൾ ഇന്തോ-റഷ്യൻ കരാർ അനുസരിച്ച് ഇന്ദിരാ ഗാന്ധി വിളിച്ചുവരുത്തിയ സോവിയറ്റ് കപ്പൽ പട "അവിടെ നിൽക്ക്" എന്ന് വിലക്കുകയും അമേരിക്കൻ കപ്പൽപട പിൻവാങ്ങുകയും ചെയ്തു. ആ റഷ്യ നിലവിലില്ല. അതിന്റെ ഫലമായി എന്ത് സംഭവിച്ചിരിക്കുന്നു? ലോക വ്യാപകമായി ഇടതുപക്ഷ/കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ക്ഷീണിച്ചു. ഇന്ന് ചൈനയിലും വിയറ്റ്നാമിലും വടക്കൻ കൊറിയയിലും ക്യൂബയിലുമെല്ലാം ആ കൊടികൾ ഉയർത്തിപിടിക്കുന്നു. പഴയ സോഷ്യലിസത്തിന്റെ രീതിയിൽ മാത്രമല്ല, സോഷ്യൽ ഡെമോക്രസിയുടെ അംശം അവർ അതിലുൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ രാജ്യം സോഷ്യൽ ഡെമോക്രസിയാണ്. ആ സോഷ്യൽ ഡെമോക്രസിയെ സോഷ്യലിസ്റ്റ് ഡെമോക്രസിയും

പിപ്പീൾസ് ഡെമോക്രസിയുമാക്കി മാറ്റാനുള്ള പ്രവർത്തനം കമ്മ്യൂണിസ്റ്റ് പാർട്ടി നടത്തണം. ശ്രീ. സി. പി. ജോൺ, അതാണോ ഇപ്പോൾ നടക്കുന്നത്; നിങ്ങൾ എസ്.എഫ്.ഐ.-യുടെ പ്രസിഡന്റായിരുന്ന ആളല്ലേ? അതാണോ നടക്കുന്നത്; അതിനെക്കുറിച്ച് അറിയാവുന്ന എത്ര പേരുണ്ട്; കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ വായിച്ചവർ എത്ര പേരുണ്ട്? എത്ര പേർ വായിച്ചിട്ടുണ്ടെന്ന് പാർട്ടി ക്ലാസുകളിൽ നേതാക്കൻമാർ ഇപ്പോഴും ചോദിക്കുന്നുണ്ട്. എല്ലാപേരും വായിക്കണം, ബഹളമുണ്ടാക്കിയിട്ട് ഒരു കാര്യവുമില്ല. കൂകി വിളിച്ചുകൊണ്ട് ഒരു രാജ്യത്തെ സാമൂഹിക വ്യവസ്ഥയും ഇതുവരെ മാറിയിട്ടില്ല. അതിന് രക്തം ചൊരിയണം, വിഷമിക്കണം. അല്ലെങ്കിൽ മഹാത്മാ ഗാന്ധിയെപോലെ നിരാഹാര സമരത്തിലൂടെ ബ്രിട്ടനെ മുട്ടുകുത്തിച്ചതുപോലുള്ള പുതിയ സമര രൂപങ്ങൾ കൊണ്ടുവരണം. വാസ്തവത്തിൽ, ഇതേക്കുറിച്ച് ഗവർണ്ണർക്ക് കൂടുതലായി വ്യഖ്യാനിക്കാവുന്നതായിരുന്നെന്ന് ഞാൻ കരുതുകയാണ്. കഴിഞ്ഞ പത്ത് പതിനഞ്ച് വർഷക്കാലത്തെ കേരളത്തിന്റെ ഭരണമേഖലയെക്കുറിച്ചും സാമൂഹിക മേഖലയെക്കുറിച്ചും കാര്യമായ സാമൂഹിക വിമർശനം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വന്നിട്ടില്ലെന്നകാര്യം ഞാൻ ഉന്നയിക്കുകയാണ്. ധനകാര്യ മന്ത്രി കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ യഥാർഥ ധനസ്ഥിതിയെക്കുറിച്ചുള്ള വിവരം ..... ധവളപത്രം എന്നൊന്നും ഞാൻ പറയുന്നില്ല; വെളുത്ത പേപ്പറിൽ കറുത്ത മഷിയിലാണല്ലോ അച്ചടിക്കുന്നത്. അതിവിടെ ഇറക്കണം. ഈ നാട് അറിയട്ടെ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾതന്നെ പൊതുജനങ്ങളുടെ മനസ്സിൽ ഒരു നല്ല അഭിപ്രായം വന്നുവെന്ന് പറയാൻ എനിക്ക് സന്തോഷമുണ്ട്, കാരണം ഞാൻ ജനങ്ങളുടെ ഇടയിൽ ജീവിക്കുന്ന ആളാണ്. ആരും എതിരൊന്നും പറയുന്നില്ല. മുഖ്യമന്ത്രിയെപ്പറ്റി തികഞ്ഞ ബഹുമാനവും സ്നേഹവുമാണ്. സുസ്മേരവദനനായ നല്ലൊരു മുഖ്യമന്ത്രിയാണ്. ഞാൻ സുസ്മേരവദനൻ ഒന്നുമല്ല. അതുകൊണ്ട് ഞാൻ എന്നെ കുറ്റപ്പെടുത്തുകയല്ല. തുടക്കം വളരെ നന്നായിരുന്നു. ആ മഞ്ഞകുറ്റിയെല്ലാം മാറ്റിയത് കേരളത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. നമുക്ക് റെയിൽവേ വേണം. അത് നമ്മുടേതായ രീതിയിൽ ചെയ്താൽ മതി. ജനങ്ങളുടെ

അടുക്കള കളയുന്ന, പാവപ്പെട്ട സ്ത്രീകളെ ബുദ്ധിമുട്ടിക്കുന്ന പ്രവൃത്തികളൊന്നും ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്തതിന്റെയെല്ലാം ഫലമാണ് നമ്മൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളിയിൽ വർഷങ്ങളായി കോടാനുകോടി രൂപയുടെ കരിമണൽക്കൊള്ള നടക്കുകയാണ്. കഴിഞ്ഞ 15 വർഷത്തെ കരിമണൽക്കൊള്ള അന്വേഷിക്കാൻ ഒരു കമ്മീഷനെ നിയമിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. ആ പണം ഏതെല്ലാം രാഷ്ട്രീയ നേതാക്കളുടെ കൈയ്യിൽപോയെന്നും ആരൊക്കെയാണ് ദല്ലാളന്മാരെന്നും പുറത്തുകൊണ്ടുവരണം. തീരപ്രദേശം ഇടിക്കാതെയും നശിപ്പിക്കാതെയും കടലിലെ തിരമാല വരുന്ന സ്ഥലത്തുനിന്നുംമാറി ഉരുക്കുകൊണ്ടുള്ള പ്രത്യേക സംവിധാനമൊരുക്കിയാൽ കരിമണൽ അതിനുള്ളിൽ വന്നുവീഴും. അതിന് ശാസ്ത്രീയ സംവിധാനങ്ങളുണ്ട്. അതുപയോഗിച്ച് കരിമണലെടുക്കാം. ഇന്റർനാഷണൽ മാർക്കറ്റിൽ കോടാനുകോടി രൂപയുടെ മൂല്യമുള്ള സാധനമാണ്. അതിനെപ്പറ്റി അന്വേഷിക്കണം. നവകേരളം, നവോത്ഥാന കേരളം എന്ന് പറഞ്ഞിട്ട് കാര്യമില്ല. നവോത്ഥാനം എന്നാൽ "പുതിയ ഉണർവ്" എന്നാണർത്ഥം. അത് യൂറോപ്പിലാണ് ആദ്യമുണ്ടായതെന്ന് പറഞ്ഞാലും അതിന്റെ ഉത്ഭവമെന്നത് തുർക്കി എന്ന മഹത്തായ രാജ്യത്തെ ബാർബേറിയൻസ് ആക്രമിച്ചപ്പോൾ, ലോകത്തിലെ ഏറ്റവും വലിയ ലൈബ്രറിയായ ഇസ്താംബൂൾ ലൈബ്രറി തീവെച്ചപ്പോൾ ലോകത്തിന്റെ നാനാഭാഗത്തുനിന്നും പ്രത്യേകിച്ച് യൂറോപ്പിൽനിന്നും ഗവേഷണം നടത്താനെത്തിയ പണ്ഡിതർ കൈയിൽ കിട്ടിയ പുസ്തകങ്ങൾ നാട്ടിലേയ്ക്ക്, യൂറോപ്പിലേയ്ക്ക് കൊണ്ടുപോയി. അങ്ങനെയാണ് പതിനാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ നവോത്ഥാനമുണ്ടായത്. വില്യം ഷേക്സ്പിയറും ക്രിസ്റ്റഫർ മാർലോയും അതിന്റെ സന്തതികളായിരുന്നു. പുതിയ കണ്ടുപിടുത്തങ്ങൾ വന്നു, അതാണ് നവോത്ഥാനം, പുതിയ ഒരു ഉത്ഥാനമാണ്. അല്ലാതെ വെറുതെ ഒരു സർക്കാർ വന്നു. അപ്പോൾ ഞങ്ങൾ നാവോത്ഥാനമാണ്. അങ്ങനെ ഏഴുന്നേറ്റിട്ട് ഇരിക്കുന്നതാണോ നവോത്ഥാനം; അല്ലെങ്കിൽ ഇരുന്നിട്ട് ഏഴുന്നേൽക്കുന്നതാണോ നവോത്ഥാനം; തലയിൽ ബുദ്ധിയില്ലാത്തവർ

പറഞ്ഞുകൊടുക്കുന്നത് എഴുതി വയ്ക്കുകയാണ് അല്ലെങ്കിൽ പ്രസംഗിക്കുകയാണ്. അതൊന്നുമല്ല നവോത്ഥാനം. ഈ കേരളത്തെ നമുക്ക് മാറ്റി പണിയണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. മാറ്റിപ്പണിയണം. ഇതുവരെയുള്ള എല്ലാ നല്ലകാര്യങ്ങളും എടുക്കണം. ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് എത്ര നല്ല കാര്യങ്ങളാണ് ചെയ്തത്. വി.എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്തല്ലേ കർഷക തൊഴിലാളികൾക്ക് തൊഴിലില്ലായ്മ വേതനം നൽകിയത്; സി. അച്യുതമേനോന്റെ കാലത്തല്ലേ ശാസ്ത്ര സാങ്കേതിക സർവകലാശാല, കാർഷിക സർവകലാശാല എന്നിവയെല്ലാം വന്നത്; പഞ്ചായത്ത് രാജ് നടപ്പാക്കിയത് ഇ. കെ. നയനാരുടെ കാലത്താണ്. ഇതിന്റെയെല്ലാം നന്മകൊണ്ട് വളർന്ന കേരളം ആരുടെയും കുത്തകയല്ല, ആരും അതിന്റെ കുത്തക അവകാശപ്പെടരുത്. ഇത് നമ്മുടെ പൊതുസ്വത്താണ്. സംസ്കാരികം, സാമ്പത്തികം, രാഷ്ട്രീയം, സാമൂഹികം, വിദ്യാഭ്യാസം ഈ എല്ലാ മേഖലകളിലുമുള്ള പൊതുസ്വത്തിനെ സംരക്ഷിക്കാൻ കഴിയാത്തവർ രാഷ്ട്രീയ രംഗത്ത് നിൽക്കരുത്, അതിന് അവർക്ക് അവകാശമില്ല. ജനങ്ങൾ അവരെ പറഞ്ഞയയ്ക്കണം. കേരളത്തിന് ഇനി പഴയതുപോലെ പോകാൻ സാധിക്കില്ല. അഴിമതി കാണിച്ചുകൊണ്ട് അഴിമതിയില്ലെന്ന് പ്രസംഗിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് ഞാൻ പറയുകയാണ്, വളരെ പ്രധാനപ്പെട്ട ഒരു കാലത്താണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുന്നത്. "നന്നായി ആരംഭിക്കുന്നതെല്ലാം നന്നായി അവസാനിക്കുമെന്ന്" ഷേക്സ്പിയറിന്റെ ചൊല്ലുണ്ട്. നിങ്ങൾ നന്നായി ആരംഭിച്ചു നന്നായി അവസാനിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: Thank you very much

<u>ശ്രീ. ജി. സുധാകരൻ</u>: ഒറ്റക്കാര്യം കൂടി. " Where the mind is without fear and the head is held high....... Into that heaven of freedom, my father, let my country awake" . ടാഗോറിന്റെ കവിതയായ ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് പതിപ്പാണ്. എവിടെ മനസ് ഭയരഹിതവും ശിരസ് സമുന്നതവുമായിരിക്കുന്നുവോ, എന്റെ പിതാവെ എന്റെ നാടിനെ

ആ സ്വർഗത്തിലേയ്ക്ക് നയിക്കേണമേ. നമ്മുടെ കേരളത്തെ ആ സ്വർഗത്തിലേയ്ക്ക് നയിക്കാൻ ഈ ഗവൺമെന്റിന് കഴിയട്ടെ എന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. റോയ് കെ. പൗലോസ്: സർ, അഴിമതിയും അഹങ്കാരവും ധിക്കാരവും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയിരുന്ന ഇടതുസർക്കാരിനെതിരെ അതിശക്തമായ ജനവിധി നൽകിയ കേരള ജനതയെ ഞാൻ അഭിവാദ്യം ചെയ്യുന്നു. ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെയും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെയും ഞാൻ പിന്താങ്ങുന്നു. യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച ഇന്ദിരാ ഗാരന്റികൾ കേരളത്തിലെ ജനങ്ങളോടുള്ള ഈ സർക്കാരിന്റെ സാമൂഹികപ്രതിബദ്ധത പ്രതിഫലിപ്പിക്കുന്നതാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നയപ്രഖ്യാപനത്തിൽ കർഷകർക്ക് വലിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. കർഷകർ കേരളത്തിന്റെ നട്ടെല്ലാണ്. കൃഷിക്ക് വലിയ പരിഗണന നൽകേണ്ടതുണ്ട്. പക്ഷേ കേരളത്തിലെ കർഷകർ വലിയ പ്രയാസത്തിലും സങ്കടത്തിലുമാണ്. കാർഷിക വിളകൾക്ക് അവർ ഉൽപാദിപ്പിക്കുന്ന ഉൽപാദന ചെലവിനനുസരിച്ചുള്ള വില ലഭിക്കുന്നില്ല. കർഷകരുടെ വിളകൾ കുരങ്ങ് മുതൽ ആനകൾവരെ വന്ന് നശിപ്പിക്കുന്ന സാഹചര്യം നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു. കാർഷികവിളകൾക്ക് മതിയായ താങ്ങുവില ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വനവുമായി ബന്ധപ്പെട്ട പ്രദേശത്ത് താമസിക്കുന്ന കർഷകർക്ക് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. അതിന് പരിഹാരമുണ്ടാകണം. സഹകരണ മേഖലയുടെ വിശ്വാസ്യത നഷ്ടപ്പെടുന്നതിനുള്ള സാഹചര്യങ്ങൾ മുൻകാലങ്ങളിലുണ്ടായിട്ടുണ്ട്. ആ വിശ്വാസ്യത തിരിച്ചെടുക്കാനാവശ്യമായ നിലപാടുകളും തീരുമാനങ്ങളും ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. മയക്കുമരുന്നിനെതിരായ അതിശക്തമായ നിലപാടുണ്ടാകുമെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. മയക്കുമരുന്ന് വിതരണശൃംഖലകളെ തകർക്കുന്ന രീതിയിലുള്ള കടുത്ത നടപടികളുണ്ടാകണമെന്ന് കേരള ജനത ആഗ്രഹിക്കുന്നു. കുറ്റവാളികൾക്കെതിരെ കൂടുതൽ കടുത്ത ശിക്ഷ നൽകാനുള്ള

നടപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. വനം സംരക്ഷിക്കണം, എന്നാൽ വനത്തിന് ചുറ്റും ജീവിക്കുന്ന മനുഷ്യരുടെ ജീവിതം ദുസ്സഹമാക്കുന്ന നടപടിയുണ്ടാകാൻ പാടില്ല. കഴിഞ്ഞ പത്ത് വർഷക്കാലമായുള്ള കാര്യങ്ങൾ പരിശോധിക്കുമ്പോൾ വനം വകുപ്പിന്റെ ഭാഗത്തുനിന്ന് അതിക്രൂരമായ നടപടികളാണ് ജനങ്ങൾക്ക് അല്ലെങ്കിൽ കർഷകർക്ക് നേരിടേണ്ടി വന്നിട്ടുള്ളത്. അതിന് പരിഹാരമുണ്ടാക്കണം. പട്ടയം ലഭിച്ച ഭൂമിയിൽപോലും പലയിടത്തും റിസർവ് ഫോറസ്റ്റിന്റെ സ്റ്റാറ്റസ് ആണെന്ന് പറഞ്ഞുകൊണ്ട് കഴിഞ്ഞ കാലങ്ങളിൽ വനം വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വളരെയെറെ അതിക്രമങ്ങളുണ്ടായിട്ടുണ്ട്. അത് അവസാനിപ്പിക്കണമെന്ന് അഭ്യർഥിക്കുന്നു. വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട ആളുകളുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി വളരെ നിസ്സാരതുക മാത്രമാണ് ഇപ്പോഴും ലഭ്യമാക്കിയിട്ടുള്ളത്. ഗവൺമെന്റ് തീരുമാനിച്ച നഷ്ടപരിഹാരത്തുക പോലും നൽകാത്ത നടപടി പുനഃപരിശോധിക്കണം. ഇടുക്കി മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്ക് ആവശ്യമായ സൗകര്യങ്ങളൊന്നും ലഭിക്കുന്നില്ല. കഴിഞ്ഞ ദിവസം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കുപോയ ഒരു രോഗിയെ എനിക്ക് കാണേണ്ടിവന്നു. വീഴ്ചയിൽ തലയ്ക്ക് മുറിവേറ്റ് സ്റ്റിച്ചിടാൻ അവിടെയെത്തിയ രോഗിയോട് മുറിവേറ്റ ഭാഗം ഇപ്പോൾ തുന്നിക്കെട്ടുന്നതിനുപകരം staple ചെയ്യുകയാണെന്ന് പറഞ്ഞുകൊണ്ട് staple ചെയ്യുകയും അതിനിടയിൽ stapler തീർന്നുപോകുകയും ബാക്കിഭാഗം തുന്നിക്കെട്ടുകയും ചെയ്തു. മുറിവേറ്റ കുറച്ചുഭാഗം staple ചെയ്തതും കുറച്ചുഭാഗം തുന്നിക്കെട്ടിയതും ഈ രോഗി എന്നെ കാണിക്കുകയുണ്ടായി. അത്രമാത്രം ദയനീയമായ അവസ്ഥയാണ് മെഡിക്കൽ കോളേജുകളിലുള്ളത്. ഇക്കാര്യത്തിന് അടിയന്തര പരിഹാരം ഉണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. മയക്കുമരുന്നിനെതിരായുള്ള 'ഓപ്പറേഷൻ തൂഫാൻ' എന്ന പദ്ധതിയെ സ്വാഗതം ചെയ്യുകയും വളരെ കർക്കശമായ നടപടികൾ ഉണ്ടാകണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം നമ്മുടെ നാട്ടിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാമത്തെ ഗഡു നൽകാത്തതുമൂലം വലിയ സാമ്പത്തിക

പ്രതിസന്ധിയാണ് ഉണ്ടായിട്ടുള്ളത്. മൂന്നാം ഗഡു നൽകാത്ത മുൻസർക്കാരിന്റെ നടപടി തെറ്റാണെന്ന് ചൂണ്ടിക്കാണിക്കുന്നതോടൊപ്പം ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏതുരീതിയിൽ സഹായിക്കാൻ സാധിക്കുമെന്ന് പരിശോധിക്കണമെന്നും അഭ്യർത്ഥിക്കുന്നു. 1964-ലും 1994-ലും ഉണ്ടാക്കിയ നമ്മുടെ ഭൂനിയമങ്ങളും ചട്ടങ്ങളും കാലഹരണപ്പെട്ടതാണ്. ഇവയൊക്കെ കാലാനുസൃതമായി പരിഷ്കരിക്കുമെന്ന നയപ്രഖ്യാപന പ്രസംഗത്തിലെ തീരുമാനത്തെ സ്വാഗതം ചെയ്യുകയും ഇത് എത്രയുംവേഗം നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. എന്റെ ജില്ലയെ സംബന്ധിച്ച് ഒന്നുരണ്ടു കാര്യങ്ങൾ കൂടിയുണ്ട്. 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ചോ 1993-ലെ കേരള ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ചോ CHR (Cardamom Hill Reserve) മേഖലയിലോ പട്ടയങ്ങൾ നൽകുന്നില്ല. ഒരു നിയമമോ ചട്ടമോ അനുസരിച്ചുള്ള പട്ടയങ്ങളൊന്നും ഇപ്പോൾ ജില്ലയിൽ നൽകുന്നില്ല. 2024 ഒക്ടോബർ 24-ന് CHR മേഖലയിലെ പട്ടയ നടപടികൾ സുപ്രീം കോടതി സ്റ്റേ ചെയ്തതാണ്. രണ്ടുവർഷമായിട്ടും കഴിഞ്ഞ സർക്കാരിന്റെ ഭാഗത്തുനിന്നും സുപ്രീം കോടതിയുടെ സ്റ്റേ നീക്കം ചെയ്യാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുത്തകപ്പാട്ടം പുതുക്കി നൽകുന്നതിനും CHR മേഖലയിലെ നിർമ്മാണപ്രവർത്തനങ്ങളുടെ നിരോധനം നീക്കുന്നതിനും പട്ടയ ഭൂമിയിൽ പുതിയ നിർമ്മാണങ്ങൾ അനുവദിക്കുന്നതിനും നടപടിയുണ്ടാകണം. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് 2019-ൽ നിലവിൽ വന്ന നിർമ്മാണ നിരോധന ഉത്തരവ് പിൻവലിക്കാനും പട്ടയ ഭൂമിയിൽ ഏതുതരത്തിലുള്ള നിർമ്മാണങ്ങൾ നടത്താനുമുള്ള അനുമതി നൽകണം. പത്ത് ചെയിൻ മേഖലയിൽ പട്ടയം നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കണം. അതുപോലെ BTR(Basic Tax Register)-ൽ ഏലം എന്ന് രേഖപ്പെടുത്തിയതുകൊണ്ടുമാത്രം ഇടുക്കി ജില്ലയിലെ നിരവധി വില്ലേജുകളിൽ പട്ടയം നൽകുന്നില്ല. അൻപതും അറുപതും എഴുപതും വർഷങ്ങൾക്കുമുമ്പ് ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയ BTR-ന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകാത്ത നടപടികൾ തെറ്റാണ്. ഈ തീരുമാനം

പുനഃപരിശോധിക്കുകയും ഇതിൽ മാറ്റം ഉണ്ടാകുകയും വേണം. എന്റെ നിയോജകമണ്ഡലത്തിലെ കഞ്ഞിക്കുഴി പോലെയുള്ള പഞ്ചായത്തുകളിൽ ജോയിന്റ് വെരിഫിക്കേഷൻ നടന്നിട്ടില്ലെന്ന പേരിൽ പട്ടയം നൽകുന്നില്ല. ജോയിന്റ് വെരിഫിക്കേഷൻ നടത്താത്തത് പാവപ്പെട്ട കർഷകന്റെ കുഴപ്പമല്ല, വെരിഫിക്കേഷൻ നടത്തിയതാണെന്നും അതിന്റെ രേഖകൾ ഇവരുടെ കൈവശമില്ലെന്നുമാണ് പറയുന്നത്. രേഖ കൈവശമില്ലാത്തത് വനം വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും കുഴപ്പമാണ്, ജനങ്ങളുടെ കുഴപ്പമല്ല. ജോയിന്റ് വെരിഫിക്കേഷൻ നടത്താത്ത സ്ഥലങ്ങളിൽ വനം വകുപ്പ് ജണ്ട സ്ഥാപിച്ചിട്ടുണ്ട്, ഈ ജണ്ടയ്ക്ക് പുറത്തുള്ള സ്ഥലങ്ങൾ കർഷകരുടെയാണ്, അതുകൊണ്ട് അവർക്ക് പട്ടയം നൽകാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്,അതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

പരിസ്ഥിതി പ്രവർത്തകർ എന്നുപറയുന്നവർ വലിയ കുഴപ്പങ്ങളുണ്ടാക്കുന്നുണ്ട്. നേര്യമംഗലം മുതൽ വാളറ വരെ 14.5 കി.മീ. ദൂരം നാഷണൽ ഹൈവേയുടെ നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ട് ഒരു വർഷത്തിലേറെയായി. ഇതിന് കാരണം ഒരു പരിസ്ഥിതി പ്രവർത്തകൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതാണ്. ഈ പരിസ്ഥിതി പ്രവർത്തകൻ ബി.ജെ.പി.-യുടെ പരിസ്ഥിതി സെല്ലിന്റെ സംസ്ഥാന കൺവീനറാണ്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ അധികാരത്തിലിരിക്കുമ്പോൾ വനം വകുപ്പ് ആസ്ഥാനത്ത് നടന്ന പരിസ്ഥിതി പരിപാടികളുടെ ഉദ്ഘാടകനായി അദ്ദേഹത്തെ അവിടെ കണ്ടിട്ടുണ്ട്. അവിടെ പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇങ്ങനെയൊരാൾ വനം വകുപ്പിന്റെ ബിനാമിയായി നിന്നുകൊണ്ട് വനം വകുപ്പുമായി ചേർന്ന് ഇടുക്കിയിലെ ജനങ്ങൾക്കെതിരായി പരാതികൾ നൽകുന്നതിന് കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്, ഇതിന്റെ ഫലമായാണ് കോടതി ഇടപെടലുകൾ ഉണ്ടായത്. കോടതിയുടെ ഇടപെടലുകൾ പരിഹരിക്കുന്നതിനായി ഗവൺമെന്റിനോട് സത്യവാങ്മൂലം ആവശ്യപ്പെട്ടപ്പോൾ സർക്കാരിന്റെ ഭാഗത്തുനിന്നും തെറ്റായ നിലപാടാണ് ഉണ്ടായിട്ടുള്ളത്. സർക്കാരിനുവേണ്ടി വനം വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി ഫയൽ ചെയ്തത്

തെറ്റായ സത്യവാങ്മൂലമാണ്. അവിടെ ഫോറസ്റ്റ് ആണെന്ന പരിസ്ഥിതി പ്രവർത്തകന്റെ വാദത്തിന് അനുകൂലമായാണ് അഡീഷണൽ ചീഫ് സെക്രട്ടറി അന്ന് സത്യവാങ്മൂലം നൽകിയത്. അതുകൊണ്ട് പ്രസ്തുത സത്യവാങ്മൂലം പിൻവലിച്ചുകൊണ്ട് സത്യസന്ധമായ affidavit അടിയന്തരമായി അഡീഷണൽ ചീഫ് സെക്രട്ടറിയെക്കൊണ്ട് സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൂടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. ഒരുപാട് കാര്യങ്ങൾ ഇനിയുമുണ്ട്, അത് പിന്നീട് പറയാം. ഞങ്ങളുടെ ജില്ലയിൽ പാവപ്പെട്ടവരും കർഷകരും സാധുക്കളുമായ ആളുകളാണുള്ളത്. മറ്റ് പതിമൂന്ന് ജില്ലകളിൽ താമസിക്കുന്ന ജനങ്ങൾക്കുമുള്ള അവകാശം ഞങ്ങളുടെ ജില്ലയിലെ ജനങ്ങൾക്ക് നിഷേധിച്ച ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ ഗവൺമെന്റ് എന്ന് എടുത്തുപറയാതിരിക്കാൻ സാധിക്കില്ല. കേരളത്തിലെ മറ്റ് പതിമൂന്ന് ജില്ലകളിലെ ആളുകൾക്ക് നിയമം അനുസരിച്ച് പട്ടയം ലഭിക്കുമ്പോൾ അവർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താമെന്നും ഞങ്ങളുടെ നാടായ ഇടുക്കിയിൽ പട്ടയം ലഭിക്കുന്നവർക്ക് അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ലെന്നും പറഞ്ഞ കഴിഞ്ഞ സർക്കാരിന്റെ നിലപാട് തെറ്റായിരുന്നു. ഇനി ഒരിക്കലും അങ്ങനെയൊരു തെറ്റ് ഉണ്ടാകരുത് എന്നുമാത്രമല്ല ഈ പ്രശ്നങ്ങൾക്കെല്ലാം നയപ്രഖ്യാപന പ്രസംഗത്തിലൂടെ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടെന്നും ഈ തീരുമാനങ്ങളെല്ലാം ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ടും ഈ ഉപക്ഷേപത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി രമ്യ ഹരിദാസ്: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് ഉപക്ഷേപത്തിൽ സൂചിപ്പിച്ചതിനെയെല്ലാം ഞാൻ പൂർണമായി പിന്താങ്ങുന്നു. ഒട്ടനവധി സാംസ്കാരിക-ആത്മീയ-രാഷ്ട്രീയ രംഗത്തെ പ്രമുഖരെ സംഭാവന ചെയ്ത ഒരു നാടിന്റെ പ്രതിനിധിയായി നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുക്കാൻ എനിക്ക് അവസരം ലഭിക്കാൻ കാരണക്കാരായ സ്നേഹം കൊണ്ട് മനസ്സ് കീഴടക്കുന്ന ചിറയിൻകീഴുകാർക്ക്

അഭിവാദ്യം പറഞ്ഞുകൊണ്ട് നന്ദിപ്രമേയത്തിന് പിന്തുണ പ്രഖ്യാപിക്കുന്നതിലേക്ക് കടക്കുകയാണ്. വിഖ്യാത റഷ്യൻ എഴുത്തുകാരൻ വിക്ടർ ഹ്യൂഗോയുടെ ' Les Miserables' എന്ന നോവലിനെ ആസ്പദമാക്കി തയ്യാറാക്കിയ നാടകത്തിലെ ഗാനത്തിൽ ഇങ്ങനെയൊരു വരിയുണ്ട്.

" Even the darkest night will end
And the sun will rise"

ഇരുണ്ട പത്ത് വർഷം പുതുപുലരിക്ക് കാത്തിരുന്ന മലയാളിക്ക് കിട്ടിയ പ്രതീക്ഷയുടെ സൂര്യോദയമാണ് ഈ സർക്കാരിന്റെ നയങ്ങളും പ്രഖ്യാപനങ്ങളും. ആദ്യ നയപ്രഖ്യാപനത്തിൽത്തന്നെ വളരെ കൃത്യമായി സർക്കാർ നയം പ്രഖ്യാപിച്ചു കഴിഞ്ഞു. സാധാരണക്കാരനെ ചേർത്തുനിർത്തുന്ന സമീപനമായിരിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നുവെന്ന് വ്യക്തമാക്കുമ്പോഴും ഒരു നേരത്തെ അന്നത്തിനും വസ്ത്രത്തിനും ചികിത്സയ്ക്കുംവേണ്ടി ക്ഷേമപെൻഷനുകളെ, അല്ലെങ്കിൽ സർക്കാർ ധനസഹായങ്ങളെ ആശ്രയിക്കുന്നവരെ ഒരിക്കലും കൈവിടില്ലെന്ന വാക്ക്, ഈ സർക്കാർ സാധാരണക്കാരോടൊപ്പം ചേർന്നുനിൽക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ പ്രഖ്യാപനമാണ്. പെൻഷൻ വിതരണത്തിന് വേഗതയും കൃത്യതയും ഉറപ്പുവരുത്തുന്നതിന് ആദരണീയനായ ഉമ്മൻചാണ്ടി ആരംഭിച്ച ഡിജിറ്റൽവൽക്കരണവും ആ സർക്കാരിന്റെ കാലത്ത് പ്രത്യേക അദാലത്തുകൾ നടത്തി ക്ഷേമ പെൻഷനുകൾ അർഹരായ മുഴുവൻ ആളുകൾക്കും അനുവദിച്ചതും ഈ സമയത്ത് ഞാൻ പ്രത്യേകം ഓർക്കുന്നു. തിരഞ്ഞെടുപ്പ് സമയത്ത് കേരളത്തിലെ ജനങ്ങളോട് വാഗ്ദാനം ചെയ്ത ഇന്ദിര ഗ്യാരന്റി നടപ്പിലാക്കാനുള്ള പ്രഖ്യാപനം ലോകത്തിലെ മുഴുവൻ മലയാളികളും സ്വാഗതം ചെയ്തുകഴിഞ്ഞു. ഈ നാട്ടിലെ സ്ത്രീകളെയും സാധാരണക്കാരെയും സംബന്ധിച്ചിടത്തോളം ആദരണീയനായ ഡോ. മൻമോഹൻ സിങ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുന്ന വേളയിൽ നേതൃത്വം നൽകി കേന്ദ്രസർക്കാർ അന്ന്

നടപ്പിലാക്കിയ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുശേഷം കേരളത്തിലെ കുടുംബങ്ങൾക്ക് ലഭിക്കുന്ന ഏറ്റവും വലിയ പിന്തുണയായിരിക്കും സ്ത്രീകളുടെ സൗജന്യയാത്ര എന്നുകൂടി എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. കുടുംബം പുലർത്താൻ വേണ്ടി മത്സ്യകച്ചവടം ചെയ്യുന്ന, വീട്ടുജോലിക്കുപോകുന്ന, ഹോട്ടലുകളിൽ പാത്രം കഴുകാൻ പോകുന്ന, ടെക്സ്റ്റൈൽ ഷോപ്പുകളുൾപ്പെടെ വിവിധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കാൻ പോകുന്ന സ്ത്രീകൾ ഒരു മാസം ചെലവഴിക്കേണ്ടിവരുന്ന ബസിന്റെ കൂലി ഭക്ഷണ സാധനങ്ങൾക്ക് ഉപയോഗിക്കുന്നുവെന്നതിനേക്കാൾ വലിയ ഒരു പുണ്യം മറ്റെന്താണ്? ഒരുപാട് കുടുംബങ്ങളിലെ പട്ടിണിയും പ്രാരാബ്ധങ്ങളും ഒരു പരിധി വരെയെങ്കിലും ഇല്ലാതാക്കാൻ അവർക്ക് ഒരു ചെറിയ തുക മിച്ചം പിടിക്കാൻ ഇതിലൂടെ സാധിക്കുമെന്നത് അഭിമാനമാണ്. ഞാനൊക്കെ പഠിക്കുന്ന കാലത്ത് ബസ്സ് ചാർജ്ജ് പോലും കൃത്യമായി കൊടുക്കാൻ കഴിയാത്ത എത്രയോ സഹപാഠികൾ ഞങ്ങളോടൊപ്പം യാത്ര ചെയ്തിരുന്നു. മുൻവർഷങ്ങളിലെ എടുത്തുതീരാത്ത നോട്ടുബുക്കുകളിലെ പേജുകൾ ചീന്തിയെടുത്ത് തുന്നിക്കെട്ടി പുതിയ നോട്ടുബുക്കുകളാക്കി ക്ലാസുകളിൽ ഉപയോഗിച്ചിരുന്ന ഒരു കാലം ഞാനുൾപ്പെടെയുള്ള ഒരുപാട് വിദ്യാർത്ഥികൾക്ക് ഉണ്ടായിട്ടുണ്ട്. അക്കാലത്ത് പിന്നോക്ക വിഭാഗത്തിൽപ്പെട്ടിരുന്ന ഞങ്ങൾക്ക് ലഭിച്ചിരുന്ന ഗ്രാന്റുകളായിരുന്നു കുറച്ചെങ്കിലും സഹായം. ഇന്ന് യു.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച ആയിരം രൂപ, പ്രതിമാസം കോളേജ് കുട്ടികൾക്ക് നൽകുന്നതിലൂടെ അവരുടെ പഠനത്തിനുള്ള ചെലവുകൾ സ്വയം വഹിക്കാൻ കഴിയുമെന്നുള്ളത് അഭിനന്ദനാർഹമാണ്. ബസ്സ് ചാർജ്ജ് കൂടി ഒഴിവാക്കപ്പെടുന്നതോടെ പെൺകുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ വാങ്ങാനും അവർ ആഗ്രഹിക്കുന്ന രീതിയിൽ തുക വിനിയോഗിക്കുവാനും കഴിയും. അതിന് ഞാൻ ഈ അവസരത്തിൽ നന്ദി പറയുകയാണ്. കേരളത്തിൽ ഒരു മുൻ മുഖ്യമന്ത്രിയുണ്ട്, അദ്ദേഹത്തിന്റെ വാഹനം കടന്നുവരുമ്പോൾ, പാടത്തും പറമ്പിലും പണിയെടുക്കുന്ന അമ്മമാർപോലും മുഷിഞ്ഞ വസ്ത്രം ധരിച്ച് റോഡിലേക്ക് വന്നു കൈ കാണിച്ചാൽ നിർത്തിയിരുന്ന ഈ നാടിന്റെ അഭിമാനമായിരുന്ന ജനകീയനായ

ഒരു മുഖ്യമന്ത്രി, ഉമ്മൻ ചാണ്ടി എന്ന പുതുപള്ളിയുടെയും ഞങ്ങളുടെയൊക്കെ പ്രിയങ്കരനായ നേതാവ്. അദ്ദേഹത്തിന്റെ പേരിൽ 25 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് അങ്ങേയറ്റം അഭിനന്ദനാർഹമാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തുതന്നെ നടപ്പിലാക്കിയിരുന്ന 'കാരുണ്യ' പദ്ധതി കൃത്യമായ രീതിയിൽ നടക്കാതെ നിലച്ചുപോയത് പലരുടെയും ചികിത്സ മുടങ്ങിപോകാനും പല കുടുംബങ്ങളെയും കടക്കെണിയിലേക്ക് തള്ളിവിടാനും കാരണമായിട്ടുണ്ട്. സാധാരണക്കാരനും ആധുനിക ചികിത്സ എന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ ഈ സർക്കാർ നയപ്രഖ്യാപനത്തിലൂടെ നടത്തിയിരിക്കുന്നു എന്നുള്ളത് അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. കർഷകരെ പാടേ മറന്ന ഒരു സർക്കാരായിരുന്നു കഴിഞ്ഞ പത്തുവർഷക്കാലം കേരളത്തിലുണ്ടായിരുന്നത്. കഴിഞ്ഞ അഞ്ചു വർഷക്കാലം പാലക്കാട് ജില്ലയിലെ കർഷകരടങ്ങുന്ന ചില പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്ന ലോക്സഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച് ഞാൻ പാർലമെന്റ് അംഗമായിരുന്ന സമയങ്ങളിൽ പലപ്പോഴും അന്ന് ഭരിച്ചിരുന്ന സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധികളും അന്നത്തെ എൽ.ഡി.എഫ്.-ന്റെ സഹപ്രവർത്തകരും ജനങ്ങളോട് ചെയ്തിരുന്നത് വലിയ ദ്രോഹമായിരുന്നു. "ഞങ്ങൾ നിങ്ങളുടെ തറ വില കൂട്ടാം" എന്നു പറഞ്ഞ് പാവങ്ങളെ പറ്റിച്ച് ആ നെൽകർഷകരുടെ നെല്ല് മുഴുവൻ വീട്ടിന്റെ മുറ്റത്തും പറമ്പിലും കൂട്ടിയിടുമ്പോൾ മഴ വന്ന് ഒലിച്ചുപോകുമ്പോൾ ഒരു നേരം തിരിഞ്ഞു നോക്കുവാനോ, "ഞങ്ങൾ ഞാറ് നടുമ്പോൾ അറിയില്ലേ ഇത് കൊയ്യാനുള്ളതാണ്" എന്ന് സർക്കാരിനോട് മുഖത്ത് നോക്കി ചോദിച്ച ചോദ്യത്തിന് ഉത്തരം നൽകാത്ത സർക്കാരായിരുന്നു കഴിഞ്ഞ കാലഘട്ടത്തിലുണ്ടായിരുന്നത്. ഈ നയപ്രഖ്യാപനത്തിലൂടെ നെൽക്കർഷകർ ഉൾപ്പെടെ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള കർഷകരെ ചേർത്തുനിർത്തുവാൻ ഈ സർക്കാർ പ്രതിജ്ഞയെടുത്തു കഴിഞ്ഞുവെന്നുള്ളത് വലിയ അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്.

മറ്റൊരു വിഷയം കാർഷിക മേഖലയിൽ റബ്ബർ കർഷകർ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നേരിടുന്ന വന്യജീവികളുടെ ആക്രമണമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിൽ നെന്മാറ ഫോറസ്റ്റ് പരിധിയിൽ, സാധാരണക്കാരിയായ ഒരു സ്ത്രീയെ യാത്രയ്ക്കിടെ പന്നി ഇടിച്ചുവീഴ്ത്തി പരിക്ക് പറ്റി ആശുപത്രിയിലാകുന്ന ഒരു സ്ഥിതിയുണ്ടായി. നെന്മാറ ഫോറസ്റ്റ് ഡിവിഷൻ ഓഫീസിലേക്ക് വിളിച്ച അന്നത്തെ ഒരു ജനപ്രതിനിധിയായിരുന്ന എനിക്ക് അവിടുത്തെ ഉദ്യോഗസ്ഥനിൽനിന്ന് ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു. പരിക്കു പറ്റിയ സ്ത്രീ മാത്രമാണ് നെന്മാറ ഫോറസ്റ്റ് പരിധിയിൽ താമസിക്കുന്നത് എന്നാൽ വന്നിരുന്ന വന്യജീവി പീച്ചി പരിധിയിലെ ആയിരുന്നു എന്നാണ്. ഇത്തരത്തിൽ മറുപടി പറഞ്ഞ ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥസംവിധാനമായിരുന്നു കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായിരുന്നത്. വന്യജീവി ആക്രമണം നേരിടുന്നവരോട് ഇതുപോലെ മുഖം തിരിഞ്ഞുനിന്നിരുന്ന ഒരു സർക്കാർ കഴിഞ്ഞ പത്തുവർഷക്കാലമാണ് കേരളത്തിലുണ്ടായിരുന്നതെന്ന് വലിയ വേദനയോടുകൂടി സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

ആരോഗ്യമേഖലയിൽ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ അനുവദിച്ച പാലക്കാട് മെഡിക്കൽ കോളേജ് ഉൾപ്പെടെ പട്ടികജാതി വിഭാഗങ്ങളുടെ വിഷയങ്ങളിലുൾപ്പെടെ ഒരു രീതിയിലും ശ്രദ്ധ കൊടുക്കാതെ കഴിഞ്ഞ കാലഘട്ടത്തിലെ സർക്കാർ മുന്നോട്ടുപോയി. ഇന്നത്തെ റവന്യൂ വകുപ്പുമന്ത്രിയും അന്നത്തെ പട്ടികജാതി വകുപ്പ് കൈകാര്യം ചെയ്തുതുമായ ശ്രീ. എ. പി. അനിൽ കുമാർ അനുവദിച്ച പാലക്കാട് മെഡിക്കൽ കോളേജിന്റെ അവസ്ഥ വളരെ ശോചനീയമാണ്. ഇന്നും അതിനെ ഒരടി മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞ സർക്കാർ ഒന്നും ചെയ്തില്ല എന്നുള്ളത് വേദനയോടുകൂടി പറയുമ്പോഴും യു.ഡി.എഫ്. സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ആരോഗ്യമേഖലയെ ചേർത്തുനിർത്തിക്കൊണ്ട് ഹർഷിന എന്ന കൊച്ചുസഹോദരിയുടെ വേദന പോലും കേൾക്കുന്ന രീതിയിലേക്കും ഞങ്ങളുടെ പാലക്കാട്ടെ പല്ലശ്ശനയിലെ വിനോദിനി എന്ന കുട്ടിക്ക് കൈ കൊടുക്കുന്ന രീതിയിലേക്കും യു.ഡി.എഫ്. സർക്കാർ വന്നുവെന്ന് വളരെ

അഭിമാനത്തോടുകൂടി പറയാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ പത്തുവർഷക്കാലമായി തകർച്ചയിലേയ്ക്ക് വ്യതിചലിച്ചുപോയ ആരോഗ്യമേഖലയെ തിരിച്ചുപിടിക്കുവാൻ ഈ സർക്കാർ എടുത്തിരിക്കുന്ന നടപടിയെ ഹൃദയം തുറന്ന് അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്.

തീരദേശസംരക്ഷണം സർക്കാരിന്റെ പ്രധാന അജണ്ടയിലുണ്ട് എന്നുള്ളത് ആശ്വാസകരമാണ്. ചിറയിൻകീഴ് പ്രദേശത്തെ മുതലപ്പൊഴി ഈ നിയമസഭയ്ക്കുള്ളിൽ നിരവധി തവണ മുഴങ്ങിക്കേട്ട ഒരു പേരാണ്. ഈ സർക്കാർ സാധാരണക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടെയും കൂടെത്തന്നെയാണെന്നതിന് ഏറ്റവും വലിയ തെളിവാണ് ഈ പ്രഖ്യാപനം. ചരിത്രശേഷിപ്പുകളുടെ സംരക്ഷണം ഇക്കാലത്ത് പ്രത്യേക പരിഗണന നൽകേണ്ട വിഷയമാണെന്ന് ജനകീയ സർക്കാർ തിരിച്ചറിയുന്നു എന്നതിന്റെ തെളിവാണ് ചരിത്രസ്മാരകങ്ങൾ കൃത്യമായി സംരക്ഷിക്കുമെന്ന ഈ നയപ്രഖ്യാപനത്തിലെ ഉറപ്പ്. സ്ത്രീ സൗഹൃദമായിരിക്കുന്ന അന്തരീക്ഷം സമൂഹത്തിൽ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളെയും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ആർത്തവകാലത്ത് സ്ത്രീകൾ/പെൺകുട്ടികൾ അനുഭവിക്കുന്ന മാനസിക സമ്മർദ്ദം പറഞ്ഞറിയിക്കാൻ കഴിയുന്നതല്ല. ശാരീരികമായ പ്രശ്നങ്ങൾ കാരണം എഴുന്നേറ്റുനിൽക്കാൻ പോലും കഴിയാത്ത അവസ്ഥ പലർക്കുമുണ്ട്. ആർത്തവാവധി ഏർപ്പെടുത്താനുള്ള സർക്കാർ നീക്കത്തെ ഞാൻ പിന്തുണയ്ക്കുന്നു. മാത്രമല്ല ആ സമയത്ത് ക്ലാസുകൾ നഷ്ടപ്പെടുന്ന കുട്ടികൾക്ക് 'വീക്ക്‌ലി ക്യാച്ച് അപ് ക്ലാസുകൾ എന്ന ആശയം, വളരെ വ്യക്തതയോടെയാണ് ഇതിനെ സർക്കാർ സംവിധാനം സമീപിക്കുന്നതെന്ന ബോധ്യം സമൂഹത്തിനുണ്ടാക്കും. ഒരു കപ്പലിന്റെ കഥ കൂടി പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. പ്രവാചകൻ മുഹമ്മദ് നബിയുടെ വചനങ്ങളിൽ ഒരു കപ്പലിലെ യാത്രക്കാരെക്കുറിച്ച് പറയുന്നുണ്ട്. പരസ്പരം തിരുത്തുകയും തെറ്റുകൾ ചെയ്യുന്നവരെ തടയുകയും ചെയ്യാത്ത കപ്പൽ മുങ്ങിപ്പോകുമെന്ന് ഓർമ്മിപ്പിക്കുന്നുണ്ട്. അങ്ങനെയുള്ള ഒരു

കപ്പൽ കേരളത്തിലുമുണ്ടായിരുന്നു. തെറ്റുകൾ ചൂണ്ടിക്കാണിക്കാതെയും തിരുത്താതെയും മുങ്ങിപ്പോയ ഒരു കപ്പൽ. ആ കപ്പലിൽ ആളുകൾ പലതരം അതിക്രമങ്ങൾ നടത്തിയപ്പോൾ കപ്പലിനെ രക്ഷിക്കേണ്ടിയിരുന്ന കപ്പിത്താൻ മെഗാ തിരുവാതിര ആസ്വദിക്കുകയായിരുന്നു. കപ്പലിലെ ജനങ്ങൾ കപ്പലിന്റെ കേടുപാടുകൾ സൂചിപ്പിച്ചപ്പോൾ പോലും കടക്ക് പുറത്ത് എന്നും മാറിനിൽക്ക് അങ്ങോട്ട് എന്നും വീട്ടിൽ പോയി ചോദിക്ക് എന്നുമൊക്കെയായിരുന്നു കപ്പിത്താന്റെ മറുപടി. ആ കപ്പൽ ആടിയുലഞ്ഞപ്പോൾ കേടുപാട് തീർക്കുന്നതിനുപകരം കപ്പൽ ജീവനക്കാർ തന്നെ കപ്പൽ നശിപ്പിക്കാൻ ശ്രമം നടത്തിയപ്പോൾ രക്ഷാപ്രവർത്തനം എന്നാണ് കപ്പിത്താൻ അതിനെ പ്രശംസിച്ചത്. അങ്ങനെയുള്ള കപ്പൽ മുങ്ങിയില്ലെങ്കിൽ അത്ഭുതമേയുള്ളൂ. മുങ്ങിയില്ലെങ്കിൽ മലയാളികൾ ആ കപ്പലിനെ മുക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. ഒരു കപ്പിത്താൻ മാത്രം നിയന്ത്രിക്കുന്ന ഒരു കപ്പൽ അല്ല പുതിയ സർക്കാർ. ഇത് 102 ബോഗികളുള്ള ഒരു വിസ്മയ ട്രെയിനാണ്. ഇതിൽ ഗാർഡുമാരുടെയും സ്റ്റേഷൻ മാസ്റ്ററുടെയും ടെക്നീഷ്യന്മാരുടെയും ഉൾപ്പെടെയുള്ളവരുടെ കൂട്ടുത്തരവാദിത്തത്തോടെയാണ് ഈ ട്രെയിൻ ഓടുന്നത്. ഈ ട്രെയിനിലെ യാത്രക്കാർ ജനങ്ങളാണ്. അവരുടെ നിർദേശങ്ങളും ഉപദേശങ്ങളും യാത്രയുടെ സൗകര്യങ്ങൾ കൂട്ടുന്നതിനും പുതിയ റൂട്ടുകൾ അനുവദിക്കുന്നതിനും പരിഗണിക്കും. സിഗ്നലുകൾ കൃത്യമായി പാലിച്ച് കഴിഞ്ഞ കാലത്ത് നശിച്ച പാലങ്ങൾ നന്നാക്കി പരമാവധി വേഗം ആർജ്ജിച്ച് ഈ ട്രെയിൻ കൃത്യസമയത്ത് ഓരോ സ്റ്റേഷനിലും ഓടിയെത്തി ലക്ഷ്യസ്ഥാനത്ത് എത്തുകതന്നെ ചെയ്യും. ഈ ട്രെയിൻ ഈ രാജ്യത്തിന് മാതൃകയായ ഒരു ട്രെയിനായി മാറും. നന്ദിപ്രമേയത്തെ ഒരിക്കൽകൂടി ചിറയിൻകീഴുകാർക്കുവേണ്ടിയും കേരളത്തിനുവേണ്ടിയും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ജനാധിപത്യത്തിന്റെ ഏറ്റവും സുന്ദരമായ നിമിഷത്തിൽ നിന്നുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. സമൂഹത്തിലെ ഏതാനും ചിലർക്കുള്ള ഒരു

സർക്കാരിൽനിന്ന് എല്ലാവർക്കുമായി ഒരു സർക്കാർ ഉണ്ടാകണമെന്ന് ചിന്തിച്ചവർ കൂട്ടായി വോട്ട് ചെയ്തതിന്റെ ഫലമായിട്ടാണ് ഈ സംസ്ഥാനത്ത് ജനാധിപത്യപരമായ ഒരു വിപ്ലവം തന്നെയുണ്ടായത്. അധികാരത്തിലേറിയവർ അഹന്തയുടെ ആൾരൂപമായി മാറിയപ്പോൾ തൊഴിലിനായി അഹോരാത്രം പണിയെടുത്ത ചെറുപ്പക്കാർ പഠിച്ച് പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ വരുമ്പോൾ അവരെ അവഹേളിച്ച് പുറത്താക്കിയതിന് കിട്ടിയ ഒരു ജനവിധിയാണിത്. ആശാവർക്കാർമാരെ അപമാനിച്ച് വെയിലത്ത് നിർത്തിയതിന് ജനം കൊടുത്ത മറുപടിയാണിത്. അധികാരം ആസ്വദിച്ചവർക്ക് മാത്രമല്ല ഈ ജനവിധി പാഠമാകുന്നത്. സാധാരണക്കാരായ മനുഷ്യരുടെ പ്രതീക്ഷയ്ക്കനുസരിച്ച് അവരെ സഹായിക്കാനുള്ള ഒരു സർക്കാരായി മാറാനുള്ള പുതിയ സർക്കാരിന്റെ ഈ പ്രമേയത്തെ ഞാൻ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. നന്ദിപ്രമേയത്തിൽ പറഞ്ഞിരിക്കുന്ന ഒരു വാചകം ഇവിടെ ചിലർ ചൂണ്ടിക്കാണിച്ചതാണ്. അതിൽ മൂന്നാമത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത് ഒറ്റയ്ക്ക് പ്രവർത്തിക്കുന്നതിനെക്കാൾ ഒരുമിച്ച് പ്രവർത്തിക്കുന്നതാണ് നല്ലത്, പൊതുനന്മയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കുന്നതാണ് ഏറ്റവും നല്ലത്, എന്ന ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളിൽനിന്ന് പ്രചോദനമുൾക്കൊണ്ട് ഐക്യത്തിന്റെയും സഹകരണത്തിന്റെയും സമ്പന്നസമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കിടയിലും ഊട്ടിയുറപ്പിച്ചുകൊണ്ട് എന്റെ സർക്കാർ അതിന്റെ യാത്ര ആരംഭിക്കുകയാണ് എന്നാണ് പറഞ്ഞിരുന്നത്. ഞങ്ങളുടെ കൂട്ടുത്തരവാദിത്തം ഇല്ലായ്മയെക്കുറിച്ചൊക്കെ ചൂണ്ടിക്കാണിച്ചു. ഇക്കഴിഞ്ഞ പത്തുവർഷവും ഞാനും എന്റെ ആളുകളും മാത്രമേയുണ്ടായിരുന്നുള്ളൂ. ഇവിടെ ഒരു ഏകാധിപതിയെപ്പോലെ മുന്നോട്ടുപോയതിന് കിട്ടിയ തിരിച്ചടിയാണ് ഈ തിരഞ്ഞെടുപ്പിലുണ്ടായത്. ഏതു കൊടുങ്കാറ്റു വന്നാലും പ്രളയം വന്നാലും ഞങ്ങൾ ഇവിടെ വിജയിക്കും, ക്യാപ്റ്റൻ 3.0 എന്നൊക്കെ പറഞ്ഞുകൊണ്ട് നടത്തിയ പ്രചാരണങ്ങൾക്ക് ജനങ്ങളുടെ പിന്തുണയില്ലായിരുന്നു എന്ന് ബോധ്യപ്പെടുത്തുന്ന ഒരു റിസൽട്ട് ആയിരുന്നു കഴിഞ്ഞ തിരഞ്ഞെടുപ്പിലുണ്ടായത്.ഇവിടെ

അവഗണിക്കപ്പെട്ടവർ എല്ലാ മേഖലയിലുമുള്ളവരുമുണ്ട്. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ പാചകത്തൊഴിലാളികൾ, നിരാശ്രയരായ രോഗികൾ, കർഷകത്തൊഴിലാളികൾ തുടങ്ങിയവർക്കൊന്നും സർക്കാരിൽനിന്ന് വേണ്ടത്ര കരുതൽ ലഭിച്ചില്ലെന്ന് ബോധ്യപ്പെടുത്തുന്നതാണ് ഈ തിരഞ്ഞെടുപ്പിന്റെ റിസൽട്ട്. അപ്പോഴും മുൻമന്ത്രി പറയുന്നത് 6000 കോടി രൂപ ബാക്കിയുണ്ട് എന്നാണ്. നെല്ല് സംഭരിച്ചതിന്റെ തുക പോലും കർഷകർക്ക് കൊടുക്കാൻ കഴിയാത്ത ഒരു സർക്കാരായിരുന്നു നമ്മുടേത്.

സർ, ശ്രീ. എ. കെ. ആന്റണിയുടെ ഭരണകാലഘട്ടത്തെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം വസ്തുതാപരമായി പറഞ്ഞ ചില കാര്യങ്ങൾക്ക് ആനുകൂല്യങ്ങൾ പിടിച്ചുവാങ്ങിയെന്ന് നിങ്ങൾ അന്നുമുതൽ അദ്ദേഹത്തിനെതിരെ സ്റ്റേറ്റ്മെന്റ്സുമായി നടക്കുകയാണ്. 2001-ൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭാ അധികാരത്തിൽ വന്നപ്പോൾ, കോഫി ഹൗസിൽനിന്ന് ഒരു കോഫിപോലും മന്ത്രിസഭാ യോഗത്തിൽ നൽകുമായിരുന്നില്ല. മന്ത്രിമാർക്ക് ഡൽഹിയിൽ പോകാനുള്ള ടിക്കറ്റ് കൊടുക്കുകയില്ലായിരുന്നുവെന്നുള്ള കാര്യം അങ്ങേയ്ക്ക് നേരിട്ട് അറിയാവുന്നതല്ലേ; അങ്ങനെയുണ്ടായിരുന്ന സ്ഥാനത്ത്, അവിടെ മുണ്ട് മുറുക്കി ഉടുക്കണമെന്ന് പറഞ്ഞത് ഈ സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തികൊണ്ടുവരികയും അദ്ദേഹം രാജിവയ്ക്കുന്നതിന് തൊട്ടുമുമ്പുള്ള ക്യാബിനറ്റിൽ ഏതൊക്കെ ആനുകൂല്യങ്ങളാണോ ജീവനക്കാരിൽനിന്ന് പിടിച്ചുവച്ചത് അതെല്ലാം അതുപോലെ തിരിച്ചുകൊടുക്കുകയും അതിനുമുമ്പുണ്ടായിരുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ഡി.എ. കുടിശ്ശിക ഉൾപ്പെടെ നൽകിക്കൊണ്ടാണ് ശ്രീ. എ. കെ. ആന്റണി മന്ത്രിസഭ രാജിവച്ചത്. ഈ വസ്തുത അറിയാതെ ഇത്തരത്തിൽ പോകുന്ന നിങ്ങൾ ചരിത്രത്തോട് നീതികേട് കാണിക്കുന്നുവെന്ന് മാത്രമെ സൂചിപ്പിക്കാനുള്ളൂ. ഇന്ദിരാ ഗ്യാരന്റിയെക്കുറിച്ച് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. സമസ്ത മേഖലയെയും ബാധിക്കത്തക്കരീതിയിൽ ഇന്ദിരാ ഗ്യാരന്റി പ്രഖ്യാപിക്കുമ്പോൾ, ഇവിടത്തെ വനിതകൾക്ക് സൗജന്യ യാത്ര വേണ്ടന്നാണോ മുൻ ധനകാര്യ മന്ത്രിയുടെ അഭിപ്രായം.

എങ്കിൽ അത് പറയണം. കോളേജിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രതിമാസം ആയിരം രൂപ നൽകുമെന്ന് പറയുമ്പോഴും ക്ഷേമ പെൻഷൻ വർധിപ്പിക്കുമ്പോഴും ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമായി ഇരുപത്തിയഞ്ച് ലക്ഷം രൂപ നീക്കിവയ്ക്കുമ്പോഴും അത് വേണ്ടെന്നുള്ളതാണോ ഇടതുപക്ഷത്തിന്റെ അഭിപ്രായം. കൂടാതെ, വയോജനങ്ങൾക്ക് പ്രത്യേകമായ വകുപ്പ് രൂപീകരിക്കുമ്പോൾ അത് തെറ്റാണെങ്കിൽ അക്കാര്യവും ഇടതുപക്ഷം പറയട്ടെ; ഞങ്ങളെ സംബന്ധിച്ച് ധാരാളം ഡീലുണ്ടെന്നാണ് ഇവിടെ പറയുന്നത്. അങ്ങനെയാണെങ്കിൽ ഇതുസംബന്ധിച്ച കണക്കുകൾ വച്ച് നമുക്ക് സംസാരിക്കാം. ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം തമ്മിൽ ഡീലുണ്ടായിരുന്നുവെന്നാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചത്. ഇക്കാര്യം സൂചിപ്പിച്ച അംഗത്തിന്റെയും എന്റെയും നിയോജകമണ്ഡലമാണ് ചാത്തന്നൂർ. ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ബി.ജെ.പി. വിജയിച്ചു. ബി.ജെ.പി.-ക്ക് അവിടെ എട്ട് ശതമാനത്തോളം വോട്ട് ലഭിക്കുകയും യു.ഡി.എഫ്.-ന് ഒന്നേകാൽ ശതമാനം വോട്ട് വർധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എട്ട് ശതമാനത്തോളം വോട്ട് കുറഞ്ഞത് എൽ.ഡി.എഫ്.-നാണ്. കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ബി.ജെ.പി.-ക്ക് ആറര ശതമാനം വോട്ടും യു.ഡി.എഫ്.-ന് നാലര ശതമാനം വോട്ടും വർധിച്ചിട്ടുണ്ട്. പത്ത് ശതമാനം വോട്ട് കുറഞ്ഞത് എൽ.ഡി.എഫ്.-നാണ്. അപ്പോൾ എങ്ങനെയാണ് ഡീലാകുന്നത്; ആരൊക്കെ തമ്മിലുള്ള ഡീലാണിത്? കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ യു.ഡി.എഫ്.-ന് മൂന്നര ശതമാനം വോട്ട് വർധിക്കുകയും എൽ.ഡി.എഫ്-ന് മൂന്ന് ശതമാനം വോട്ട് കുറയുകയും ചെയ്തിട്ടുണ്ട്. ഇതെന്ത് ഡീലാണ്; ഇതിനെ ഡീലെന്ന് പറയുമോ? ധർമ്മടം നിയോജകമണ്ഡലത്തിൽ യു.ഡി.എഫ്.-ന് പത്ത് ശതമാനം വോട്ട് വർധിക്കുകയും എൽ.ഡി.എഫ്.-ന് പത്ത് ശതമാനം വോട്ട് കുറയുകയുമാണ് ചെയ്തിട്ടുള്ളത്. പിന്നെയെങ്ങനെയാണ് ഇതിനെയൊക്കെ ഡീൽ എന്ന് പറയാൻ കഴിയുന്നത്. ഇത്തരത്തിൽ വസ്തുതയ്ക്ക് നിരക്കാത്ത ചില കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് നിങ്ങൾ മുന്നോട്ടുപോകുന്നത്. കേരളത്തിൽ കഴിഞ്ഞ പത്തുവർഷം ഒന്നു നടന്നില്ലെന്ന് ആർക്ക്

പറയാൻ കഴിയുമെന്നായിരുന്നു അടുത്ത ചോദ്യം. കേരളത്തിൽ കഴിഞ്ഞ പത്ത് വർഷം എല്ലാം നടന്നിട്ടുണ്ടെങ്കിൽ നിങ്ങൾ നൂറിൽനിന്ന് മുപ്പത്തിയഞ്ചിലേക്ക് എങ്ങനെ എത്തിയെന്ന് ചിന്തിക്കേണ്ടതല്ലേ; ജനങ്ങൾ നിരാകരിച്ചതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ എത്തിയതെന്ന് നിങ്ങൾക്ക് ബോധ്യപ്പെടേണ്ടേ; അവിടെയാണ് പ്രശ്നം. ഇവിടെ യഥാർത്ഥ്യബോധമില്ലാതെ മുന്നോട്ടുപോകുമ്പോൾ, എല്ലാ കാര്യങ്ങളും ഭരണാധികാരിയുടെ ഇഷ്ടം പോലെ നടക്കണം., അദ്ദേഹത്തിന്റെ ഇഷ്ടമായിരിക്കണം, ഈ സമൂഹത്തിന്റെ ഇഷ്ടമെന്ന് ചിന്തിച്ചാൽ അതിനെ ഏകാധിപതി, ഫാസിസം എന്നിങ്ങനെയെ വിളിക്കാനേ കഴിയുകയുള്ളൂ. കഴിഞ്ഞ പത്ത് വർഷം ഏറ്റവും കൂടുതൽ നമ്മൾ കേട്ടിട്ടുള്ള ഒരു വാചകം ഈ നാടാകെ ആഗ്രഹിക്കുന്നതുപോലെ..... എന്നാണ്. ഈ നാടാകെ ആഗ്രഹിക്കുന്നതെന്താണെന്ന് അറിയാനുള്ള ഒരു പരിശ്രമംപോലും നിങ്ങളുടെ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ല എന്നതിന്റെ പ്രതിഫലനമാണ് ഈ തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം. കലാപത്തിന് ആഹ്വാനം ചെയ്ത് വിദ്വേഷം കുത്തിവച്ച് ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനല്ല ഈ പുതിയ സർക്കാർ ശ്രമിക്കുന്നത്. രാജപാതയിലൂടെ ഉടയതമ്പുരാൻ പറന്ന് പോകുമ്പോൾ വഴിയരികിൽനിന്ന് ഒരുവൻ മറുവാക്ക് പറഞ്ഞപ്പോൾ അവന്റെ തലനോക്കി അടിച്ചുവീഴ്ത്തുന്ന യമകിങ്കരന്മാരെ വളർത്തുന്നവരല്ല ഈ സർക്കാർ. സമസ്ത മേഖലയിലെ ജനങ്ങളെയും ചേർത്ത് നിർത്തികൊണ്ട് അവരുടെ ക്ഷേമ-ഐശ്വര്യങ്ങൾ പുന:സ്ഥാപിച്ച് നൽകുന്നതിനാണ് ഈ സർക്കാർ രൂപീകൃതമായിട്ടുള്ളത്. അതിനാണ് സംസ്ഥാനത്തെ ജനങ്ങൾ യു.ഡി.എഫ്. സർക്കാരിന് വോട്ട് ചെയ്തിട്ടുള്ളതും. അതുകൊണ്ട് നിങ്ങൾ വസ്തുത മനസ്സിലാക്കണം. ശ്രീ. ജി. സുധാകരനെപോലെ മുതിർന്ന കമ്മ്യൂണിസ്റ്റുകൾ പറഞ്ഞ വാചകങ്ങൾ വെള്ളിടിപോലെ സി.പി.ഐ.(എം.) നേതാക്കൻമാരുടെ നെഞ്ചിൽ തറയ്ക്കുമെന്നാണ് എന്റെ വിശ്വാസം. യഥാർത്ഥ്യബോധത്തോടുകൂടി നിങ്ങൾ മുന്നോട്ടുപോയില്ലെങ്കിൽ, ഇതിലും ഭീകരമായിരിക്കും നിങ്ങൾക്കുണ്ടാകുന്ന അവസ്ഥ എന്ന കാര്യത്തിൽ യാതൊരു തർക്കവും വേണ്ട. എല്ലാ അർത്ഥത്തിലും ഈ നയപ്രഖ്യാപന

പ്രസംഗത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ സമാരംഭംകുറിച്ചുകൊണ്ട് കേരളത്തിലെ ജനപ്രതിനിധികളുടെ മഹനീയമായ ഈ സഭയെ അഭിസംബോധന ചെയ്ത് സംസാരിച്ച ബഹുമാനപ്പെട്ട കേരള ഗവർണറുടെ നയപ്രഖ്യാപനത്തെ ഞാൻ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. നമ്മുടെ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും ഈ പ്രതികൂല കാലാവാസ്ഥയെ തരണം ചെയ്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുമെന്നുള്ളതാണ് ഈ നയപ്രഖ്യാപനത്തിന്റെ ആകെ ഉള്ളടക്കം. സ്ത്രീസുരക്ഷ ഉറപ്പാക്കുകയും സ്ത്രീപക്ഷനിലപാടുകൾ പിന്തുടരുകയും ചെയ്യുന്ന ഈ നയപ്രഖ്യാപനത്തെ അനുകൂലിക്കാതിരിക്കാൻ പ്രതിപക്ഷത്തിനുപോലും സാധിക്കുമെന്ന് ഞാൻ വിശ്വാസിക്കുന്നില്ല. ഇന്ദിരാ ഗ്യാരന്റികൾ സാമ്പത്തിക പ്രതിസന്ധിയുടെ ഈ കാലഘട്ടത്തിലും നടപ്പാക്കുമെന്ന നയപ്രഖ്യാപനത്തിലൂടെ സമൂഹത്തിന് ഉറപ്പുനൽകിയ സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. കേരള തീരദേശത്തെയും നദികളെയും തടാകങ്ങളെയും രാജ്യാന്തര വിമാനത്താവളങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് സംയോജിത വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദേശം കേരളത്തിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയ്ക്ക് ആക്കംകൂട്ടും എന്ന കാര്യത്തിൽ സംശയമില്ല. പ്രാദേശിക ഉപജീവനമാർഗങ്ങൾ പ്രോത്സാഹിപ്പിക്കുംവിധം വിനോദസഞ്ചാരകേന്ദ്രങ്ങളെയും പ്രധാന ആരാധനാലയങ്ങളെയും ഉൾപ്പെടുത്തി പിൽഗ്രിം ടൂറിസം സർക്യൂട്ട് ആരംഭിക്കും എന്ന പ്രഖ്യാപനം ഗ്രാമീണ മേഖലയിൽ ആയിരങ്ങൾക്ക് തൊഴിൽ നൽകുന്ന കാര്യം ഉറപ്പാണ്. ഇത് കേരളത്തിലെ ഗ്രാമീണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ തുറന്നുകൊടുക്കും. വയോജനങ്ങൾക്കുവേണ്ടി പ്രത്യേക വകുപ്പ് തന്നെ രൂപീകരിച്ചുകൊണ്ട് സർക്കാർ മുതിർന്ന പൗരന്മാർക്ക് ഏറ്റവും അനുകരണീയമായ നയമാണ് സ്വീകരിക്കുന്നത്. മുൻ യു.ഡി.എഫ്.

സർക്കാർ നടപ്പാക്കിയ "വയോമിത്രം പദ്ധതി" എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുമെന്നത് സ്വാഗതാർഹമായ കാര്യമാണ്. കേരളത്തിന്റെ പ്രധാന കാർഷിക വിളകളായ നെല്ല്, റബ്ബർ, നാണ്യവിളകൾ ഉൾപ്പെടെയുള്ളവ വർഷന്തോറും കുറഞ്ഞുവരികയാണ്. തൊഴിലാളികളുടെ ക്ഷാമവും വളങ്ങളുടെ ദൗർലഭ്യവും ഉൽപന്നങ്ങൾ ന്യായവില നൽകി യഥാസമയം സംഭരിക്കാത്തതും കഴിഞ്ഞ കാലങ്ങളിൽ കൃഷിക്കാരുടെ ജീവിതം ദുരിതമാക്കി. ഇതിനുപുറമെയാണ് വന്യമൃഗാക്രമണ ഭീഷണി. കാർഷിക മേഖലയിൽ കർഷകന് രക്ഷപ്പെടണമെങ്കിൽ കാർഷിക വിളകൾ കേടുപാടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള കോൾഡ് സ്റ്റോറേജുകളും ഫുഡ്പാർക്കുകളും ആരംഭിക്കാൻ സാധിക്കണം. മാത്രമല്ല, ഇത്തരത്തിൽ ശേഖരിക്കുന്ന കാർഷികോൽപന്നങ്ങളിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കാൻ ഇതിലൂടെ സാധിക്കുന്നതാണ്. ഭൂമി സംബന്ധമായ എല്ലാ നിയമങ്ങളും പുന:പരിശോധിക്കുന്നതിന് കമ്മീഷനെ നിയമിക്കാനുള്ള നടപടിയും കൃഷിഭൂമിയും വനഭൂമിയും തമ്മിലുള്ള അതിർത്തി കൃത്യമായി നിർണ്ണയിക്കാനുള്ള തീരുമാനവും കേരളത്തിലെ കർഷകരോടുള്ള യു.ഡി.എഫ്. സർക്കാരിന്റെ പ്രതിബദ്ധത തന്നെയാണ് സൂചിപ്പിക്കുന്നത്. തണ്ണീർത്തട സംരക്ഷണ നിയമവും ഭൂപരിഷ്കരണ നിയമവും കാലോചിതമായി പരിഷ്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേരളത്തിൽനിന്നും തൊഴിലും വിദ്യാഭ്യാസവും തേടി യുവജനങ്ങൾ വിദേശങ്ങളിലേക്ക് കൂട്ടപലായനം ചെയ്യുകയാണ്. വിദ്യാർഥികളെയും വ്യവസായ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന അപ്രന്റീസ്ഷിപ്പ് എക്സ്ചെയ്ഞ്ച് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുള്ള നീക്കം തൊഴിൽരഹിതരായ അനേകായിരം യുവജനങ്ങൾക്ക് ആശ്വാസമാകുമെന്ന കാര്യം ഉറപ്പാണ്. കേരളത്തിന് അഭിമാനകരമായിരുന്ന എല്ലാ മേഖലകളെയും താറുമാറാക്കി കേന്ദ്ര വിരുദ്ധത മുഖമുദ്രയാക്കി കടമെടുത്തും ധൂർത്തടിച്ചും സംസ്ഥാനത്തെ ഒരു ദശാബ്ദം പുറകോട്ടടിച്ച മുൻസർക്കാരിന്റെ കെടുകാര്യസ്ഥതയിൽനിന്നും കേരളത്തെ പുതിയയുഗത്തിലേക്ക് നയിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് മുന്നോട്ടുപോകുന്ന യു.ഡി.എഫ്. സർക്കാരിന്റെ

ആദ്യ നയപ്രഖ്യാപനം തന്നെ സമസ്തവിഭാഗം ജനങ്ങൾക്കും ആശ്വാസകരമാണ്. ഈ സർക്കാർ പുതിയൊരു സ്പോർട്ട്സ് സംസ്കാരം ഉറപ്പുവരുത്തുമെന്നാണ് നയപ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. മുൻ കായിക താരം കൂടിയായ എനിക്ക് അക്കാര്യത്തിൽ ഒരു അഭിപ്രായമുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്പോർട്സ് അക്കാദമി കൊണ്ടുവന്നാൽ വിഷൻ 2036-ലെ ഒളിമ്പിക്സിൽ മെഡൽ നേടാൻ കഴിയുന്ന കായിക താരങ്ങളെ വാർത്തെടുക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ശക്തമായ ജനക്ഷേമ നടപടികളുമായി മുന്നേറുന്ന സർക്കാർ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലെയും ഉന്നതി ലക്ഷ്യമിട്ടുകൊണ്ട് അവതരിപ്പിച്ച ഈ നയപ്രഖ്യാപനത്തെ ഞാൻ ഏറ്റവും ശക്തമായി പിന്താങ്ങുകയും അനുകൂലിക്കുകയും ചെയ്യുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വലിയ തോതിൽ പരിഹസിച്ചും ആക്ഷേപിച്ചും ഒട്ടേറെ കാര്യങ്ങൾ ബഹുമാന്യരായ പുതിയ അംഗങ്ങൾ ഉൾപ്പെടെ ഇവിടെ പറയുകയുണ്ടായി. ഈ തിരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് പരാജയം സംഭവിച്ചു. എൽ.ഡി.എഫ്. നേതാക്കന്മാർ ആ ജനവിധി അംഗീകരിക്കുകയും പരാജയത്തിനിടയാക്കിയ കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും മികച്ച വിജയം നേടിയ യു.ഡി.എഫ്.-നെ അഭിനന്ദിക്കുകയും കേരളത്തിന്റെ പൊതുവളർച്ചയ്ക്കും വികസനത്തിനും സഹായകരമായ ക്രിയാത്മക പ്രതിപക്ഷമായി തുടരുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കളിയാക്കുന്നവർ ആലോചിക്കേണ്ട ഒരു കാര്യമുണ്ട്, കേരള ജനത ലീഡർ എന്നുവിളിച്ചിരുന്ന കെ. കരുണാകരന് 9

നിയമസഭാംഗങ്ങളുമായി 1967-ൽ കേരള നിയമസഭയിലിരിക്കേണ്ട അനുഭവമുണ്ടായിട്ടുണ്ട്. കേരളത്തിന്റെ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഇരു മുന്നണിക്കും വലിയ ജയങ്ങളും അതുപോലെതന്നെ പരാജയങ്ങളും ഉണ്ടായിട്ടുണ്ട്. ഈ പരാജയത്തോടെ കേരളത്തിൽ ഇടതുപക്ഷം ഇല്ലാതാകുമെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ അത് വെറും വ്യാമോഹമാണ്;

അതിശക്തിയോടുകൂടി ഇടതുപക്ഷം കേരളത്തിന്റെ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ ഭാഗമായി ഉയർന്നുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ നയപ്രഖ്യാപനം കേരളം അഭിമുഖീകരിക്കുന്ന ആധുനിക വികസന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ പര്യാപ്തമായ ഒന്നല്ലെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. കേരളം ഒട്ടേറെ വികസന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. അതിൽ വിഭവങ്ങളുടെയും വരുമാനത്തിന്റെയും അപര്യാപ്തതയാണ് നാം നേരിടുന്ന പ്രധാന പ്രതിസന്ധി. യു.ഡി.എഫ്. ഇപ്പോൾ അധികാരത്തിൽ വന്നു. ഈ നയപ്രഖ്യാപനത്തിന്റെ ഭാഗമായി ഞങ്ങളെ ആശങ്കപ്പെടുത്തുന്ന ഒരു കാര്യം, ഇന്ന് ഇന്ത്യ ഭരിക്കുന്ന സംഘപരിവാർ മുന്നോട്ടുവയ്ക്കുന്ന ഫിസിക്കൽ ഫെഡറലിസത്തിനും രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങൾക്കും വിരുധമായ നിലപാടുകളെ ശക്തമായി എതിർക്കാൻ തയ്യാറാകുന്നില്ലായെന്നതാണ്. ഞങ്ങൾ കഴിഞ്ഞ തവണയും പറഞ്ഞതാണ്, ഞങ്ങളല്ല പ്രശ്നം; സി.പി.ഐ (എം)-ന്റെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റ് ഭരിക്കുന്നതുകൊണ്ട് മാത്രമല്ല കേന്ദ്ര സർക്കാർ അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത്. ഇന്ത്യയിലെ ബി.ജെ.പി. ഇതര ഗവൺമെന്റുകളോട് ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി. സർക്കാർ സ്വീകരിക്കുന്ന ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ നിലപാടുകളുണ്ട്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കാത്ത സാഹചര്യമുണ്ട്. ജി.എസ്.ടി. വിഹിതവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിക്കേണ്ട തുക സംബന്ധിച്ച് പുന:പരിശോധിക്കേണ്ടതാണ്.

ഇപ്പോൾ നീറ്റ് എക്സാം കഴിഞ്ഞു. മുൻകാലങ്ങളിൽ സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരുന്ന പരീക്ഷയാണ് സെൻട്രലൈസ്ഡ് ചെയ്തത്. നീറ്റ് എക്സാമിന്റെ ഭാഗമായി കടുത്ത ആക്ഷേപമാണ് ഇപ്പോൾ ഉയർന്നുവരുന്നത്. കേന്ദ്രീകൃതവും ഏകാധിപത്യത്തിൽ ഊന്നിയതുമായ സംഘപരിവാർ അജണ്ട ഈ രാജ്യത്തെ തകർക്കുമെന്ന കാര്യത്തിൽ ആർക്കാണ് തർക്കമുള്ളത്. സംഘപരിവാരിന് മുന്നിൽ വിധേയരായി നിൽക്കാൻ ഞങ്ങൾ തയ്യാറായിട്ടില്ല. അതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചു. മുൻ മുഖ്യമന്ത്രിയെ

ഇവിടെ പരിഹസിക്കുകയുണ്ടായി. തകർന്നുപോയ കപ്പലും ആ കപ്പലിനിയുണ്ടാകാൻ പോകുന്നില്ലെന്നുമുള്ള തരത്തിൽ ഇവിടെ പറയുകയുണ്ടായി. ഞങ്ങളുടെ പ്രതിപക്ഷ നേതാവ് മുൻ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ സംഘ് പരിവാരിന്റെ ആക്രോശങ്ങൾക്ക് മുന്നിൽ ഒരു തവണ പോലും വഴങ്ങിനിന്ന ആളല്ലെന്നത് കേരള രാഷ്ട്രീയത്തിന്റെ ഏറ്റവും അഭിമാനകരമായ കാര്യമാണ്. ഞങ്ങൾക്കുള്ള പോരായ്മകൾ പരിശോധിക്കുകയും അവയൊക്കെ തിരുത്തുകയും ചെയ്യും. നയപ്രഖ്യാപനത്തിന്റെ ഭാഗമായുള്ള ചർച്ചയിൽ മുൻ ആരോഗ്യവകുപ്പുമന്ത്രിക്കും വനം വകുപ്പുമന്ത്രിക്കുമെതിരെ പല തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചു. വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ സഞ്ചരിച്ച വാഹനം വാഴച്ചാലിനടുത്ത് വച്ച് ആന തടഞ്ഞതിനെ ഞങ്ങൾ പരിഹസിക്കുകയൊന്നും ചെയ്തില്ല. ആന തടഞ്ഞതെന്ന് തന്നെയാണ് പറഞ്ഞത്. ആ പ്രശ്നത്തിന്റെയൊക്കെ അർഥം എന്താണ്? ബഹുമാനപ്പെട്ട കെ. മുരളീധരൻ ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പ് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് വിഷയങ്ങൾ ഉയർന്നുവന്നെങ്കിലും ഞങ്ങൾ അതൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. അത് ആരോഗ്യ വകുപ്പുമന്ത്രിയുടെ പിഴവാണോ. സംസ്ഥാനത്തെ ആരോഗ്യ മേഖല അനുഭവിക്കുന്ന പ്രശ്നങ്ങളുടെ യഥാർഥ വസ്തുത കാണാതെ അതൊക്കെ പെരുപ്പിച്ചുകാട്ടി വലിയ നിലയിൽ ഒരു ആന്റി ലെഫ്റ്റ് സമീപനം സ്വീകരിക്കുകയും വ്യക്തിപരമായി കേന്ദ്രീകരിച്ച് ഈ സംസ്ഥാനത്ത് പ്രചണ്ഡമായ പ്രചരണം സൃഷ്ടിക്കുകയും ചെയ്തു. ഞങ്ങൾ അതൊന്നും ഇപ്പോഴും മോശമായി പറയുന്നില്ല. ഒരു ഗവൺമെന്റ് അധികാരത്തിൽവരികയും ആ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയുമാണ്. അങ്ങനെയൊരു സന്ദർഭത്തിൽ ഉയർന്നുവരുന്ന വിഷയങ്ങളെ ആകെ മോശമാക്കി ചിത്രീകരിച്ച് അതിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുമന്ത്രിയെ തേജോവധം ചെയ്യാനൊന്നും ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. പക്ഷേ ഈ ഒന്നോ രണ്ടോ മാസം കൊണ്ട് ഇങ്ങനെയുമൊക്കെ സംഭവിച്ചല്ലോ; ഈ സർക്കാരിന്റെ വികസന പ്രശ്നങ്ങളോടുള്ള സമീപനം തുടക്കത്തിൽ

നിരാശയുണ്ടാക്കുന്നതാണ്. യു.ഡി.എഫിന് 102 സീറ്റുകൾ ലഭിച്ചിട്ടും നിങ്ങൾ കാണിച്ചത് എന്താണ്? രാഷ്ട്രീയമായി ഒരു അനിശ്ചിതത്വം ഉണ്ടായില്ലേ; അതിനെക്കുറിച്ച് നേരത്തെ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ സൂചിപ്പിച്ചല്ലോ; ദൈവതുല്യനാണെന്ന് നിങ്ങൾ തന്നെ ഈ സഭയിൽ വിളിച്ചുപറയുന്ന ഉമ്മൻ ചാണ്ടിയുടെ ഫ്ലക്സ് വലിച്ചുകീറി റോഡിലിട്ട് ചവിട്ടുന്ന നിലയുണ്ടാക്കിയത് ഞങ്ങളാണോ; ആര് മുഖ്യമന്ത്രിയാകണമെന്നതൊക്കെ നിങ്ങളുടെ രാഷ്ട്രീയ തീരുമാനമാണ്, ഞങ്ങൾക്ക് അക്കാര്യത്തിലൊന്നും പറയാനില്ല. ജനങ്ങൾ 102 സീറ്റ് നിങ്ങൾക്ക് തന്നപ്പോൾ എത്ര കടുത്ത ഏറ്റുമുട്ടലാണ് നിങ്ങൾക്കിടയിലുണ്ടായത്. നിങ്ങളുടെ പ്രഖ്യാപനങ്ങൾ നിരാശാജനകമായിപ്പോയി. എൽ.ഡി.എഫ്. കൊണ്ടുവന്നതിനെയെല്ലാം എതിർക്കുകയെന്നതാണോ നിങ്ങളുടെ വികസന നയം? ബഹുമാനപ്പെട്ട മുൻമന്ത്രി ജി. സുധാകരൻ അതിവേഗ റെയിലിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ആധുനിക വികസനത്തിന് അതിവേഗ റെയിൽ ഏറ്റവും അനിവാര്യമാണെന്ന് തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഇന്നത്തെ കേരളം അഭിമുഖീകരിക്കുന്ന വികസനപ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണത്. ബഹു. ഗതാഗതവകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. ഒരു ആർ.ടി. ഓഫീസിൽനിന്നും ഒരു വർഷം ഏറ്റവും ചുരുങ്ങിയത് 25000 വാഹനങ്ങൾ പുറത്തിറങ്ങുന്നുണ്ട്. കേരളത്തിൽ എത്ര ആർ.ടി. ഓഫീസുകളാണുള്ളത്; ഏത് നഗരത്തിലാണ് ഗതാഗതക്കുരുക്കില്ലാത്തത്. Genzy-ൽ നിന്ന് Gen Alpha-യും കടന്ന് ഇപ്പോൾ Gen beta-ൽ എത്തിനിൽക്കുന്ന പുതുതലമുറയുടെ അഭിപ്രായമെന്താണ്; അവരെടുക്കുന്ന സമീപനമെന്താണ്? ഇന്ന് കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളും റോഡുകളും പാലങ്ങളും സ്കൂളുകളൊക്കെ ഉണ്ടായത് ആരൊക്കെയോ സൗജന്യമായി വിട്ടുകൊടുത്ത സ്ഥലത്ത് ആയിരുന്നില്ലേ; സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലം തൊടാൻ പറ്റില്ലെന്ന യു.ഡി.എഫ്. നിലപാട് ഞങ്ങൾ സ്വീകരിച്ചാലോ; ഞങ്ങൾ ആ നിലപാടിലേക്ക് പോയാലോ; കേരളത്തിലെ ആധുനിക വികസനത്തിന്റെ കുറ്റിപറിക്കലായി ആ തീരുമാനം മാറാതിരിക്കണമെന്ന അഭ്യർത്ഥനയാണ് ഞങ്ങൾക്കുള്ളത്. അഞ്ചോ പത്തോ

വർഷം അപ്പുറത്തേക്ക് ചിന്തിച്ച് നോക്കിയാൽ ഇത് വളരെ ഗൗരവമേറിയൊരു പ്രശ്നമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. വികസന പ്രശ്നങ്ങളോട് കക്ഷി രാഷ്ട്രീയത്തിനതീതമായി ആ അർത്ഥത്തിൽ കാര്യങ്ങളെ കണ്ടുപോയാൽ ഉണ്ടാകുന്ന അപകടം അതീവ ഗുരുതരമായിരിക്കുമെന്ന് പുതിയ ഗവൺമെന്റ് മനസ്സിലാക്കേണ്ടതാണ്. ഈ കേരളത്തിൽ ഞങ്ങൾ എന്നുമുണ്ടാകും. വികസനവിരോധമാണ് തിരഞ്ഞെടുപ്പ് പരാജയത്തിന് കാരണമെന്ന് ഞങ്ങൾ കരുതുന്നില്ല. കഴിഞ്ഞ പത്ത് വർഷക്കാലം കേരളത്തിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങളോട് ജനങ്ങൾ യാതൊരു എതിർപ്പും പ്രകടിപ്പിച്ചിട്ടില്ല. അവരുടെ പൂർണ്ണ പിന്തുണയോടുകൂടിയാണ് ആധുനിക കേരളത്തിന് സഹായകരമായ വികസന കാഴ്ചപ്പാടുകളായ ലൈഫ് ഭവന പദ്ധതിയും നാഷണൽ ഹൈവേ വികസനവുമൊക്കെ ഞങ്ങൾ മുന്നോട്ടുവച്ചത്. ആ വികസന കാഴ്ചപ്പാടിന്റെ സംരക്ഷകരായി ഏത് പരാജയത്തെയും അതിജീവിച്ച് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയം തലയുയർത്തി മുന്നോട്ടുവരുമെന്നും ഒരു കാവലാളായി ഞങ്ങൾ ഈ കേരളത്തിലുണ്ടാകുമെന്നും സൂചിപ്പിച്ചുകൊണ്ടും ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ എതിർത്തുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. കെ. ഫിറോസ്: സർ, ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ പിന്തുണയ്ക്കുകയാണ്. ഭാവനാ സമ്പന്നമായൊരു നയപ്രഖ്യാപനത്തെ അനുകൂലിച്ചുകൊണ്ട് ആദ്യമായി നിയമസഭയിൽ സംസാരിക്കാൻ അവസരം ലഭിച്ചതിലുള്ള സന്തോഷം ഞാൻ മറച്ചുവയ്ക്കുന്നില്ല. എനിക്കതിന് അവസരം നൽകിയ എന്റെ പാർട്ടിയോടും എന്റെ നേതാവ് ശ്രീ. പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങളോടുമുള്ള നന്ദിയും ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. മൺമറഞ്ഞുപോയ ധാരാളം നേതാക്കളെ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലമാണ് കൊടുവള്ളി. ആദരണീയനായ അഹമ്മദ് സാഹിബും ഇ.എം. അബൂബക്കർ സാഹിബും സി.

മോയിൻകുട്ടി സാഹിബുമൊക്കെ പ്രതിനിധീകരിച്ചൊരു മണ്ഡലമെന്നനിലയ്ക്ക് ആ നേതാക്കൻമാരെയെല്ലാം ഈ അവസരത്തിൽ സ്മരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏറ്റവുമൊടുവിൽ, മുൻ എം.എൽ.എ.കൂടിയായ ഡോ. എം. കെ. മുനീറാണ് കൊടുവള്ളി മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയത്. അദ്ദേഹത്തിന്റെ പിൻഗാമി ഇവിടെയെത്താൻ ഭാഗ്യം ലഭിച്ചതിലുള്ള സന്തോഷംകൂടി ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. വിദ്യാർഥി യുവജന രാഷ്ട്രീയത്തിൽ എന്നോടൊപ്പം പ്രവർത്തിച്ച സഹപ്രവർത്തകരെയും ഞാൻ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുകയാണ്. അതിലെല്ലാമുപരിയായി ചരിത്രത്തിൽ ഏറ്റവും ഉയർന്ന ഭൂരിപക്ഷം നൽകി എന്നെ വിജയിപ്പിച്ച കൊടുവള്ളി നിയോജകമണ്ഡലത്തിലെ വോട്ടർമാരോടുള്ള നന്ദി രേഖപ്പെടുത്താനുംകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

കഴിഞ്ഞ പത്തുവർഷക്കാലം നയപ്രഖ്യാപനം ഒരുവഴിക്കും ഭരണം മറ്റൊരുവഴിക്കും സഞ്ചരിച്ചപ്പോൾ, പറയുന്നത് നടപ്പിലാക്കാൻ ഇച്ഛാശക്തിയുള്ള ഒരു സർക്കാരാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. നയമാറ്റം സർവമേഖലയിലും പ്രകടമാണ്. യു.ഡി.എഫ്.-ന്റെ സത്യപ്രതിജ്ഞ ചടങ്ങ് കണ്ടാൽ നമുക്ക് അക്കാര്യം ബോധ്യമാകും. ഒരർത്ഥത്തിൽ ജനങ്ങൾ കൈയേറിയ സത്യപ്രതിജ്ഞ ചടങ്ങായിരുന്നു അത്. ശ്രീലങ്കയിൽ ഭരണമാറ്റമുണ്ടായപ്പോൾ ഭരണാധികാരിയുടെ വീട്ടിലും നീന്തൽക്കുളത്തിലുമൊക്കെ ജനങ്ങൾ കയറിയിറങ്ങുന്ന കാഴ്ച നാം കണ്ടതാണ്. കേരളത്തിൽ ഭരണമാറ്റമുണ്ടായപ്പോൾ ക്ലിഫ് ഹൗസിലെ മോഡി പിടിപ്പിച്ച നീന്തൽക്കുളത്തിലേക്ക് ജനങ്ങൾ കയറാതിരുന്നത് അവരുടെ ഉയർന്ന രാഷ്ട്രീയബോധ്യം കൊണ്ടുമാത്രമാണ്. നയമാറ്റം എല്ലാ മേഖലയിലും കാണാമെന്ന് വെറുതെ പറഞ്ഞതല്ല; കോഴിക്കോട് മെഡിക്കൽ കോളേജിൽ വയറ്റിൽ കത്രിക മറന്നുവച്ചതിന്റെ ഫലമായി വേദന അനുഭവിച്ച് കരഞ്ഞുകൊണ്ടിരുന്ന ഹർഷിനമാരെയാണ് കഴിഞ്ഞ പത്തുവർഷക്കാലം കേരള ജനത കണ്ടതെങ്കിൽ, ഭരണം മാറിയ ഉടനെ അതേ

മെഡിക്കൽ കോളേജിൽ ജോലി ലഭിച്ച പുഞ്ചിരിക്കുന്ന ഹർഷിനമാരുടെ മുഖമാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്.

ആശാവർക്കർമാരുടെ സമരവും അതിനെ അവഗണിക്കുന്ന ഒരു ഭരണകൂടവുമാണ് കഴിഞ്ഞ പത്ത് വർഷക്കാലം കേരളം കണ്ടതെങ്കിൽ ഭരണം മാറിയ ഉടനെ അവർക്ക് 3000/- രൂപ വർധിപ്പിച്ച പുഞ്ചിരിക്കുന്ന ആശാവർക്കർമാരെയാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് വരാന്തയിൽ ദിവസങ്ങളോളമായി ഞാൻ സ്കാനിങ്ങിനുവേണ്ടി കിടക്കുകയായിരുന്നുവെന്നും എനിക്ക് ചികിത്സ ലഭിച്ചില്ലെന്നും ഞാൻ മരിച്ചാൽ അതിന് ഉത്തരവാദി ആശുപത്രി അധികാരികളാണെന്നും പറഞ്ഞ് മരണത്തിന് കീഴടങ്ങിയ വേണുമാരെയാണ് കഴിഞ്ഞ പത്തു വർഷക്കാലം കേരളം കണ്ടതെങ്കിൽ ആ വേണുവിന്റെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം നൽകി അവരെ ചേർത്തുപിടിക്കുന്നൊരു സർക്കാരിനെയാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്.-ൽനിന്ന് യു.ഡി.എഫ്.-ലേയ്ക്കുള്ള ദൂരം എന്നുപറയുന്നത് തെറ്റിൽനിന്ന് തിരുത്തലുകളിലേയ്ക്കുള്ള ദൂരമാണെന്നാണ് കേരളമൊന്നാകെ പറയുന്നത്. ചീഫ് സിയാറ്റിലിന്റെ പ്രസക്തമായൊരു ക്വാട്ടാണ് " Only when the last tree has been cut down, the last fish been caught, and the last stream poisoned, will we realize we cannot eat money." (അവസാനത്തെ മരവും വെട്ടിമാറ്റപ്പെടുമ്പോൾ, അവസാനത്തെ മത്സ്യവും പിടിക്കപ്പെടുമ്പോൾ, അവസാനത്തെ അരുവി വിഷലിപ്തമാകുമ്പോൾ മാത്രമേ പണം ഭക്ഷിക്കാൻ കഴിയില്ലെന്ന് മനുഷ്യൻ മനസ്സിലാക്കുകയുള്ളൂ). അങ്ങനെ മനസ്സിലാക്കുന്നതിന് മുമ്പായി അത് തിരിച്ചറിഞ്ഞ് പരിസ്ഥിതിയെ നശിപ്പിക്കുന്ന കെ-റെയിൽ അടക്കമുള്ള പദ്ധതിയെ അറബിക്കടലിലേക്ക് വലിച്ചെറിഞ്ഞ് പരിസ്ഥിതിക്ക് ഇണങ്ങുന്ന വികസന സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്ന് പറയുന്നൊരു സർക്കാരാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ പത്തുവർഷക്കാലം കേരളം ഭരിച്ചവർ തിരഞ്ഞെടുപ്പിനെ നേരിടുമ്പോൾ യഥാർഥത്തിൽ ഭരണ

നേട്ടങ്ങളാണ് പറയേണ്ടിയിരുന്നത്. എന്നാൽ, ജനങ്ങളെ ഭിന്നിപ്പിക്കുകയും വർഗീയ ധ്രുവീകരണമുണ്ടാക്കുകയും ചെയ്യുന്ന പ്രസ്താവനകളാണ് തിരഞ്ഞെടുപ്പ് പ്രചാരണവേളയിൽ അവർ പറഞ്ഞത്. ലോകസഭ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് വലിയ വിജയമുണ്ടായി. ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്കാ ഗാന്ധിയും വയനാട്ടിൽ നിന്ന് ജയിച്ചപ്പോൾ, ആ ജയത്തിന് കാരണം ന്യൂനപക്ഷ വർഗീയതയാണെന്ന് വിലയിരുത്തിയത് സി.പി.ഐ.(എം)-ന്റെ പോളിറ്റ് ബ്യൂറോ അംഗമല്ലേ; തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ തോറ്റിട്ടും ആ തോൽവിയിൽനിന്നും അവർ പാഠം പഠിച്ചോ? ശ്രീ. ടി. വി. ഇബ്രാഹിം ഇവിടെ സൂചിപ്പിച്ചതുപോലെ കാസർഗോഡും മലപ്പുറത്തും ജയിച്ചവരുടെ പേരുനോക്കിയാൽ വർഗീയത മനസ്സിലാകുമെന്ന് പറയുന്ന തരത്തിലേയ്ക്ക് അധ:പതിച്ചുപോയൊരു മുന്നണിയായി ഇടതുപക്ഷജനാധിപത്യ മുന്നണി മാറിയില്ലേ; കാഫിർ സ്ക്രീൻ ഷോട്ട് പ്രചാരണത്തിൽനിന്നും അവർ പാഠം പഠിച്ചോ? പേരാമ്പ്രയിൽനിന്ന് യൂത്ത് ലീഗിന്റെ സംസ്ഥാന സെക്രട്ടറിയും എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകയുമായ ശ്രീമതി ഫാത്തിമ തഹിലിയ മത്സരിച്ചപ്പോൾ 'ഖൗമിന്റെ കുട്ടി' എന്നുപറഞ്ഞ് ഇവർ പ്രചാരണം നടത്തിയില്ലേ; അവസാനം എന്താണ് സംഭവിച്ചത്? എൽ.ഡി.എഫ്.-ന്റെ കൺവീനറെ പരാജയപ്പെടുത്തി ശ്രീമതി ഫാത്തിമ തഹിലിയ പേരാമ്പ്രയിൽനിന്നും ജയിച്ച് ഈ നിയമസഭയിൽ അംഗമാകുന്ന കാഴ്ചയല്ലേ നമ്മൾ കണ്ടത്. എന്നിട്ടും ഇവർ പാഠം പഠിച്ചോ? കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ന്യൂനപക്ഷ വർഗീയത തിമിർത്താടിയെന്നാണ് കണ്ണൂരിലെ സി.പി.എം. ജില്ല സെക്രട്ടറി പറഞ്ഞത്. പാഠം പഠിക്കാൻ ഇവർ തയ്യാറാകുന്നില്ല. ശ്രീ. കെ. വി. സുമേഷ് സംസാരിച്ചപ്പോൾ ഇടതുപക്ഷം തകരുമെന്ന വ്യാമോഹം ആർക്കും വേണ്ടെന്ന് പറയുകയുണ്ടായി. ഞങ്ങൾക്ക് അങ്ങനെ യാതൊരു വ്യാമോഹവുമില്ല, മോഹവുമില്ല; ഇടതുപക്ഷ ജനാധിപത്യമുന്നണി തകരണമെന്ന് ഞങ്ങളാരും പറയുന്നുമില്ല. പക്ഷേ, അങ്ങനെയൊരു മോഹം നിങ്ങൾക്കുണ്ടോ? അങ്ങനെയുണ്ടായിരുന്നെങ്കിൽ ഇത്തരമൊരു നിലപാടാണോ നിങ്ങൾ സ്വീകരിക്കേണ്ടത്? ഞങ്ങളുടെ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് കഴിഞ്ഞ നിയമസഭാ

തിരഞ്ഞെടുപ്പിൽ എൺപത്തയ്യായിരം വോട്ടുകളുടെ ഭൂരിപക്ഷമാണ് ലഭിച്ചത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ നയിച്ച നിങ്ങളുടെ നേതാവിന് ആകെ ലഭിച്ച വോട്ട് എൺപത്തയ്യായിരമാണ്. ജനങ്ങൾ കൃത്യമായി എങ്ങനെയാണ് വിധി രേഖപ്പെടുത്തിയത് എന്നതിന്റെ നേർരൂപമല്ലേയിത്. എന്നിട്ടും പ്രതിപക്ഷ നേതാവിനെ തിരഞ്ഞെടുത്തപ്പോൾ ജനങ്ങൾ എതിരായി വിധിയെഴുതിയ ഒരാളെതന്നെ പ്രതിപക്ഷ നേതാവാക്കുകയാണ് ചെയ്തത്. ഞങ്ങൾക്ക് ഒരു കരിങ്കൊടി പ്രകടനമെങ്കിലും നടത്താനുള്ള അവസരം എങ്ങനെയാണ് ലഭിക്കുകയെന്നാണ് ഡി.വൈ.എഫ്.ഐ. നേതാവായ ഒരു സുഹൃത്ത് എന്നോട് ചോദിച്ചത്. ഞങ്ങൾ എങ്ങനെ കരിങ്കൊടി പ്രകടനം നടത്തും? അതെന്താണെന്ന് ഞാൻ ചോദിച്ചപ്പോൾ, നിങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ കരിങ്കൊടി പ്രകടനം നടത്തിയതിന്റെ പേരിൽ ഹെൽമറ്റുപയോഗിച്ച് തല തല്ലി പൊളിച്ചപ്പോൾ, അത് രക്ഷാപ്രവർത്തനമാണെന്ന് പറഞ്ഞ അന്നത്തെ മുഖ്യമന്ത്രിയാണ് ഇന്നത്തെ പ്രതിപക്ഷ നേതൃസ്ഥാനത്തിരിക്കുന്നതെന്നാണ് അദ്ദേഹം നൽകിയ മറുപടി. ഞങ്ങൾക്കൊരു കരിങ്കൊടി പ്രകടനം പോലും നടത്താൻ കഴിയില്ലെന്നുപറയുന്ന തരത്തിലേക്ക് ഡി.വൈ.എഫ്.ഐ. നേതാക്കൻമാർക്കുപോലും കാര്യം മനസ്സിലായി. XXXXXXXXXXXXXX+. പക്ഷേ, പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.-മാർക്ക് ഒരക്ഷരംപോലും പറയാൻ കഴിയുന്നില്ല. മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ ഒരു കവിത ഞാൻ ഓർക്കുകയാണ്. "ചങ്ങലക്കെട്ടിൽ കിടക്കയാണെന്നും നിങ്ങളുടെ അന്ത:കരണം. കണ്ടിട്ടും കാണാതെ കേട്ടിട്ടും കേൾക്കാതെ മിണ്ടാതെ നിങ്ങളിരിപ്പൂ"..... എന്ന് പറഞ്ഞ അതേ അവസ്ഥയിലേക്ക് പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ-മാർ പോലും മാറുന്ന ഒരു കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷം ക്രിയാത്മകമാകുമ്പോഴാണ് ജനാധിപത്യം സക്രിയമാകുന്നത്. പ്രതിപക്ഷത്തെ മാനിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് ഇന്ന് കേരളം ഭരിക്കുന്നത്. ഞങ്ങൾ പ്രതിപക്ഷത്തെ അംഗീകരിക്കും. പക്ഷേ നിങ്ങളത് മനസ്സിലാക്കണം. ഉമ്മൻചാണ്ടി കേരളം ഭരിച്ചിരുന്ന സമയത്ത് എങ്ങനെയാണോ നിങ്ങൾ പ്രതിപക്ഷത്ത് പ്രവർത്തിച്ചത്

---

\+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്. 3150/2026/എഡിറ്റിങ്) സഭാ രേഖകളിൽനിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

അതുപോലെ പ്രവർത്തിക്കാനാണ് നിങ്ങളുടെ ഭാവമെങ്കിൽ കേരളത്തിലെ ജനങ്ങൾ അത് അംഗീകരിക്കില്ല. ബഹു. സ്പീക്കറുടെ കസേര മറിച്ചിട്ട് പൊതുമുതൽ നശിപ്പിച്ച പ്രതിപക്ഷത്തിന്റെ ശൈലിയാണ് നിങ്ങൾ ഇനിയും ഇവിടെ ആവർത്തിക്കാൻ പോകുന്നതെങ്കിൽ കേരളം അത് അംഗീകരിക്കില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. മഹാകവി കുഞ്ഞുണ്ണി മാഷിന്റെ ഒരു ചെറിയ കവിതകൂടി ഓർമ്മിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. "വലിയൊരു ലോകം മുഴുവൻ നന്നാവാൻ ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ,.....സ്വയം നന്നാവുക". അതുകൊണ്ട് പ്രതിപക്ഷം സ്വയം നന്നായി പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വങ്ങൾ എറ്റെടുക്കാൻ തയ്യാറാകണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നന്ദി പ്രമേയത്തെ പിന്താങ്ങി എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം സഭയിൽ സംസാരിക്കുമ്പോൾ XXXXXXXX+ അഭിപ്രായം പറഞ്ഞതായി പ്രസംഗിച്ചു. അത് അവാസ്തവവും അടിസ്ഥാനരഹിതവുമാണ്. സഭാ രേഖകളിൽ ഉണ്ടാകാൻ പാടില്ല.

<u>മി. സ്പീക്കർ</u>: പരിശോധിക്കാം+.

<u>ശ്രീ. മുഹമ്മദ് ഷിയാസ്</u>: സർ, ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ പരിപൂർണ്ണമായി പിന്താങ്ങുകയാണ്. പുതുയുഗ കേരളത്തിനുവേണ്ടി നമ്മുടെ നാടിന്റെ സാമ്പത്തിക വളർച്ചയും സാമൂഹിക നീതിയും ആധുനിക അടിസ്ഥാന സൗകര്യങ്ങളും പരിസ്ഥിതി സംരക്ഷണവും ഒരുപോലെ സമന്വയിപ്പിക്കുന്ന സമഗ്രമായ വികസന കാഴ്ചപ്പാടോടുകൂടിയുള്ളൊരു നയപ്രഖ്യാപനമാണ് ഈ സഭയിൽ അവതരിപ്പിച്ചത്. എന്നാൽ തിരഞ്ഞെടുപ്പ് പരാജയത്തിന്റെ അസഹിഷ്ണുത ഇപ്പോഴും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അംഗങ്ങൾക്കും അവരുടെ പാർട്ടിക്കും വിട്ടുമാറിയിട്ടില്ലെന്നാണ് ചർച്ചയിലുടനീളം കാണാൻ കഴിഞ്ഞത്.

---

\+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്. 3150/2026/എഡിറ്റിങ്) സഭാ രേഖകളിൽനിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

\+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്. 3150/2026/എഡിറ്റിങ്) സഭാ രേഖകളിൽനിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

പത്തുവർഷക്കാലത്തെ ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ ഭരണവിലയിരുത്തലിന് നൽകിയൊരു മാൻഡേറ്റാണിത്. അതൊരിക്കലും പി.ആർ. വർക്കുകളിലൂടെയോ മാധ്യമ സിൻഡിക്കേറ്റിന്റെ സഹായത്തോടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള പ്രലോഭകരമായ കാര്യങ്ങൾ ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിച്ചതുകൊണ്ടോ ഉണ്ടാക്കിയെടുത്ത ഒന്നല്ലെന്ന് മലയാളികളായ മുഴുവൻ ആളുകൾക്കുമറിയാം. 'അപരന്റെ ശബ്ദം സംഗീതം പോലെ ആസ്വാദിക്കണം' എന്ന് വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റുകാരായ ആളുകൾ ഒരു മൈക്ക് ഓപ്പറേറ്ററുടെ ശബ്ദം പോലും ആസ്വദിക്കാൻ കഴിയാത്തവരായി പത്ത് വർഷക്കാലത്തിനിടയിൽ മാറിയത് നിരവധി പ്രാവശ്യം കാണുകയുണ്ടായി. പിന്നെ എങ്ങനെയാണ് ഇവർക്ക് ഒരു തിരഞ്ഞെടുപ്പിൽ വിജയിക്കാൻ സാധിക്കുന്നത്. കേരളത്തിന്റെ സമസ്ത മേഖലകളും തകർത്ത് തരിപ്പണമാക്കിയ നിരവധി സംഭവങ്ങൾ ജനങ്ങൾ അസഹിഷ്ണുതയോടെ നോക്കിക്കണ്ടത് പത്ത് വർഷക്കാലം ഭരിച്ച ഒരു സർക്കാരിന് ഇനിയും മനസ്സിലായിട്ടില്ലായെന്നതാണ് ഈ ചർച്ചയിൽ പങ്കെടുത്ത ഇടതുപക്ഷ ജനപ്രതിനിധികൾ സൂചിപ്പിക്കുന്നത്. നമ്മുടെ നാട് മാറണ്ടേ? നമ്മുടെ അടിസ്ഥാന സൗകര്യവികസനവും ജനക്ഷേമവും മുന്നോട്ട് കൊണ്ടുപോകാനുള്ള പദ്ധതികളുമാണ് ഇവിടെ അവതരിക്കപ്പെട്ടത്. അതിലേറ്റവും പ്രധാനപ്പെട്ട 'ഇന്ദിരാ ഗ്യാരന്റി' സമൂഹത്തിന് ദിശാബോധവും പ്രതീക്ഷയും നൽകുന്ന ഒന്നാണ്. കേരളത്തിലെ സ്ത്രീകളായിട്ടുള്ള മുഴുവൻ ആളുകളും ആഗ്രഹിച്ച ഒന്നാണ് കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സൗജന്യയാത്ര. അതിനെ സന്തോഷത്തോടുകൂടി സ്വീകരിക്കാൻ കഴിയേണ്ടതുണ്ട്. വയോജനങ്ങൾക്കുവേണ്ടി പുതിയ വകുപ്പ് രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചത് മഹത്തായ ഒരു കാര്യമാണ്. അവരുടെപോലും വിഭവശേഷി ഉപയോഗപ്പെടുത്താൻ കഴിയാവുന്ന രീതിയിലേക്ക് ഒരു നാട് മാറാനും അവർക്ക് സൗകര്യങ്ങൾ ചെയ്തു കൊടുക്കുവാനും മറ്റ് സംസ്ഥാനങ്ങൾക്കും ലോകത്തിനും മാതൃകയാകാനും നമ്മുടെ നാടിന് കഴിയുന്നുണ്ടെങ്കിൽ അതൊരു നല്ല സർക്കാരിന്റെ സമീപനമാണെന്ന് പറയേണ്ടിവരും. കേരളത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികളായ

വിദ്യാർഥിനികൾക്കുള്ള സഹായം, ക്ഷേമ പെൻഷന്റെ വർധനവ്, ബഹുമാന്യനായ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സാറിന്റെ പേരിലുള്ള ഇൻഷ്വറൻസ് പദ്ധതി, യുവ സംരംഭകരെ സഹായിക്കാനുള്ള പലിശരഹിത വായ്പകൾ എന്നിവ കേരള ജനതയ്ക്ക് പ്രതീക്ഷ നൽകുന്ന ഒന്നാണ്. ഇന്റഗ്രേറ്റഡ് പോർട്ട് സിറ്റിയുമായി ബന്ധപ്പെട്ടുള്ള വികസന പ്രവർത്തനങ്ങളും ടൂറിസം രംഗത്തെ വലിയ മുന്നേറ്റങ്ങളുമൊക്കെ നമ്മുടെ നാട്ടിൽ സാധ്യമാക്കാൻ കഴിയുന്നത് എപ്പോഴാണ്. ഈ സർക്കാർ ഇനിയുള്ള ദിവസങ്ങളിൽ അത് ചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുക്കുകയെന്നുള്ളത് നമുക്ക് അഭിമാനിക്കാവുന്നകാര്യമാണ്.

ഞാൻ കൊച്ചി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധിയാണ്. തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഒരിക്കലും കാണാൻ കഴിയാത്ത അസുഖകരമായിട്ടുള്ള പരാമർശങ്ങൾ, ക്യാമ്പയിനുകൾ തുടങ്ങിയവ ഈ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ് കാലയളവിലുണ്ടായി. ആർ.എസ്.എസ്.-ഉം സംഘപരിവാറും ഇൻഡ്യ മുഴുവൻ നടത്തുന്ന വിദ്വേഷപരമായിട്ടുള്ള ക്യാമ്പയിൻ കേരളത്തിലുമുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് അതിന് നേതൃത്വം നൽകിയത്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ മത്സരിച്ച് ഇന്ന് പാർലമെന്റിലുള്ള ഒരംഗത്തെക്കുറിച്ചും എത്ര ആളുകളെക്കുറിച്ചും എനിക്ക് മുമ്പ് സംസാരിച്ച ഒരു നിയമസഭാംഗം സൂചിപ്പിക്കുകയുണ്ടായി. ഞാൻ പ്രതിനിധാനം ചെയ്യു കൊച്ചി നിയമസഭാമണ്ഡലത്തിൽപോലും സി.പി.ഐ.(എം)-ന്റെ ക്യാമ്പയിൻ അത്തരത്തിലുള്ളതായിരുന്നു. മതനിരപേക്ഷതയെക്കുറിച്ചും ജനാധിപത്യത്തിന്റെ ഏറ്റവും വലിയ സവിശേഷതകളെക്കുറിച്ചും പറയുന്നവരാണ് ജനാധിപത്യത്തെ ഇല്ലാതാക്കുകയും മതനിരപേക്ഷത തകർക്കുകയും ചെയ്യുന്നവരായി മാറുന്നത്. നിങ്ങളും സംഘപരിവാറും തമ്മിൽ എന്ത് വ്യത്യസ്തതയാണുള്ളത്? പറയുന്ന കാര്യങ്ങളിൽ ആത്മാർഥതയില്ലാത്ത സമീപനം സ്വീകരിക്കുന്ന നേതാക്കന്മാരെ ജനം തിരസ്കരിക്കുന്ന കാലഘട്ടം അതിവിദൂരമല്ല. അതുകൊണ്ടാണ് ശുഷ്കമായ അംഗങ്ങളുമായി പ്രതിപക്ഷത്ത് ഇരിക്കേണ്ടി വന്നതെന്നുള്ള

യാഥാർഥ്യബോധമാണ് നിങ്ങളെ നയിക്കേണ്ടത്. ആ യാഥാർഥ്യബോധത്തിൽ നിന്നാണ് നിങ്ങളുടെ പ്രവർത്തനം തുടങ്ങേണ്ടത്. തിരഞ്ഞെടുപ്പ് കഴിഞ്ഞ് പിറ്റേദിവസം മുതൽ കേരളത്തിൽ നടക്കുന്ന കാഴ്ച എന്താണ്; വിദ്യാർഥികളും യുവജനങ്ങളും പാർട്ടിയും ഒരുമിച്ചിറങ്ങി എന്തെല്ലാം അക്രമങ്ങളാണ് കേരളത്തിൽ നടത്തിയത്; എന്ത് സമരമാണ് നിങ്ങൾ നടത്തിയത്; പ്രതിപക്ഷമെന്ന രീതിയിൽ എന്ത് പ്രതീക്ഷയാണ് ജനങ്ങൾക്ക് കൊടുത്തത്; എന്ത് സന്ദേശമാണ് ഈ കഴിഞ്ഞ ദിവസങ്ങളിൽ നിങ്ങൾ കൊടുത്തത്? കോൺഗ്രസ് ഭരണം വന്നതിനുശേഷമുള്ള സമീപ ദിവസങ്ങളിൽ ആരോഗ്യരംഗത്തും മറ്റുവകുപ്പുകളിലുമുണ്ടായ ചില ചെറിയ വാർത്തകളെക്കുറിച്ച് പറഞ്ഞല്ലോ? അതിനെക്കുറിച്ച് വിമർശിച്ചില്ലെങ്കിലും നിങ്ങളിവിടെ പരാമർശിച്ചു. കഴിഞ്ഞ പത്തുവർഷക്കാലം ഇതുപോലെ എത്രയെത്ര വാർത്തകളാണ് ഭരണാധികാരികളെന്ന നിലയിൽ നിങ്ങളുടെ മുമ്പിലെത്തിയത്. ആ വാർത്തകളിന്മേൽ എന്ത് നടപടിയാണ് ആത്മാർഥതയോടുകൂടി നിങ്ങൾ സ്വീകരിച്ചത്? ആത്മാർഥത നിറഞ്ഞ സമീപനം നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായില്ലെന്ന് മാത്രമല്ല, പരാതി പറഞ്ഞ ആളുകളെ അസഹിഷ്ണുതയോടുകൂടി കണ്ട് അവർക്കെതിരായിട്ടുള്ള നിയമനടപടികളാണ് സ്വീകരിച്ചത്. ഇപ്പോഴും അതിൽനിന്ന് മാറാൻ നിങ്ങൾ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടാണ് എക്സാലോജിക് പോലെയുള്ള ഒരു കേസിൽ പാർട്ടിയുടെ ഭാരവാഹിത്വമില്ലാത്ത ഒരാൾക്കുവേണ്ടി പാർട്ടി മുഴുവൻ തെരുവിലിറങ്ങി അക്രമം നടത്തിയത്. ഫ്ലക്സ് ബോർഡുകളെക്കുറിച്ച് നിങ്ങളിവിടെ സംസാരിച്ചില്ലേ? എറണാകുളം ജില്ലയിലെ മരടിൽ, മുഖ്യമന്ത്രിയുടെ നാട്ടിൽ മുഖ്യമന്ത്രിയുടെ വീടിന്റെ സമീപത്തിരുന്ന ഒരു ഫ്ലക്സ് ബോർഡ് സി.പി.ഐ. (എം.)-ന്റെ ലോക്കൽ സെക്രട്ടറിയുടെ നേതൃത്വത്തിലാണ് അടിച്ച് നശിപ്പിച്ചത്. പൊലീസ് കേസെടുത്തപ്പോൾ പിറ്റേ ദിവസം സി.ഐ.റ്റി.യു.-ക്കാരെ വിട്ട് പുതിയ ബോർഡ് നിർമ്മിച്ച് വയ്ക്കേണ്ടിവന്ന നാണംകെട്ട സാഹചര്യം അവിടെ പാർട്ടിക്കുണ്ടായി. ഇപ്പോഴും നിങ്ങൾ മാറാൻ ഉദ്ദേശിക്കുന്നില്ല. ഈ അസഹിഷ്ണുതയാണ് നിങ്ങളെ നയിക്കുന്നത്. അസഹിഷ്ണുതയോടുകൂടിയാണ് ഈ സഭയിൽ നിങ്ങൾ

ഇരിക്കുന്നതെങ്കിൽ ഇനിയുള്ള അഞ്ചുവർഷക്കാലം കേരളത്തിൽ ഐക്യജനാധിപത്യ മുന്നണിയുടെയും ശ്രീ. വി. ഡി. സതീശന്റെയും നേതൃത്വത്തിലുള്ള സർക്കാർ നടപ്പിലാക്കുന്ന വികസനപദ്ധതികളെയും ജനങ്ങൾക്ക് ആശ്വാസം നൽകുന്ന സാമൂഹ്യപദ്ധതികളെയും അസഹിഷ്ണുതയോടുകൂടി കണ്ട് സമരങ്ങളുമായി പോകാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെന്നാണ് പ്രാരംഭത്തിൽതന്നെ മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതെല്ലാം ജനങ്ങൾ നോക്കിക്കാണുന്നുണ്ട്. ഇതൊക്കെ നോക്കിക്കാണുന്ന ജനങ്ങൾ അതിനെതിരെ ശക്തമായ പ്രതിരോധം തീർക്കും. ഭരണത്തിലിരുന്നപ്പോൾ ജനങ്ങൾ ആഗ്രഹിച്ച നിരവധി പദ്ധതികൾ നടപ്പിലാക്കാൻ തിരഞ്ഞെടുക്കപ്പെട്ടൊരു ജനാധിപത്യ സർക്കാരിന് കഴിയാതിരുന്നതും ജനങ്ങളെ കബളിപ്പിച്ചതും എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെയുണ്ട്. കൊച്ചി നിയോജകമണ്ഡലത്തിലെ തീരദേശമായ ചെല്ലാനത്തെ കടലാക്രമണംമൂലം കഷ്ടപ്പെടുന്ന നൂറ് കണക്കിന് കുടുംബങ്ങൾക്ക് സഹായകമാകേണ്ട 'ടെട്രാപോഡ്' പദ്ധതിക്ക് സാങ്കേതികാനുമതിപോലും നൽകാതെ തിരഞ്ഞെടുപ്പിന്റെ ഏതാനും ദിവസങ്ങൾക്കുമുമ്പാണ് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തത്. ഒരു ജനതയോട് അവിടുത്തെ മുഴുവൻ വൈദികരെയും വിളിച്ചുവരുത്തി സ്റ്റേജിലിരുത്തി സാങ്കേതികാനുമതിയില്ലാതെ ഉദ്ഘാടനം നടത്തിയെന്ന് പറയുന്നത് അത്രയും വോട്ട് തട്ടിയെടുക്കാൻ വേണ്ടിയായിരുന്നു. അത് സർക്കാരിന്റെ അനുമതിയില്ലാത്ത പദ്ധതിയായിരുന്നുവെന്നത് മണിക്കൂറുകൾ കഴിഞ്ഞപ്പോഴാണ് ജനം അറിഞ്ഞത്. അക്കാര്യം നിങ്ങൾ ഇനിയും മനസ്സിലാക്കിയിട്ടില്ലെന്നതാണ് യാഥാർഥ്യം. ഇത്തരത്തിലുള്ള കാപട്യങ്ങളും വസ്തുതാവിരുദ്ധമായ നടപടികളും അസഹിഷ്ണുതകളുമാണ് ഇപ്പോഴും നിങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നത്. ഒരുപക്ഷേ, കേരളത്തിന്റെ ചരിത്രത്തിൽ ജനങ്ങളെ എല്ലാവരെയും ഒരുമിച്ചുകണ്ട് ചെയ്യാൻ കഴിയാവുന്ന സഹായങ്ങൾ ചെയ്തുകൊടുത്ത് സാമൂഹ്യപുരോഗതിയും വികസനവും ലക്ഷ്യം വച്ച് മുന്നോട്ടുപോകുന്ന സർക്കാരായിരിക്കും വരുന്ന അഞ്ച് വർഷക്കാലം ശ്രീ. വി. ഡി. സതീശൻ നേതൃത്വം നൽകുന്ന ഐക്യജനാധിപത്യമുന്നണിയുടെ ഈ

സർക്കാർ. ആ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പരിപൂർണ്ണ പിന്തുണ നൽകുന്നതായി ഞാൻ പ്രഖ്യാപിക്കുന്നു.

ശ്രീ. സേനാപതി വേണു: സർ, പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ സംസാരിക്കുന്നതിന് അവസരം ലഭിച്ചതിലുള്ള സന്തോഷം ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്.

മുമ്പ് പഴയ നിയമസഭാ മന്ദിരത്തിന്റെ ഗാലറിയിലിരുന്ന് നിയമസഭാ നടപടികൾ കാണുമ്പോൾ എപ്പോഴെങ്കിലും ഇതിനകത്ത് വരാൻ ഒരു ഭാഗ്യമുണ്ടാകണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു; ഇപ്പോൾ അത് സഫലമായി. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ചയുടെ ആദ്യ ദിവസംതന്നെ എനിക്ക് ഇവിടെ സംസാരിക്കാൻ അവസരമൊരുക്കിയ എന്റെ നേതൃത്വത്തോടുള്ള നന്ദിയും കടപ്പാടും ഞാൻ രേഖപ്പെടുത്തുകയാണ്.

'കേരള നിയമസഭയുടെ നടപടിക്രമവും കീഴ്വഴക്കങ്ങളും' എന്ന പുസ്തകം ഇന്നലെ എനിക്ക് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ലഭിക്കുകയുണ്ടായി. ഇന്നലെ സ്കൂൾ പ്രവേശന ദിവസമായിരുന്നു. സ്കൂൾ പ്രവേശനോത്സവത്തിൽ പങ്കെടുത്ത വിദ്യാർഥികളുടെ ഉത്കണ്ഠയോടും ആകാംക്ഷയോടുംകൂടിയാണ് ഞാൻ ഇവിടെ പ്രസംഗിക്കാനായി നിൽക്കുന്നത്. 'കേരള നിയമസഭയുടെ നടപടിക്രമവും കീഴ്വഴക്കങ്ങളും' എന്ന പുസ്തകം വായിച്ചപ്പോൾ ഈ ചർച്ചയുടെ അടിസ്ഥാനം ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 176(1) ആണെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഇവിടെ നിൽക്കുമ്പോൾ ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തിയവരെയും അതിനുപിന്നിൽ പ്രവർത്തിച്ചവരെയും ഞാൻ ഒരു നിമിഷം ഓർമ്മിച്ചുപോകുകയാണ്. ഇന്ത്യൻ ഭരണഘടനാ നിർമ്മാണസഭയിൽ ആദ്യം 385 അംഗങ്ങളുണ്ടായിരുന്നെങ്കിലും പിന്നീട് ഇന്ത്യ-പാകിസ്ഥാൻ വിഭജനത്തിനുശേഷം അംഗസംഖ്യ 289 ആയി കുറഞ്ഞു. 2 കൊല്ലവും 11 മാസവും 17 ദിവസവും നീണ്ടുനിന്ന

സുദീർഘമായ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ ഇന്ത്യൻ ഭരണഘടന തയ്യാറാക്കുമ്പോൾ 395 ആർട്ടിക്കിളുകളും 9 ഷെഡ്യൂളുകളും 22 ഭാഗങ്ങളുമുള്ളതിൽ അനുഛേദം 176(1)-ന്റെ ഭാഗമായിട്ടാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്. ഭരണഘടനാ നിർമ്മാണസഭയിൽ പങ്കെടുത്ത 13 മലയാളികളിൽ ഉൾപ്പെട്ടിരുന്ന എറണാകുളം മുളവുകാട് സ്വദേശിനി ദാക്ഷായണി വേലായുധനെയും ഇന്ത്യയുടെ ആദ്യ പ്രൊവിഷണൽ പാർലമെന്റ് അംഗമായിരുന്ന ആലുവ വെളിയത്തുനാട് സ്വദേശി വി. സി. അഹമ്മദുണ്ണിയെയും ഞാൻ ഒരു നിമിഷം ഓർക്കുകയാണ്. ഞാൻ എന്തുകൊണ്ടാണ് ഇവരുടെ രണ്ടുപേരുടെയും പേരുകൾ പറഞ്ഞതെന്ന് ചോദിച്ചാൽ, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും കൂട്ടിയിണക്കി രൂപം കൊടുത്തതാണ് നമ്മുടെ ഇന്ത്യൻ ഭരണഘടന എന്നതുകൊണ്ടുതന്നെയാണ്. അതിനാൽ പ്രസ്തുത ഭരണഘടനയിൽ അധിഷ്ഠിതമായി നിൽക്കുന്ന ജനാധിപത്യത്തിന്റെ ഈ ശ്രീകോവിലിൽ വരാനും സംസാരിക്കാനുമുണ്ടായ അവസരം ഞാൻ എന്റെ ജീവിത സൗഭാഗ്യമായി കരുതുന്നു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തെ വിമർശിച്ചുകൊണ്ട് പ്രതിപക്ഷം വളരെ ശക്തമായി അവരുടെ വാദഗതികൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. കേരളം പുതിയൊരു യുഗത്തിലേക്ക് കടക്കുകയാണ്. ആ പുതുയുഗത്തിന്റെ സൃഷ്ടിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുണ്ടായിരുന്നു. കേരള ചരിത്രത്തിൽ ഇത്രയും പുരോഗമനപരമായ, ഇത്രയും ജനങ്ങൾക്ക് ഉപകാരപ്രദമായ പരിഷ്കരണങ്ങൾ/നടപടികൾ ഉണ്ടാക്കിയ മറ്റേതൊരു ഗവൺമെന്റുണ്ട്? ഇന്ദിരാ ഗ്യാരന്റിയെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ചവർ പറഞ്ഞതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ആറ് പരിഷ്കരണങ്ങൾ കേരളത്തിന്റെ മണ്ണിൽ നടപ്പാക്കുമ്പോൾ കേരളത്തിലെ പൊതുസമൂഹം ഐക്യജനാധിപത്യ മുന്നണിക്കൊപ്പം നിൽക്കുകയാണ്. കേരളത്തിലെ അറുപത്തിയഞ്ച് ലക്ഷം വരുന്ന പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്ക് പ്രതിമാസം 3000 രൂപ പെൻഷൻ കൊടുക്കുമ്പോൾ ഈ ഗവൺമെന്റ്

കേരളത്തിലെ സാധാരണക്കാരുടെ ഗവൺമെന്റായി മാറുകയാണ്. ഈ ഗവൺമെന്റ് കോളേജ് വിദ്യാർത്ഥിനികൾക്ക് പ്രതിമാസം 1000 രൂപ ധനസഹായമായി നൽകും. 1000 രൂപ ഇന്നത്തെ കാലത്ത് ഒരു വലിയ തുകയല്ലെങ്കിലും രാവിലെ കോളേജിലേക്ക് പോകാൻ എസ്.ടി. (സ്റ്റുഡന്റ്സ് ടിക്കറ്റിന്) കൊടുക്കാൻ അഞ്ചുരൂപ കയ്യിലില്ലാത്ത പാവപ്പെട്ട വിദ്യാർത്ഥിനികളെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ കാര്യമാണ്. ഇത്രയും വലിയൊരു സാമൂഹ്യപരിഷ്കരണം കേരള ചരിത്രത്തിലുണ്ടായിട്ടില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്ന്, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ " ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി” ആണ്. പ്രസ്തുത പദ്ധതിപ്രകാരം കേരളത്തിലെ ഓരോ കുടുംബത്തിനും പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷ നൽകുന്ന പുരോഗമനപരമായ ഒരു പദ്ധതി കേരള ചരിത്രത്തിൽ ഇന്നോളം ഉണ്ടായിട്ടുണ്ടോ? ഈ ഗവൺമെന്റ് കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ഗവൺമെന്റാണ്; ഈ ഗവൺമെന്റ് കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് അവസരം കൊടുത്ത ഗവൺമെന്റാണ്. അവരാണ് ഈ ഗവൺമെന്റിനെ സൃഷ്ടിച്ചത്. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറാകുമ്പോൾ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം തേടിക്കൊണ്ട് സെക്രട്ടേറിയറ്റിനുമുമ്പിൽ അരങ്ങേറിയിട്ടുള്ള നിരവധി സമരങ്ങൾ നമ്മൾ കണ്ടതാണ്. സമരങ്ങൾ വിവിധ തരത്തിലാണ് നടത്തുന്നത്; മുട്ടിലിഴഞ്ഞുള്ള സമരം, ശയനപ്രദക്ഷിണം, തല മുണ്ഡനം ചെയ്യൽ, മുടി മുറിക്കൽ, കയ്യിൽ കർപ്പൂരം കത്തിക്കൽ അങ്ങനെ പോകുന്നു സമരങ്ങൾ. ഇത്തരത്തിൽ സമരം ചെയ്യുവരോട് കരുണ കാണിക്കാത്ത കഴിഞ്ഞ ഗവൺമെന്റിനെ തൂത്തെറിഞ്ഞ കേരളത്തിലെ യുവജനങ്ങൾ ഈ ഗവൺമെന്റിൽ പ്രതീക്ഷ അർപ്പിച്ചിരിക്കുകയാണ്. ആ പ്രതീക്ഷയാണ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ പ്രതിനിധിയാണ് ഞാൻ. മലയോരത്തെ

ജനങ്ങൾക്ക് ഇത്രയും ആശ്വാസകരമായിട്ടുള്ള പ്രഖ്യാപനങ്ങൾ നടത്തിയിട്ടുള്ള ഒരു നയപ്രഖ്യാപന പ്രസംഗവും ഇതിനുമുമ്പ് ഒരു ഗവർണ്ണറും നടത്തിയിട്ടില്ല. ജില്ലയിലെ ഭൂപ്രശ്നങ്ങൾ സമൂലമായി പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഞങ്ങൾ അത് പ്രതീക്ഷിക്കുകയാണ്. കഴിഞ്ഞ പത്തുകൊല്ലക്കാലം ഞങ്ങൾക്ക് ഉപാധിരഹിത പട്ടയം നൽകാമെന്നുപറഞ്ഞ് ഞങ്ങളെ കബളിപ്പിച്ചവർക്ക് ഇടുക്കിയിലെ ജനങ്ങൾ കൊടുത്ത മറുപടിയാണ് അവിടെ നിന്നുവന്ന ഞങ്ങൾ അഞ്ച് പ്രതിനിധികൾ. ഞാൻ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ 2016-ൽ മത്സരിക്കുമ്പോൾ 1109 വോട്ടിന് പരാജയപ്പെട്ടയാളാണ്. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ സ്ഥാനാർഥി അവിടെനിന്നും വിജയിച്ചത് 39305 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ്. ആ 39305 വോട്ടിനെ മറികടന്ന് 20021 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഞാൻ വിജയിക്കുന്നത് ഇടുക്കി ജില്ലയിലെ മലയോര കർഷകർ നമ്മുടെ പ്രകടന പത്രികയ്ക്ക് അർപ്പിച്ച വിശ്വാസത്തിന് ഉദാഹരണമാണ്. എന്നോടൊപ്പം സർവ്വശ്രീ റോയ് കെ. പൗലോസ്, എഫ്. രാജ, അപു ജോൺ ജോസഫ്, സിറിയക് തോമസ് എന്നിവരുമുണ്ട്. ഞങ്ങളെല്ലാവരും കാൽ ലക്ഷത്തിനടുത്തുള്ള വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചത് മലയോര ജനതയ്ക്ക് ഈ ഗവൺമെന്റ് നൽകിയിട്ടുള്ള വാഗ്ദാനമാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ ഉപാധിരഹിത പട്ടയ വാഗ്ദാനത്തെക്കുറിച്ച് ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് അത് നടപ്പാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അമ്പത് വർഷത്തിലേറെ പഴക്കമുള്ള 1964-ലെ ഭൂനിയമത്തിനെതിരെ ഒരുപാട് സമരം നടത്തിയവരാണ് ഞങ്ങൾ. ആ ഭൂനിയമത്തിലെ ഒരു പോരായ്മ മാത്രം ഈ സഭയിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1964-ലെ ഭൂനിയമത്തിൽ പറഞ്ഞിരിക്കുന്നത് ഭൂമി പതിച്ച് ലഭിക്കുന്നയാൾക്ക് വീട് വയ്ക്കാം, കൃഷി ചെയ്യാമെന്നാണ്. 1964-ൽ ആളുകൾക്ക് വീട് വച്ചാൽ മതി, കൃഷി ചെയ്താൽ മതി. പക്ഷേ 2026-ൽ വീടുകൊണ്ടും കൃഷികൊണ്ടും മാത്രം മനുഷ്യർക്ക്

ജീവിക്കാൻ കഴിയില്ലല്ലോ; അവർക്ക് സംരംഭങ്ങൾ ആരംഭിക്കണ്ടേ; യുവജനങ്ങൾക്ക് 5 ലക്ഷം രൂപ സർക്കാർ ലോൺ കൊടുക്കുമ്പോൾ അവർ എവിടെ തുടങ്ങും? അതുകൊണ്ട് കാലോചിതമായി ഭൂനിയമങ്ങൾ പരിഷ്കരിക്കണമെന്നുള്ള ഗവർണ്ണറുടെ പ്രസംഗത്തിലെ ആ വാക്കുകൾ ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ട് ഇടുക്കി ജില്ല ഇന്ന് അനുഭവിക്കുന്ന മുഴുവൻ ഭൂപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ഞങ്ങളുടെ നാട് man-animal conflict ഏറ്റവും കൂടുതലുള്ള നിയോജക മണ്ഡലത്തിന്റെ ഭാഗമാണ്. ഫോറസ്റ്റ് വാച്ചർ ആയിരുന്ന ശക്തിവേലിനെ കാട്ടാന അടിച്ചുകൊല്ലുന്നത് എന്റെ നിയോജക മണ്ഡലത്തിന്റെ ഭാഗമായ ശാന്തൻപാറയിലെ തോണ്ടിമല എന്ന സ്ഥലത്തുവച്ചാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും വനഭൂമിയോട് ചേർന്നുകിടക്കുന്ന ഭൂമിയിലെ ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കുമെന്നും കൃത്യമായി പറഞ്ഞിരിക്കുന്നത് ഇടുക്കിക്കാരായ, മലയോരത്ത് താമസിക്കുന്ന ഞങ്ങൾക്ക് മാത്രമല്ല, വയനാട്, തൃശ്ശൂർ, പത്തനംതിട്ട, കോഴിക്കോട് എന്നിവിടങ്ങളിലുള്ളവർക്കും ഏറെ ആശ്വാസം നൽകുന്നതാണ്. മിനിഞ്ഞാന്നും തൃശ്ശൂരിൽ ഒരാളെ കാട്ടാന കൊന്നതിന്റെ വാർത്ത വന്നിരുന്നു. ഈ ഗവൺമെന്റ് കേരളത്തിലെ ജനങ്ങൾക്ക് പ്രത്യാശ നൽകുന്നു. കേരളം അടുത്ത നൂറ്റാണ്ടിലേക്ക് എങ്ങനെ പ്രവേശിക്കണമെന്നുള്ളത് ഈ പ്രസംഗത്തിൽ വളരെ കൃത്യമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. 'ഹർ ധാനെ-ധാനെ പർ ലിഖാ ഹെ ഖാനെവാലോം കാ നാം' എന്ന് ഹിന്ദിയിൽ ഒരു ചൊല്ലുണ്ട്. ഇവിടെ കേരളത്തിന്റെ മുഖ്യമന്ത്രി ആരാകണം എന്ന് വളരെ കൃത്യമായി എഴുതപ്പെട്ടതാണ്. അത് ആ സമയമായപ്പോൾ വന്നുകഴിഞ്ഞു എന്നുള്ളതാണ്. കേരളത്തിലെ മുഴുവൻ മുഖ്യമന്ത്രിമാരെക്കുറിച്ചും
ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരൻ ഇവിടെ പ്രസംഗിച്ചപ്പോൾ പരാമർശിക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ് ആചാര്യനായ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്,

പരിണതപ്രജ്ഞനായ രാഷ്ട്രീയ ഉത്തുംഗശൃംഗങ്ങളിൽ നിന്ന പട്ടം താണുപിള്ള, 'മഹാനായ ആർ. ശങ്കർ' എന്ന വിശേഷണത്തിനുടമയായ ആർ. ശങ്കർ, കമ്മ്യൂണിസത്തിലെ പ്രത്യയശാസ്ത്രത്തിന്റെ പ്രതിഫലനം അല്ലെങ്കിൽ എന്താണ് കമ്മ്യൂണിസം; എന്താണൊരു കമ്മ്യൂണിസ്റ്റുകാരൻ? എന്ന് കാണിച്ചുതന്ന സി. അച്യുതമേനോൻ, രാഷ്ട്രീയ ചാണക്യനായിരുന്ന ലീഡർ കെ. കരുണാകരൻ, ആദർശോന്മുഖ രാഷ്ട്രീയത്തിന് ആമുഖമെഴുതിയ ശ്രീ. എ. കെ. ആന്റണി, പരിണതപ്രജ്ഞനായ പി. കെ. വാസുദേവൻ നായർ, ആർക്കും സ്നേഹിക്കാൻ മാത്രം കഴിയുന്ന സി. എച്ച്. മുഹമ്മദ്കോയ സാഹിബ്, നർമ്മം കർമ്മമാക്കി മാറ്റിയ ഇ. കെ. നായനാർ, സാധാരണ ജനങ്ങളുടെ മനസ്സറിഞ്ഞ് ഒരു രാഷ്ട്രീയ നേതാവ് എങ്ങനെ പ്രവർത്തിക്കണമെന്ന് കേരളത്തിലെ പൊതുസമൂഹത്തിന് കാണിച്ചുകൊടുത്ത ഉമ്മൻ ചാണ്ടി, കമ്മ്യൂണിസം എന്തെന്ന് കമ്മ്യൂണിസ്റ്റുകാർക്ക് ജീവിതത്തിലൂടെ കാണിച്ചുകൊടുത്ത വി. എസ്. അച്യുതാനന്ദൻ; ഈ മുൻമുഖ്യമന്ത്രിമാരുടെ എല്ലാവരുടെയും ഗുണഗണങ്ങളുമായി ഇവിടെ സൂചിപ്പിച്ചതുപോലെ നന്നായി ചിരിക്കുന്ന, നന്നായി സംസാരിക്കുന്ന, ജനങ്ങളുടെ പ്രതിസന്ധി അറിയുന്ന, ജനങ്ങളുടെ പ്രശ്നങ്ങൾ തൊട്ടറിയാൻ കഴിയുന്ന അൻപത്തിയൊന്ന് വാഹനങ്ങളുടെ അകമ്പടിയില്ലാതെ സഞ്ചരിക്കാൻ കഴിയുന്ന, ഒരു നിവേദനം കൊടുത്താൽ അത് പുഞ്ചിരിയോടുകൂടി സ്വീകരിക്കുന്ന, ഫോട്ടോയ്ക്കുവേണ്ടി മൊബൈലുമായി ചെന്നാൽ അവനെ ചേർത്തുപിടിച്ച് ഫോട്ടോ എടുക്കുന്ന ഒരു മുഖ്യമന്ത്രി ഈ കേരളത്തിൽ വന്നിരിക്കുന്നു. ആ മുഖ്യമന്ത്രി കേരളത്തിന് അഭിമാനമാണ്. ഭാവി കേരളത്തിലെ ചെറുപ്പക്കാർക്ക് ആ മുഖ്യമന്ത്രി കൊടുത്തിരിക്കുന്ന വിശ്വാസത്തിന്റെ പ്രതിഫലനമാണ്, ബഹുമാന്യനായ അംഗം ശ്രീ. പി. കെ. ഫിറോസ് സൂചിപ്പിച്ചതുപോലെ സെക്രട്ടേറിയറ്റിന്റെ നാല് ചുറ്റുമുള്ള കവാടങ്ങൾ, അതുപോലെ നിയമസഭാ മന്ദിരത്തിന്റെ നാല് ചുറ്റുമുള്ള കവാടങ്ങൾ തുറന്നിട്ട് ആ കവാടത്തിലൂടെ നേതാക്കന്മാരെ കാണാൻ, അവരെ ശ്രവിക്കാൻ, അവരുടെ ആവലാതികൾ/വേദനകൾ അത് നേതാക്കന്മാരുടെയും ഭരണകൂടത്തിന്റെയും മുമ്പിൽ കാഴ്ച

വയ്ക്കുന്നതിനുവേണ്ടി കടന്നുവരാൻ സാധാരണക്കാരെ അനുവദിക്കുന്നുവെന്നുള്ളത്. അത്തരം സാധാരണക്കാരായ ജനങ്ങളാണ് ഈ ഗവൺമെന്റിനെ അധികാരത്തിലെത്തിച്ചത്. അവരെ വെല്ലുവിളിക്കുന്ന നടപടികൾ ഇപ്പോഴും അപ്പുറത്തുനിന്നും ഉണ്ടാകുന്നുവെന്നുള്ളത് ഖേദകരമായ കാര്യമാണ്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്..........

ശ്രീ. സേനാപതി വേണു: സർ, ഞാൻ ചുരുക്കുകയാണ്. ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കർമ്മ പദ്ധതിയാണ് ഓപ്പറേഷൻ തൂഫാൻ. തൂഫാൻ എന്നുപറഞ്ഞാൽ കൊടുങ്കാറ്റാണ്. അത് ആർക്കെതിരെയുള്ള കൊടുങ്കാറ്റാണ്? അത് ലഹരിമാഫിയക്കെതിരെ, മദ്യമാഫിയക്കെതിരെയുള്ള കൊടുങ്കാറ്റാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ശ്രീ. ഋഷിരാജ് സിങ്ങിന്റെ ഒരു ലേഖനം മംഗളം ദിനപ്പത്രത്തിൽ ഞാൻ വായിക്കുകയുണ്ടായി. കേരളത്തിലെ 1780 സ്കൂളുകൾ ലഹരിമാഫിയയുടെ പിടിയിൽപ്പെട്ടിരിക്കുന്നു എന്നാണ് അദ്ദേഹം വ്യക്തമാക്കിയത്. കേരളത്തിലെ ഇരുപത് മുതൽ മുപ്പത് ശതമാനം സ്കൂൾ വിദ്യാർഥികളും കോളേജ് വിദ്യാർഥികളും ഒരിക്കൽ അല്ലെങ്കിൽ തുടർച്ചയായി മയക്കുമരുന്ന് ഉപയോഗിക്കുന്നവരോ ലഹരിക്ക് അടിമകളോ ആണ്. അവരെ നമുക്ക് മോചിപ്പിക്കണം. അങ്ങനെ മോചിപ്പിക്കണമെങ്കിൽ തീർച്ചയായും അതിന്റെയെല്ലാം ഉറവിടം കണ്ടെത്തേണ്ടതുണ്ട്. 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ചാൽ അവന് ജാമ്യം ലഭിക്കുന്നു എന്നുള്ള എൻ.ഡി.പി.എസ്. ആക്റ്റിലെ പോരായ്മകൾ മുഴുവൻ പരിഹരിച്ച് ശക്തമായ നിയമസംവിധാനത്തിലൂടെ, ഓപ്പറേഷൻ തൂഫാനിലൂടെ കേരളത്തിൽ ലഹരി മാഫിയയുടെ വേരറുക്കുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് വരുമ്പോൾ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഞാനൊരു മുൻ സൈനികനായതുകൊണ്ട് എന്റെ വാക്കുകൾ സൈനികർക്കുകൂടി പറഞ്ഞുകൊണ്ട് നിർത്തുന്നു. ജയ് ഹിന്ദ്, ജയ് ജവാൻ.

*Uncorrected/Not for publication*

*02-06-2026*
*Discussion on motion of thanks to the Governor's address*

<u>ശ്രീ. അപു ജോൺ ജോസഫ്:</u> സർ, വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിയിച്ച, നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയ, ജനാധിപത്യത്തിന്റെ ഈ ശ്രീകോവിലിൽ 1970 മുതൽ തൊടുപുഴ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച വ്യക്തിയാണ് എന്റെ പിതാവ് ശ്രീ. പി. ജെ. ജോസഫ്. ഇന്ന് അദ്ദേഹത്തിന്റെ പിൻഗാമിയായി ഞാൻ ഇവിടെ നിൽക്കുന്നത് ദൈവത്തിന്റെ നിയോഗമാണെന്നുള്ള കാര്യത്തിൽ എനിക്ക് ഉത്തമബോധ്യമുണ്ട്. കേരളത്തെ ഒരു പുതുയുഗത്തിലേക്ക് നയിക്കാൻ തയ്യാറെടുത്തുനിൽക്കുന്ന, കഴിവുള്ള, ആർജവമുള്ള ഒരു സർക്കാരാണ് ഇപ്പോൾ കേരളത്തിൽ അധികാരത്തിലെത്തിയിരിക്കുന്നതെന്ന് വിളിച്ചോതുന്ന ഒരു നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ അവതരിപ്പിച്ചത്. പ്രസ്തുത നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തിന്മേലുള്ള പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം ആരംഭിക്കാൻ പോകുകയാണ്.

മാലിന്യമില്ലാത്ത മലയാള നാട് എന്നത് ശ്രീ. പി. ജെ. ജോസഫ് സ്വപ്നം കണ്ടിരുന്നൊരു ആശയമാണ്. മാലിന്യ സംസ്കരണത്തിന് ശക്തമായ ഊന്നൽ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട ഗവർണ്ണർ പ്രഖ്യാപിച്ചത് നമ്മുടെ സംസ്ഥാനത്തിന് ഏറെ ആശ്വാസകരമാണ്. ഉറവിട മാലിന്യ സംസ്കരണത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനോടൊപ്പം കേരളത്തെ വിവിധ സോണുകളായി തിരിച്ച് Waste to Energy എന്ന പദ്ധതി നടപ്പാക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ഇന്ന് ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് വിശാഖപട്ടണത്ത് ജിൻഡാൾ ഗ്രൂപ്പ് 350 കോടി രൂപ മുതൽ മുടക്കിൽ 15 കിലോ വാട്ട് കപ്പാസിറ്റിയുള്ള Waste to Energy പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ മോഡലിൽ കേരളത്തെ വിവിധ സോണുകളായി തിരിച്ച് വേസ്റ്റ്-ടു-എനർജി പദ്ധതികൾ തയ്യാറാക്കിയാൽ ഒരുപരിധിവരെ നമ്മുടെ നാട്ടിലെ മാലിന്യ സംസ്കരണത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നാണ് കരുതുന്നത്.

രാഷ്ട്രബോധവും പൗരബോധവും കാര്യപ്രാപ്തിയുമുള്ള ഒരു തലമുറയെ വാർത്തെടുക്കുകയെന്നുള്ളത് ഒരു രാഷ്ട്രനിർമ്മാണത്തിനും നിയമനിർമ്മാണത്തിനും ആവശ്യമുള്ള കാര്യമാണ്. ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണം നടക്കുന്നത് കിൻഡർഗാർട്ടൻ മുതൽ നാലാം ക്ലാസുവരെയുള്ള കാലഘട്ടത്തിലാണ്. പക്ഷേ നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ കുറച്ച് മുതൽമുടക്ക് നടത്തുന്ന വിദ്യാഭ്യാസ കാലഘട്ടമെന്ന് പറയുന്നത് പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലാണ്. ആ വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് നമ്മുടെ സ്കൂളുകളിലേക്കുള്ള വിദ്യാർഥികളുടെ എൻറോൾമെന്റ് വർധിപ്പിക്കുന്ന രീതിയിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്ത് ആർജവവും രാഷ്ട്രബോധവുമുള്ള വിദ്യാർഥികളെ നമ്മൾ നാട്ടിൽ വളർത്തിയെടുക്കണമെന്ന് ഈ സഭയെ ബോധിപ്പിക്കുന്നു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള മീഡിയ സിറ്റിയെന്ന ആശയം ഏറെ പ്രതീക്ഷ നൽകുന്നതാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന തൊടുപുഴയിൽ ഇതുവരെ ഔട്ട്ഡോർ ഷൂട്ടിങ് ഉൾപ്പെടെ അറുന്നൂറിൽപ്പരം സിനിമകൾ ഷൂട്ട് ചെയ്യുകയും അതുപോലെ തന്നെ കേരളത്തിൽ അറുപത് ശതമാനത്തോളം സിനിമകൾ ഷൂട്ട് ചെയ്യുന്ന മേഖലയിൽ മലങ്കര, കാളിയാർ പോലുള്ള സ്ഥലങ്ങളിൽനിന്നും സിയാൽ മോഡലിൽ അർധസർക്കാർ സ്ഥാപനങ്ങൾ സ്ഥാപിച്ച് ഈ മേഖലയിൽ മുതൽമുടക്കാൻ സാധിക്കുമെന്നുള്ള സാധ്യത ചൂണ്ടിക്കാണിക്കുകയാണ്. ഈ മീഡിയ സിറ്റികളും ഫിലിം സിറ്റികളും നിലവിൽ വരുമ്പോൾ അതിൽ ജോലി ചെയ്യാൻ കഴിവുള്ളവരെ വാർത്തെടുക്കുന്നതിനുവേണ്ടി പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് മോഡലിൽ മീഡിയ ഇൻസ്റ്റിറ്റ്യൂട്ടുകൾ കേരളത്തിൽ സ്ഥാപിക്കുന്നതും നന്നായിരിക്കുമെന്ന് ഞാൻ കരുതുന്നു.

കാർഷിക മേഖലയെ പ്രതിപാദിക്കുന്ന രീതിയിൽ പ്ലാന്റേഷൻ നിയമങ്ങളിൽ ഭേദഗതി വരുത്താനുള്ള ഒരു സന്നദ്ധത ഈ സർക്കാർ കാണിക്കുന്നുവെന്ന് പറയുന്നതിൽ ആഹ്ലാദമുണ്ട്. കാരണം പ്ലാന്റേഷൻ റൂളുകളിൽ മുപ്പത് ശതമാനം ഭൂമിയിലെങ്കിലും മറ്റിതര വിളകൾ കൃഷി

ചെയ്യുന്നതിനുള്ള സൗകര്യം കൃഷിക്കാർക്ക് നൽകണമെന്നാണ് പറയാനുള്ളത്. അതുപോലെ മറ്റു സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ എയർ കാർഗോയിലും ട്രെയിൻ കാർഗോയിലും സബ്സിഡികൾ കൊടുത്ത് ഇന്ന് ദക്ഷിണ ഇന്ത്യയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന നമ്മുടെ ഫ്രൂട്ട് മാർക്കറ്റ് നോർത്ത് ഇന്ത്യയിൽക്കൂടി വ്യാപിപ്പിച്ചാൽ അത് ഈ മേഖലയ്ക്ക് വലിയൊരു സംരക്ഷണമാകുമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ദിരാ ഗ്യാരന്റിയിൽ യുവജനങ്ങൾക്കായി അഞ്ചുലക്ഷം രൂപ പലിശരഹിത വായ്പ നൽകുമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. അത് കാർഷികമേഖലയിലുള്ള യുവാക്കൾക്ക് ഹോംസ്റ്റഡ് ഫാമിങ്, ഫാം ടൂറിസം, ഹോം ടൂറിസം തുടങ്ങിയ മേഖലകളിൽ പരിശീലനം കൊടുത്ത് യുവാക്കളെ ആ മേഖലകളിലേക്ക് കൈപിടിച്ചുയർത്തിയാൽ ഇന്ന് പലായനം ചെയ്തുകൊണ്ടിരിക്കുന്ന യുവജനതയെ കേരളത്തിൽത്തന്നെ പിടിച്ചുനിർത്താൻ സാധിക്കുമെന്ന് ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെതന്നെ ഫുഡ് പ്രൊഡ്യൂസേഴ്സ് കമ്പനികളെ എംപവർ ചെയ്ത് മൂല്യവർധിത ഉൽപന്നങ്ങൾ നമ്മുടെ നാട്ടിൽ ഉൽപാദിപ്പിക്കാനുള്ള ചെറുകിട യൂണിറ്റുകൾക്കും സർക്കാർ സപ്പോർട്ട് ചെയ്യണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

<u>ചെയർപേഴ്സൺ:</u> യെസ്...യെസ്.. പ്ലീസ്...

<u>ശ്രീ. അപു ജോൺ ജോസഫ്:</u> സർ, ഉപാധിരഹിത പട്ടയം എന്ന ആശയം ഞാൻ പ്രതിനിധാനം ചെയ്യുന്ന ജില്ലയിലെ ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന ഒന്നാണ്. എന്നാൽ അവിടെ പട്ടയം കൊടുക്കണമെങ്കിൽ ആദ്യം ഭൂമി അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്. ഭൂമി അളക്കുന്ന പ്രൊസീഡ്യുവർ പകുതി വഴിയിൽ നിൽക്കുകയാണ്. പല സ്ഥലത്തും അത് നടക്കുന്നില്ല. അത് എത്രയും പെട്ടെന്ന് പുന:സ്ഥാപിച്ച് ഉപാധിരഹിത പട്ടയം എന്നൊരാശയം നടപ്പാക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തിന് ഒരിക്കൽക്കൂടി പിന്തുണ അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. രണ്ടാമതും കേരള നിയമസഭയിലേക്ക് കേരളത്തിന്റെ വടക്കേയറ്റത്തെ ഒന്നാമത്തെ നിയോജകമണ്ഡലത്തിൽ നിന്ന് ഒന്നാമനായി വരാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കഴിഞ്ഞ മുപ്പത്തിയഞ്ച് വർഷങ്ങളായി ബി.ജെ.പി അക്കൗണ്ട് തുറക്കാനുള്ള മോഹവുമായി കഠിനപരിശ്രമം നടത്തുന്നൊരു നിയോജകമണ്ഡലമാണ് മഞ്ചേശ്വരം. കഴിഞ്ഞ പ്രാവശ്യം 745 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ഞാൻ ഈ സഭയിലേക്ക് വന്നത്. ഏറെ വർഗീയത ആളിക്കത്തുന്ന സന്ദർഭത്തിൽ കേരളത്തിലെ മതേതരത്വത്തിന്റെ അംബാസിഡർ, എന്റെ പ്രീയപ്പെട്ട നേതാവ് ശ്രീ. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അതിർത്തിയിൽ സംഘ് പരിവാറിന്റെ വർഗീയതയെ തടയണമെന്നുള്ള ഉത്തരവാദിത്വം എന്നിൽ ഏല്പിച്ചപ്പോൾ 745 എന്ന ഭൂരിപക്ഷത്തെ 29252 വോട്ടാക്കി ചരിത്ര ഭൂരിപക്ഷത്തോടുകൂടിയാണ് മഞ്ചേശ്വരത്തെ ജനങ്ങൾ എന്നെ ഈ സഭയിലേക്ക് തിരഞ്ഞെടുത്തയച്ചത്. ഈ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ എന്നെ ഏറെ വേദനിപ്പിച്ച ചില അനുഭവങ്ങൾ പങ്കുവയ്ക്കാതിരിക്കാൻ കഴിയില്ല. മഞ്ചേശ്വരത്ത് പച്ചയ്ക്കായിരുന്നു ബി.ജെ.പി. വർഗീയത പറഞ്ഞത്. കർണ്ണാടകയിൽ വായ തുറന്നാൽ വിദ്വേഷം മാത്രം പറയുന്ന സംഘ് പരിവാറുകാർ മുഴുവനും മഞ്ചേശ്വരത്തെ സ്നേഹത്തിന്റെ മാർക്കറ്റ് തകർക്കാൻ വേണ്ടി ശക്തമായി പ്രവർത്തിച്ചൊരു തിരഞ്ഞെടുപ്പായിരുന്നു ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ്. മഞ്ചേശ്വരത്തെ തിരഞ്ഞെടുപ്പിൽ അത്യുജ്ജ്വലവിജയം നൽകിയ മതേതര മനസ്സുകളോട് രണ്ടാമത് സഭയിലെത്തിയ എന്റെ ഈ ആദ്യത്തെ പ്രസംഗത്തിൽ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുകയാണ്. കോടാനുകോടി കന്നഡക്കാരുടെ മനസ്സിൽ ഒരു നക്ഷത്രമായി നിൽക്കുന്ന ദാർശികനും കവിയുമായ ബസവണ്ണ മതേതരത്വത്തെയും മനുഷ്യത്വത്തെയും ഊന്നിപ്പറഞ്ഞുകൊണ്ട് രചിച്ച കവിത ഓരോ കന്നഡക്കാരുടെയും മനസ്സിലുണ്ട്. അതിലെ ഏതാനും വരികൾ ഞാൻ ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്.

ഇവനാരവ ഇവനാരവ

ഇവനാരവെന്തെനിസദിരയ്യ,

ഇവ നമ്മവ ഇവ നമ്മവ ഇവ

നമ്മവനെന്തെനിസയ്യാ

കൂടലസംഗമദേവാ നിമ്മ മനെയ

മഗനെന്തെനിസയ്യാ

ഈ കവിതയാണ് മഞ്ചേശ്വരത്തെ ജനാധിപത്യ മതേതര വിശ്വാസികൾ അവരുടെ മനസ്സിൽ ഏറ്റെടുത്തത്. തിരഞ്ഞെടുപ്പ് ഗോദയിലേക്ക് പ്രവേശിച്ച് കേരളത്തിൽ മഞ്ചേശ്വരത്തിന്റെ ഒരു എം.എൽ.എ. ആയി നിയമസഭയിലേക്ക് വന്നപ്പോൾ എന്നെ കേരളത്തിലെ ജനങ്ങൾ ഏറ്റവും കൂടുതലായി തിരിച്ചറിഞ്ഞത് കോഴിക്കോട് ജില്ലയിലെ അർജ്ജുൻ എന്ന ചെറുപ്പക്കാരൻ കർണ്ണാടകയിലെ ഷിരൂരിലെ മണ്ണിടിച്ചിലിൽ ലോറിക്കടിയിൽപ്പെട്ടപ്പോഴാണ്. അർജ്ജുനെ തിരിച്ച് കിട്ടാൻ വേണ്ടി കേരളം ഒറ്റക്കെട്ടായി പ്രാർഥനാപൂർവം പരിശ്രമിക്കുമ്പോൾ എന്റെ നേതാവ് ശ്രീ. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ എന്നോട് അവിടെ പോകണമെന്നും കാര്യങ്ങൾ അന്വേഷിക്കണമെന്നും പറഞ്ഞു. 72 ദിവസമാണ് എന്റെ പ്രിയപ്പെട്ട അനുജൻ അർജ്ജുനുവേണ്ടി ഞാൻ അവിടെ നിന്നത്. 'എന്റെ മകന്റെ മൃതദേഹമെങ്കിലും ഈ വീട്ടിലേക്ക് കൊണ്ടുവരണം' എന്ന് അർജ്ജുന്റെ അമ്മ എന്നോട് പറഞ്ഞപ്പോൾ അവസാനമായി കണ്ണീരോടുകൂടി ആ മകന്റെ മൃതദേഹം അമ്മയുടെ കയ്യിൽ നൽകിയാണ് ഞാൻ എന്റെ ഉത്തരവാദിത്വം നിർവഹിച്ചത്. തിരഞ്ഞെടുപ്പ് ഗോദയിലേക്ക് കടക്കുന്ന സമയത്ത് ബി.ജെ.പി.-ക്കാർ വിദ്വേഷപ്രചരണം നടത്തിയപ്പോൾ തിരഞ്ഞെടുപ്പിനായി കെട്ടിവയ്ക്കാനുള്ള തുക അർജ്ജുന്റെ അമ്മയാണ് എനിക്ക് നൽകിയത്. അതാണ് എന്റെ ഭൂരിപക്ഷത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയെന്ന് പറയാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിച്ചുപോകുകയാണ്. ഞാൻ മറ്റുള്ള രാഷ്ട്രീയ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

കഴിഞ്ഞ പത്ത് വർഷക്കാലം ഏറ്റവും കൂടുതൽ അവഗണന അനുഭവിച്ച ഒരു ജില്ലയാണ് കാസർഗോഡ്. കേരളത്തിന് വളരെയധികം പ്രതീക്ഷ നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനാണ് ഞങ്ങളുടെ ടീമിന്റെ നായകൻ. ഇന്ത്യൻ രാഷ്ട്രീയത്തിൽ വളരെ അപൂർവമായ ഒരു ചലഞ്ചാണ് കേരളത്തിലെ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ഒരു പത്രസമ്മേളനത്തിൽ പ്രതിപക്ഷ നേതാവായിരുന്നപ്പോൾ പറഞ്ഞത്. 'അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ നൂറിലധികം സീറ്റുമായി അധികാരത്തിൽ വന്നില്ലെങ്കിൽ ഞാൻ വനവാസത്തിന് പോകും' എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരുപക്ഷേ ഇന്ത്യയിൽ തിരഞ്ഞെടുപ്പ് കാലം തുടങ്ങിയതിനുശേഷം അത്തരത്തിലുള്ളൊരു വെല്ലുവിളി ഒരു പൊളിറ്റീഷനും സ്വീകരിച്ചിട്ടില്ല. അദ്ദേഹം അത് പറഞ്ഞെന്ന് മാത്രമല്ല, തിരഞ്ഞെടുപ്പ് ഫലം വരുന്നതുവരെ എത്ര കളിയാക്കലുകളും ട്രോളുകളുമായിരുന്നു അദ്ദേഹത്തിനുനേരെ വന്നത്. ആ പറഞ്ഞ വാക്കിനപ്പുറം ഏറ്റവും മികച്ച ഭൂരിപക്ഷത്തോടുകൂടിയാണ് കേരളത്തിന്റെ മതേതര മനസ്സ് ശ്രീ. വി. ഡി. സതീശന് 102 സീറ്റ് നൽകി അധികാരം നൽകിയത്. നേരത്തെ ഇവിടെ ശ്രീ. പി. കെ. ഫിറോസ് സൂചിപ്പിച്ചതുപോലെ തുടക്കംതന്നെ ഗംഭീരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ കേരളത്തിന് വലിയ പ്രതീക്ഷയാണ്. അദ്ദേഹത്തെക്കുറിച്ച് പറയുമ്പോൾ ബസവണ്ണയുടെ മറ്റൊരു കവിതയാണ് എനിക്ക് ഓർമ്മവരുന്നത്.

നുഡിദരെ മുത്തിന ഹാര ദന്തിരബേകു,

നുഡിദരെ മാണിക്യദ ദീപ്തി

നുഡിദരെ സ്പടികദ

സലാകെയന്തിരബേകു,

നുഡിദരെ ലിംഗമെച്ചി

അഹുദഹുദന്നബേക

നുഡിയൊളഗാഗി നടെയദിദ്ദരെ

കൂടലസംഗമദേവനെന്തൊലിവരയ്യാ?

കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി വാക്ക് പാലിക്കുന്ന ഒരു മുഖ്യമന്ത്രിയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള പുതുയുഗയാത്രയ്ക്ക് തുടക്കം കുറിച്ചത് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പളയിൽ നിന്നായിരുന്നു. ആ യാത്ര ആരംഭിച്ച് അടുത്ത ദിവസം ഉദുമയിലെത്തിയപ്പോൾ ഒരു സീറ്റ് തരണമെന്ന് അദ്ദേഹം ഉദുമക്കാരോട് ആവശ്യപ്പെട്ടു. സി.പി.ഐ.(എം.)-ന്റെ കൈയിൽ നിന്ന് ആ സീറ്റ് ഇന്നത്തെ മുഖ്യമന്ത്രിക്ക് ഞങ്ങൾ നൽകി. ഒരിക്കലും സി.പി.ഐ.(എം.)-നെ തോല്പിക്കാൻ കഴിയാത്ത തൃക്കരിപ്പൂരിൽ ശ്രീ. സന്ദീപ് വാര്യരെ വിജയിപ്പിച്ചുകൊണ്ട് ഞങ്ങൾ ആ സീറ്റിലും വിജയം നേടി. ബഹുമാന്യനായ കേരള മുഖ്യമന്ത്രിയിൽ കാസർഗോഡിന് വലിയ പ്രതീക്ഷയാണുള്ളത്. കഴിഞ്ഞ പത്ത് വർഷക്കാലം ഞങ്ങൾക്ക് അവഗണനയായിരുന്നു. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളും നല്ല രീതിയിൽ പ്രവൃത്തിപഥത്തിലേക്ക് കടന്നുപോകുമ്പോൾ കാസർഗോഡ് ജില്ലയിലെ മെഡിക്കൽ കോളേജ് ഇപ്പോഴും അസ്ഥിപഞ്ജരമായി നിൽക്കുകയാണ്. ഒരു കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ സർക്കാരിനെതിരെ ഏറ്റവും കൂടുതൽ ഉയർന്നുവന്ന അതിശക്തമായ പ്രക്ഷോഭം കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ടതായിരുന്നു. ഇന്ന് അതിവേഗ ട്രെയിനിനെക്കുറിച്ച് ബഹുമാന്യനായ ഇ. ശ്രീധരൻ കേരള മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയപ്പോൾ ടി പദ്ധതി തിരുവനന്തപുരം മുതൽ കണ്ണൂർ വരെയാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. വടക്കേയറ്റത്തെ അതിർത്തിയിലെ എം.എൽ.എ. എന്ന നിലയ്ക്ക് എനിക്ക് കേരളത്തിന്റെ മുഖ്യമന്ത്രിയിൽ പ്രതീക്ഷയുണ്ട്. ഇടതുപക്ഷ ഗവൺമെന്റ് കണ്ണൂർ വരെ പ്രഖ്യാപിച്ച പദ്ധതിപോലെ ടി പദ്ധതി ആകരുതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാസർഗോഡ് ജില്ലയെ ചേർത്തുകൊണ്ട് മംഗലാപുരത്തുനിന്ന് ആരംഭിച്ച് കേരളത്തിലെ പതിനാല് ജില്ലകളെയും കണക്ട് ചെയ്യുന്ന ഒരു പദ്ധതിയായി ഇതിനെ പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിനായി കഴിഞ്ഞ

അഞ്ച് വർഷമായി ധാരാളം അപേക്ഷകളും സബ്മിഷനുകളും ശ്രദ്ധക്ഷണിക്കലും അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയും പരിഹാരമുണ്ടായിട്ടില്ല. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സർക്കാർ പ്രഖ്യാപിച്ച മഞ്ചേശ്വരം താലൂക്കാഫീസ് ഇപ്പോഴും ഫസ്റ്റ് ഫ്ലോറിലാണ് പ്രവർത്തിക്കുന്നത്. ഇവിടത്തെ നിലവിലെ അവസ്ഥ വളരെ മോശമാണ്. ഇപ്രാവശ്യത്തെ ബജറ്റ് പ്രഖ്യാപിക്കുമ്പോൾ അതിർത്തിയിലെ മഞ്ചേശ്വരം താലൂക്കാഫീസ് ഒരു മിനി സിവിൽ സ്റ്റേഷനായി പ്രഖ്യാപിക്കണമെന്നുള്ള അഭ്യർഥന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിൽ ഞാൻ സമർപ്പിക്കുകയാണ്. ബഹുമാന്യനായ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് എം.എൽ.എ. അവതരിപ്പിച്ച ഉപക്ഷേപം തീർച്ചയായും കേരളം പ്രതീക്ഷിക്കുന്ന, വരും നാളുകളിൽ അതിമനോഹരമായ കേരളത്തിലെ എല്ലാ മേഖലകളിലെ ജനങ്ങളെയും ചേർത്തുനിർത്തുന്ന ഒരു ഉപക്ഷേപമാണ്. അതിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ചെയർപേഴ്സൺ</u>: നന്ദി. സമയം പാലിച്ചു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. ഇവിടെ നയരാഹിത്യമുള്ള നയപ്രഖ്യാപന പ്രസംഗമാണ് നടത്തിയിരിക്കുന്നത്. പുതുയുഗ കാഴ്ചപ്പാടിനെക്കുറിച്ചുള്ള വാചകങ്ങളും നയപ്രഖ്യാപനത്തിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്. ഇന്നത്തെ സർക്കാർ വലിയ ഭൂരിപക്ഷത്തിലാണ് അധികാരത്തിൽ വന്നിരിക്കുന്നത്. എന്നാൽ ഞങ്ങൾ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഇവിടെ പരാജയപ്പെട്ടിരിക്കുകയാണ്. എന്നിട്ടും ഞങ്ങളാരും ഞങ്ങളുടെ നിലപാട് മറന്നിട്ടില്ല. ഒരു ക്രിയാത്മക പ്രതിപക്ഷമായി, കേരളത്തിലെ ജനങ്ങളുടെ വിശ്വാസമാർജിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഞങ്ങൾ മുന്നോട്ടുപോകും. കഴിഞ്ഞ രണ്ട് എൽ.ഡി.എഫ്. സർക്കാരുകളുടെ കാലഘട്ടത്തിലെ സത്യപ്രതിജ്ഞകളോട് നിങ്ങൾ കാണിച്ച ഒരു സമീപനമല്ല ഞങ്ങൾ സ്വീകരിച്ചത്. നിങ്ങൾ ആ ചടങ്ങുകൾ ബഹിഷ്കരിച്ചു.

പക്ഷേ കേരളത്തിന്റെ മുൻമുഖ്യമന്ത്രി അതായത് ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതാക്കൾ ഇപ്പോഴത്തെ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തുകൊണ്ടാണ് ഞങ്ങളൊരു ക്രിയാത്മക പ്രതിപക്ഷമാണെന്നുള്ള പ്രഖ്യാപനത്തിന് തുടക്കം കുറിച്ചത്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഈ സർക്കാർ ചെയ്യുന്ന നീതിയുക്തമായ കാര്യങ്ങൾക്കൊക്കെ പിന്തുണയുണ്ടാകുമെന്ന് ഞങ്ങൾ അറിയിച്ചിട്ടുണ്ട്. അതിന്റെ അർഥം, എല്ലാ കാര്യങ്ങളെയും നിർബാധം പിന്തുണയ്ക്കും എന്നല്ല. വിമർശിക്കേണ്ടവയെ അതിശക്തമായി വിമർശിക്കും. പുറത്ത് ജനങ്ങളെ അണിനിരത്തേണ്ട സാഹചര്യങ്ങളിൽ ഞങ്ങൾ അണിനിരത്തി നേരിടുകയും ചെയ്യും. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കേന്ദ്ര നിലപാടുകളോട് വളരെ വിധേയപ്പെട്ടുപോകുന്ന ഒരു സമീപനം നിങ്ങൾ സ്വീകരിച്ചിട്ടില്ലേ; അക്കാര്യം നയപ്രഖ്യാപനത്തിൽ വളരെ വ്യക്തമാണ്. ബി.ജെ.പി.-യെയോ ബി.ജെ.പി. നയിക്കുന്ന കേന്ദ്ര സർക്കാരിനെയോ ഒരു വാക്കുകൊണ്ടുപോലും നോവിക്കരുതെന്നുള്ള ആഗ്രഹത്തിനനുസരിച്ചുള്ള വാചകഘടനയാണ് നിങ്ങൾ ഇതിലൊക്കെ ചേർത്തിട്ടുള്ളത്. ധനകാര്യ ഫെഡറലിസത്തെ സംബന്ധിച്ചും സഹകരണ ഫെഡറലിസത്തെക്കുറിച്ചും രണ്ട് വാചകം പറഞ്ഞതൊഴികെ ബി.ജെ.പി.-യുടെ കേരളത്തിലെ ജനങ്ങളെ ദ്രോഹിക്കുന്ന, സംസ്ഥാനങ്ങളുടെ ഫെഡറലിസത്തെ തകർക്കുന്ന നിലപാടുകൾക്കെതിരായി, അവരെ വേദനിപ്പിക്കാതെ അവരുടെ പേരിൽ ഇത്തരം കാര്യങ്ങളൊന്നും പറയാതിരിക്കാനുള്ള ജാഗ്രത നല്ലതുപോലെ നിങ്ങൾ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന തെറ്റായ സാമ്പത്തിക നയങ്ങൾ കേരളത്തെ ബാധിക്കില്ലേ? ഇവിടെ ഇടതുപക്ഷം ഭരിക്കുന്നതൊന്നും നിങ്ങൾ നോക്കണ്ട. കർണ്ണാടകയിൽ, നിങ്ങളുടെ സർക്കാർ എന്തിനാണ് ഡൽഹിയിൽ സമരത്തിന് പോയത്; ആ സംസ്ഥാനത്തിനോടുള്ള കേന്ദ്ര അവഗണനയുടെ പ്രശ്നം ഉന്നയിച്ചല്ലേ നിങ്ങൾ ഡൽഹിയിൽ പോയത്; ഞങ്ങൾ കേന്ദ്രത്തിനെതിരായ സമരം ഏറ്റെടുത്ത് പ്രതിപക്ഷത്തിനോടുകൂടി ആലോചിക്കുകയും

ഇന്നയിന്ന പ്രശ്നങ്ങളുണ്ടെന്ന് നിങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തു. എല്ലാ മേഖലയിലും ഉപരോധ സമാനമായ സാമ്പത്തിക ഞെരുക്കൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നു. നികുതി വിഹിതത്തിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാര്യത്തിൽ, ബി.ജെ.പി.-യുടെ നയങ്ങൾ നടപ്പാക്കിയില്ലെങ്കിൽ സഹായമില്ലെന്നുള്ള നിലപാട് സ്വീകരിച്ചപ്പോൾ നിങ്ങൾ അന്ന് പ്രതിപക്ഷത്തുണ്ടായിരുന്നത് ഒരു ക്രിയാത്മക പ്രതിപക്ഷമാണെന്ന് പറഞ്ഞെങ്കിലും അങ്ങനെയൊരു സമീപനം സ്വീകരിച്ചോ നിങ്ങൾ? അത്തരമൊരു സമീപനമല്ല നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളോട് ഭരണപക്ഷത്തിന് ഒരു വിയോജിപ്പുമില്ലേ? രാവിലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി തേടുന്നതുമായി ബന്ധപ്പെട്ട് ഊർജ മേഖലയുമായി/എണ്ണയുടെ മേഖലയുമായി ബന്ധപ്പെട്ട വിഷയം ഉയർന്നുവന്നിരുന്നു. അക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടും ഒരു യുദ്ധമുണ്ടാകുന്ന സാഹചര്യത്തിൽ എണ്ണയുടെ കരുതൽ ഉറപ്പാക്കുന്ന കാര്യത്തിൽ സ്വീകരിച്ച അനാസ്ഥയും ഇന്ന് രാജ്യം/കേരളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളല്ലേ. അത് സമ്പദ് ഘടനയെ ബാധിക്കുമെന്ന് നിങ്ങൾ പറയുന്നുണ്ട്. അതിനെക്കുറിച്ച് നയപ്രഖ്യാപനത്തിൽ എന്തെങ്കിലുമൊരു വാചകം ഉൾപ്പെടുത്തിയിട്ടുണ്ടോ? കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന സ്വതന്ത്ര വ്യാപാര കരാറുകൾ ഇപ്പോൾ വ്യാപകമാകുകയാണ്. അത് കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയ്ക്കുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ നമ്മുടെ സമ്പദ് ഘടനയെ ബാധിക്കില്ലേ? ആ കാര്യത്തിലും നിങ്ങൾ നിലപാട് വ്യക്തമാക്കാതിരിക്കുന്നത് ഒരു വാക്കുകൊണ്ടുപോലും ബി.ജെ.പി.-യെ എതിർക്കരുത് എന്ന് നിങ്ങൾക്ക് ആഗ്രഹമുള്ളതുകൊണ്ടാണ്. സാമ്പത്തിക ഫെഡറലിസം തകർക്കുക, സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുക തുടങ്ങിയ ബി.ജെ.പി. നിലപാടുകളോട് പേരിനെങ്കിലും നിങ്ങളുടെ പ്രതിഷേധം ഈ നയപ്രഖ്യാപനത്തിന്റെ ഭാഗമായിട്ടുണ്ടാകേണ്ടതായിരുന്നില്ലേ? ഇരട്ട എഞ്ചിനുള്ള സർക്കാർ കേന്ദ്രത്തിലും സംസ്ഥാനത്തും ഒരുപോലെ അധികാരത്തിൽ വന്നാൽ നല്ല

വികസനമുണ്ടാകുമെന്ന് ബി.ജെ.പി.-ക്കാർ പറയാറുണ്ട്. ആ ഇരട്ട എഞ്ചിന്റെ ഒരു ഭാഗമാകാൻ കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറാകുന്നുണ്ടോ? ഭരണഘടനാ ബാധ്യതയുള്ള ഈ ഫെഡറൽ സംവിധാനങ്ങളോട്, ഇത്തരം ഭീകരമായ നിലപാട് സ്വീകരിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളോട് നിങ്ങൾ ഈ രീതിയിൽ പൊരുത്തപ്പെട്ടുപോകുന്നതിന്റെ രാഷ്ട്രീയ ഡീൽ എന്താണ്; ഈ നയപ്രഖ്യാപനം അതല്ലേ ചൂണ്ടിക്കാണിക്കുന്നത്? ആ രാഷ്ട്രീയ ഡീൽ എന്താണെന്ന് ജനങ്ങൾ സംശയിക്കുന്നുണ്ട്. മറ്റ് വിഷയങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല.

ഈ ജനുവരി മാസത്തിലാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ നയപ്രഖ്യാപനം നടന്നത്. അന്നുണ്ടായിരുന്ന പല ബഹുമാനപ്പെട്ട അംഗങ്ങളും ഇപ്പോൾ ഇവിടെയുണ്ട്. അതിൽ കേന്ദ്ര സർക്കാർ കേരളത്തിലെ ഈ ഗവൺമെന്റിനോടും കേരള ജനതയോടും കാണിക്കുന്ന നിലപാടുകൾ സംബന്ധിച്ച് അന്ന് സർക്കാർ വിമർശനം ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട ഗവർണ്ണർ വായിക്കാതെ ഒഴിവാക്കിയ ഭാഗം അന്നത്തെ മുഖ്യമന്ത്രി, ഗവർണ്ണർ വായിക്കാതെ ഒഴിവാക്കിയാലും ആ ഭാഗം പ്രസംഗമായി സഭാ രേഖകളിലുണ്ടാകുമെന്ന് പറയുകയും അത് ഇന്നഭാഗമാണെന്ന് തിരുത്തുകയും ചെയ്തു, സംസ്ഥാനത്തിന്റെ ഫെഡറലിസത്തിലുള്ള താൽപ്പര്യം ഉയർത്തിപ്പിടിച്ചത് നാം കണ്ടില്ലേ. അത് ഞാനൊരു ഉദാഹരണമായി ചൂണ്ടിക്കാണിച്ചെന്ന് മാത്രമേയുള്ളൂ.

2020-ലെ നയപ്രഖ്യാപനത്തിലെ ഒരു ഭാഗം അന്നത്തെ ഗവർണ്ണർ വായിച്ചില്ല. 'എനിക്ക് ആ കാര്യത്തോട് വിയോജിപ്പുണ്ട്, അതൊരു പോളിസി മാറ്ററല്ല, പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുകൊണ്ട് ഞാനത് വായിക്കുന്നു' എന്നാണ് അദ്ദേഹം പറഞ്ഞത്. "നമ്മുടെ പൗരത്വം ഭരണഘടനയുടെ അടിസ്ഥാന ഘടകമായ മതേതരത്വത്തിന്റെ ഓരോ അംശത്തിനും വിരുദ്ധമായതിനാൽ ഒരിക്കലും മതത്തിന്റെ അടിസ്ഥാനത്തിലാകാൻ കഴിയില്ല. നമ്മുടെ ഭരണഘടനയ്ക്ക് കീഴിലുള്ള സുപ്രധാന തത്വങ്ങൾക്ക് വിരുദ്ധമായതിനാൽ 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട്

ആവശ്യപ്പെടുന്ന പ്രമേയം ഈ മഹനീയ സഭ ഐകകണ്ഠ്യേന പാസ്സാക്കി. ഇതിനെത്തുടർന്ന്, എന്റെ സർക്കാർ ഭരണഘടനയുടെ 131-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ വിനിയോഗിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഒരു ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്തു." - ഈ ഭാഗമാണ് ഇഷ്ടമില്ലാതിരുന്നിട്ടും അദ്ദേഹം മുഖ്യമന്ത്രിയുടെ ആവശ്യപ്രകാരം വായിച്ചത്. അന്നത്തെ ഗവർണ്ണറുടെ പേര് ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ എന്നായിരുന്നു. കേരളത്തിൽ അദ്ദേഹം ചെയ്തുകൂട്ടിയ കാര്യങ്ങളൊക്കെ നിങ്ങൾക്കറിയാമല്ലോ? അന്നത്തെ ആ തീരുമാനമെടുപ്പിച്ച മുഖ്യമന്ത്രിയുടെ പേര് ശ്രീ. പിണറായി വിജയൻ എന്നായിരുന്നു. കേന്ദ്ര ഗവൺമെന്റിന് മുന്നിൽ മുട്ടിലിഴയുകയല്ല, ഒരു സംസ്ഥാനത്തിന്റെ താൽപര്യം ഉയർത്തിപ്പിടിക്കാൻവേണ്ടിയുള്ള നിലപാടുകൾ സ്വീകരിക്കുകയാണ് ചെയ്തത്. ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയുടെ പേര് വികസിത് ഭാരത്-ഗ്യരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) (VB-G RAM G) എന്ന് മാറ്റിയല്ലോ. സാങ്കേതികമായി വേറെ പേര് കൊടുത്തിട്ടുണ്ടെങ്കിലും രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയുള്ള പേരുമാറ്റമാണിത്. കേന്ദ്ര ഗവൺമെന്റിന്റെ അജണ്ടയുടെ ഭാഗമായിട്ടുള്ള പേരുമാറ്റമാണിത്. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഇടതുപക്ഷംകൂടി പുറത്തുനിന്ന് പിന്തുണച്ചപ്പോഴാണ് ആ പദ്ധതിയുണ്ടായത്. അതിന്റെ നിലവിലെ സ്ഥിതിയെന്താണ്? കേരളത്തിൽ ഇരുപത് ലക്ഷം ആളുകൾ ഈ പദ്ധതിയുടെ കീഴിലുണ്ട്. നിങ്ങൾ ഈ നയപ്രഖ്യാപനത്തിൽ അതുമായി ബന്ധപ്പെട്ട് ഒരു വാക്കെങ്കിലും പറഞ്ഞിട്ടുണ്ടോ; എന്താണ് ആ പദ്ധതിയുടെ ഭാവി; അതിനെ എങ്ങനെയാണ് നേരിടുന്നത്? ഇരുപത് ലക്ഷം കുടുംബങ്ങളെ ബാധിക്കുന്നതാണിത്. ആ വിഭാഗം ആളുകളും നിങ്ങളുടെ നയത്തിന്റെ ഭാഗമായി വരില്ലേ? അതിനുപകരം നന്നായി ചിരിക്കുന്ന ആളുകൾ ഉണ്ടായാൽ മാത്രം മതിയോ? ഈ പ്രശ്നത്തെക്കുറിച്ചുള്ള നിങ്ങളുടെ നിലപാട് നയത്തിൽ പറയേണ്ടതല്ലേ. കേരളത്തിലെ കുടുംബശ്രീ ലോകത്തിന് മാതൃകയാണ്. അവിടെയുമിവിടെയും നിങ്ങൾ അക്കാര്യം പറഞ്ഞുപോയിട്ടുണ്ട്. ആ കുടുംബശ്രീയെ സംബന്ധിച്ച് നിലപാടെന്താണ്? കെ.പി.സി.സി. പ്രസിഡന്റായിരുന്ന നിങ്ങളുടെ പഴയൊരു നേതാവ്

അതിനെതിരായി ഒരു നിലപാട് പറഞ്ഞിട്ടുണ്ട്. ഈ സഭയിലില്ലാത്ത ആളായതിനാൽ അദ്ദേഹത്തിന്റെ പേര് ഞാൻ ഉപയോഗിക്കുന്നില്ല. ആ നിലപാടുതന്നെ തുടരുന്ന സമീപനമാണോ ഇപ്പോഴത്തെ ഗവൺമെന്റ് സ്വീകരിക്കുന്നത്? വികസനമില്ലായ്മയെക്കുറിച്ച് പലരും പറഞ്ഞു. അന്ന് പ്രതിപക്ഷത്തുണ്ടായിരുന്ന നാല്പത് അംഗങ്ങളുടെയും മണ്ഡലങ്ങളിലെ കണക്കെടുത്തോളൂ. കിഫ്ബിയെക്കുറിച്ചുള്ള ആക്ഷേപം പറഞ്ഞില്ലേ. കിഫ്ബിയുടെ ഭാഗമായി എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾ ഓരോ മണ്ഡലങ്ങളിലുമുണ്ടായിട്ടുണ്ട്. ആ കിഫ്ബിയോടുള്ള നിങ്ങളുടെ സമീപനമെന്താണ്; ബജറ്റിന് പുറത്തുനിന്ന് കടമെടുക്കാൻ പാടില്ലെന്ന സമീപനം തന്നെയാണോ ഇപ്പോഴുമുള്ളത്? നിങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോൾ അങ്ങനെയാണ് പറഞ്ഞത്. പക്ഷെ കേരളത്തെ ഇങ്ങനെ ഞെരുക്കുമ്പോൾ നമുക്ക് മുന്നോട്ടുപോകാനും ഇവിടെ തൊഴിലവസരമുണ്ടാകാനും പശ്ചാത്തല സൗകര്യ വികസനമൊരുക്കാനും നാം സ്വീകരിച്ച സമീപനങ്ങളുടെ ഭാഗമായിട്ടുള്ള വലിയ വിസ്മയകരമായ (ഇത് ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കാണ്) മാറ്റം വികസന രംഗത്ത് കിഫ്ബിയുടെ ഭാഗമായുണ്ടായില്ലേ. കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-ആയ ശ്രീ. എ. കെ. എം. അഷ്റഫിനുൾപ്പെടെ ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ വിവേചനം അനുഭവപ്പെട്ടോ; ആ പദ്ധതിയോടുള്ള നിങ്ങളുടെ സമീപനമെന്താണ്? പത്രമാധ്യമങ്ങളിൽ വരുന്ന വാർത്ത വസ്തുതാപരമാണോയെന്ന് എനിക്കറിയില്ല. ആ പദ്ധതിയോട് നിഷേധാത്മകമായ ഒരു സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ നിലവിൽ തുടങ്ങിവച്ച പദ്ധതികളുടെ ഭാവിയെന്താണ്? അതെല്ലാം ധവളപത്രത്തിൽ മാത്രം പറയേണ്ട കാര്യമാണോ? ധവളപത്രം എന്നൊരു കാര്യം കാണിച്ച് ഭീഷണിപ്പെടുത്തി. അത് വരട്ടെ, ജനങ്ങൾ അറിയട്ടെ, അവർ ചർച്ച ചെയ്യട്ടെ. ഞങ്ങൾ ഏതെങ്കിലും കാര്യത്തിന് എതിര് നിന്നിട്ടുണ്ടോ? അത്തരം നിലപാട് സ്വീകരിച്ച നിങ്ങൾ എങ്ങനെയാണ് ഈ പദ്ധതിയെ സമീപിക്കാൻ പോകുന്നതെന്നുള്ള കാര്യത്തിൽ വ്യക്തതയുണ്ടാകണം. ധനകാര്യ ഫെഡറലിസത്തിന്റെ സ്പിരിറ്റ് തകർക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളെ

സംബന്ധിച്ച് നിങ്ങൾ അഭിപ്രായം പറയണം. നമ്മുടെ നാട് ഒരുപാട് മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എല്ലാ പോരായ്മകളും പരിഹരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടാകില്ല. പക്ഷെ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഈ പത്ത് വർഷക്കാലംകൊണ്ട് ഒരു മാറ്റവുമുണ്ടായില്ല എന്നാണോ നിങ്ങൾ പറയുന്നത്? കേരളത്തിന്റെ ആരോഗ്യ സംവിധാനം ആകെ പിശകാണെന്ന് പറഞ്ഞ് ആരെ സംരക്ഷിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്? കേരളത്തിന്റെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയുടെ പ്രസ്താവന കണ്ടു. ഒരു ഒറ്റപ്പെട്ട സംഭവമുണ്ടായിട്ടുണ്ട്, അതിന് പരിഹാരം കാണണം. ആ നിലപാട് പക്വതയുള്ള ഒരു രാഷ്ട്രീയ നേതൃത്വത്തിന്റേതാണ്. ഒരു സിസ്റ്റത്തെയാകെ നശിപ്പിച്ചുകൊണ്ടുള്ള വിമർശനം ഉന്നയിച്ചുകൊണ്ടല്ല ആരോഗ്യ മേഖലയിലെ കുറവുകളെ ചൂണ്ടിക്കാണിക്കേണ്ടത്.

<u>മി. സ്പീക്കർ</u>: യെസ്..... യെസ്.....

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഒരു മിനിറ്റുകൂടി. കൺക്ലൂഡ് ചെയ്യാം. ആരോഗ്യ മേഖലയിലുണ്ടായ നേട്ടങ്ങളിൽ കുറവുകളുണ്ടാകാം, കേരളത്തിന്റെ ഭാവിക്കായി ആ കുറവുകൾ നമുക്ക് പരിഹരിക്കണം. അതിനുപകരം, ആ സിസ്റ്റമാകെ തകരാറിലാണെന്ന നിങ്ങളുടെ പ്രചാരണം സർക്കാർ ആശുപത്രിയിൽനിന്ന് പാവപ്പെട്ട ആളുകളെ അകറ്റാനാണെന്ന് ആരെങ്കിലും ആക്ഷേപമുന്നയിച്ചാൽ അതിൽ തെറ്റുപറയാനാകില്ല. ഈ പത്ത് വർഷക്കാലത്തെ ഭരണനേട്ടങ്ങളിൽ നിങ്ങളുടെ നയമനുസരിച്ച് മാറ്റങ്ങളുണ്ടാകണം. അതിന് ഞങ്ങൾ എതിരല്ല. പക്ഷെ ആ മാറ്റങ്ങൾ എന്താകണമെന്ന് ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിന് സമയമാകുന്നേയുള്ളു എന്ന് നമുക്കറിയാം. അതിനുവേണ്ടിയാണല്ലോ ധവളപത്രം നിങ്ങൾ അവതരിപ്പിക്കുന്നത്. അഭിമാനകരമായ നേട്ടങ്ങളുണ്ടാക്കിയ നമ്മുടെ നാടിനെ മുന്നോട്ടുനയിക്കാൻ നിങ്ങൾ ക്രിയാത്മകമായ നിർദേശങ്ങൾ മുന്നോട്ടുവച്ചാൽ അതിനെ പിന്തുണയ്ക്കുകയും ജനങ്ങളെ അണിനിരത്തി മുന്നോട്ടുപോകുകയും ചെയ്യും. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നിങ്ങളുടെ വലിയ ഭൂരിപക്ഷത്തെക്കുറിച്ച്

നിങ്ങൾ അഹങ്കരിക്കരുത്. എല്ലാ തിരഞ്ഞെടുപ്പുകളിലും ഏത് മഹാരഥന്മാരും കേരളത്തിൽ വീണിട്ടുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. ഈ നിയമസഭയിൽത്തന്നെ അതിന്റെ അനുഭവമില്ലേ. 2001-2006 സമയത്ത് സർക്കാരിന്റെ ഭൂരിപക്ഷം എത്രയായിരുന്നു? ആ സർക്കാരിൽ മാറ്റമുണ്ടായത് ഇടതുപക്ഷത്തിന്റെ ഏതെങ്കിലും രീതിയിലുള്ള ഇടപെടലിന്റെയോ കുത്തിത്തിരിപ്പുണ്ടാക്കിയതിന്റെയോ ഭാഗമായിട്ടാണോ? അടിയന്തരാവസ്ഥയ്ക്ക് ശേഷമുള്ള തിരഞ്ഞെടുപ്പിൽ ഞങ്ങൾ പതിനേഴ് സീറ്റുമായി ഈ അസംബ്ലിയിൽ ഇരുന്നിട്ടുണ്ട്. ഞങ്ങൾ നൂറ് വർഷക്കാലത്തേക്കിനി വെയിലുംകൊണ്ട് നടക്കേണ്ടിവരുമെന്ന് പറഞ്ഞു. വെയിലുകൊണ്ട് നടക്കാൻ മടിയുണ്ടായിട്ടല്ല. പക്ഷെ രണ്ട് വർഷം കഴിയുന്നതിനുമുമ്പ് 1980-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്ന സംസ്ഥാനമാണിത്. അത് ഈ നാട് കണ്ടതല്ലേ. ആ മുഖ്യമന്ത്രിമാരെയൊക്കെ മാറ്റാൻ ഞങ്ങളാണോ ശ്രമിച്ചത്? നിങ്ങളുടെ മുഖ്യമന്ത്രി ആരാകണമെന്ന് തീരുമാനിക്കേണ്ടത് നിങ്ങൾതന്നെയാണ്. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. അതിന് എന്തിനാണ് ഇങ്ങനെയൊരു സന്നാഹമുണ്ടാക്കിയത്? ചിരിക്കുന്ന ആളായാലും ചിരിക്കാത്ത ആളായാലും ദൃഢചിത്തനായാലും മൃദുഭാവേയുള്ള ആളായാലും കേരളത്തിന്റെ മുഖ്യമന്ത്രി കേരളത്തിന്റെ മുഖ്യമന്ത്രിതന്നെയാണ്. അത്തരത്തിൽ നിങ്ങളുണ്ടാക്കിത്തീർത്ത ഒരു അന്തരീക്ഷത്തിൽനിന്ന് രക്ഷപ്പെടാൻവേണ്ടി ഇങ്ങനെയൊരു സമീപനം സ്വീകരിക്കുമ്പോൾ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരോട് ഒരു കാര്യം പറയുകയാണ്. 2001-ലെയും 1977-ലെയും തിരഞ്ഞെടുപ്പിന്റെ ഭൂരിപക്ഷത്തിന്റെ അനുഭവംകൂടി കേരളത്തിലെ ജനങ്ങൾ പരിശോധിക്കും എന്നുള്ള കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, നാലാമതും ഈ നിയമസഭയിൽ വരാനും ഇതുപോലെ പ്രസംഗിക്കാനും അവസരം നൽകിയ എന്റെ പ്രിയപ്പെട്ട ആലുവക്കാരോടുള്ള നന്ദി ആദ്യത്തെ പ്രസംഗത്തിൽതന്നെ പറയാൻ ഞാനാഗ്രഹിക്കുകയാണ്. എല്ലാ ചിന്താഗതികൾക്കുമപ്പുറം

എല്ലാ ഘട്ടത്തിലും എന്നെ ചേർത്തുപിടിച്ച ഒരു സമൂഹമാണ് ആലുവയിലെ ജനങ്ങൾ. നയപ്രഖ്യാപനത്തിന്മേലുള്ള ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

നയപ്രഖ്യാപനത്തിൽ കേന്ദ്ര ഗവൺമെന്റിനെയും ബി.ജെ.പി.-യെയും നിശിതമായി വിമർശിച്ചില്ലെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞു. കഴിഞ്ഞ പത്ത് വർഷക്കാലം അന്ന് ഭരണപക്ഷത്തിരുന്നവരോ അതിന് നേതൃത്വം കൊടുത്തവരോ ശ്രീ. നരേന്ദ്ര മോദിയുടെ പേരെടുത്ത് വിമർശിക്കാൻ തയ്യാറായിട്ടുണ്ടോയെന്ന് ഇവിടത്തെ രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. ഇവരുടെ നയപ്രഖ്യാപനത്തിൽ എല്ലായിടത്തും ഓരോ ഖണ്ഡിക കഴിയുമ്പോഴും കേന്ദ്ര ഗവൺമെന്റിനെ വിമർശിച്ചുകൊണ്ടേയിരുന്നോ? നയപ്രഖ്യാപനം പരിശോധിച്ചാൽ മനസ്സിലാകും. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വെറുതെ പുളുവടിക്കുകയാണ്. നിങ്ങൾ എന്ത് പുളുവടിച്ചാലും കേരളത്തിലെ ജനങ്ങൾ അതൊന്നും മൈൻഡ് ചെയ്യില്ല, അതിൽ യാതൊരു സംശയവുമില്ല.

നമുക്കെല്ലാവർക്കുമറിയാം, പുതുയുഗ കേരളം സൃഷ്ടിക്കുന്നതിന് വിഭാവന ചെയ്യുന്ന സർക്കാരിന്റെ നയപ്രഖ്യാപനം സാധാരണ ജനങ്ങളുടെ ജീവിതത്തെ സ്പർശിക്കുന്നതാണ്. പൗരന്മാരുടെ ജീവിതത്തെ മെച്ചപ്പെടുത്താൻ ജനപക്ഷ സർക്കാർ സ്വീകരിക്കാൻപോകുന്ന നടപടികളുടെ ഒരു രൂപരേഖയായ ഈ നയപ്രഖ്യാപനത്തെ ഞങ്ങളും കേരളത്തിലെ ജനങ്ങളും വലിയ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. ഈ സർക്കാർ പ്രഖ്യാപിച്ച ഇന്ദിരാ ഗാരന്റികൾ കേരളത്തിലെ ജനങ്ങളോട് സർക്കാരിനുള്ള പ്രതിബദ്ധതയായി പ്രതിഫലിച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിൽ സ്ത്രീകൾക്ക് സൗജന്യ യാത്രാ സൗകര്യമൊരുക്കുകയാണ്. അത് വെറുതെ വാക്കുകളിൽ ഒതുങ്ങുകയല്ല, യാത്ര ചെയ്യുന്ന സ്ത്രീകളുടെ പ്രതിമാസ വരുമാനത്തിൽ അവർ എത്ര കാശാണ് മാസാമാസം നീക്കിവയ്ക്കുന്നതെന്ന് ചിന്തിക്കണം. അത് അവരുടെ വലിയൊരു മുതൽക്കൂട്ടാണ്. സത്യംപറഞ്ഞാൽ ഇക്കഴിഞ്ഞ പത്ത് വർഷക്കാലം ജനങ്ങൾ കെ.എസ്.ആർ.ടി.സി.-യെ നോക്കിക്കണ്ടത് ഭയാനകമായ രീതിയിലായിരുന്നു. എന്നാൽ ഇന്ന് ആ

കെ.എസ്.ആർ.ടി.സി.-യെ സ്ത്രീകൾ മാത്രമല്ല, കേരളത്തിലെ എല്ലാ ജനങ്ങളും ചേർത്തുപിടിക്കുന്ന ഒരു മനസ്സിലേക്ക് എത്തിച്ചിരിക്കുകയാണ്. യാതൊരു സംശയവുമില്ല, നല്ല രീതിയിൽതന്നെ അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോയി ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി.-യെ മാറ്റുന്നതാണ്.

വയോജന ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് എന്നത് അന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിരുന്നു. അതും വാക്കുകളിൽ മാത്രമായി ഒതുങ്ങിയില്ല. ഇന്ന് ആ പുതിയ വകുപ്പ് രൂപീകരിക്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. അത് ഈ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം തന്നെയാണ്. ക്ഷേമ പെൻഷൻ 3000 രൂപയായി ഉയർത്തുകയാണ്. ഇത് കേരളത്തിലെ പെൻഷൻ വാങ്ങുന്ന പാവപ്പെട്ടവർക്ക് ഗുണകരമല്ലേ? അതുപോലെതന്നെ കോളേജ് വിദ്യാർഥിനികൾക്ക് 1000 രൂപയാണ് പ്രതിമാസ വിദ്യാഭ്യാസ ധനസഹായമായി നൽകാൻ പോകുന്നത്. ഇത് കേരള വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് പെൺകുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും സഹായകമാകും.

അതുപോലെ ഉമ്മൻ ചാണ്ടി സാറിന്റെ പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുകയാണ്. സാധാരണനിലയിൽ കേരളത്തിൽ ഇന്ന് പട്ടിണി വളരെ കുറവാണെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കുവേണ്ടിയാണ് ഇന്ന് കേരളത്തിലെ ജനങ്ങൾ എം.എൽ.എ.-മാരുടെ സമീപത്തടക്കം ഓടിയെത്തുന്നത്. അവർക്കിത് ആശ്വാസകരമല്ലേ. പ്രത്യേകിച്ചും ഉമ്മൻ ചാണ്ടി സാറിന്റെ പേരിൽ 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നത് കേരളത്തിലെ ജനങ്ങളെ, പാവപ്പെട്ടവരെ, ചികിത്സ തേടുന്നവരെ ചേർത്തുപിടിക്കുന്ന ഒരു സമീപനമല്ലേ? അതുപോലെ യുവസംരംഭകർക്ക് 5 ലക്ഷം രൂപയാണ് പലിശരഹിത വായ്പ നൽകുന്നത്. അത് വലിയൊരു ആശ്വാസമല്ലേ. കഴിഞ്ഞ ഗവൺമെന്റ് ചെറുപ്പക്കാരോട് മുഖംതിരിഞ്ഞ സമീപനമാണ് കാണിച്ചതെങ്കിൽ ഇന്ന് ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ ചെറുപ്പക്കാരെ ചേർത്തുപിടിക്കുന്ന സമീപനമല്ലേ സ്വീകരിച്ചിരിക്കുന്നത്.

അതുപോലെ ഇന്ന് കേരളത്തിലെ പുതിയ തലമുറയെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ലഹരിയെന്ന വലിയ വിപത്തിനെതിരെ 'ഓപ്പറേഷൻ ഉഫാൻ' എന്ന പേരിൽ ഒരു കൊടുങ്കാറ്റുപോലെ ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിലുള്ള ആഭ്യന്തര വകുപ്പ് ശക്തമായ നിലപാടെടുത്ത് മുന്നോട്ടുപോകുകയാണ്. ഇന്ന് അതിന്റെ സംസ്ഥാനതല ഉദ്ഘാടനം കേരളത്തിന്റെ മുഖ്യമന്ത്രി തിരുവനന്തപുരത്ത് നടത്തുകയാണ്. നമ്മുടെ പുതിയ തലമുറയെ ലഹരി മാഫിയ പിടിമുറുക്കിയിരിക്കുകയാണ്. ഇത് തടയാൻ ഇക്കഴിഞ്ഞ ഭരണകാലത്ത് എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചോ? ഇതുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ് അടക്കമുള്ളവർ സഭ നിർത്തിവയ്ക്കാനുള്ള എത്രയോ ഉപക്ഷേപങ്ങൾ കൊണ്ടുവന്നു. ആദ്യം പറഞ്ഞുമനസ്സിലാക്കി, പിന്നീട് പ്രതിഷേധമുയർത്തി, എന്നിട്ടും ലഹരിയെ തടയാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചില്ല. അവിടെയാണ് ഇച്ഛാശക്തിയോടെ കേരളത്തിലെ ആഭ്യന്തര, എക്സൈസ് വകുപ്പുകൾ തീരുമാനമെടുത്തുകൊണ്ട് ഈ ലഹരി മാഫിയയ്ക്കെതിരെ കൊടുങ്കാറ്റുപോലെ മുന്നോട്ടുപോകുന്നത്.

അതുപോലെതന്നെ സംയോജിത വികസന പദ്ധതി. സംസ്ഥാനത്തെ ഒരു സംയോജിത തുറമുഖ കേന്ദ്രമാക്കി മാറ്റാൻ സംയോജിത വികസന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. ഇത് കേരളത്തെ വലിയ മാറ്റങ്ങൾക്ക് വിധേയമാക്കും. അതുപോലെ ആർത്തവ അവധി എന്നത് കേരളത്തിലെ സഹോദരിമാർ നെഞ്ചിലേറ്റിയിരിക്കുകയാണ്. അവർക്കത് വലിയ ആശ്വാസമാണ്. അതിനെ ചില ആളുകൾ വിമർശിക്കുകയുണ്ടായി. എന്നാൽ ആ വിമർശനമൊന്നും ജനങ്ങൾ മൈൻഡ് ചെയ്തില്ല. അതുപോലെ ആശ പ്രവർത്തകർക്ക് പ്രതിമാസ ഓണറേറിയം 3000 രൂപ ഉയർത്തി. ആശ പ്രവർത്തകരുടെ കണ്ണുനീരാണ് കഴിഞ്ഞ സർക്കാരിന് ഏറ്റവും വലിയ ശാപമായി മാറിയത്. യു.ഡി.എഫ്. സർക്കാർ ആശ പ്രവർത്തകരെ വാക്കുകളിൽ ഒതുക്കിനിർത്താതെ ആദ്യംതന്നെ ചേർത്തുപിടിച്ചു. അവർക്ക് 3000 രൂപ ഉയർത്തിക്കൊടുത്തു. അത് കേരളത്തിലെ ജനങ്ങളും ആശാ പ്രവർത്തകരും വളരെ സന്തോഷത്തോടുകൂടിയാണ്

സ്വീകരിച്ചത്. അതുപോലെ പി.എസ്.സി. ഉദ്യോഗാർഥികൾക്ക് വലിയ പ്രതീക്ഷയാണ് നൽകിയത്. അവരുടെ ആവശ്യം പരിഗണിച്ച് 300-ഓളം റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിക്കൊടുക്കാൻ ഈ സർക്കാർ തയ്യാറായി. കഴിഞ്ഞ സർക്കാരിന്റെ പത്ത് വർഷക്കാലം പി.എസ്.സി. ഉദ്യോഗാർഥികളോടുള്ള സമീപനം പൊതുസമൂഹത്തിന് വ്യക്തമായതാണ്. ശയനപ്രദക്ഷിണ സമരമുൾപ്പെടെയുള്ള അവരുടെ എത്രയോ സമരങ്ങൾ നമ്മൾ കണ്ടതാണ്. പി.എസ്.സി. പരീക്ഷ എഴുതിയ ചെറുപ്പക്കാരോടുള്ള അവഹേളനമായിരുന്നു കഴിഞ്ഞ സർക്കാർ സ്വീകരിച്ചതെങ്കിൽ ഇന്ന് ഈ സർക്കാർ വലിയ പ്രതീക്ഷയോടുകൂടിതന്നെ അവർക്കുവേണ്ടി നിലകൊള്ളുകയാണ്.

അട്ടപ്പാടിയിലെ മധുവിനെ കൊല്ലപ്പെടുത്തിയ കേസിലെ ഒന്നാം പ്രതിയെ വെറുതെ വിടുകയാണ് ചെയ്തത്. അത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിലെ ആഭ്യന്തര വകുപ്പിന്റെ വലിയ വീഴ്ചയാണ്. എന്നാൽ ഈ സർക്കാർ അതിനെതിരെ അപ്പീലിന് പോകാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ കേസ് മാത്രമല്ല, പല പ്രമാദമായ കേസുകളിലും ഇതുപോലെ വെറുതെ വിടുന്ന സാഹചര്യം കോടതികളിൽ കാണാൻ സാധിച്ചിട്ടുണ്ട്. ഇവർക്ക് താൽപര്യമുള്ള അല്ലെങ്കിൽ സാധാരണക്കാരന്റെ ഒരു പ്രശ്നം വരുമ്പോൾ ആഭ്യന്തര വകുപ്പ് നോക്കുകുത്തിയായി നിന്നുകൊണ്ട് പ്രതികളെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുമ്പോഴാണ് ഇങ്ങനെ പ്രതികളെ വെറുതെ വിടുന്ന സാഹചര്യമുണ്ടാകുന്നത്. അതിനെല്ലാമെതിരെ കേരളത്തിലെ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്നതിൽ യാതൊരു സംശയവുമില്ല.

കഴിഞ്ഞ അഞ്ചുവർഷക്കാലം ഉന്നത വിദ്യാഭ്യാസ രംഗമാകെ തകർന്നിരിക്കുകയായിരുന്നു. ഇന്ന് കേരളത്തിലെ വിദ്യാർഥികൾക്ക് വലിയ പ്രതീക്ഷയാണ്. ഇവിടത്തെ വിദ്യാർഥികൾ മറ്റുസംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി പോകുന്ന സാഹചര്യമാണ് കഴിഞ്ഞ പത്ത് വർഷങ്ങളിലുണ്ടായതെങ്കിൽ, ഈ സർക്കാരിന്റെ, ശ്രീ. റോജി എം. ജോണിന്റെ

നേതൃത്വത്തിലുള്ള ഉന്നത വിദ്യാഭ്യാസ രംഗം കേരളത്തിലെ ജനങ്ങൾക്ക്, മാതാപിതാക്കൾക്ക് പ്രതീക്ഷ നൽകികൊണ്ട് വിദ്യാർഥികൾക്ക് ഇവിടെ പഠിക്കാനുള്ള സാഹചര്യമുണ്ടാക്കുന്നു.

2021 മുതൽ ഇവർക്ക് ഏതെങ്കിലും ഉപതിരഞ്ഞെടുപ്പുകളിൽ ജയിക്കാൻ സാധിച്ചോ? ചേലക്കരയിൽ മാത്രമാണ് ജയിച്ചത്. ചേലക്കരയിലെ ഭൂരിപക്ഷം ഞങ്ങൾ വളരെ താഴ്ത്തിക്കൊണ്ടുവന്നു. അതിനെ വലിയ വിജയമായാണ് നോക്കിക്കാണുന്നത്. പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഇവർക്ക് ശക്തമായ താക്കീത് കേരളത്തിലെ ജനങ്ങൾ കൊടുത്തു. പഞ്ചായത്ത് തിരഞ്ഞെടുപ്പോടെ ഇവർ നന്നാകുമെന്ന് ഞങ്ങൾ വിചാരിച്ചു. എന്നാൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ താക്കീത് നൽകിയിട്ടും പഠിക്കാതെ വന്നപ്പോഴാണ് ഇന്ന് കേരളത്തിൽ 41 സീറ്റിൽനിന്നും 102 സീറ്റോടുകൂടി യു.ഡി.എഫ്. അധികാരത്തിൽ വന്ന സാഹചര്യമുണ്ടായത്. ഇവർ രാഷ്ട്രീയമായി ജനങ്ങളിൽനിന്നും അകന്നുപോയി. എൽ.ഡി.എഫ്. തകരണമെന്ന് ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. ബഹുമാന്യനായ ജി. സുധാകരൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെയും അതിന്റെ ചരിത്രത്തെയും കുറിച്ച് ഇവിടെ പറഞ്ഞു. അത് നിങ്ങൾ നിങ്ങളുടെ മനസ്സിൽ അടിവരയിട്ട് മനസ്സിലാക്കിക്കൊണ്ട് തെറ്റ് തിരുത്തി മുന്നോട്ടുപോയാൽ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിലുണ്ടാകും. കേരളത്തിൽ ഉണ്ടാകണമെന്നുതന്നെയാണ് ഞങ്ങളുടെയും ആഗ്രഹം. പക്ഷെ അദ്ദേഹം പറഞ്ഞ വാക്കുകൾ നിങ്ങൾ ഇന്ന് വീട്ടിൽ പോയി മനസ്സിലാക്കി കേരളത്തിലെ ജനങ്ങളോട് ആ രീതിയിൽ പെരുമാറിയാൽ തീർച്ചയായും കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

പുതിയ ജല നയം രൂപീകരിക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ വരണം. കുടിവെള്ളവുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളും നിലവിൽ ആലുവയിലുൾപ്പെടെ പല പ്രദേശത്തുമുണ്ട്. അതിന് ഗവൺമെന്റ് ഇൻഷ്യേറ്റീവെടുത്തില്ല. ആലുവയിൽത്തന്നെ 190 എം.എൽ.ഡി. പദ്ധതി സർക്കാർ കൊണ്ടുവരുമെന്ന് പറഞ്ഞു. കുതിരവട്ടം പപ്പു സിനിമയിൽ 'ഇപ്പ ശരിയാക്കിത്തരാം, ഇപ്പ ശരിയാക്കിത്തരാം'

എന്നുപറഞ്ഞതുപോലെ അവിടെ 190 എം.എൽ.ഡി.-യുടെ പദ്ധതിയോ അതുപോലെ മറ്റ് കുടിവെള്ള പദ്ധതികളോ കൊണ്ടുവരാൻ ഇവർക്ക് സാധിച്ചിട്ടില്ല. പക്ഷെ പുതിയൊരു ജല നയം കൊണ്ടുവരുന്നതോടുകൂടി കാർഷികാവശ്യങ്ങൾക്കായാലും കുടിവെള്ള പ്രശ്നത്തിനായാലും പരിഹാരം കാണാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

ശബരിമല കൊള്ളയുമായി ബന്ധപ്പെട്ട് നേരത്തെ ഇവിടെ ഒരംഗം ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ ഇവിടെ എൽ.ഡി.എഫ്. സർക്കാരല്ല യു.ഡി.എഫ്. സർക്കാരാണ് ഇപ്പോൾ ഭരിക്കുന്നത്. ശബരിമലയിൽ നടന്ന കൊള്ളയിൽ ആരെല്ലാമുണ്ടെങ്കിലും അവരെയെല്ലാം പിടിച്ച് അകത്തിടുന്നതിനും തക്കതായ ശിക്ഷ വാങ്ങിച്ചുകൊടുക്കുന്നതിനും യു.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് അക്ഷരംപ്രതി യാഥാർഥ്യമാക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഒരാളെപോലും അതിൽനിന്നും രക്ഷപ്പെടുത്താൻ സമ്മതിക്കില്ല. കാരണം ശബരിമല കൊള്ള ഒരു വിശ്വാസിയുടെ മാത്രമല്ല കേരളത്തിലെ മുഴുവൻ വിശ്വാസികളുടെയും മനസ്സിന് പ്രയാസമുണ്ടാക്കിയ കാര്യമാണ്. അതുകൊണ്ട് അതിൽ ആരെല്ലാം തെറ്റ് ചെയ്തിട്ടുണ്ടോ അതിലൊരാളെപോലും യു.ഡി.എഫ്. സർക്കാർ വെറുതെ വിടില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനങ്ങളെ ചേർത്തുപിടിക്കുന്ന സർക്കാരാണിത്. ബഹുമാന്യനായ മുഖ്യമന്ത്രി വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് കേരളത്തിലെ ജനങ്ങളെ അകറ്റിനിർത്തുകയില്ല അവരെ ചേർത്തുപിടിക്കും. അവരിൽനിന്ന് നിവേദനങ്ങൾ സ്വീകരിക്കും. അവയ്ക്ക് പരിഹാരം കാണുമെന്ന വലിയ പ്രതീക്ഷ കേരളത്തിലെ ജനങ്ങൾക്കുണ്ട്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തുതന്നെ കേരളത്തിൽ വികസനവും കരുതലും യാഥാർഥ്യമാക്കിക്കൊണ്ട് ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് കേരളത്തിൽ മുഖ്യമന്ത്രി വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള ഈ സർക്കാർ മുന്നോട്ടുപോകുമെന്ന്

മാതൃ്ം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ നയപ്രഖ്യാപനത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജൂൺ മാസം 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 02.53-ന് പിരിഞ്ഞു.)

* * * *